2020 ഓഗസ്റ്റ്
25
ചൊവ്വ
1196 ചിങ്ങം 09

മെട്രൊ വാർത്ത

Scan me
www.metrovaartha.com

കൊച്ചി | തിരുവനന്തപുരം | കോഴിക്കോട് | തൃശൂർ | ആലപ്പുഴ | ഭോപ്പാൽ | ഇൻഡോർ | www.metrovaartha.com 14 പേജ് ₹ 7.00 KOZHIKODE

MASCOM® TMT 500 D
മാസ്കോം TMT ഉപയോഗിക്കൂ 25 ശതമാനം കമ്പി ലാഭിക്കൂ!
8 mm to 32 mm
പിൻതുടരാൻ ഒരു മികച്ച മാതൃക
GK GROUP
FE 500 D TMT STEEL BARS | IS 1786 CM/L-3318652 | 100% Billet Made | ISO 9001 | ISO 14001 | ISO 28000 | CE/4142
9496080003 / 7025070250
Email: mascomsteel@gmail.com. www.mascomtmt.com

സോണിയ തുടരും

- പുതിയ പ്രസിഡന്റിനെ തെരഞ്ഞെടുക്കാൻ ഐഐസിസി വിളിക്കും
- വേദനിച്ചെങ്കിലും ആരോടും വിരോധമില്ലെന്നു സോണിയ ഗാന്ധി

ന്യൂഡൽഹി: ഏഴു മണിക്കൂർ നീണ്ട ചൂടേറിയ ചർച്ചകൾക്കു ശേഷം കോൺഗ്രസ് പ്രവർത്തക സമിതിയിൽ തീരുമാനമായി- ഇടക്കാല പ്രസിഡന്റായി സോണിയ ഗാന്ധി തുടരും. സോണിയ നിർദേശിച്ചതു പ്രകാരം പുതിയ പ്രസിഡന്റിനെ തെരഞ്ഞെടുക്കാനുള്ള നടപടിക്രമങ്ങൾക്കായി ആറു മാസത്തിനകം എഐസിസി സമ്മേളനം വിളിക്കും.

താൻ അധ്യക്ഷസ്ഥാനം ഒഴിയുകയാണെന്ന് വിർചൽ സമ്മേളനത്തിന്റെ തുടക്കത്തിൽ പ്രഖ്യാപിച്ച സോണിയ സമാപന പ്രസംഗത്തിൽ അനുരഞ്ജനത്തിന്റെ സ്വരത്തിലാണു സംസാരിച്ചത്. വിയോജന കത്തെഴുതിയവരോട് തനിക്കു വിരോധമില്ലെന്നു സോണിയ പറഞ്ഞു. "എനിക്കു വേദനിച്ചു, പക്ഷേ, അവരെല്ലാം എന്റെ സഹപ്രവർത്തകരാണ്. നമുക്കൊന്നിച്ചു പ്രവർത്തിക്കാം"- സോണിയ പറഞ്ഞു.

പാർട്ടിക്കു സ്ഥിരം പ്രസിഡന്റും കൂട്ടുനേതൃത്വവും സമൂല പരിഷ്കരണവും വേണമെന്നു ചൂണ്ടിക്കാട്ടി സോണിയക്കു കത്തെഴുതിയ 23 നേതാക്കൾ ഏതാണ്ട് ഒറ്റപ്പെടുന്ന അവസ്ഥയായിരുന്നു പ്രവർത്തക സമിതി യോഗത്തിലും പുറത്തും. എഐസിസി സമ്മേളനം വിളിക്കും വരെ സോണിയ അധ്യക്ഷയായി തുടരണമെന്ന് പ്രവർത്തക സമിതി ആവശ്യപ്പെടുന്ന പ്രമേയം മുൻ പ്രധാനമന്ത്രി മൻമോഹൻ സിങ് അവതരിപ്പിച്ചു. പ്രമേയം സമ്മേളനം അംഗീകരിക്കുകയും ചെയ്തു. പാർട്ടിയിൽ സംഘടനാപരമായ മാറ്റങ്ങൾ വരുത്താൻ സോണിയയെ അധികാരപ്പെടുത്തിയിട്ടുണ്ട്.

അധ്യക്ഷസ്ഥാനത്തു തുടരാൻ പ്രവർത്തക സമിതി ഏകകണ്ഠമായാണ് സോണിയയോട് അഭ്യർഥിച്ചതെന്ന് പിന്നീട് വാർത്താസമ്മേളനത്തിൽ ഐഐസിസി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ പറഞ്ഞു. പാർട്ടിയെയും നേതൃത്വത്തെയും ദുർബലപ്പെടുത്താൻ ആരെയും അനുവദിക്കില്ലെന്നും വേണുഗോപാൽ. പാർട്ടിയുടെ ആഭ്യന്തര വിഷയങ്ങൾ മാധ്യമങ്ങളിലൂടെ പുറത്താവുന്നത് അച്ചടക്കത്തിനു വിരുദ്ധമാണെന്നും പ്രവർത്തക സമിതി ചൂണ്ടിക്കാട്ടി. കത്ത് ചോർന്നതിൽ കത്തയച്ചവർക്കെതിരേ നിശിതമായ വിമർശനമാണ് യോഗത്തിലുയർന്നത്.

സോണിയക്ക് തുടരാൻ കഴിയില്ലെങ്കിൽ രാഹുൽ ഗാന്ധി അധ്യക്ഷസ്ഥാനത്തു തിരിച്ചുവരണമെന്ന് ചില നേതാക്കൾ ആവശ്യപ്പെട്ടു. സോണിയയുടെ നേതൃത്വത്തിനെതിരേ ഒരു നേതാവു പോലും യോഗത്തിൽ വിമർശനമുന്നയിച്ചില്ല. രാഹുൽ ഗാന്ധിയുടെ ചില പരാമർശങ്ങൾ ഗുലാം നബി ആസാദിനെ ചൊടിപ്പിച്ചുവെന്ന് പാർട്ടി വൃത്തങ്ങൾ പറയുന്നുണ്ട്. എന്നാൽ, ഗുലാം നബി അതു നിഷേധിച്ചു.

തങ്ങൾ അയച്ച കത്തിന്റെ ഒരു ഭാഗം വായിച്ച ഗുലാം നബി ആരും സോണിയയ്ക്ക് എതിരല്ലെന്നു വ്യക്തമാക്കി. വിമർശനങ്ങൾ ഉയർന്ന സാഹചര്യത്തിൽ രാജിവയ്ക്കാമെന്നും അദ്ദേഹം പറഞ്ഞു. ദശകങ്ങൾ മുൻപ് ഇന്ദിര ഗാന്ധിക്കും സഞ്ജയ് ഗാന്ധിക്കുമൊപ്പം പ്രവർത്തിച്ചതും വികാരഭരിതമായി ഗുലാം നബി ഓർമിപ്പിച്ചതായാണ് പാർട്ടി വൃത്തങ്ങളിൽ നിന്നറിയുന്നത്. കത്തിൽ ഒപ്പുവച്ചവരിൽ ഉൾപ്പെട്ട ആനന്ദ് ശർമയും മുകുൾ വാസ്നിക്കും ഉടൻ 'ശിക്ഷ' ഏറ്റുവാങ്ങാൻ തയാറാണെന്നു യോഗത്തിൽ പറഞ്ഞു. എന്നാൽ, എന്നും പാർട്ടിയോടൊപ്പമായിരിക്കുമെന്നും അവർ വ്യക്തമാക്കി.

കത്തിനെതിരേ നിശിത വിമർശനമാണു രാഹുൽ ഉന്നയിച്ചത്. കത്തിനു പിന്നിൽ ബിജെപിയെ സഹായിക്കുക എന്ന ലക്ഷ്യമുണ്ടെന്നു രാഹുൽ പറഞ്ഞത് ഗുലാം നബിയെ പ്രകോപിപ്പിച്ചു എന്നു പാർട്ടി വൃത്തങ്ങൾ പറയുന്നു. എന്നാൽ, അതു പാർട്ടി നിഷേധിച്ചിട്ടുണ്ട്.

അവിശ്വാസം തള്ളി

മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ സംസാരിക്കുന്നു.

സ്വന്തം ലേഖകൻ

തിരുവനന്തപുരം: എൽഡിഎഫ് സർക്കാരിൽ അവിശ്വാസം രേഖപ്പെടുത്തി പ്രതിപക്ഷം നിയമസഭയിൽ കൊണ്ടുവന്ന പ്രമേയം 12 മണിക്കൂറോളം നീണ്ട ചർച്ചയ്ക്ക് ശേഷം 40ന് എതിരെ 87 വോട്ടോടെ തള്ളി. കേരള നിയമസഭയുടെ ചരിത്രത്തിൽ ഇത്രയും ദൈർഘ്യമുള്ള മറുപടി പ്രസംഗം ആദ്യമായി നടത്തിയ മുഖ്യമന്ത്രിയായി പിണറായി വിജയൻ മാറുകയും ചെയ്തു. രാവിലെ 10.45ന് ആരംഭിച്ച ചർച്ചയുടെ വോട്ടെടുപ്പ് രാത്രി 9.20ന് ആരംഭിച്ചു.

മുഖ്യമന്ത്രിയുടെ മൂന്നേമുക്കാൽ മണിക്കൂർ നീണ്ട മറുപടി പ്രസംഗത്തിന് ശേഷം സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ പ്രമേയത്തിലുറച്ചു നിൽക്കുന്നുണ്ടോ എന്ന് ചോദിച്ചതിന് ഒറ്റവരി പ്രമേയ അവതാരകനായ വി.ഡി. സതീശൻ അനുകൂലമായി മറുപടി പറഞ്ഞതിനെ തുടർന്നാണ് വോട്ടെടുപ്പ് വേണ്ടിവന്നത്. കൊവിഡ് പശ്ചാത്തലത്തിൽ കൈ പൊക്കിയായിരുന്നു വോട്ടെടുപ്പ്. സഭ വോട്ടെടുപ്പിന് ശേഷം രാത്രി 9.30ന് പിരിഞ്ഞു.

ചരമോപചാരത്തിനും 2020ലെ ധനകാര്യ - ധന വിനിയോഗ ബില്ലുകൾക്കും ശേഷം തിരുവനന്തപുരം വിമാനത്താവളം അദാനിക്ക് വിട്ടുകൊടുക്കാനുള്ള തീരുമാനത്തിനെതിരെയുള്ള കേന്ദ്ര സർക്കാരിനെതിരെയുള്ള പ്രമേയവും പാസാക്കിയ ശേഷമാണ് അവിശ്വാസ പ്രമേയം ചർച്ചയ്ക്കെടുത്തത്. 25ഓളം പേർ പങ്കെടുത്ത ചർച്ചയിൽ എവിടെയും തൊടാതെ ബിജെപി എംഎൽഎ ഒ. രാജഗോപാലും സ്വതന്ത്ര അംഗം പി.സി. ജോർജും നിലപാടെടുത്തപ്പോൾ കേരള കോൺഗ്രസ് ജോസ് വിഭാഗം എംഎൽഎമാർ ചർച്ചയിൽ നിന്നും രാജ്യസഭാ വോട്ടെടുപ്പിൽ നിന്നും വിട്ടുനിന്നു.

ചർച്ചയ്ക്കിടെ പൊതുമരാമത്തു വകുപ്പിലെ അഴിമതി ആരോപണവവുമായി പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയും ആരോഗ്യ വകുപ്പിലെ അഴിമതി ആരോപണങ്ങളുമായി പ്രതിപക്ഷ ഉപനേതാവ് എം.കെ. മുനീറും രംഗത്തെത്തിയെങ്കിലും അതത് വകുപ്പിലെ മന്ത്രിമാർ മറുപടികൾ നൽകിയതോടെ ആരോപണങ്ങളുടെ മുനയൊടിഞ്ഞു.

ആറുമണിക്കൂറോളം ഭരണ- പ്രതിപക്ഷങ്ങൾ നടത്തിയ ചർച്ചയ്ക്കും ആരോപണ പ്രത്യാരോപണങ്ങൾക്കും ശേഷം അഞ്ചരയോടെ മുഖ്യമന്ത്രി പിണറായി വിജയൻ മറുപടി നൽകാൻ എഴുന്നേറ്റു. സർക്കാർ പദ്ധതികളുടെ അവസ്ഥയും പ്രതിപക്ഷ ചോദ്യങ്ങൾക്കു മറുപടിയും പറഞ്ഞാണു മുഖ്യമന്ത്രി മുന്നോട്ട് പോയത്. ഇതിനിടെ പ്രസംഗം നീണ്ടുപോകുന്നു വെന്നാരോപിച്ച് 8.30ന് ശേഷം പ്രതിപക്ഷം നടുത്തളത്തിലിറങ്ങി മുദ്രാവാക്യം വിളി തുടങ്ങി. എന്നാൽ അത് കൂസാതെ മുഖ്യമന്ത്രി പ്രസംഗം തുടർന്നു. മൂന്നേമുക്കാൽ മണിക്കൂറിന് ശേഷം രാത്രി 9.15നാണ് മുഖ്യമന്ത്രി മറുപടി പ്രസംഗം അവസാനിപ്പിച്ചത്.

ശ്രേയാംസ് കുമാർ രാജ്യസഭയിലേക്ക് 41-88

തിരുവനന്തപുരം: ലോക് താന്ത്രിക് ജനതാദൾ സംസ്ഥാന പ്രസിഡന്റ് എം.വി. ശ്രേയാംസ് കുമാർ രാജ്യസഭയിലേക്കു തെരഞ്ഞെടുക്കപ്പെട്ടു. ഇന്നലെ നിയമസഭാ മന്ദിരത്തിൽ രാജ്യസഭാ സീറ്റിലേക്ക് നടന്ന ഉപതെരഞ്ഞെടുപ്പിൽ യുഡിഎഫ് സ്ഥാനാർത്ഥി ലാൽ വർഗീസ് കൽപകവാടിയെ 41ന് എതിരെ 88 വോട്ടുകൾക്കാണ് അദ്ദേഹം പരാജയപ്പെടുത്തിയത്.

കേരള കോൺഗ്രസ് ജോസ് കെ. മാണി വിഭാഗം എംഎൽഎമാരായ റോഷി അഗസ്റ്റിൻ, എൻ. ജയരാജ് എന്നിവർ വിട്ടുനിന്നു. പാർട്ടി നിലപാടിനെ തുടർന്ന് ബിജെപി അംഗം ഒ. രാജഗോപാലും വോട്ട് ചെയ്തില്ല. ഭരണപരിഷ്കാര കമ്മിഷൻ ചെയർമാൻ വി.എസ്. അച്യുതാനന്ദൻ, സി.എഫ്. തോമസ്, ജോർജ് എം. തോമസ് എന്നിവർ അനാരോഗ്യം കാരണം വോട്ടുചെയ്യാനെത്തിയില്ല. ഒരു വോട്ട് അസാധുവായി.

മുൻ കേന്ദ്രമന്ത്രി എം.പി. വീരേന്ദ്രകുമാറിന്റെ നിര്യാണത്തെ തുടർന്ന് ഒഴിവുന്ന സീറ്റിലേക്കായിരുന്നു തെരഞ്ഞെടുപ്പ്. രണ്ടുവർഷം കാലാവധിയാണ് അവശേഷിക്കുന്നത്. വീരേന്ദ്രകുമാറിന്റെയും ഉഷ വീരേന്ദ്രകുമാറിന്റെയും മകനാണ്. 2006ലും 2011ലും കൽപറ്റയെ പ്രതിനിധീകരിച്ച് നിയമസഭാംഗമായി. മാതൃഭൂമി മാനേജിങ് ഡയറക്റ്ററാണ്. പ്രസ് ട്രസ്റ്റ് ഓഫ് ഇന്ത്യ (പിടിഐ) ഡയറക്റ്റർ ബോർഡ് അംഗവും ഇന്ത്യൻ ന്യൂസ് പേപ്പർ സൊസൈറ്റി കേന്ദ്ര എക്സിക്യൂട്ടീവ് കമ്മിറ്റി അംഗവും കേരള റീജ്യണൽ കമ്മിറ്റി ചെയർമാനുമാണ്.

1,242 പേർക്ക് കൊവിഡ്

11 മരണം

സമ്പർക്കത്തിലൂടെ 1,081

കൊവിഡ് മുക്തർ 1,238

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നലെ 1,242 പേർക്ക് കൊവിഡ്19 വൈറസ് ബാധ സ്ഥിരീകരിച്ചതായി ആരോഗ്യ മന്ത്രി കെ.കെ. ശൈലജ. 1,081 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. ചികിത്സയിലായിരുന്ന 1,238 പേർ കൊവിഡ് മുക്തരായി. ഇന്നലെ 11 കൊവിഡ് മരണം സ്ഥിരീകരിച്ചു. രോഗം സ്ഥിരീകരിച്ചവരിൽ 39 പേർ വിദേശ രാജ്യങ്ങളിൽ നിന്നും 88 പേർ ഇതര സംസ്ഥാനങ്ങളിൽ നിന്നും വന്നവരാണ്. അവരിൽ 95 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 34 ആരോഗ്യ പ്രവർത്തകർക്കാണ് ഇന്നലെ രോഗം ബാധിച്ചത്.

തിരുവനന്തപുരം 182, മലപ്പുറം 169, എറണാകുളം 165, കാസർഗോഡ് 118, കൊല്ലം 112, പാലക്കാട് 99, കോട്ടയം 89, കോഴിക്കോട് 81, കണ്ണൂർ 76, ആലപ്പുഴ 60, തൃശൂർ 46, വയനാട് 20, ഇടുക്കി 9, പത്തനംതിട്ട 6 എന്നിങ്ങനെയാണ് ജില്ലാതല കൊവിഡ് കണക്ക്.



കാസർഗോഡ് കൊറക്കൽ സ്വദേശി മോഹനൻ (71), എറണാകുളം പള്ളുരുത്തി സ്വദേശി എ.എം. മുകുന്ദൻ (81), മലപ്പുറം മുസലിയാർ പീടിക സ്വദേശി ഇല്ല്യാസ് (47), തിരുനൽവേലി സ്വദേശിനി മറിയ ജോൺ (80), കാസർഗോഡ് ചന്ദ്രഗിരി സ്വദേശിനി ലീല (60), കാസർഗോഡ് ഉപ്പള സ്വദേശി ഇസ്ഹാക് ഷേഖ് (71), തിരുവനന്തപുരം പഴയകട സ്വദേശി വരദൻ (67), കൊല്ലം പത്തനാപുരം സ്വദേശി സാറാമ്മ (74), കോട്ടയം വടവത്തൂർ സ്വദേശി ടി.എൻ. ചന്ദ്രൻ (74), തിരുവനന്തപുരം പാറശാല സ്വദേശിനി ലിബീസ് (70), കൊല്ലം കുറ്റിച്ചിറ സ്വദേശി ഷഹീർ കുട്ടി (50) എന്നിവരുടെ മരണം കൊവിഡ് മൂലമാണെന്ന് ആലപ്പുഴ എൻഐവി സ്ഥിരീകരിച്ചു. ഇതോടെ സംസ്ഥാനത്തെ ആകെ കൊവിഡ് മരണം 234 ആയി.

സ്വർണം

ഗ്രാം	- 4,820
പവൻ	- 38,560

വാഹന രേഖകളുടെ കാലാവധി വീണ്ടും നീട്ടി

ന്യൂഡൽഹി: വാഹന സംബന്ധമായ മുഴുവൻ രേഖകളും പുതുക്കാനുള്ള കാലാവധി ഡിസംബർ 31 വരെ നീട്ടി. ഡ്രൈവിങ് ലൈസൻസ്, ഫിറ്റ്നസ് സർട്ടിഫിക്കെറ്റുകൾ, രജിസ്ട്രേഷൻ സർട്ടിഫിക്കെറ്റുകൾ, പെർമിറ്റുകൾ തുടങ്ങിയവ പുതുക്കാനാണു കേന്ദ്ര റോഡ് ഗതാഗത- ഹൈവേ മന്ത്രാലയം കൂടുതൽ സമയം അനുവദിച്ചത്. കൊവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിലാണ് മാർച്ച് 31ന് കാലാവധി അവസാനിച്ച മുഴുവൻ രേഖകൾക്കും ഇളവ് നൽകിയത്. നേരത്തേ സെപ്റ്റംബർ 30 വരെയായിരുന്നു ഇളവ്.

മെട്രൊ മാഡം

തിരുവനന്തപുരം വിമാനത്താവളം: പ്രമേയത്തെ എതിർക്കുകയോ അനുകൂലിക്കുകയോ ചെയ്യാതെ ഒ. രാജഗോപാൽ.

ഇലയ്ക്കും മുള്ളിനും കേടു വേണ്ട...!

www.facebook.com/metrovaarthaofficial

കൊച്ചി വാട്ടർ മെട്രൊ: ബാറ്ററി ബോട്ടുകളുടെ നിർമാണം തുടങ്ങി

- 100 ബോട്ടുകളുടെ നിർമാണം കൊച്ചി കപ്പൽശാലയിൽ

ബാറ്ററി യാത്രാ ബോട്ടുകൾ ലോകത്താദ്യം

കൊച്ചി: മെട്രൊ റെയ്‌ൽ പദ്ധതിയുടെ ഭാഗമായുള്ള കൊച്ചി വാട്ടർ മെട്രൊയ്ക്കുള്ള 100 ഇലക്ട്രിക്കൽ യാത്രാ ബോട്ടുകളുടെ നിർമാണത്തിന് കൊച്ചിൻ കപ്പൽ നിർമാണശാലയിൽ തുടക്കമായി. ബോട്ടിന്റെ അലൂമിനിയം ചട്ടക്കൂടിനുള്ള പ്ലേറ്റ് കട്ടിങ് ചടങ്ങ് ഇന്നലെ നടന്നതായി കെഎംആർഎല്ലും കൊച്ചിൻ കപ്പൽ നിർമാണശാലയും (സിഎസ്എൽ) അറിയിച്ചു.

പൂർണമായും വൈദ്യുതിയിൽ പ്രവർത്തിക്കുന്ന അത്യാധുനിക അതിവേഗ ബോട്ടുകളാണ് വാട്ടർ മെട്രൊയ്ക്കായി നിർമിക്കുന്നത്. ഡിസംബറിൽ ആദ്യ ബോട്ട് നീറ്റിലിറക്കും. സിഎസ്എൽ എംഡിയും ചെയർമാനുമായ മധു എസ്. നായർ, കെഎംആർഎൽ എംഡിയും അഡിഷണൽ ചീഫ് സെക്രട്ടറിയുമായ അൽകേഷ് കുമാർ ശർമ തുടങ്ങിയവർ പങ്കെടുത്തു.

പൂർണമായും ബാറ്ററി ചാർജിൽ പ്രവർത്തിക്കുന്ന യാത്രാ ബോട്ടുകൾ ലോകത്തു തന്നെ ഇതാദ്യമായിട്ടാണ് നിർമിക്കുന്നതെന്ന് ചെയർമാൻ മധു നായർ പറഞ്ഞു. തദ്ദേശീയ സാങ്കേതിക വിദ്യ ഉപയോഗിച്ചു നിർമിക്കുന്ന ബോട്ടുകൾ സമയബന്ധിതമായി കെഎംആർഎല്ലിനു കൈമാറുമെന്നും അദ്ദേഹം വ്യക്തമാക്കി.

38 ജെട്ടികൾ ഉൾപ്പെടെ 76 കിലോമീറ്ററിൽ പരന്നുകിടക്കുന്ന പദ്ധതിയായാണ് ഇക്കൊല്ലം അവസാനത്തോടെ പൂർത്തിയാക്കാനുദ്ദേശിക്കുന്ന ജല മെട്രൊ വിഭാവനം ചെയ്തിരിക്കുന്നത്. കേരള സർക്കാരിന്റെയും ജർമൻ ബാങ്കായ കെഎഫ്ഡബ്ല്യുവിന്റെയും സംയുക്ത സംരംഭമാണ് വാട്ടർ മെട്രൊ. കെഎഫ്ഡബ്ല്യു 576 കോടി രൂപ വായ്പയായി നൽകും. 102 കോടിയാണ് സർക്കാർ വിഹിതം. ഭൂമി ഏറ്റെടുക്കലിന് പ്രതീക്ഷിക്കുന്ന 72 കോടി ഉൾപ്പെടെ 750 കോടി രൂപയാണ് പദ്ധതിച്ചെലവ്. ഇതിനു പുറമേ വാട്ടർ മെട്രൊ സ്മാർട്ട് സിറ്റിയിലേക്ക് എത്തിക്കുന്നതിനായി ബ്രഹ്മപുരം പാലം ഉയരം കൂട്ടി പുനർനിർമിക്കുന്നതിന് 30 കോടി രൂപയും കണക്കാക്കിയിട്ടുണ്ട്.

ബോട്ടുകളെല്ലാം എയർ കണ്ടീഷൻഡ് ആയിരിക്കും. വൈഫൈയും ഉണ്ടാകും. ആദ്യം 100 പേർക്കിരിക്കാവുന്ന 23 ബോട്ടുകളും പിന്നീട് 50 സീറ്റുകളുള്ള 55 ബോട്ടുകളും എത്തും. മണിക്കൂറിൽ 10 നോട്ടിക്കൽ മൈലാണ് വേഗത. 100 സീറ്റുള്ള ബോട്ടിന് 4.5 കോടി രൂപയും 50 സീറ്റുള്ളതിന് 2.6 കോടി രൂപയുമാണ് നിർമാണച്ചെലവ്. അറ്റകുറ്റപ്പണികൾക്കായി തേവരയിലും കാക്കനാട് കിൻഫ്ര പാർക്കിലും യാർഡുകൾ നിർമിക്കും. 16 റൂട്ടുകളിലാണ് വാട്ടർ മെട്രൊ സർവീസ് നടത്തുക.

വേമ്പനാട് കായൽ, കൈതപ്പുഴ കായൽ, കടമ്പ്രയാർ തുടങ്ങിയവയിലൂടെ കടന്നുപോകുന്ന വാട്ടർമെട്രൊ കൊച്ചിയുടെ പ്രാന്തപ്രദേശങ്ങളെയും പ്രധാന നഗരഭാഗങ്ങളെയും ബന്ധിപ്പിക്കും. വാട്ടർ മെട്രൊ ജെട്ടികളിലേയ്ക്ക് ഓട്ടൊ, ടാക്സി, ബസ് ഫീഡർ സർവീസുകളുമുണ്ടാകും.

കൊച്ചി വാട്ടർ മെട്രൊയ്ക്കായി നിർമിക്കുന്ന ഇലക്ട്രിക്കൽ ബോട്ടുകളുടെ പ്ലേറ്റ് കട്ടിങ് ഇന്നലെ കൊച്ചി കപ്പൽ നിർമാണ ശാലയിൽ നടന്നപ്പോൾ.

നവീകരിച്ച പേരാമ്പ്ര വ്യാപാര ഭവൻ ഉദ്ഘാടനം ചെയ്തു

പേരാമ്പ്ര: കേരള വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ ഭാഗമായ പേരാമ്പ്ര മർച്ചന്റ് അസോസിയേഷന്റെ നവീകരിച്ച പേരാമ്പ്ര വ്യാപാര ഭവൻ കെട്ടിടം പ്രവർത്തനമാരംഭിച്ചു. കോവിഡ് മാനദണ്ഡം പ്രകാരം ലളിതമായി നടത്തിയ ചടങ്ങിൽ വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന പ്രസിഡന്റ് ടി. നസറുദ്ദീൻ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് പ്രസിഡന്റ് സുരേഷ് ബാബു കൈലാസ് അധ്യക്ഷത വഹിച്ചു. ജില്ല ജനറൽ സെക്രട്ടറി കെ. സേതുമാധവൻ, ജില്ല സെക്രട്ടറി അലക്കാർ ഭാസ്ക്കരൻ, ആർ.കെ. മുസ്സ, കിംഗ്സ് മുഹമ്മദ്, വിജയലക്ഷ്മി നമ്പ്യാർ, പത്മിനി ബാലൻ, ഒ.പി. മുഹമ്മദ്, സലീം മണവയൽ തുടങ്ങിയവർ സംബന്ധിച്ചു.

തൊഴിൽ രഹിത വേതനം

എടപ്പാൾ: ചങ്ങരംകുളം ആലംകോട് ഗ്രാമ പഞ്ചായത്തിൽ തൊഴിൽ രഹിത വേതനം ഗുണഭോക്താക്കൾക്ക് 2020-21 വർഷത്തെ തൊഴിൽ രഹിത വേതനം വിതരണം ചെയ്യുന്നതിന് അർഹത പരിശോധിക്കുന്നതിനായി എംപ്ലോയ്മെന്റ് കാർഡ്, വരുമാന തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവയും ആധാർ കാർഡ്, റേഷൻ കാർഡ് എന്നിവയുടെ പകർപ്പുകൾ സെപ്റ്റംബർ നാലാം തിയതിക്കകം പഞ്ചായത്ത് ഓഫീസിൽ സമർപ്പിക്കേണ്ടതാണെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

കതിരൂർ ബാങ്ക് നാട്ടു ചന്ത പച്ചക്കറി മാർക്കറ്റ്

തലശേരി: കതിരൂർ സർവ്വീസ് സഹകരണ ബേങ്ക് ആരംഭിച്ച നാട്ടു ചന്ത പച്ചക്കറി മാർക്കറ്റിന്റെ ഉദ്ഘാടനം നബാർഡ് ഡിഡിഎം കെ. വി മനോജ് കുമാർ ഉദ്ഘാടനം ചെയ്തു. നബാർഡിന്റെ സഹായത്തോടെയാണ് നാട്ടുചന്ത ആരംഭിച്ചത്. ബാങ്ക് പ്രസിഡന്റ് ശ്രീജിത്ത് ചോയൻ അധ്യക്ഷത വഹിച്ചു. സെക്രട്ടറി എം. മോഹനൻ, എം. എ റഹീക്ക്, കെ. നുറുദ്ദീൻ, കെ. സുരേഷ് തുടങ്ങിയവർ സംബന്ധിച്ചു.

പ്രതിഷേധ സംഗമം നടത്തി

തിരൂരങ്ങാടി: മുതിർന്ന സുപ്രീം കോടതി അഭിഭാഷകൻ പ്രശാന്ത് ഭൂഷണിനെതിരെയുള്ള കോടതിയലക്ഷ്യ നടപടി റദ്ദാക്കണമെന്നാവശ്യപ്പെട്ട് ഇന്ത്യൻ ലോയേഴ്സ് യൂണിയൻ പരപ്പനങ്ങാടി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പരപ്പനങ്ങാടി കോടതിക്ക് മുന്നിൽ പ്രതിഷേധ സംഗമം നടത്തി.

അഡ്വ: സി പി മുസ്തഫ, അഡ്വ: ഓ കൃപലാനി, അഡ്വ: കെ സരിത, അഡ്വ:സി ഇബ്രാഹിം കുട്ടി, അഡ്വ: ഇ. അജീഷ്എന്നിവർ സംസാരിച്ചു.

മോർച്ചറി കോംപ്ലക്സ്: പ്രവൃത്തി ആരംഭിച്ചു

മഞ്ചേരി : മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളജ് ആശുപത്രിയോടനുബന്ധിച്ച് പുതുതായി സ്ഥാപിക്കുന്ന മോർച്ചറി കോംപ്ലക്സിന്റെ പ്രവൃത്തി ആരംഭിച്ചു.

40 ലക്ഷം രൂപ ചെലവിലാണ് കെട്ടിടം നിർമിക്കുന്നത്. നിലവിലുള്ള മോർച്ചറിക്ക് സമീപമാണ് പുതിയ കോംപ്ലക്സ്. മൃതദേഹം സംസ്ക്കരിക്കുന്നതിനായി കേരള വ്യാപാരി വ്യവസായി ഏകോപന സമിതി മഞ്ചേരി യൂണിറ്റ് നിർമ്മിച്ചു നൽകിയ കെട്ടിടം പൊളിച്ചു മാറ്റിയാണ് കോംപ്ലക്സ് നിർമിക്കുന്നത്.

മുഖ്യമന്ത്രിക്ക് നിവേദനം നൽകി

ചേളാരി: സംസ്ഥാന സർക്കാർ പൊതു വിദ്യാഭ്യാസ വകുപ്പിനു കീഴിൽ വിക്ടേഴ്സ് ചാനലിൽ സംപ്രേഷണം ചെയ്യുന്ന ഫസ്റ്റ് ബെൽ സ്കൂൾ ഓൺലൈൻ പാഠ ക്ലാസിൽ അറബി, ഉറുദു, സംസ്കൃതം ഭാഷകൾ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സമസ്ത കേരള ഇസ്ലാം മത വിദ്യാഭ്യാസ ബോർഡിനുവേണ്ടി ജനറൽ സെക്രട്ടറി എം.ടി. അബ്ദുല്ല മുസ്ലിയാർ മുഖ്യമന്ത്രിക്കും പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിക്കും നിവേദനം നൽകി.

ഇന്റർവെൻഷണൽ റേഡിയോളജിക്ക് അനുമതി

മഞ്ചേരി : മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളജ് ആശുപത്രിയിൽ ഇന്റർവെൻഷണൽ റേഡിയോളജി വിഭാഗത്തിന് പ്രത്യേക കെട്ടിടത്തിന് അനുമതി.

1.1 കോടി രൂപ ചെലവഴിച്ചാണ് കെട്ടിടം നിർമിക്കുന്നത്. ഇതിനായി ബ്ലഡ് ബാങ്ക് പ്രവർത്തിട്ടിരുന്ന പഴയ കെട്ടിടം പൊളിച്ചു മാറ്റും. പുതിയ കെട്ടിടത്തോടനുബന്ധിച്ച് ആശുപത്രിയിലെത്തുന്ന രോഗികൾക്ക് വിശ്രമ മുറിയും ഒരുക്കും.

തിരുവനന്തപുരം വിമാനത്താവള വിൽപ്പനക്കെതിരെ ജനതാ പ്രവാസി കൾച്ചറൽ സെന്ററിന്റെ നേതൃത്വത്തിൽ കോഴിക്കോട് നടന്ന പ്രതിഷേധ ധർണ.

സ്കൂൾ പരിസരത്തെ പന്നിഫാം നിയമ പ്രകാരം നിർത്തിവയ്ക്കണമെന്ന് മനുഷ്യാവകാശ കമ്മിഷൻ

കോഴിക്കോട്: ചക്കിട്ടപ്പാറ പഞ്ചായത്തിൽ പുഴിത്തോട് കൈയ്യാപി സ്കൂൾ പരിസരത്ത് പ്രവർത്തിക്കുന്ന പന്നി ഫാമുകളുടെ പ്രവർത്തനം സമീപവാസികൾക്കും കുട്ടികൾക്കും അധ്യാപകർക്കും ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്ന സാഹചര്യത്തിൽ നിയമപ്രകാരം നിർത്തിവയ്ക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ. നടപടി സ്വീകരിക്കുന്നതിന് മുമ്പ് പന്നി ഫാം ഉടമകൾക്ക് നോട്ടീസ് നൽകി അവരെ കേൾക്കണമെന്നും കമ്മീഷൻ ജുഡീഷ്യൽ അംഗം പി മോഹനദാസ് ഉത്തരവിൽ പറഞ്ഞു. വിഷയത്തിൽ ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് സമർപ്പിച്ചു.

സ്ഥലത്ത് പ്രവർത്തിക്കുന്ന പന്നി ഫാമുകൾ പഞ്ചായത്തിന്റെ ലൈസൻസോ അനുമതിയോ കൂടാതെ പ്രവർത്തിക്കുന്നതാണെന്ന് റിപ്പോർട്ടിൽ പറയുന്നു. സ്ഥലത്ത് മൂന്ന് പന്നി ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്. പുറത്ത് നിന്നും കൊണ്ടുവരുന്ന ഹോട്ടൽ മാലിന്യം അശാസ്ത്രീയമായി സംസ്കരിക്കുന്നതു കാരണം പരിസര മലിനീകരണത്തിന് കാരണമാകുന്നുണ്ടെന്ന് റിപ്പോർട്ടിൽ പറയുന്നു. ഫാമിലെ മാലിന്യങ്ങൾ മഴക്കാലത്ത് ഒഴുകി നീർത്തടങ്ങളിലും കുടിവെള്ള സ്രോതസുകളിളും എത്താൻ സാധ്യതയുണ്ട്. മെഡിക്കൽ ഓഫീസർ നടത്തിയ പരിശോധനയിൽ മാലിന്യ സംസ്കരണം അപര്യാപ്തവും പരിതാപകരവുമാണെന്ന് റിപ്പോർട്ടിൽ പറയുന്നു. ഈ സാഹചര്യത്തിൽ ഫാം ഉടമകൾക്കെതിരെ അടിയന്തിര കർശന നടപടികൾ സ്വീകരിക്കണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടു. ചക്കിട്ടപ്പാറ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്കാണ് നിർദ്ദേശം നൽകിയത്. സ്കൂൾ അധ്യാപകർക്ക് പുറമെ പ്രദേശവാസിയായ ജോൺസനും പരാതി നൽകിയിട്ടുണ്ട്.

കോഴിക്കോട് 119 പേർക്ക് കോവിഡ്

കോഴിക്കോട്: ജില്ലയിൽ ഇന്നലെ 119 പേർക്ക് കൂടി കോവിഡ് സ്ഥിരീകരിച്ചതായി ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. വിദേശത്ത് നിന്ന് എത്തിയ എട്ട് പേർക്കും ഇതരസംസ്ഥാനങ്ങളിൽ നിന്ന് എത്തിയവരിൽ ആറ് പേർക്കുമാണ് പോസിറ്റീവ് ആയത്.

12 പേരുടെ ഉറവിടം വ്യക്തമല്ല. സമ്പർക്കം വഴി 93 പേർക്ക് രോഗം ബാധിച്ചു. കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ സമ്പർക്കം വഴി 41 പേർക്കും നടുവണ്ണൂരിൽ 9 പേർക്കും രോഗം ബാധിച്ചു. 13 ആരോഗ്യ പ്രവർത്തകർക്കും പോസിറ്റീവായി. ഇതോടെ ചികിത്സയിലുള്ള കോഴിക്കോട് സ്വദേശികളുടെ എണ്ണം 1462 ആയി.

13 പേർ രോഗമുക്തി നേടി.രോഗം സ്ഥിരീകരിച്ച് ചികിത്സയിലുളള കോഴിക്കോട് സ്വദേശികൾ- 1462.

കോഴിക്കോട് മെഡിക്കൽ കൊളെജ് - 247,ഗവ. ജനറൽ ആശുപത്രി -163,ലക്ഷദ്വീപ് ഗസ്റ്റ് ഹൗസ് എഫ്.എൽ.ടി. സി-132,കോഴിക്കോട് എൻ.ഐ.ടി എഫ്.എൽ.ടി. സി-182,ഫറോക്ക് എഫ്.എൽ.ടി. സി - 135, എൻ.ഐ.ടി മെഗാ എഫ്.എൽ.ടി. സി -165,എ.ഡബ്ല്യു.എച്ച് എഫ്.എൽ.ടി. സി- 113 , മണിയൂർ നവോദയ എഫ്.എൽ.ടി. സി-169, എൻ.ഐ.ടി - നൈലിററ് എഫ്.എൽ.ടി. സി -18, മിംസ് എഫ്.എൽ.ടി.സി കൾ- 27,

മററു സ്വകാര്യ ആശുപത്രികൾ- 93,മററു ജില്ലകളിൽ ചികിത്സയിലുള്ള കോഴിക്കോട് സ്വദേശികൾ- 18(മലപ്പുറം - 9, കണ്ണൂർ - 2 , പാലക്കാട് - 1, ആലപ്പുഴ - 2 , തിരുവനന്തപുരം- 1 , തൃശൂർ - 1, കോട്ടയം - 1, എറണാകുളം - 1)കോഴിക്കോട് ജില്ലയിൽ ചികിത്സയിലുള്ള മറ്റു ജില്ലക്കാർ - 84.

ഇന്നലെ പുതുതായി വന്ന 728 പേർ ഉൾപ്പെടെ ജില്ലയിൽ 14964 പേർ നിരീക്ഷണത്തിൽ. ജില്ലയിൽ ഇതുവരെ 87196 പേർ നിരീക്ഷണം പൂർത്തിയാക്കി.

പുതുതായി വന്ന 240 പേർ ഉൾപ്പെടെ 1259 പേരാണ് ആശുപത്രികളിൽ നിരീക്ഷണത്തിലുള്ളത്. 267 പേർ ഇന്നലെ ഡിസ്ചാർജ്ജ് ആയി.4092 സ്രവ സാംപിൾ പരിശോധനയ്ക്ക് എടുത്ത് അയച്ചു.

ആകെ 1,50,067 സ്രവ സാംപിളുകൾ പരിശോധനയ്ക്ക് അയച്ചതിൽ 1,45,904 എണ്ണത്തിന്റെ പരിശോധനാ ഫലം ലഭിച്ചു. ഇതിൽ 1,41,989 എണ്ണം നെഗറ്റീവാണ്. പരിശോധനയ്ക്കയച്ച സാമ്പിളുകളിൽ 4163 പേരുടെ പരിശോധനാ ഫലം കൂടി ലഭിക്കാനുണ്ട്.

പുതുതായി വന്ന 199 പേർ ഉൾപ്പെടെ ആകെ 3189 പ്രവാസികളാണ് നിരീക്ഷണത്തിലുള്ളത്. ഇതിൽ 598 പേർ ജില്ലാ ഭരണകൂടം സജ്ജമാക്കിയ കോവിഡ് കെയർ സെന്ററുകളിലും, 2571 പേർ വീടുകളിലും, 24 പേർ ആശുപത്രിയിലും നിരീക്ഷണത്തിലാണ്.

വീടുകളിൽ നിരീക്ഷണത്തിലുള്ളവരിൽ 20 പേർ ഗർഭിണികളാണ്. ഇതുവരെ 30997 പ്രവാസികൾ നിരീക്ഷണം പൂർത്തിയാക്കി.

നവീകരിച്ച പേരാമ്പ്ര വ്യാപാര ഭവൻ വ്യവസായി ഏകോപന സമിതി സംസ്ഥാന പ്രസിഡന്റ് ടി. നസറുദ്ദീൻ ഉദ്ഘാടനം ചെയ്യുന്നു

മുക്കം തീവ്രവാദ ക്യാമ്പ് എൻ ഐഎ അന്വേഷിക്കണം: ഹനുമാൻ സേവാഭാരത്

കോഴിക്കോട്: കേരളത്തിന്റെ വയനാട് കോഴിക്കോട് മലപ്പുറം ജില്ലകളിലെ വനമേഖല കളിലെ തീവ്രവാദ സ്വഭാവമുള്ള സംഘടനകളുടെ പ്രവർത്തനങ്ങളെ കുറിച്ച് ദേശീയ ഏജൻസി അന്വേഷിക്കണമെന്ന് ഹനുമാൻ സേവാഭാരത് സംസ്ഥാന ചെയർമാൻ ഭക്തവത്സലൻ സർക്കാരിനോട് ആവശ്യപ്പെട്ടു . ഈ മേഖലയിലെ ചില തീവ്രവാദ സംഘടനകൾ ഒളി താവളം ആക്കിയിട്ടുണ്ട് പതിറ്റാണ്ടുകളായി. നില ബൂറും വയനാടു ഇത് സംബന്ധിച്ച് പോലീസ് വെടിവെപ്പും മരണവും സംഭവിച്ചിട്ടുണ്ട്.

പക്ഷേ കുറ്റമറ്റ വിധം അന്വേഷണം നടത്തുവാ നോ ഈ മേഖലയിലെ തീവ്രവാദ സാന്നിധ്യം കണ്ടെത്തുവാനോ സംസ്ഥാന സർക്കാരിന്റെ അന്വേഷണ ഏജൻസിക്ക് സാധിച്ചിട്ടില്ല. കേരളസംസ്ഥാനം അപകടകരമായ അവസ്ഥയിലേക്കാണ് ഇത് കൊണ്ടുചെന്നെത്തിക്കുന്നത്. മലപ്പുറത്തെയും കോഴിക്കോട്ടെയും ജില്ലാ അതിർത്തിയായ മുക്കം കേന്ദ്രീകരിച്ച് ചില തീവ്രവാദ സംഘടനകൾ സജീവസാന്നിധ്യം സൃഷ്ടിക്കുകയും ആയുധ പരിശീലനം നടത്തുകയും ചെയ്യുന്നുണ്ട്. അരനൂറ്റാണ്ടു മുമ്പ് മുക്കം ചില തീവ്രവാദ സംഘടനകളുടെ വിഹാരകേന്ദ്രമാണെന്ന് പൊലീസ് റിക്കാർഡ് പരിശോധിച്ചാൽ വ്യക്തമാകുന്നതാണ് ഇത് മനസ്സിലാക്കിയിട്ടും സംസ്ഥാന പൊലീസോ രഹസ്യ നേഷണ വിഭാഗമോ തീവ്രവാദികളുടെ ഈ മേഖലയിലെ പ്രവർത്തനത്തെ കണ്ടെത്തുന്നതിൽ പരാജയപ്പെട്ടിരിക്കുന്നു.

മുക്കം മേഖലയിലെ വനത്തിനുള്ളിൽ ആയുധ പരിശീലനവും സ്ഫോടകവസ്തുക്കളുടെ നിർമാണവും ഉണ്ടെന്ന് നാട്ടുകാർ പറയുന്നു ചില പ്രത്യേക ദിവസങ്ങളിൽ പുറത്തുനിന്ന് തീവ്രവാദികൾ വന്നു കോച്ചിങ്ങ് നടത്തുന്നുണ്ട് എന്ന് സമീപവാസികൾ മനസ്സിലാക്കിയിട്ടുണ്ട് എന്നാൽ സംസ്ഥാന സർക്കാർ ഇതിനെതിരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല കേരളത്തിലെ പശ്ചിമഘട്ട വനമേഖലകളിൽ തീവ്രവാദ ഭീകരപ്രവർത്തനം വളർന്നു കൊണ്ടിരിക്കുകയാണ് ഇതിനെക്കുറിച്ച് വിശദമായ അന്വേഷണം നടത്തുവാൻ കേന്ദ്ര ഏജൻസിക്ക് ഉത്തരവ് നൽകണമെന്ന് സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടുഹനുമാൻ സേന സംസ്ഥാന എക്സിക്യൂട്ടീവ് യോഗം കോഴിക്കോട് കേന്ദ്ര കാര്യാലയത്തിൽ നടന്നു. എ.എം ഭക്തവത്സലൻന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ സി വിനോദ്, ചൈതന്യ ചക്രവർത്തി ബോബി ലാൽ കരിയം, സുരേഷ് പത്താം കണ്ടി, ബിജുമോൻ എരുമപ്പെട്ടി, ശിവ സ്വാമി മിപാലക്കാട്, കോവൈ രാജേന്ദ്രൻ, തുടങ്ങിയവർ സംസാരിച്ചു.

ദത്ത് ഗ്രാമത്തിന് ഒപ്പം എൻ എസ് എസ് വളണ്ടിയർമാർ

ബാലുശേരി: കൊറോണക്കാലത്ത് ജോലി നഷ്ടപ്പെട്ട് പ്രയാസമനുഭവിക്കുന്ന കുടുംബങ്ങളുടെ ഒപ്പം ചേർന്ന് ജില്ലയിലെ എൻ എസ് എസ് വളണ്ടിയർമാർ മാതൃകയാവുന്നു. എൻ എസ് എസ് യൂണിറ്റുകളുടെ പ്രധാന പ്രവർത്തനമേഖലയായ ദത്ത് ഗ്രാമങ്ങളിൽ ഈ ഓണക്കാലത്ത് സഹായമെത്തിക്കുന്ന പദ്ധതിയാണ് കുട്ടികളുടെ ചർച്ചയിൽ ഉരുത്തിരിഞ്ഞു വന്നത് .

ജില്ലയിലെ 139 എൻ എസ് എസ് യൂണിറ്റുകൾക്കും അവരുടെ വിദ്യാലയം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന് സമീപമായി ദത്ത് ഗ്രാമം പ്രവർത്തിക്കുന്നു . അത് ഒരു കോളനിയോ, 50 മുതൽ 100 വരെ വീടുകൾ വരുന്ന ഒരു പ്രദേശമോ ആയിരിക്കും.ഇവിടെ പ്രവർത്തിക്കുന്ന ദത്ത് ഗ്രാമ സമിതിയുമായി ആലോചിച്ച് ഏറ്റവും പ്രയാസമനുഭവിക്കുന്ന 10 മുതൽ 20 വരെ കുടുംബങ്ങൾക്ക് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഓണക്കിറ്റ് എത്തിക്കും.

പലവ്യഞ്ജനങ്ങളും , പച്ചക്കറികളും അടങ്ങുന്ന 400 രൂപ വിലവരുന്ന 3000 കിറ്റുകളാണ് കുട്ടികൾ ഇതിനായി തയ്യാറാക്കുന്നത് .

ഇതിനായി ചെലവ് വരുന്നന് 12 ലക്ഷത്തോളം രൂപ സ്വന്തം വിദ്യാലയത്തിലെ അധ്യാപകരും, സുമനസ്സുകളും യാതൊരു മടിയും കൂടാതെ നൽകുന്നു എന്നത് വലിയ സന്തോഷം നൽകുന്നതായി കുട്ടികൾ അഭിപ്രായപ്പെടുന്നു. ജില്ലയിലെ 139 എൻ എസ് എസ് യൂണിറ്റുകളിലെ പ്രോഗ്രാം ഓഫീസർമാരും , ക്ലസ്റ്റർ കൺവീനർമാരും , കുട്ടികളും തികഞ്ഞ ആത്മവിശ്വാസത്തോടെ ഒപ്പം പദ്ധതി ഏറ്റെടുത്തത് എന്ന് എൻ എസ് എസ് ജില്ലാ കോ ഓർഡിനേറ്റർ എസ്.ശ്രീചിത്ത് പറഞ്ഞു.

വടക്കുമ്പാട് ഹയർ സെക്കന്ററി സ്കൂളിലെ വളണ്ടിയർ അനഘ ദത്ത് ഗ്രാമങ്ങളിൽ നൽകുന്നതിനായി ഓണക്കിറ്റുകൾ തയ്യാറാക്കുന്നു

വ്യാജ പരാതി പിൻവലിച്ചു

തിരൂരങ്ങാടി: ചന്ദ്രിക റിപ്പോർട്ടർ യു.എ റസാഖിനെതിരെ വി.ടി സ്റ്റോർ ഉടമ വെട്ടിയാട്ടിൽ ബഷീർ നൽകിയ വ്യാജ പരാതി പിൻവലിച്ചു. റസാഖിന്റെ നേതൃത്വത്തിൽ പത്തോളം പേർ വീട്ടിൽ അതിക്രമിച്ചു കയറി സ്ത്രീകളെ അക്രമിച്ചെന്നും 2 ലക്ഷം രൂപ കവർന്നെന്നും പത്ത് ലക്ഷം രൂപ ആവശ്യപ്പെട്ട് ഇപ്പോഴും ഭീഷണിപ്പെടുത്തുകയാണെന്നുമാണ് ബഷീർ പോലീസ് നൽകിയിരുന്ന പരാതി.

ഈ പരാതിയിൽ പറഞ്ഞ സമയം റസാഖ് ചെമ്മാട് ടവർ ലൊക്കേഷനിലായതിനാൽ പരാതിക്കാരനെ വിളിച്ചുവരുത്തി കാര്യങ്ങൾ തിരക്കിയപ്പോൾ ഗുണ്ടകളുടെ ഭീഷണിക്ക് വഴങ്ങി ചെയ്തതാണെന്ന് പറഞ്ഞ് പരാതി പിൻവലിച്ചതായി എഴുതി നൽകി.

തിരൂരങ്ങാടി എസ്.ഐ നൗഷാദ് ഇബ്രാഹീമിന്റെ നേതൃത്വത്തിലാണ് ബഷീറിന്റെ സഹോദരൻ സമദിനെയും റസാഖിനെയും വിളിച്ചു വരുത്തി അന്വേഷണത്തിലാണ് പരാതി വ്യാജമായിരുന്നുവെന്ന് തെളിഞ്ഞത്.

എം. ശ്രീനിവാസന്റെ നിര്യാണത്തിൽ അനുശോചനം

ബാലുശ്ശേരി: മനുഷ്യാവകാശ സംരക്ഷണ കേന്ദ്രം ജില്ലാ കമ്മറ്റി അംഗവും ബാലുശ്ശേരി അർബൻ സഹകരണ ബാങ്ക് സെക്രട്ടറിയുമായിരുന്ന മണഞ്ചേരി ശ്രീനിവാസന്റെ നിര്യാണത്തിൽ മനുഷ്യാവകാശ സംരക്ഷണ കേന്ദ്രം ബാലുശ്ശേരി മേഖലാ കമ്മറ്റി അനുശോചനം രേഖപ്പെടുത്തി.

എഴുത്തുകാരനും, സംവിധായകനും നാടകനടനുമായിരുന്നു. വീഡിയോ കോൺഫറൻസിലൂടെ നടന്ന യോഗം പ്രസിഡന്റ് അഡ്വ.വിനോദ് നിയന്ത്രിച്ചു. മേഖല സെക്രട്ടറി കരുണൻ വൈകുണ്ഠം, ഡോ.കെ.സി സുധാകരൻ, രാജൻ.കെ സംബന്ധിച്ചു.

വെള്ളിയാഴ്ച ജുമുഅ: നിസ്കാരം സമസ്ത മുഖ്യമന്ത്രിക്ക് നിവേദനം നൽകി

കോഴിക്കോട്: കേന്ദ്ര-സംസ്ഥാന സർക്കാറുകളുടെ ഉത്തരവ് പ്രകാരം കോവിഡ്-19 പ്രോട്ടോക്കോൾ പാലിച്ച് ആരാധനാലയങ്ങളിൽ 100 പേർക്ക് പ്രാർത്ഥന നടത്താൻ അവസരം ഉണ്ടായിരിക്കെ മറ്റു ജില്ലകളിൽ നിന്ന് വ്യത്യസ്ഥമായി കോഴിക്കോട് ജില്ലയിൽ ജുമുഅ:ക്ക് 40 പേരെ പരിമിതിപ്പെടുത്തി കോഴിക്കോട് ജില്ലാ കലക്റ്റർ ഇറക്കിയ ഉത്തരവ് റദ്ദാക്കാൻ നിർദ്ദേശം നൽകണമെന്നാവശ്യപ്പെട്ട് സമസ്ത കേരള ജംഇയ്യത്തുൽ ഉലമാ പ്രസിഡണ്ട് സയ്യിദ് മുഹമ്മദ് ജിഫ്രി മുത്തുക്കോയ തങ്ങൾ മുഖ്യമന്ത്രിക്ക് നിവേദനം നൽകി.ജൂൺ4ന് കേന്ദ്രസർക്കാറും അഞ്ചിന് സംസ്ഥാന സർക്കാറും ഇറക്കിയ ഉത്തരവ് പ്രകാരം ആരാധനാലയങ്ങളിൽ പ്രാർത്ഥനക്ക് കോവിഡ്-19 നിബന്ധനകൾ പാലിച്ച് പരമാവധി 100 പേർക്ക് അവസരം അനുവദിച്ചിട്ടുണ്ട്. ഈ ഉത്തരവിന് വിരുദ്ധമായി കോഴിക്കോട് ജില്ലാ കലക്റ്റർ ഓഗസ്റ്റ് 8ന് ഇറക്കിയ ഉത്തരവിൽ കോഴിക്കോട് ജില്ലയിൽ 40 പേരെ പരിമിതപ്പെടുത്തിയത് ഏറെ ബുദ്ധിമുട്ട് ഉണ്ടാക്കിയിട്ടുണ്ട്. മറ്റു ജില്ലകളിലെന്നപോലെ വെള്ളിയാഴ്ച ജുമുഅ:ക്ക് കോഴിക്കോട് ജില്ലയിലും 100 പേർക്ക് അവസരം ഉണ്ടാക്കണമെന്ന് നിവേദനത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

മഞ്ചേരി സബ് ജയിലിലേക്ക് ഗ്രോ ബാഗും പച്ചക്കറി വിത്തും നൽകി

മഞ്ചേരി: കേരള കോൺഗ്രസ് ജേക്കബ് നിയോജക മണ്ഡലം കമ്മറ്റി മഞ്ചേരി സ്പെഷ്യൽ സബ് ജയിലിലേക്ക് ഗ്രോ ബാഗും പച്ചക്കറി വിത്തും നൽകി. ജയിൽ സൂപ്രണ്ട് സണ്ണി ഡാനിയേൽ പ്രസിഡന്റ് അക്ബർ മീനായിയിൽ നിന്ന് ഏറ്റുവാങ്ങി. പത്തു സെന്റ് സ്ഥലമാണ് കൃഷി ചെയ്യാൻ ജയിൽ കോമ്പൗണ്ടിൽ ഉള്ളത്. അതിൽ കൂടുതൽ ഭാഗവും കോൺക്രീറ്റ് ചെയ്ത നിലയിലാണ്. മണ്ണിൽ കൃഷി ചെയ്യാനുള്ള സാഹചര്യം കുറവായത് കൊണ്ട് കൊണ്ടാണ് ഗ്രോ ബാഗിൽ കൃഷി ചെയ്യാൻ തീരുമാനിച്ചതെന്ന് ജയിലധികൃതർ പറഞ്ഞു. അനസ് അത്തിമണ്ണിൽ, നാസർ മഞ്ചേരി, ഷബിർ പി സി, മനോജ് പൂവ്വഞ്ചേരി, സിദ്ധിഖ് പാണ്ടിക്കാട് പങ്കെടുത്തു.

നഷ്ടപ്പെട്ടു

പൊന്നാനി താലൂക്ക് കീഴമുടി അംശം കാലടി ദേശത്തു കുണ്ടുപറമ്പിൽ അബ്ദുള്ള എന്ന,എന്റെ പേരിൽ എടപ്പാൾ സ റ ഓഫീസിൽ 2002 ൽ 3752 ആധാരപ്രകാരം തീരുവാങ്ങിയ ഒറിജിനൽ ആധാരം യാത്ര മധ്യേ നഷ്ടപ്പെട്ടു പ്രസ്തുത ആധാരം കണ്ടുകിട്ടുന്നവർ താഴെ കാണുന്ന അഡ്രസ്സിൽ എത്തിച്ചു തരുവാൻ താൽപര്യപ്പെടുന്നു

എന്ന്
കുണ്ടുപറമ്പിൽ അബ്ദുള്ള,
കോലത്ര ,
കാലടി പി ഒ,
എടപ്പാൾ
ഫോൺ.9846667130

രോഗികളെ പരിചരിക്കാൻ വേണ്ടി ശേഖരിച്ച മെഡിക്കൽ ഉപകരണങ്ങളുടെ കൈമാറ്റം ചാവട്ട് മഹല്ല് പ്രസിഡന്റ് പി കുഞ്ഞമ്മതിന് നൽകിക്കൊണ്ട് സി.കെ മൊയ്തീൻ ഹാജി നിർവ്വഹിക്കുന്നു.

ആതുര സേവനത്തിനുള്ള ഉപകരണങ്ങൾ കൈമാറി

മേപ്പയ്യൂർ: ചാവട്ട് മഹല്ല് കമ്മിറ്റിക്ക് ആതുര സേവനത്തിനുള്ള മെഡിക്കൽ ഉപകരണങ്ങൾ കൈമാറി. ചാവട്ട് സ്വദേശിയും ഖത്തറിൽ പ്രവാസ ജീവിതം നയിക്കുകയും ചെയ്യുന്ന സി.കെ റഷീദ് കോളനിയുടെ ശ്രമഫലമായി ഒരു അഭ്യുദയകാംക്ഷിയിൽ നിന്നും ലഭിച്ച ഫണ്ടുപയോഗിച്ചാണ് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങിയത്. ഉപകരണങ്ങളുടെ കൈമാറ്റം സി.കെ ആന്റ് കെ.കെ വാട്സപ്പ് ഗ്രൂപ്പ് ചെയർമാൻ സി.കെ മൊയ്തീൻ ഹാജി മഹല്ല് പ്രസിഡന്റ് പി. കുഞ്ഞമ്മതിന് നൽകി നിർവ്വഹിച്ചു. മഹല്ല് ജനറൽ സെക്രട്ടറി എം.കെ അബ്ദുറഹിമാൻ അധ്യക്ഷത വഹിച്ചു. എം. അബ്ദുൽസലാം ഹാജി, കെ.കെ. ഇബ്രാഹിം, യു.കെ. അബ്ദുള്ള, പി. അബ്ദുള്ള, സി. ഇ. അഷറഫ്, പി.കെ. കുഞ്ഞമ്മത് മുസ്ല്യാർ, വാട്സപ്പ് ഗ്രൂപ്പ് അംഗങ്ങളായ കെ.കെ. മൊയ്തി, സി.കെ. മുഹമ്മദ്, സി.കെ. മുജീബ്, സി.കെ. നൗഷാദ്, കെ.കെ. നിസാർ, സി.കെ. മുഹമ്മദ് കോയിക്കര എന്നിവർ സംബന്ധിച്ചു.

വെബിനാർ നടത്തി

തേഞ്ഞിപ്പലം : കാലിക്കറ്റ് സർവ്വകലാശാലയിൽദേശീയ ഗുണനിലവാര വിലയിരുത്തലുമായി ബന്ധപ്പെട്ട ദേശീയ വെബിനാർ സംഘടിപ്പിച്ചു. രാജ്യത്തെ വിവധ സർവ്വകലാശാലകളിലെയും കോളേജുകളിലെയും 1100 ലധികം പ്രതിനിധികൾ പങ്കെടുത്ത വെബിനാറിൽ മുഖ്യ പ്രഭാഷണം നടത്തിയത് ദേശീയ ഗുണനിലവാര സമിതിയായ നാകിന്റെ മുഖ്യ ഉപദേഷ്ടാവ് ഡോ.കെ.എസ്. ശ്യാം സുന്ദറായിരുന്നു. കേരളത്തിന്റെ വിദ്യാഭ്യാസ നേട്ടങ്ങൾ രാജ്യത്തിന് മാതൃകയാണെന്ന് വ്യക്തമാക്കിശ്യാം സുന്ദർ, കോവിഡ് മഹാമാരിക്കെതിരെ കേരളം സ്വീകരിച്ച പ്രതിരോധ നടപടികളെ പ്രശംസിക്കുകയും ചെയ്തു. പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിലെ ഗുണപരമായ വശങ്ങൾ ഉള്ളപ്പോൾ തന്നെ ഈ നയം ഇന്ത്യൻ സമൂഹത്തിലുയർത്തുന്ന ആശങ്കകളെ കണക്കിലെടുക്കേണ്ടതും പരിഹരിക്കേണ്ടതുമാണെന്ന് സെമിനാർ ഉദ്ഘാടനം ചെയ്ത കാലിക്കറ്റ് വൈസ് ചാൻസലർ പ്രൊഫ. എം കെ ജയരാജ് പറഞ്ഞു . അടുത്ത വർഷം നാലാം ഘട്ടനാക് വിലയിരുത്തലിന് സജ്ജമാകുന്നതിന്റെ ഭാഗമായാണ് കോഴിക്കോട് സർവ്വകലാശാലയിലെ ഐക്യു എസി വിഭാഗവും നാക് ബാംഗ്ളുരു സെന്ററും ചേർന്ന് വെബിനാർ നടത്തിയത്. വെബിനാറിൽ നാക് സമിതിയിൽ നിന്നുള്ള ഡോ. പ്രതിഭാ സിംഗ്, ഡോ. വിഷ്ണു മഹേഷ് എന്നിവർ വിഷയങ്ങൾ അവതരിപ്പിച്ചു സംസാരിച്ചു. വെബിനാറിൽ കാലിക്കറ്റ് ഐക്യു എസി ഡയറക്റ്റർ ഡോ.ശിവദാസൻ പി സ്വാഗതവും സർവ്വകലാശാലാ രജിസ്ട്രാർ ഡോ. സി. എൽ ജോഷി നന്ദിയും പ്രകാശിപ്പിച്ചു. രജിസ്റ്റർ ചെയ്ത അംഗങ്ങളുടെ എണ്ണം വർദ്ധിച്ചതു കാരണം ഐ ക്യു എ സി യുട്യൂബ് ചാനൽ വഴി ലൈവ് സ്ട്രീമിങ്ങ് ഏർപ്പെടുത്തിയിരുന്നു. സെമിനാറിൽ കാലിക്കറ്റ് സർവ്വകലാശാലയിലെ എല്ലാ പ്രധാന ഉദ്യോഗസ്ഥൻമാരും അധ്യാപകരും സിൻഡിക്കേറ്റ് അംഗങ്ങളും വെബിനാറിൽ പങ്കെടുത്തു

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), E. Rudran Warrier (Executive Editor), Vol 13, Issue No. 228 RNI No. KERMAL/ 2009/ 31365 Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Room No .17/825- B21,22, Muallim Complex, Arayidathupalam, Kozhikode - 673004, Ph: 0495 2729088. Email: info@metrovaartha.com

അഴിമതിയാരോപണങ്ങൾ നേരിടുന്ന ഉദ്യോഗസ്ഥയെ സംരക്ഷിക്കുന്നതായി പരാതി

തൃശൂർ: ഗുരുതരമായ അഴിമതി ആരോപണങ്ങൾ നേരിടുന്ന ഉദ്യോഗസ്ഥയെ രാഷ്ട്രീയ നേതൃത്വവും ഭരണകൂടവും സംരക്ഷിക്കുന്നതായി ആരോപണം. നിലവിൽ തൃശൂർ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഡെപ്യൂട്ടി തഹസിൽദാറായി പ്രവർത്തിക്കുന്ന ജയശ്രീ എന്ന ഉദ്യോഗസ്ഥക്കെതിരായാണ് പരാതികൾ ഉയർന്നിരിക്കുന്നത്. ചിയാരം വില്ലേജ് ഓഫീസറായിരിക്കെ അധികാര ദുർവിനിയോഗം നടത്തി സ്വാർത്ഥ ലക്ഷ്യത്തോടെ ചെറുപറമ്പിൽ രാമചന്ദ്രൻ എന്നയാളുടെ 341/1 സർവ്വെ നമ്പറിൽ ഉൾപ്പെടുന്ന ഭൂമി രേഖകളിൽ ഗുരുതരമായ കൃത്രിമം നടത്തി പോക്കുവരവ് ചെയ്ത് കൊടുക്കുകയും സ്വന്തം ഭർത്താവിന്റേയും കീഴുദ്യോഗസ്ഥന്റെ ഭാര്യയുടേയും പേരിൽ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് തീറ് നടത്താൻ വഴിവിട്ട സഹായങ്ങൾ ചെയ്ത നടപടിയിൽ പരാതികൾ ഉയർന്നതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണ നടപടികൾ പുരോഗമിക്കുകയാണ് .ഈ കേസിന്റെ അടിസ്ഥാനത്തിൽ ഡിപ്പാർട്ട്മെന്റ് തലത്തിലും ഇവർക്കെതിരെ ലഭിച്ച പരാതികളിൻമേൽ വകുപ്പുതല അച്ചടക്ക നടപടികളുടെ ഭാഗമായി റവന്യൂ റിക്കവറി ഡെപ്യൂട്ടി കലക്ടറുടെ അന്വേഷണ റിപ്പോർട്ടിൽ ഈ ഉദ്യോഗസ്ഥ നടത്തിയ തിരിമറികൾ ആസൂത്രിതവും മുൻധാരണയോടെയും ചെയ്തതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നിട്ടും ഗുരുതരമായ അഴിമതിയാരോപണങ്ങൾ നേരിടുന്ന ഈ ഉദ്യോഗസ്ഥക്കെതിരായ വകുപ്പ് തല ശിക്ഷാ നടപടികൾ താൽക്കാലികമായി തീർപ്പാക്കിയ ജില്ലാ കലക്ടറുടെ കഴിഞ്ഞ ജനുവരി 18ലെ ഉത്തരവ് അതീവ ഗുരുതരവും ദുരൂഹവുമാണ്. ഇവരുടെ ഈ നടപടിക്കെതിരെ തിരുവനന്തപുരം ലോകായുക്ത ഓഫീസിനേയും ഹൈക്കോടതിയേയും സമീപിക്കാൻ ഒരുങ്ങുകയാണ് പരാതിക്കാരൻ എറവ് സ്വദേശി വേണുഗോപാൽ. ഇവർ വില്ലേജ് ഓഫീസിൽ ജോലി ചെയ്ത കാലയളവിലെ എല്ലാ ഫയലുകളും അന്വേഷണവിധേയമാക്കപ്പെടേണ്ടതുണ്ട്.2018ൽ വിജിലൻസ് ഈ ഉദ്യോഗസ്ഥക്കെതിരെ എഫ് ഐ ആർ രജിസ്റ്റർ ചെയ്തിട്ടും യാതൊരു നടപടികൾക്കും വിധേയമാകാതെ തൃശൂരിലെ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഡെ. തഹസിൽദാർ സ്ഥാനത്തിരുന്ന് രാഷ്ട്രീയ സമ്മർദവും ഭരണകക്ഷി സംഘടന സ്വാതന്ത്ര്യവും ഉപയോഗിച്ച് ഈ കേസ് അട്ടിമറിക്കുന്നതിന് നിരന്തരം ശ്രമിച്ചതിന്റെ ഭാഗമായാണ് വിജിലൻസ് കേസ് നിലനിൽക്കെ ഇപ്രകാരം ഒരു ഉത്തരവ് ജില്ലാ കലക്ടർ ഇറക്കിയിട്ടുള്ളത് ,എന്നാൽ ഈ താത്ക്കാലിക ഉത്തരവ് നിയമപരമായി ഈ ഉദ്യോഗസ്ഥയെ സംരക്ഷിക്കുന്നതല്ല. ഒരു വകുപ്പിന്റെ തന്നെ വിശ്വാസ്യതയെ തകർക്കാൻ ഇത്തരം നടപടികൾ കാരണമാകുമെന്നും അവർ പറയുന്നു.

കൊവിഡ് വ്യാപന പ്രതിരോധത്തിന്റെ ഭാഗമായി അടച്ച തൃശൂർ ശക്തൻ പച്ചക്കറി മാർക്കറ്റ് തുറന്നപ്പോൾ - കെ.കെ. നജീബ്

ഓണം വിപണി ഉദ്ഘാടനം

വടക്കാഞ്ചേരി: സർവീസ് സഹകരണ ബാങ്കിന്റെ കൺസ്യൂമർ ഓണം വിപണിയുടെയും വ്യാപാരിമിത്ര വായ്പാ പദ്ധതിയുടെയും ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എസ്. ബസന്ത് ലാൽ നിർവഹിച്ചു. ബാങ്ക് ഹാളിൽ നടന്ന ചടങ്ങിൽ ബാങ്ക് പ്രസിഡന്റ് എൻ.ടി ബേബി അധ്യക്ഷനായി. വ്യാപാരി-വ്യവസായി ഏകോപന സമിതി ജില്ലാ സെക്രട്ടറി അജിത് കുമാർ മല്ലയ, പി എൻ ഗോകുലൻ, വ്യാപാരി-വ്യവസായി സമിതി ട്രഷറർ ടിന്റോ തുടങ്ങിയവർ സംസാരിച്ചു.

വാർഡ് മാറ്റി ഇടതുപക്ഷം വോട്ട് ചേർക്കുന്നതായി ബിജെപി

കൊടുങ്ങല്ലൂർ: വാർഡ് മാറ്റി ഇടതുപക്ഷം വോട്ട് ചേർക്കുന്നതായി ബിജെപി. കൊടുങ്ങല്ലൂർ നഗരസഭയിലെ 7-ാം വാർഡിൽ പുതിയ വോട്ടുകൾ ചേർക്കുന്നത് 5-ാം വാർഡിലെ വോട്ടർമാരെയാണെന്ന് ബി.ജെ.പി. ആരോപിച്ചു. കൊവിഡ് മറയാക്കിയാണ് ഇത്തരത്തിൽ വ്യാപകമായ രീതിയിൽ വോട്ട് ചേർക്കുന്നതിനെതിരെ ബിജെപി 7-ാം വാർഡ് കമ്മറ്റി പരാതി നൽകി. ഇത്തരത്തിൽ വ്യാജ വോട്ടർമാരെ സൃഷ്ടിച്ച് അധികാര വിജയത്തിന് ശ്രമിക്കുന്ന ഇടതുപക്ഷം പരാജയ ഭീതിയിലാണ് എന്നും ഇത്തരത്തിലുള്ള ഏത് നടപടിയെയും തുറന്ന് എതിർക്കുമെന്നും ബിജെപി മണ്ഡലം കമ്മറ്റി പറഞ്ഞു. യോഗത്തിൽ മണ്ഡലം പ്രസിഡന്റ് കെ.എസ്. വിനോദ് അധ്യക്ഷത വഹിച്ചു.ബി.ഗോപാലകൃഷ്ണൻ, കെ.പി. ജോർജ്ജ്, ഡി.സി. വെങ്കിടേശ്വരൻ , എൽ.കെ. മനോജ് എന്നിവർ യോഗത്തിൽ പങ്കെടുത്ത് സംസാരിച്ചു.

വടക്കേക്കാട് മൂന്നാം വാർഡ് സന്റ് ആന്റണീസ് സ്കൂൾ റോഡ് ജില്ലാ പഞ്ചായത്ത് മെമ്പർ ടി. എ ആയിഷ ഉദ്ഘാടനം ചെയ്യുന്നു

കുരുന്നുകൾക്ക് ആശ്വാസ പാതയൊരുങ്ങി

പുന്നയൂർക്കുളം : കുരുന്നുകൾക്ക് ആശ്വാസ പാതയൊരുക്കി വടക്കേക്കാട് പഞ്ചായത്തിലെ മൂന്നാം വാർഡിൽ പുതുതായി നിർമിച്ച റോഡിന്റെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് മെമ്പർ നിർവഹിച്ചു. ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടുകൂടി ആറ്റുപുറം സെന്റ് ആന്റണീസ് എൽ പി സ്കൂളിലേക്കാണ് പുതുതായി റോഡ് നിർമിച്ചത്. നിലവിലുണ്ടായിരുന്ന ഇടുങ്ങിയ വഴിയേ നിലനിർത്തിക്കൊണ്ട് വാർഡ് മെമ്പർ ഷാലിയ ഡേവിഡിന്റെ പ്രത്യേക താൽപര്യം പ്രകാരമാണ് പുതുതായി മറ്റൊരു റോഡ് സ്കൂളിനായി തുറന്നുകൊടുത്തത്. പുന്നയൂർകുളം പഞ്ചായത്തിലെ ആറ്റുപുറം ഭാഗങ്ങളിൽനിന്നും വടക്കേക്കാട് ഭാഗങ്ങളിൽനിന്നും വന്നിരുന്ന വെള്ളം ഒലിച്ചു പറയങ്ങാട് പള്ളി റോഡിലൂടെ ഒലിച്ചു പോവുന്ന കൈ തോടിനു രണ്ട് ഭാഗവും കോൺഗ്രീറ്റ് ഭിത്തി കെട്ടി മുകളിൽ സ്ലാബിട്ടാണ് സഞ്ചാര യോഗ്യം ആക്കിയത്. അഞ്ച് ലക്ഷം രൂപ ജില്ലാപഞ്ചായത്തു മൂന്നു ലക്ഷത്തി തൊണ്ണൂറായിരം രൂപ വടക്കേകാട് പഞ്ചായത്തും സംയുക്തമായാണ് റോഡ് പ്രവർത്തനം പൂർത്തീകരിച്ച് സ്കൂളിനായി തുറന്ന് കൊടുത്തത്. ജില്ലാ പഞ്ചായത്ത് മെമ്പർ കുമാരി ആയിഷ റോഡ് ഉദ്ഘാടനകർമം നിർവഹിച്ചു. വടക്കേകാട് പഞ്ചായത്ത് പ്രസിഡന്റ് മറിയു മുസ്തഫ അധ്യക്ഷയായിരുന്നു. വാർഡ് മെമ്പർ ഷാലിയ ഡേവിഡ് സ്വാഗതം പറഞ്ഞ ചടങ്ങിൽ വൈസ് പ്രസിഡന്റ് എൻ എം കെ നബീൽ, വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മറ്റി ചെർപേഴ്സൺ ആമിനു കരീം, എ എക്സ് ഇ സനിൽ കുമാർ, എ ഇ അനിത, ഓവർസിയർ ദീപ, കോൺട്രാക്റ്റർ ബാബു തുടങ്ങിയവരും കോട്ടയിൽ കുഞ്ഞുമോൻ, മുൻ മെമ്പർ അലിമോൻ, ബേബി മാലിക്, ഷക്കീർ, സുന്ദരൻ കാഞ്ഞങ്ങാട് തുടങ്ങിയവരും ഉണ്ടായിരുന്നു.

കല്ലൂർ ആംഗനവാടി ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.കെ.ഷീജു ഉദ്ഘാടനം

ആംഗനവാടി ഉദ്ഘാടനം ചെയ്തു

കല്ലൂർ: ജില്ലാ പഞ്ചായത്തിന്റെയും സാമൂഹ്യക്ഷേമ- തൊഴിലുറപ്പ് - ഗ്രാമപഞ്ചായത്തിന്റെയും സംയുക്ത പദ്ധതിയായ കാടുകുറ്റി പഞ്ചായത്തിലെ കല്ലൂർ ആംഗനവാടി ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.കെ.ഷീജു ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് തോമസ്.ഐ.കണ്ണത്ത് അധ്യക്ഷത വഹിച്ചു.കഴിഞ്ഞ പ്രളയകാലത്ത് പൂർണ്ണമായും നശമായ കെട്ടിടം ആണ് 12 ലക്ഷം രൂപ ചെലവഴിച്ച് രണ്ട് നിലയിൽ ക്ലാസ്സ് റൂം, സ്റ്റോർ റൂം, ശിശു സൗഹൃദ ടോയ്ലറ്റ് തുടങ്ങിയ സൗകര്യങ്ങളോടെയാണ് കെട്ടിടം പണി പൂർത്തികരിച്ചത്. ജില്ലാ പഞ്ചായത്ത് അംഗം അഡ്വ.കെ.ആർ.സുമേഷ്, ബ്ലോക്ക് പഞ്ചായത്ത് അംഗം എം.രാജഗോപാൽ, ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ ശങ്കരൻ കുട്ടി, ഐ.സി.ഡി.എസ്.ഓഫീസർ സൗമ്യ വർഗീസ് എന്നിവർ പ്രസംഗിച്ചു.

നിയന്ത്രണങ്ങളോടെ ശക്തൻ പച്ചക്കറി മാർക്കറ്റ് തുറന്നു

തൃശൂർ: കൊവിഡ് ക്ലസ്റ്റർ രൂപപ്പെട്ടതിനെ തുടർന്ന് അടച്ചിട്ട തൃശൂർ ശക്തൻ പച്ചക്കറി മാർക്കറ്റ് പ്രവർത്തനം ആരംഭിച്ചു. കർശന നിയന്ത്രണങ്ങളോടെയാണ് മാർക്കറ്റ് തുറന്നത്. ഒന്നിടവിട്ട കടകൾക്കാണ് പ്രവർത്തനാനുമതി നൽകിയിരിക്കുന്നത്. തദേശസ്വയഭരണ വകുപ്പ് മന്ത്രി എ.സി മൊയ്തീൻ, ഗവ. ചീഫ് വിപ്പ് അഡ്വ. കെ രാജൻ എന്നിവരുടെ നേതൃത്വത്തിൽ ചേർന്ന വ്യാപാരി, തൊഴിലാളി പ്രതിനിധികളുടെ പ്രത്യേക യോഗത്തിലാണ് പച്ചക്കറി മാർക്കറ്റ് തുറക്കാൻ തീരുമാനിച്ചത്.തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങളിൽ ഒറ്റ അക്ക നമ്പർ ഉള്ള കടകളും വ്യാഴം, വെള്ളി, ശനി ദിവസങ്ങളിൽ ഇരട്ട അക്ക നമ്പർ ഉള്ള കടകളും തുറക്കാനാണ് അനുമതി. ഞായറാഴ്ച മാർക്കറ്റ് അവധിയായിരിക്കും. പ്രവർത്തനാനുമതി നൽകിയിട്ടുണ്ടെങ്കിലും മാർക്കറ്റിൽ കർശന നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ഒരു സമയം 100 പേരെ മാത്രമെ മാർക്കറ്റിൽ പ്രവേശിപ്പിക്കൂ. ഒരു കടയിൽ മൂന്നു പേരെമാത്രമേ അനുവദിക്കൂ. പച്ചക്കറി കയറ്റാൻ വരുന്ന വാഹനങ്ങൾ അണുവിമുക്തമാക്കും ഡ്രൈവർമാർക്ക് കുളിക്കാനുള്ള സൗകര്യം ഏർപ്പെടുത്തി. കായക്കുലകളുടെ വിപണനത്തിന് പ്രത്യേകം ഇടം ഒരുക്കിയിട്ടുണ്ട്.കൊവിഡ് പരിശോധനയിൽ നെഗറ്റീവ് ആയ വ്യാപാരികളും തൊഴിലാളികളും ഉൾപ്പെടെ 950 പേർക്ക് പ്രത്യേക തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ട്.

പൊതു ജനങ്ങൾക്ക് രാവിലെ ഒൻപതിന് ശേഷമാണ് പ്രവേശനം. എസിപി വി.കെ രാജുവിന്റെ നേതൃത്വത്തിൽ ഒരു സർക്കിൾ ഇൻസ്പെക്ടർ രണ്ടു സബ്ഇൻസ്പക്ടർമാർമാരുമടക്കം 23 പൊലീസ് ഓഫീസർമാർക്കും പത്ത് വളണ്ടിയർമാർക്കുമാണ് സുരക്ഷാ ക്രമീകരണങ്ങളുടെ ചുമതല. ആദ്യഘട്ടത്തിൽ പച്ചക്കറി മാർക്കറ്റ് മാത്രമാണ് പ്രവർത്തനം ആരംഭിക്കുന്നത്. സ്ഥിഗതികൾ വിലയിരുത്തിയതിനു ശേഷം മറ്റു മാർക്കറ്റുകൾ തുറക്കുന്ന കാര്യം ആലോചിക്കുമെന്ന് ജില്ലാ കളക്ടർ എസ് ഷാനവാസ് അറിയിച്ചു.

വിവാദങ്ങളുണ്ടാക്കി വികസനത്തെ സ്തംഭിപ്പിക്കുകയാണ് അനിൽ അക്കര: എൽഡിഎഫ്

വടക്കാഞ്ചേരി: കഴമ്പില്ലാത്ത വിവാദങ്ങളുണ്ടാക്കി വികസന പ്രവർത്തനങ്ങളെ സ്തംഭിപ്പിക്കുന്ന അനിൽ അക്കര എംഎൽഎയുടെ സ്ഥിരം പരിപാടി അവസാനിപ്പിക്കണമെന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണി വടക്കാഞ്ചേരി മണ്ഡലം കമ്മിറ്റി. ലൈഫ് മിഷൻ ഭവന സമുച്ചയത്തെപ്പറ്റി വടക്കാഞ്ചേരി എംഎൽഎ ഇപ്പോൾ വിവാദങ്ങൾ ഉയർത്തിക്കൊണ്ടുവരുന്നത് ഇലയിൽ ചവിട്ടി വഴക്കുണ്ടാക്കിക്കൊണ്ട് എൽഡിഎഫ് നേതൃത്വത്തിൽ മണ്ഡലത്തിൽ നടക്കുന്ന വികസന പ്രവർത്തനങ്ങളെ സ്തംഭിപ്പിക്കുക എന്ന സ്ഥിരം പരിപാടിയുടെ ഭാഗമായിട്ട് മാത്രമാണ്.പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, ആർദ്രം മിഷൻ, ഹരിതകേരളം മിഷൻ, ലൈഫ് മിഷൻ തുടങ്ങിയ വിവിധ മിഷനുകൾ വഴി കേരളത്തിൽ സർക്കാർ നടപ്പിലാക്കിയ പദ്ധതികളുടെ ഗുണങ്ങൾ ഇന്ന് സാധാരണ ജനങ്ങൾ അനുഭവിക്കുകയാണ്. കേരളത്തിൽ വീടില്ലാത്ത ആരും ഉണ്ടാകരുതെന്ന കാഴ്ചപ്പാടാണ് ലൈഫ് മിഷനുള്ളത്. അതിന്റെ ഭാഗമായാണ് പാവപ്പെട്ട ജനങ്ങൾക്ക് വീട് വച്ചു നൽകാൻ തയ്യറായവരുമായി സർക്കാർ സഹകരിക്കുന്നത്. വടക്കാഞ്ചേരിയിലെ ഭവനസമുച്ചയ പദ്ധതിയുമായി ബന്ധപ്പെട്ട് തികച്ചും വാസ്തവ വിരുദ്ധമായ ആക്ഷേപങ്ങളാണ് അനിൽ അക്കര ഉന്നയിക്കുന്നത്. വീട് ലഭിക്കാൻ പോകുന്ന പാവങ്ങളുടെ സ്വപ്നങ്ങളെപ്പോലും തല്ലിക്കെടുത്തിക്കൊണ്ട് എം എൽ എ വിവാദങ്ങൾ ഉയർത്തുന്നത് എൽ.ഡി.എഫ് സർക്കാരിനെയും തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയെയും എൽഡിഎഫ് മുനിസിപ്പൽ ഭരണസമിതിയെയും അപകീർത്തിപ്പെടുത്തുന്നതിനും ഇടതുപക്ഷ മുന്നണിയെ കരിവാരിത്തേക്കുന്നതിനും വേണ്ടി മാത്രമാണ്. എംഎൽഎയുടെ പല മുൻകാല ചെയ്തികളും ഇതിന് തെളിവാണ്. സ്വർണക്കള്ളക്കടത്തുകേസിലെ രണ്ടാം പ്രതിയുടെ കുറ്റസമ്മത മൊഴിയാണത്രേ എംഎൽഎയുടെ ഇപ്പോഴത്തെ വെളിപാടിന് കാരണമായി പറയുന്നത്. ഈ മൊഴി തന്നെ കളവാണ് എന്ന വാർത്തകളാണ് ഇപ്പോൾ പുറത്തുവരുന്നത്. ഭവനസമുച്ചയത്തെപ്പറ്റി വടക്കാഞ്ചേരി മുനിസിപ്പൽ ഭരണസമിതി എടുത്ത എല്ലാ തീരുമാനങ്ങളും ഐക്യകണ്ഠ്യേനയാണ് എന്നതും എംഎൽഎ ഇപ്പോൾ കുത്തിപ്പോക്കുന്ന വിവാദങ്ങൾ അദ്ദേഹത്തിന്റെയും ഒരു കോക്കസിന്റെയും സങ്കുചിത രാഷ്ട്രീയ പ്രേരണകൊണ്ട് മാത്രമാണ് എന്ന് വ്യക്തമാക്കുന്നുണ്ട്. റെഡ് ക്രസന്റ് കേരള സർക്കാരുമായി ഒപ്പുവച്ചത് ധാരണാപത്രമാണെന്നും റെഡ് ക്രസന്റും നിർമാണ ഏജൻസിയും തമ്മിൽ മാത്രമാണ് സാമ്പത്തിക ഇടപാടുകളുള്ളതെന്നും വ്യക്തമായിക്കൊണ്ടിരിക്കുകയാണ്. പിന്നെ എന്തിന്റെ പേരിലാണ് എംഎൽഎ കോലാഹലങ്ങൾ ഉണ്ടാക്കുന്നത് എന്നത് സംശയകരമാണ്.അടാട്ട് ഫാർമേഴ്സ് ബാങ്കിൽ കോടികളുടെ കൊള്ള നടത്തിയ കോൺഗ്രസ് ഭരണസമിതിക്ക് മുഴുവൻ ഒത്താശയും ചെയ്തുകൊടുത്തത് അനിൽ അക്കരയാണ് എന്നത് പകൽ പോലെ വ്യക്തമാണ്. അതിലെ കമ്മീഷൻ പറ്റിയ ശീലത്തിലാണ് സംശുദ്ധ രാഷ്ട്രീയ പ്രവർത്തനം നടത്തുന്നവരെയും സംശയത്തിന്റെ നിഴലിലാക്കാനുള്ള ശ്രമം നടത്തുന്നത്. അനിൽ അക്കര നടത്തുന്ന തെറ്റായ പ്രചാരണങ്ങൾ തുറന്നുകാണിക്കുന്നതിനായി ബഹുജന മുന്നേറ്റത്തിന് നിയോജകമണ്ഡലത്തിലാകെ നേതൃത്വം നൽകുന്നതിനു എൽഡിഎഫ് യോഗം തീരുമാനിച്ചു. കൺവീനർ സേവ്യർ ചിറ്റിലപ്പിള്ളി, എം.ആർ. സോമനാരായണൻ, സി.ടി ഡേവിസ്, പി.എസ് ഉത്തമൻ, ഉദയൻ കളരിയ്ക്കൽ, വി.ജെ ബെന്നി, പി.എൻ സുരേന്ദ്രൻ എന്നിവർ സംസാരിച്ചു.

ലൈഫ് മിഷൻ: തദേശ വകുപ്പ് മന്ത്രി രാജിവയ്ക്കണമെന്ന്

ഇരിങ്ങാലക്കുട : കേരള സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതിയിൽ ഉന്നയിക്കപ്പെട്ട അഴിമതിആരോപണങ്ങൾ കേരള സർക്കാരിന് വിനയായി മാറുന്നു. ഫ്ലാറ്റ് നിർവഹണ ഏജൻസിയിൽ നിന്നു ഇടനില കമ്മീഷനായി സ്വർണകള്ളകടത്തുകേസിലെ പ്രതി സ്വപ്ന സുരേഷ് കോടി രൂപ കൈപ്പറ്റിഎന്നുള്ള വെളിപ്പെടുത്തലും തുടർന്നുള്ള സംഭവവികാസങ്ങളും സർക്കാരിന്റെ പ്രതിച്ഛായക്കു മങ്ങലേല്പിച്ചു. ഇതിൽ കൈ പൊള്ളുന്നത് തദേശ വകുപ്പ് കൈകാര്യം ചെയുന്ന മന്ത്രി എ. സി. മൊയ്തീനാണ്. തദേശവകുപ്പിൽ മുൻപൊരു മന്ത്രിയും ഇത്രമാത്രം ഏകാധിപത്യം നടപ്പാക്കുവാൻ ശ്രമിച്ചിട്ടില്ല. മന്ത്രിയാകും മുൻപ്തന്നെ ഇദേഹം ഗൂണ്ടായിസത്തിൽ പേരെടുത്തിട്ടുണ്ടെന്നത് പരസ്യമായ രഹസ്യമാണ്. ലൈഫ് മിഷൻ അഴിമതിയുടെ ഉത്തരവാദിത്വത്തിൽ നിന്നും മന്ത്രി എ.സി മൊയ്തീനു ഒഴിഞ്ഞു മാറാൻ കഴിയില്ലെന്നും കേരള പഞ്ചായത്ത് പെൻഷനേഴ്സ് ഓർഗനൈസേഷൻ ചൂണ്ടിക്കാട്ടി.

പച്ചക്കറി കൃഷിയുടെ വിളവെടുപ്പ്

കുന്നംകുളം: പ്രവാസി കുടുംബ കൂട്ടായ്മയുടെ നേതൃത്വത്തിൽ നടത്തിയ പച്ചക്കറി കൃഷിയുടെ വിളവെടുപ്പ് നടന്നു. ചിറനെല്ലൂരിലെ പ്രവാസി കുടുംബ കൂട്ടായ്മയുടെ നേതൃത്വത്തിൽ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി നടത്തിയ പച്ചക്കറി കൃഷിയുടെ വിളവെടുപ്പാണ് നടന്നത്. കൃഷിയിടത്തിൽ നടന്ന ചടങ്ങിൽ, ചൂണ്ടൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ.എസ്. കരീം സ്മൃതി ഗ്രീൻ ഫാമിന്റെ നേതൃത്വത്തിലുള്ള കൃഷിയുടെ വിളവെടുപ്പുത്സവം ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് അംഗം ഷീബ ജയപ്രകാശ് അധ്യക്ഷയായി. കൃഷി ഓഫീസർ എസ്. സുമേഷ്, ഗ്രാമ പഞ്ചായത്ത് ആസൂത്രണ സമിതി അംഗം ആന്റോ പോൾ, ഗ്രീൻ ഫാം ഭാരവാഹികളായ ബി.വി. ഖാലിദ്, പി.കെ. റസാഖ്, പി.കെ. പരീദ്, സീനത്ത് മുഹമ്മദ്, അംഗങ്ങളായ പി.എസ്. ഹക്കീം, പി.എം. കരീം, പി.എ.മുഹമ്മദ്, പി.എം. കുതുബുദ്ധീൻ, സൽമ ഹക്കീം, നദീറാ റസാഖ്, റൈയ്ഹാനത്ത് പരീദ്, ഷമി കരീം, സുബൈദ കുതുബുദ്ധീൻ എന്നിവർ സംബന്ധിച്ചു. സ്മൃതി ഗ്രീൻ ഫാമിന്റെ നേതൃത്വത്തിൽ, ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിന്റെ ഭാഗമായാണ് ചിറനെല്ലൂരിലെ മൂന്ന് ഏക്കർ സ്ഥലത്താണ് പച്ചക്കറികൾ കൃഷി ചെയ്തിട്ടുള്ളത്.

മുഖ്യമന്ത്രിയുടെ രാജി ആവശ്യപ്പെട്ട് സമരം

തൃശൂർ: കേന്ദ്ര സംസ്ഥാന സർക്കാറുകളുടെയും വിവിധ വകുപ്പുകളുടെയും ഫണ്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും നേതൃത്വത്തിൽ നടത്തിവന്നിരുന്ന ഭവന നിർമ്മാണ പദ്ധതിയെ ലൈഫ് ഭവന നിർമാണ പദ്ധതി എന്ന പേരിൽ പുനർനാമകരണം ചെയ്ത് വൻ തട്ടിപ്പ് നടന്നതായി ടി.എൻ പ്രതാപൻ എംപി. പ്രളയാനന്തരം ലൈഫ് പദ്ധതിയിൽ കൂടുതൽ വീടുകൾ നിർമ്മിച്ചു നൽകുമെന്ന് പറഞ്ഞ് വിദേശത്ത് നിന്ന് വാങ്ങിച്ച പണത്തിൽ നിന്ന് പോലും അഴിമതി നടത്തിയത് ഇപ്പോൾ പുറത്ത് വന്നിരിക്കുകയാണ് ഇതിലൂടെ ജനങ്ങളെ പരിപൂർണ്ണമായും വഞ്ചിച്ചിരിക്കുകയാണ് പിണറായി വിജയൻ സർക്കാർ ചെയ്തതെന്നും അദ്ദേഹം പറഞ്ഞു. സ്വർണകള്ളക്കടത്ത്, പിഎസ്സി നിയമനം, ലൈഫ് മിഷൻ പദ്ധതി തുടങ്ങി നിരവധി അഴിമതി കേസുകളിൽ മുങ്ങിനിൽക്കുന്ന മുഖ്യമന്ത്രി പിണറായി വിജയൻ രാജിവെക്കണമെന്നാവശ്യപ്പെട്ട് യുഡിഎഫ് സംസ്ഥാന വ്യാപകമായി നടത്തുന്ന സത്യാഗ്രഹത്തിന്റെ ജില്ലാ തല ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. മുസ്ലിം ലീഗ് ജില്ലാ പ്രസിഡന്റ് സി.എ മുഹമ്മദ് റഷീദ്, അധ്യക്ഷത വഹിച്ചു.

ഒല്ലൂർ: മുഖ്യമന്ത്രി പിണറായ് വിജയൻ രാജിവയ്ക്കണം എന്നാവശ്യപ്പെട്ട് കോൺഗ്രസ് വിവിധ കേന്ദ്രങ്ങളിൽ നടത്തന്ന സത്യഗ്രഹ സമരം ബ്ലോക്ക് പ്രസിഡന്റ് ജെയ്ജു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡന്റ് നന്ദൻ കുന്നത്ത്, വി.വി.മുരളിധരൻ, ജോണി ചിറയത്ത്, ടി.കെ ശ്രീനിവാസൻ തുടങ്ങിയവർ സംസാരിച്ചു.

പുതുക്കാട്: യുഡിഎഫ് പുതുക്കാട് മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ വിവിധ കേന്ദ്രങ്ങളിൽ സത്യഗ്രഹ സമരം നടത്തി. കോൺഗ്രസ് ഭവനിൽ നടന്ന സമരം ബ്ലോക്ക് കോൺഗ്രസ് പ്രസിഡന്റ് കെ.എം. ബാബുരാജ് ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡന്റ് ഷാജു കാളിയേങ്കര അധ്യക്ഷനായിരുന്നു. സതി സുധീർ, ജോസഫ് പി തട്ടിൽ എന്നിവർ പ്രസംഗിച്ചു.വിവിധ കേന്ദ്രങ്ങളിൽ നടന്ന സമരത്തിന് ടി.വി. പ്രഭാകരൻ, വി.കെ വേലുക്കുട്ടി, ജോളി ചുക്കിരി, തോബി തോട്ടിയാൻ, രാജു തളിയപറമ്പിൽ, സിജു പയ്യ പിള്ളി, എം.ടി മുരളി ,നിഹ ജയൻ എന്നിവർ നേതൃത്വം നൽകി.

ഓണക്കിറ്റ് വിതരണം

കുന്നംകുളം: കൂനംമൂച്ചി പൗര സമിതിയുടെ ആഭിമുഖ്യത്തിൽ ഓണക്കിറ്റ് വിതരണം നടത്തി. ചൂണ്ടൽ കണ്ടാണശേരി പഞ്ചായത്തുകളിലെ നിർധനരായ രോഗികൾക്കാണ് ഓണക്കോടിയുൾപ്പെടെയുള്ള ഓണക്കിറ്റ് വിതരണം നടത്തിയത്. രണ്ടു പഞ്ചായത്തുകളിലുമായി 100 ഓളം കുടുംബങ്ങൾക്കാണ് കിറ്റ് വിതരണം നടത്തിയത്.

നോട്ടീസ്

MARCH/2001 വർഷത്തെ 375612 രജിസ്റ്റർ നമ്പരിലുള്ള എന്റെ എസ്.എസ്.എൽ.സി. കാർഡ് തിരിച്ചു കിട്ടാത്തവിധം നഷ്ടപ്പെട്ടതിനാൽ, ആയതിന്റെ ഡ്യൂപ്ലിക്കേറ്റ് ലഭിക്കുന്നതിനായി പരീക്ഷാ സെക്രട്ടറിക്ക് അപേക്ഷ നൽകുവാൻ ഞാൻ തീരുമാനിച്ചിരിക്കുന്നു. ഇതിന്മേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം-12 എന്ന വിലാസത്തിൽ രേഖാമൂലം പരാതി നൽകേണ്ടതാണ്.

TIJO . C. J
CHIRIYANKANDATH HOUSE
VARANDARAPPILLY .P.O
THRISSUR - 680303

CHANGE OF NAME

I MOHAMMED SADIQ Holder Of Passport No L1380688 S/O SHAKKEER,Do Hereby Changed my Name As MUHAMMED SADIQ MANAKATH SHAKKEER as in my SSLC CERTIFICATE AND DRIVING LICENCE,Residing At MANAKATH,KANNOTH PO,THRISSUR-680510.

നഷ്ടപ്പെട്ടു

എന്റെ L-6116285 നമ്പർ പാസ്പോർട്ട് യാത്രക്കിടയിൽ നഷ്ടപ്പെട്ടിരിക്കുന്നു. കണ്ടു കിട്ടുന്നവർ പോലീസ് സ്റ്റേഷനിലോ, താഴെ കാണുന്ന വിലാസത്തിലോ അറിയിക്കുവാൻ അഭ്യർത്ഥിക്കുന്നു.

എന്ന്,

REJEESH K. R,
KATTAMPILLY HOUSE,
KALAPATTIL ROAD,
IVGM (via), CHALAKUDY - 680307 , THRISSUR Dist
Mobile Number : 9656138922

എഴുന്നൂറ് ലിറ്റർ വാഷ് കണ്ടെത്തി നശിപ്പിച്ചു

മേലൂർ പുഷ്പഗിരിയിൽ നിന്ന് എക്സൈസ് സംഘം പിടിച്ചെടുത്ത വാഷും ഉപകരണങ്ങളും

ചാലക്കുടി: മേലൂർ പുഷ്പഗിരിയിൽ നിന്ന് എക്സൈസ് സംഘം എഴുന്നൂറ് ലിറ്റർ വാഷ് കണ്ടെത്തി നശിപ്പിച്ചു. എക്സൈസ് ഇൻസ്പെക്റ്റർ . അശ്വിൻ കുമാറിന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിലാണ് 700 ലിറ്റർ വാഷ് കണ്ടെത്തി നശിപ്പിച്ചത്. കണ്ടയ്ൻമെന്റ് സോണിനെ മറയാക്കി ഓണ വിപണി ലക്ഷ്യമിട്ട് വണിജ്യ അടിസ്ഥാനത്തിൽ ചാരായം വിൽപ്പന നടത്തുന്നതിന് വേണ്ടി സൂക്ഷിച്ച വാഷ് ആണ് പുഷ്പഗിരിയിലെ നാട്ടുകാരുടെ സഹായത്തോടെ നശിപ്പിച്ചത്. .വാഷ്, ടാങ്കിൽ മണ്ണിനടിയിൽ കുഴിച്ചിട്ട നിലയിൽ ആയിരുന്നു കണ്ടെത്തിയത്. എട്ട് അടിയോളം വരുന്ന കുഴിയിൽ നിന്ന് ടാങ്ക് എടുക്കുന്നത് ശ്രമകരമായിരുന്നു, എന്നാൽ നാട്ടുകാരുടെ സഹകരണം കൂടി ആയപ്പോൾ ജോലി എളുപ്പമായി. പ്രതിയെ കുറിച്ച് എക്സൈസിന് വിവരം ലഭിച്ചിട്ടുണ്ട്. പ്രിന്റിവ് ഓഫീസർ ജയദേവൻ. കെ.എ , സിവിൽ എക്സൈസ് ഓഫീസർ വിപിൻരാജ്. ടി. ആർ ഡ്രൈവർ ഷാജു.സി.ജി എന്നിവരുടെ നേതൃത്വത്തിലായിരുന്നു പരിശോധന നടത്തിയത്.

കയർ ബോർഡ്
മിനിസ്ട്രി ഓഫ് എം.എസ്.എം.ഇ, ഗവൺമെന്റ് ഓഫ് ഇന്ത്യ, എം.ജി.റോഡ്, കൊച്ചി -682 016

കയർ വ്യവസായ അവാർഡുകൾ 2017-18 & 2018-19

കയർ മേഖലയിലെ 2017-18, 2018-19 വർഷങ്ങളിലെ മികച്ച പ്രകടനത്തിനുള്ള **കയർ ഇൻഡസ്ട്രി അവാർഡിനായി** യോഗ്യതയുള്ള വിഭാഗങ്ങളിൽ നിന്നുള്ള വ്യക്തികൾ / സ്ഥാപനങ്ങൾ / ഓർഗനൈസേഷനുകൾ എന്നിവയിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു.. അപേക്ഷ സമർപ്പിക്കുന്നതിനുള്ള കൂടുതൽ വിവരങ്ങൾക്ക് കയർ ബോർഡ് വെബ്സൈറ്റ് : http://www.coirboard.gov.in സന്ദർശിക്കുക.

ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള അവസാന തിയതി 18.09.2020 ആണ്. ആപ്ലിക്കേഷനുകളുടെ സാക്ഷ്യപ്പെടുത്തിയ ഒറിജിനൽ പകർപ്പുകൾ 25.09.2020 വൈകുന്നേരം 5.00 ന് മുമ്പ് ലഭിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് കയർ വികസന ഓഫീസർ (EM), കയർ ബോർഡ് (Ph.0484 2351900, ഇമെയിൽ: em2@coirboard.org). എന്ന വിലാസത്തിൽ ബന്ധപ്പെടുക.

കൂടുതൽ വിവരങ്ങൾക്ക്, ലോഗിൻ ചെയ്യുക: www.coirboard.gov.in

20.08.2020 Sd/- Secretary

DAVP 25131/11/0004/2021

CERTIFICATE COURSE IN
SCRIPT WRITING & DIRECTION COURSE
1 MONTH COURSE
(ONLINE CLASS + PRACTICAL)

Course Director Mecartin (Film Director)

THEORY
20 days Online Class
PRACTICAL
Script Writing Workshop
Post Production Workshop
Practical Shooting Class

UGC APPROVED CERTFICATE COURSE

GLOBAL ACADEMY®
EDUCATION - DISTANCE | ONLINE | CONSULTANCY

JUx The Learning HUB
Jux - The Learning Hub is a platform which provides Skill Certificate Course by JAIN (Deemed to be University)

KALOOR, KOCHI ✆ 98461 89000

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), E. Rudran Warrier (Executive Editor), Vol 13, Issue No.227 RNI No. KERMAL/2009/31362, Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Suncity, IInd Floor, RoomNo. 14/488/30, P.O. Koorkanchery, Thrissur- 680007, Ph: 0487 2444489. Email: tcrbureau@metrovaartha.com

മെട്രൊ വാർത്ത
ലോകാഃ സമസ്താഃ സുഖിനോ ഭവന്തു
1196 ചിങ്ങം 09 മുഹറം 05
2020 ഓഗസ്റ്റ് 25 ചൊവ്വ

കൊറോണക്കാലത്തെ ഓണം ആഘോഷമല്ല

കൊറോണ വൈറസ് ഉയർത്തിയ ഭീഷണിതെല്ലും കുറവില്ലാതെ തുടരുകയാണെങ്കിലും ജനങ്ങളുടെ ഭയം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. കേന്ദ്ര- സംസ്ഥാന സർക്കാരുകൾ പകരുന്ന ആത്മധൈര്യം, പ്രതിരോധ മരുന്ന് ഉടനുണ്ടാകുമെന്ന പ്രതീക്ഷ, നിയന്ത്രണത്തിലെ ഇളവുകൾ നൽകുന്ന ആശ്വാസം തുടങ്ങി പല കാരണങ്ങളും പറയാമെങ്കിലും ഓണം പോലുള്ള വിശേഷാവസരങ്ങൾ വിട്ടുകളയാനുള്ള മടിയാണ് രോഗത്തെ ലാഘവത്തോടെ കാണാൻ പലരെയും പ്രേരിപ്പിക്കുന്നത്. എന്നാൽ ഈ സമീപനം അഭികാമ്യമല്ലെന്ന് മനസിലാക്കണം. ആഘോഷങ്ങളിൽ മതിമറന്നു പോകരുത്. കൊവിഡ് മാനദണ്ഡങ്ങൾ അനുസരിച്ചുള്ള നിയന്ത്രിതമായ ആഘോഷങ്ങൾ മതിയെന്ന് ഉറപ്പിക്കണം. തിരുവോണത്തിരക്കുകളിലേക്ക് പ്രവേശിക്കുമ്പോൾ ഇക്കാര്യം മറന്നുകൂടാ. ആഘോഷങ്ങൾക്കുള്ള അവസരം ലോകത്തിന് ഇനിയും ആയിട്ടില്ല.

രാജ്യത്ത് രോഗം തലപൊക്കിയതിനു ശേഷം കണ്ട ഏറ്റവും മാരകമായ ആഴ്ചയാണ് കടന്നുപോയത്. ഞായറാഴ്ച അവസാനിച്ച വാരത്തിൽ മാത്രം നാലര ലക്ഷത്തിലേറെ കൊവിഡ് കേസുകളും 6,666 മരണങ്ങളും. ലോകത്ത് നിലവിൽ ഏറ്റവും വേഗത്തിൽ രോഗം പടരുന്ന രാജ്യമാണ് ഇന്ത്യ. യുഎസ് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ പേർ മരിക്കുന്നതും ഇന്ത്യയിൽ തന്നെ. നേരത്തെ രോഗവ്യാപനത്തിൽ മുൻ നിരയിലുണ്ടായിരുന്ന മഹാരാഷ്ട്ര, ആന്ധ്രാ, കർണാടകം എന്നിവിടങ്ങളിൽ പകർച്ച കുറഞ്ഞിട്ടുണ്ട്. ഡൽഹിയും ഗുജറാത്തും നേരത്തേ തന്നെ വിടുതൽ നേടിയിരുന്നു. തമിഴ്നാട്, യുപി, ബംഗാൾ, ഒഡിഷ തുടങ്ങിയ സംസ്ഥാനങ്ങളിൽ അയവില്ലാതെ തുടങ്ങുമ്പോൾ, കേരളം പ്രതിദിനം രണ്ടായിരത്തിലേക്ക് എത്തിയിരിക്കുന്നു. സംസ്ഥാനത്ത് ഹോട്ട്സ്പോട്ടുകളുടെ എണ്ണവും കൂടുന്നതേയുള്ളൂ.

കൊവിഡ് കാലത്ത് ഓണം വീട്ടിൽ ആഘോഷിച്ചാൽ മതിയെന്ന് മുഖ്യമന്ത്രി പിണറായി വിജയനും ആരോഗ്യ മന്ത്രി കെ.കെ. ശൈലജയും അഭ്യർഥിച്ചത് രോഗവ്യാപനം കൈവിട്ടുപോകരുതെന്നു കരുതിയാണ്. എന്നാൽ ഓണവും ആഘോഷവും ആരും വേണ്ടെന്നു വയ്ക്കുകയുമില്ല. ആർക്കും എവിടെയും നിന്ന് രോഗം പിടിപെടാമെന്നതിനാൽ അതീവജാഗ്രത ആവശ്യമാണ്. അങ്ങാടികളിലും ആൾക്കൂട്ടമുള്ള ഇടങ്ങളിലും സൂപ്പർ മാർക്കറ്റുകളിലും പോകേണ്ടിവരുമ്പോൾ മാസ്കും സാമൂഹ്യ അകലവും ശുചിത്വവും മറക്കരുതെന്നർഥം. ബന്ധുമിത്രാദികൾ ഒത്തുകൂടുന്ന വേളകൾ ഒഴിവാക്കാനാകാത്ത മാസമാണ് സാധാരണ ചിങ്ങം. ഷോപ്പിങ്ങും വിനോദയാത്രകളും ഗൃഹസന്ദർശനങ്ങളുമെല്ലാം തിരക്കുണ്ടാക്കുന്ന മാസമാണിത്. അത്തരം കാര്യങ്ങളിലുള്ള പരിമിതികൾ വിട്ടുപോകരുത്. പ്രായമായവരെ സന്ദർശിക്കുന്ന അവസരങ്ങളിലും കുട്ടികളെ ലാളിക്കുന്ന അവസരങ്ങളിലും നിയന്ത്രണങ്ങൾ മനസ്സിലുണ്ടാകണം. സ്നേഹപ്രകടനം നടത്താൻ ആശ്ലേഷിക്കുകയും ചുംബിക്കുകയും ഹസ്തദാനം നൽകുകയും കൈകൾ ഗ്രഹിച്ച് സംസാരിക്കുകയും ചെയ്യുന്നത് അപകടം വിളിച്ചുവരുത്തുമെന്ന് മറക്കരുത്.

നമ്മുടെ ഗൃഹാന്തരീക്ഷത്തിലെ ആരോഗ്യപരിരക്ഷയെ കുറിച്ചുള്ള വിചിന്തനവും നല്ലതാണ്. വീടുകളിലും സ്ഥാപനങ്ങളിലും സോപ്പും സാനിറ്റൈസറും മാസ്കും ആവശ്യത്തിന് ലഭ്യമാക്കിയിട്ടുണ്ടോയെന്നും എല്ലാവരും ഉപയോഗിക്കുന്നുണ്ടോയെന്നും ശ്രദ്ധിക്കണം. വീടിന്റെയും നാടിന്റെയും പരിസരശുചിത്വവും പ്രധാനമാണ്. മാലിന്യ സംസ്കരണവും അണുനശീകരണവും അന്തരീക്ഷ ശുദ്ധീകരണവും ഏവരുടെയും ഉത്തരവാദിത്വമാണ്. കുട്ടികളിലും ഈ ബോധമുണർത്താൻ കഴിയണം. വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നത് ആരോഗ്യബോധത്തിന്റെ ലക്ഷണമാണ്. വീട്ടിൽ നിന്ന് പുറത്തുപോയി വരുന്നവർ കുളിക്കുന്നത് ശീലമാക്കുകയും അതിഥികൾ സോപ്പും സാനിറ്റൈസറും ഉപയോഗിച്ചശേഷം വീട്ടിൽ പ്രവേശിക്കുകയും വേണം. വീട്ടിൽ മേടിക്കുന്ന പഴം, പച്ചക്കറികളും അണുവിമുക്തമാക്കിയേ ഉപയോഗിക്കാവൂ.

കൊവിഡ് കൂടാതെയുള്ള മറ്റു രോഗങ്ങൾക്ക് സാധ്യതയുള്ളതിനാൽ ഇരട്ടി ജാഗ്രത ഉണ്ടാകണമെന്നാണ് ആരോഗ്യവകുപ്പ് ഓർമിപ്പിക്കുന്നത്. മഞ്ഞപ്പിത്തം, വയറിളക്കം, ഛർദി തുടങ്ങിയ രോഗങ്ങൾക്ക് ഇടകൊടുക്കരുത്. ചികിത്സയ്ക്കു വേണ്ടി ആശുപത്രികളെ സമീപിക്കുന്നത് കാര്യങ്ങൾ സങ്കീർണമാക്കാനും ഇടയുണ്ട്. ഇക്കാര്യത്തിൽ സമൂഹസദ്യക്കാരും കേറ്ററിങ് യൂണിറ്റുകാരും ഹോട്ടലുകളും കൂടി ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ്. പഴകിയ ഭക്ഷണം, അണുബാധ തുടങ്ങി ആരോഗ്യത്തെ ബാധിക്കാനിടയുള്ള കാര്യങ്ങളിൽ അതീവശ്രദ്ധ വേണമെന്നു ചുരുക്കം. ഓണക്കാലത്തെ ആഘോഷക്കൂട്ടായ്മകളിലും കൊവിഡ് മാനദണ്ഡങ്ങൾ പാലിക്കപ്പെടണം. ഒരുമിച്ചിരുന്ന് സന്തോഷം പങ്കുവയ്ക്കുമ്പോൾ മാസ്കും മറ്റും ഊരിമാറ്റരുത്. ശാരീരിക അകലം കൃത്യമായി പാലിക്കുകയും വേണം. ഓണാഘോഷങ്ങൾക്കു ശേഷം കൊവിഡ് വീണ്ടും മൂർച്ഛിക്കുന്ന കാഴ്ചയുണ്ടാകരുത്. സൂക്ഷിക്കുക, തീരാദുഃഖങ്ങൾക്കുള്ള സാധ്യത കുറയ്ക്കുക.

ആദരണീയനായ മനുഷ്യനും നെത്തോലി വിഴുങ്ങിയ തിമിംഗലവും

എം.ബി. സന്തോഷ്

തിരുവനന്തപുരം: ആരോപണങ്ങൾ ഉന്നയിക്കുന്നതിൽ വെടിക്കെട്ട് എന്ന നിലയിലാണ് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയും ഉപനേതാവ് ഡോ. എം.കെ. മുനീറും ഇന്നലെ അവിശ്വാസ പ്രമേയ ചർച്ചയിൽ അഴിമതി ആരോപണം ഉന്നയിച്ചത്. പ്രതിപക്ഷനിരയിലെ ഒന്നാമനും രണ്ടാമനും രംഗത്തെത്തിയതിനാൽ ചർച്ച ആകെ കൊഴുക്കേണ്ടതായിരുന്നു. പ്രതിപക്ഷ നേതാവാണെങ്കിൽ വലിയൊരു ഫയലുയർത്തിക്കാട്ടി സ്പീക്കർ ആവശ്യപ്പെടുകയാണെങ്കിൽ സർക്കാരിന്റെ രേഖകളടങ്ങിയ ഇതുസംബന്ധിച്ച ഫയൽ സഭയിൽ വയ്ക്കാമെന്ന സന്നദ്ധതയും അറിയിച്ചു.

മറുപടി പറയേണ്ട മന്ത്രി ജി. സുധാകരൻ, ചെന്നിത്തലയുടെ പ്രസംഗത്തിനിടയിൽ തന്നെ എഴുന്നേറ്റു. 'തന്റെ മറുപടി പ്രതിപക്ഷ നേതാവ് കേൾക്കണം. അതിനുമുമ്പ് ഇറങ്ങിപ്പോവരുത്'. മന്ത്രി തന്റെ ഉറ്റ സുഹൃത്താണെന്നായിരുന്നു ഇംഗ്ലിഷിൽ ചെന്നിത്തലയുടെ മറുപടി. ആരോപണമെന്ന വില്ലിന്റെ ഞാണൊടിഞ്ഞതിനാൽ അഴിമതിയുടെ അമ്പ് എങ്ങോട്ടുപോയെന്നറിയില്ലെന്ന് കാവ്യാത്മകമായി ഇടപെട്ടുകൊണ്ടായിരുന്നു മന്ത്രിയുടെ മറുപടി. രണ്ടുമൂന്നു തവണ ചെന്നിത്തല എഴുന്നേറ്റെങ്കിലും അതിനൊക്കെ കൃത്യമായി മറുപടി പറഞ്ഞതോടെ പിന്നെ, ചെന്നിത്തല അതിൽ കയറി പിടിച്ചില്ല.

'കൊവിഡ് പ്രതിരോധത്തിന്റെ പേരിലുള്ള വമ്പൻ അഴിമതി'- ഡോ. എം.കെ മുനീർ അങ്ങനെയൊരു പ്രതീതിയാണുയർത്തിയത്. 350 രൂപയ്ക്കും 550 രൂപയ്ക്കും കിട്ടുന്ന പിപിഇ കിറ്റ് 1,550 രൂപയ്ക്കും 1,999 രൂപയ്ക്ക് കിട്ടുന്ന ഇൻഫ്രാ റെഡ് തെർമോ മീറ്റർ 5000 രൂപയ്ക്കുമാണ് വാങ്ങുന്നുവെന്ന് ചൂണ്ടിക്കാട്ടിയ മുനീർ ചോദിച്ചു: 'ഈ കിറ്റെന്താ അഡിഡാസിന്റേതാണോ?'

നൂറു രൂപയ്ക്കുള്ള പിപിഇ കിറ്റും കിട്ടുമെന്നറിയിച്ച മന്ത്രി കെ.കെ. ശൈലജ, ഗുണമേന്മയുടെ കാര്യത്തിൽ കേന്ദ്ര ഏജൻസികളുടെ അംഗീകാരം ഉറപ്പുവരുത്തിയവയേ വാങ്ങൂ എന്ന് വ്യക്തമാക്കി. ഒരു ഡോക്റ്ററായ മുനീർ ഇങ്ങനെ ഉന്നയിച്ചതിനെ വിമർശിച്ച മന്ത്രി കൂട്ടത്തിലൊരു കുത്തും കൊടുത്തു: 'അഴിമതി ആരോപണത്തിനുകാരണം മുനീർ അഞ്ചാറുവർഷം പിറകോട്ടു പോയോ എന്ന് സംശയം'. യുഡിഎഫ് ഭരണകാലത്തെ ഓർമിപ്പിച്ചതിന് മുനീറിന് പ്രശ്നമില്ലായിരുന്നു. താൻ ഇവിടെയാണ് പഠിച്ചതെന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

അവിശ്വാസപ്രമേയ ചർച്ച തുടങ്ങിയത് വി.ഡി. സതീശൻ ഷേക്സ്പിയർ ജൂലിയസ് സീസറിൽ മാർക് ആന്റണിയുടെ വിഖ്യാതമായ പ്രസംഗത്തിൽ ബ്രൂട്ടസിനെ വിശേഷിപ്പിക്കുന്ന 'ആദരണീയ മനുഷ്യൻ' എന്ന നെഗറ്റീവ് കമന്റ് മുഖ്യമന്ത്രിക്കും ക്വാറന്റൈനിലായതിനാൽ സഭയിലെത്താത്ത മന്ത്രി കെ.ടി. ജലീലിനും ചാർത്തിക്കൊടുത്തു.

മുഖ്യമന്ത്രിയുടെ ഓഫീസിലെ 15 അവതാരങ്ങളുടെ പേര് കൈവശമുണ്ടെന്നറിയിച്ച തിരുവഞ്ചൂർ രാധാകൃഷ്ണൻ അഞ്ച് അവതാരങ്ങളുടെ പേര് പറയുകയും ചെയ്തു. ധനമന്ത്രി ബജറ്റിലെ 34 ഇനങ്ങൾ തൊട്ടിട്ടില്ലെന്നും കുറ്റപ്പെടുത്തി.

മല എലിയെ പ്രസവിച്ചപോലെയായി അവിശ്വാസ പ്രമേയമെന്നായിരുന്നു എസ്. ശർമയുടെ (സിപിഎം) നിരീക്ഷണം. രാജീവ് ഗാന്ധി പ്രധാനമന്ത്രിയായിരുന്നപ്പോൾ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന പി.സി. അലക്സാണ്ടറെ കൂമർ നാരായണൻ ചാരക്കേസിൽ സിബിഐ ചോദ്യം ചെയ്തത് ഓർമിപ്പിച്ച അദ്ദേഹം, അന്ന് രാജീവ് ഗാന്ധിക്ക് തെറ്റ് സംഭവിച്ചോ എന്ന് ചോദിച്ചെങ്കിലും കോൺഗ്രസുകാരാരും അതിൽ കൊത്തിയില്ല.

കൊവിഡിന് മുമ്പുതന്നെ ക്വാറന്റൈൻ കണ്ടുപിടിച്ച സർക്കാരാണെന്നു പറഞ്ഞ കെ.എൻ. ഷാജി (മുസ്‌ലിം ലീഗ്) അങ്ങനെ ക്വാറന്റൈനിലാക്കിയത് വി.എസ്. അച്യുതാനന്ദനെയും സിപിഎം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണനെയും ആണെന്നായിരുന്നു നിരീക്ഷിച്ചത്.

പ്രതികളുടെ പക്ഷമാവരുത് പ്രതിപക്ഷമെന്ന് നിർദേശിച്ച മുല്ലക്കര രത്നാകരൻ (സിപിഐ), ജനങ്ങളുടെ പക്ഷമാകാൻ തയ്യാറാകണമെന്ന് അഭ്യർഥിച്ചു. എല്ലാ മത്സരങ്ങളിലും തോറ്റുപോയ പ്രതിപക്ഷം യോദ്ധ എന്ന മോഹൻലാൽ സിനിമയിലെ ജഗതി കഥാപാത്രത്തെ പോലെ വീണ്ടും തോൽക്കാൻ മത്സരം തേടുകയാണെന്ന് പരിഹസിച്ചു.

അരി വെന്തോ എന്നറിയാൻ മുഴുവൻ അരിയും എടുത്ത് പരിശോധിക്കേണ്ടെന്നു പറഞ്ഞതുപോലെ ഈ സർക്കാർ ആകെ അഴിമതിയാണെന്ന് പത്തനംതിട്ടയിൽ വനംവകുപ്പുദ്യോഗസ്ഥരുടെ കസ്റ്റഡിയിലിരിക്കെ മരിച്ച മത്തായിയുടെ അനുഭവം ഉദാഹരിച്ച് പി.ജെ. ജോസഫ് (കേരള കോൺഗ്രസ്) ചൂണ്ടിക്കാട്ടി.

ചാനലുകളിൽ കോട്ടിട്ടുവന്ന അവതാരകർ പറഞ്ഞതിനൊപ്പം വി.ഡി. സതീശൻ ഷേക്സ്പിയർ ഉദ്ധരണികൂടി കൂട്ടിയെന്നേയുള്ളൂവെന്ന് എ. പ്രദീപ് കുമാർ (സിപിഎം) പറഞ്ഞു. അത് കേരളരാഷ്ട്രീയത്തിന്റെ ചവറ്റുകുട്ടയിൽ ഇടണമെന്ന് അദ്ദേഹം അഭ്യർഥിച്ചു.

'നെത്തോലി തിമിംഗലത്തെ വിഴുങ്ങി എന്നുപറഞ്ഞാൽ വിശ്വസിച്ചേക്കാം, അണ്ണാൻ കുഞ്ഞ് ആനയെ കീഴ്പെടുത്തി എന്നുപറഞ്ഞാലും വിശ്വസിച്ചേക്കാം. എന്നാൽ, പിണറായി അഴിമതി കാട്ടിയെന്നുപറഞ്ഞാൽ ആരും വിശ്വസിക്കില്ല' -മാത്യു ടി. തോമസ് (ജനതാദൾ-എസ്) വ്യക്തമാക്കി.

പാർലമെന്റ് തെരഞ്ഞെടുപ്പുഫലം സംസ്ഥാന സർക്കാരിന്റെ ജനവിശ്വാസം നഷ്ടപ്പെട്ടതിന്റെ തെളിവാണെന്നാണ് പി.ടി. തോമസിന്റെ (കോൺഗ്സ്) വിലയിരുത്തൽ. പല മന്ത്രിമാരും എപ്പോൾ ജയിലിൽ പോവുമെന്ന് ഭയന്നാണിരിക്കുന്നതെന്ന് പറഞ്ഞപ്പോൾ വി.കെ. ഇബ്രാഹിംകുഞ്ഞിന്റെ പേര് ഭരണപക്ഷത്തുനിന്ന് വിളിച്ചുപറഞ്ഞെങ്കിലും അദ്ദേഹം അത് 'കേട്ടില്ല'.

യുഡിഎഫ് അവിശ്വാസ പ്രമേയം അവതരിപ്പിക്കേണ്ടത് പ്രതിപക്ഷനേതാവിന് എതിരെയാണെന്നാണ് വീണാജോർജിന്റെ (സിപിഎം) അഭിപ്രായം. 2005ൽ യുഡിഎഫ് സർക്കാരിന്റെ കാലത്ത് ഒരു പദ്ധതിക്ക് 35 കൺസൾട്ടൻസി ഉണ്ടായിരുന്നത് വീണ ചൂണ്ടിക്കാട്ടി.

പ്രമേയത്തെ അനുകൂലിക്കുകയോ, പ്രതികൂലിക്കുകയോ ചെയ്യുന്നില്ലെന്ന് പറഞ്ഞ ഒ. രാജഗോപാൽ(ബിജെപി) അനുവദിച്ച സമയം മുഴുവൻ എടുക്കാതെ പ്രസംഗം പൂർത്തിയാക്കിയതിങ്ങനെ: 'ഈ പരിപാടിയിൽ പങ്കെടുക്കാൻ അവസരം നൽകിയ സ്പീക്കർക്ക് നന്ദി.'

മീനില്ലാത്ത മീൻകറിയും നെയ്യില്ലാത്ത നെയ്ദോശയും പോലെ കമ്പിയും സിമന്റുമില്ലാതെ പാലം പണിയുന്ന സർക്കാരായിരുന്നു യുഡിഎഫിന്റേതെന്ന് ചൂണ്ടിക്കാട്ടിയ കെ.ബി. ഗണേഷ് കുമാർ (കേരള കോൺഗ്രസ്-ബി) ചോദിച്ചു: 'കെപിസിസി പ്രളയ ദുരിതാശ്വാസത്തിന് 1000 വീടുവയ്ക്കാൻ പിരിച്ച പണം എവിടെപ്പോയെന്ന് സിബിഐയെക്കൊണ്ട് അന്വേഷിപ്പിക്കുമോ?'

കുറെയേറെ നന്മകളും തിൻമകളും ഉള്ള സർക്കാരാണിതെങ്കിലും അടിയന്തരപ്രമേയം ന്യായമാണെന്നായിരുന്നു പി.സി. ജോർജിന്റെ (സ്വതന്ത്രൻ) പക്ഷം. കേരളത്തിലെ മുഖ്യമന്ത്രിയുടെ ഓഫീസുമായി ബന്ധമില്ലാത്തത് മുഖ്യമന്ത്രിക്ക് മാത്രമാണെന്ന് ഷാഫി പറമ്പിൽ (കോൺഗ്രസ്) പറഞ്ഞു. കേരളത്തിൽ ഇടതുവിരുദ്ധ ദുഷ്ടസഖ്യം പ്രവർത്തിക്കുന്നുവെന്ന് കുറ്റപ്പെടുത്തിയ എം. സ്വരാജ് (സിപിഎം) ഈ പ്രതിപക്ഷത്തെ വിശേഷിപ്പിക്കാൻ 'അധമം' എന്നല്ലാതെ മറ്റൊരു വാക്കില്ലെന്ന് കുറ്റപ്പെടുത്തി.

സ്വന്തം പാർട്ടിക്കാരുടെ ശാപമേറ്റതുകൊണ്ടാണ് കഴിഞ്ഞ സർക്കാരിന്റെ മുഖ്യമന്ത്രിക്ക് സംഭവിച്ചതെന്ന് കെ. കരുണാകരനെതിരെ നടത്തിയ ഉപജാപം വിവരിച്ച ജയിംസ് മാത്യു (സിപിഎം) പറഞ്ഞു. വി.ഡി. സതീശൻ 500 പൗണ്ടു വീതം പരവൂരിലെ പുനർജനിക്കുവേണ്ടി പിരിച്ചതിന്റെ തെളിവായി സിഡിയും അദ്ദേഹം സഭയിൽ സമർപ്പിച്ചു. ഇതിനെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തിയാൽ റീബിൽഡ് കേരള എങ്ങനെ വിദേശനാണ്യ ചട്ടം പാലിച്ച് ചെയ്യാമെന്നതിന്റെ റിപ്പോർട്ടായിരിക്കും അവർ തരിക എന്നായിരുന്നു വി.ഡി സതീശന്റെ മറുപടി.

ലൈഫ് മിഷനിൽ ₹9.25 കോടിയുടെ അഴിമതി: വി.ഡി. സതീശൻ

തിരുവനന്തപുരം: സംസ്ഥാന ഭരണത്തിന്റെ കപ്പിത്താനായ മുഖ്യമന്ത്രിയുടെ ഓഫീസ് തന്നെ കള്ളക്കടത്തുകാർ ഹൈജാക്ക് ചെയ്തതോടെ കപ്പിത്താന്റെ ക്യാബിൻ തന്നെ പ്രശ്നത്തിലായിരിക്കുകയാണെന്ന് സർക്കാരിനെതിരെ അവിശ്വാസ പ്രമേയം അവതരിപ്പിച്ച് വി.ഡി. സതീശൻ എംഎൽഎ.

നടുക്കടലിൽ പെട്ട് ആടി ഉലയുകയാൺ കപ്പൽ. മുഖ്യമന്ത്രി ആദരണീയനാണെങ്കിലും ഭരണത്തിൽ അദ്ദേഹത്തിന് നിയന്ത്രണമില്ല. ലൈഫ് മിഷനിലെ 20 കോടി പദ്ധതിയിൽ നാലര കോടിയല്ല, 9.25 കോടിയാണ് ക്രമക്കേട്. പാവങ്ങളുടെ ലൈഫ് മിഷൻ പദ്ധതി കൈക്കൂലി മിഷനാക്കി മാറ്റിയെന്നും സതീശൻ ആരോപിച്ചു.

9.25 കോടി എന്നത് കൈക്കൂലി കണക്കിൽ ദേശീയ റെക്കോർഡാണ്. ഒരു പ്രോജക്റ്റിൽ 46 ശതമാനം കൈക്കൂലിയെന്നത് ദേശീയ റെക്കോർഡ് നാലര കോടിക്ക് പുറമെ ബാക്കി അഞ്ച് കോടി നൽകിയത് ബെവ്ക്യൂ ആപ്പിലെ സഖാവിന്. ഇതോടെ ബാറുകാർക്ക് നേട്ടവും ബെവ്കോ പൂട്ടുകയും ചെയ്യും. ലൈഫ് മിഷൻ കമ്മീഷനിൽ ബെവ്ക്യൂ ആപ് സഖാവിന്റെ ബന്ധം അറിയണം.

മുഖ്യമന്ത്രി കുഴപ്പമില്ലെന്ന് പറഞ്ഞ് പത്രസമ്മേളനം നടത്തുമ്പോൾ തൊട്ടടുത്ത് കസ്റ്റംസ് മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി ശിവശങ്കറിനെ മണിക്കൂറുകളോളം ചോദ്യം ചെയ്യുന്നു. മുഖ്യമന്ത്രി ഒന്നും അറിയുന്നില്ലെന്നാണ് പറയുന്നത്. മുഖ്യമന്ത്രിയുടെ ഓഫീസ് ആർക്കും ഞൊടിയിടയിൽ വരുതിയിലാക്കാൻ പറ്റുന്ന ഓഫീസായി അധഃപതിച്ചു.

എല്ലാം അറിയാവുന്ന ഒരാൾ മാത്രമാണ് ഉണ്ടായിരുന്നത്. അത് എല്ലാ മന്ത്രിമാരും ദുഷ്ടനെന്നും, വഞ്ചകനെന്നുമെല്ലാം സ്ഥാനപ്പേരിട്ട് വിളിക്കുന്ന ശിവശങ്കറിന്റെ തലയിൽ കൊണ്ടിട്ടു. മാർച്ച് നാലിന് സ്വർണക്കടത്തിനെക്കുറിച്ചും അതു മൂലമുണ്ടാകുന്ന നികുതി ചോർച്ചയെക്കുറിച്ചും നിയമസഭയിൽ സംസാരിച്ചപ്പോൾ സ്വർണക്കടത്തിനൊപ്പം കേരളത്തിൽ ഒരു അധോലോകം വളർന്നു വരുന്നത് ശ്രദ്ധിക്കണമെന്ന് മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഈ സ്വർണക്കടക്കടത്തിന്റെ ആസ്ഥാനം തന്നെ മുഖ്യമന്ത്രിയുടെ ഓഫീസെന്ന് അന്നറിയില്ലായിരുന്നു. മന്ത്രി കെ.ടി. ജലീലും ബഹുമാന്യനാണ്. ബൂർഷ്വ വിദേശ നിയമങ്ങൾ തള്ളിക്കളഞ്ഞ് വാട്സ്ആപ്പ് വഴി ബദൽ ഉണ്ടാക്കിയ വീരപുരുഷനാണ്. വ്യവസ്ഥിതിയെ ചോദ്യം ചെയ്ത് യുഎഇ കോൺസുലേറ്റിൽനിന്ന് സഹായം കൈപ്പറ്റി മലപ്പുറത്ത് സക്കാത്തെന്ന് പറഞ്ഞു കൊടുത്തു. ചോദ്യം ഉന്നയിച്ചപ്പോൾ വിശുദ്ധ ഗ്രന്ഥത്തെ മറയാക്കി.

തിരുവനന്തപുരം വിമാനത്താവള വിഷയത്തിൽ ടെൻഡർ തുക അദാനി ഗ്രൂപ്പിന് ചോർത്തിക്കൊടുത്തു. കമ്മീഷൻ ഏജന്റുമാരും അവതാരങ്ങളും ഇടനിലക്കാരും മൂന്നാമന്മാരും സെക്രട്ടേറിയറ്റിൽ കൂടി അധികാരത്തിന്റെ ഇനാഴികളിൽ കൂടി അലഞ്ഞുനടക്കുന്ന കെട്ട കാലമാണിതെന്നും ഇത്തരത്തിലുള്ള സർക്കാരിൽ പ്രതിപക്ഷം അവിശ്വാസം രേഖപ്പെടുത്തുകയാണെന്നും സതീശൻ പറഞ്ഞു.

മുഖ്യമന്ത്രിയാണ് ശിവശങ്കറിന്റെ ഒരേയൊരു ഗോഡ്ഫാദർ: ഷാഫി

തിരുവനന്തപുരം: മുഖ്യമന്ത്രിയാണ് ശിവശങ്കറിന്റെ ഒരേയൊരു ഗോഡ്ഫാദറെന്ന് ഷാഫി പറമ്പിൽ എംഎൽഎ. ഒരു ഗൺമാന്റെ പേരിൽ മുൻ മുഖ്യമന്ത്രിക്കെതിരെ ഇപ്പോഴും ആക്ഷേപം ഉന്നയിക്കുന്നവർ, സ്വന്തം പ്രിൻസിപ്പൽ സെക്രട്ടറി സ്വർണക്കടത്തു കേസിലെ പ്രതികൾക്ക് ഉണ്ടാക്കി കൊടുത്ത സൗകര്യങ്ങളുടെ നീണ്ട പട്ടിക ഓരോ ദിവസവും പുറത്തു വന്നിട്ടും അതിൽ പങ്കില്ലെന്ന് പറയുന്നവരോട് ഒന്നേ പറയാനുള്ളൂ. കേരളത്തിൽ മുഖ്യമന്ത്രിയുടെ ഓഫീസുമായി ബന്ധമില്ലാത്തത് മുഖ്യമന്ത്രിയ്ക്കു മാത്രമാണെന്നും അദ്ദേഹം പരിഹസിച്ചു.

കേരളത്തിൽ ഒരു സർക്കാരും ഇന്നേവരെ രാജ്യദ്രോഹ കേസിന് അന്വേഷണ വിധേയരാവേണ്ട അവസ്ഥയുണ്ടായിട്ടില്ല. ഇഎംഎസ് മുതൽ ഉമ്മൻചാണ്ടി വരെയുള്ള ഭരണകാലയളവിൽ എന്തൊക്കെ ആക്ഷേപം ഉണ്ടായിട്ടുണ്ടെങ്കിലും എൻഐഎ കേരളത്തിന്റെ സെക്രട്ടേറിയറ്റിന്റെ പടിയും കടന്ന് അകത്തേക്ക് വരുന്ന സാഹചര്യം ഒരാളും ഉണ്ടാക്കിയിട്ടില്ല.

ഉദ്യോഗാർഥികൾ പഠിച്ചെഴുതിയ റാങ്ക് ലിസ്റ്റിലെ ജോലിയാണ് ചോദിക്കുന്നത്. ജോലി ബക്കറ്റിലെടുത്ത് വച്ചിട്ടുണ്ടോ എന്നാണ് പിഎസ്‌സി ചോദിക്കുന്നത്. സ്വപ്നമാർക്കുള്ള ജോലി എടുത്ത വച്ച ബക്കറ്റ് ക്ലിഫ് ഹൗസിലായിരുന്നോ എന്നും ഷാഫി പറമ്പിൽ ചോദിച്ചു.

മുഖ്യമന്ത്രി ചക്രവ്യൂഹത്തിൽ: പി.ടി. തോമസ്

തിരുവനന്തപുരം :അഴിമതിയിൽ വിളങ്ങി നിൽക്കുന്ന മന്നവേന്ദ്രനായി മുഖ്യമന്ത്രി മാറിയെന്ന് പി.ടി.തോമസ് എംഎൽഎ. ഉദ്യോഗസ്ഥരെ നിയന്ത്രിക്കാൻ കഴിയാതെ ചക്രവ്യൂഹത്തിലാണ് മുഖ്യമന്ത്രി. ക്ലിഫ് ഹൗസിലും സെക്രട്ടേറിയറ്റിലും തട്ടിപ്പുകാർ നിരങ്ങുകയാണ്. മാധ്യമ പ്രവർത്തകരോട് കടക്ക് പുറത്ത് പറയുന്ന മുഖ്യമന്ത്രി കള്ളക്കടത്തുകാരോടു കടക്ക് അകത്ത് പറയുന്നു. ഈ ചക്രവ്യൂഹത്തിൽ നിന്ന് സർക്കാരിനു പുറത്തുവരാൻ കഴിയില്ല.

സർക്കാരിന്റെ ഭൂരിപക്ഷം കേവലം സാങ്കേതികം മാത്രമാണ്. ജനപിന്തുണ നഷ്ടപ്പെട്ട സർക്കാരിനെതിരെ ജനങ്ങൾ അവിശ്വാസം പാസാക്കി കഴിഞ്ഞതായും അദ്ദേഹം പറഞ്ഞു. പല മന്ത്രിമാരും എപ്പോഴാണ് ജയിലിൽ പോകുന്നതെന്നു ഭയന്നിരിക്കുകയാണ്. ചെറ്റക്കുടിലിലെ പണം അടിച്ചു മാറ്റി ലൈഫ് പദ്ധതിയെ സർക്കാർ ഡെത്ത് പദ്ധതിയാക്കി. പിഎസ്‌സിയെ നോക്കുകുത്തിയാക്കി. കൊവിഡ് കാലം കൊള്ളക്കാലമാക്കി സർക്കാർ മാറ്റി. ഒരു വിദേശകാര്യ മന്ത്രി സ്വന്തമായുള്ള മന്ത്രിസഭയാണിത്. ശിവശങ്കറിന്റെ കൈയിൽ രഹസ്യങ്ങളുള്ളതു കൊണ്ടാണോ സർക്കാർ സംരക്ഷിക്കുന്നതെന്നും പി.ടി.തോമസ് ചോദിച്ചു.

വിലസുന്നത് അവതാരങ്ങൾ: തിരുവഞ്ചൂർ

തിരുവനന്തപുരം: മുഖ്യമന്ത്രിയുടെ ഓഫീസിൽ അവതാരങ്ങൾ വിലസുകയാണെന്ന് തിരുവഞ്ചൂർ രാധാകൃഷ്ണൻ പരിഹസിച്ചു. സംസ്ഥാനത്ത് കൺസൾട്ടൻസി രാജാണ് നടക്കുന്നത്. സ്വിസ് കമ്പനിയുമായുള്ള ഇ-ബസ് കരാർ വിവാദമായപ്പോൾ റിപ്പോർട്ട് കിട്ടിയില്ലെന്ന പേരിൽ താൽക്കാലികമായി നിർത്തിവച്ചു. ഇല്ലായിരുന്നുവെങ്കിൽ 2,400 കോടി രൂപ സംസ്ഥാനത്തുനിന്നു പുറത്തേക്ക് ഒഴുകുമായിരുന്നുവെന്നും അദ്ദേഹം പറഞ്ഞു.

ഖജനാവിൽ നിന്ന് ശമ്പളം പറ്റുന്നയാൾ മാധ്യമപ്രവർത്തകയെക്കുറിച്ചു മോശമായി പറഞ്ഞു. സിസിടിവി ദൃശ്യങ്ങൾ എൻഐഎ കൊടുത്താൽ കൂടുതൽ കുഴപ്പത്തിലാകും എന്ന് മനസിലാക്കിയാണ് ദൃശ്യങ്ങൾ നൽകാത്തതെന്നും തിരുവഞ്ചൂർ പറഞ്ഞു.

അഴിമതിയുടെ ദുർഗന്ധം: അനൂപ് ജേക്കബ്

തിരുവനന്തപുരം: അഴിമതിയുടെയും സ്വജനപക്ഷപാതത്തിന്റെയും ദുർഗന്ധം പേറുന്ന സർക്കാരാണിതെന്ന് അനൂപ് ജേക്കബ് പറഞ്ഞു. ഇത്രമാത്രം സംശയത്തിന്റെ മുൾമുനയിലായ മറ്റൊരു സർക്കാർ സംസ്ഥാനത്തിന്റെ ചരിത്രത്തിലില്ല.

സമുദായത്തെ മന്ത്രി ജലീൽ അപമാനിച്ചു: എം ഉമ്മർ

തിരുവനന്തപുരം: സ്വർണക്കടത്തിന് വിശുദ്ധ ഗ്രന്ഥത്തെ ഉപയോഗിച്ചത് നിർഭാഗ്യകരമാണെന്നും ഇതിലൂടെ സമുദായത്തെയും നാടിനെയും മന്ത്രി കെ.ടി ജലീൽ അപമാനിച്ചുവെന്നും എം. ഉമ്മർ. നിയമസഭയേയും സെക്രട്ടേറിയറ്റിനെയും നോക്കുകുത്തിയാക്കി സമാന്തര സെക്രട്ടേറിയറ്റ് ശിവശങ്കറിന്റെ നേതൃത്വത്തിൽ നടന്നുവെന്നും അദ്ദേഹം ആരോപിച്ചു.

സ്വന്തം മണ്ഡലത്തിൽ 500 രൂപയുടെ കിറ്റ് 1,500 പേർക്കു നൽകുന്നതിനാണ് 15 പ്രാവശ്യം സ്വപ്നയെ വിളിച്ചതെന്നാണ് മന്ത്രി കെ.ടി. ജലീൽ പറയുന്നത്. അങ്ങനെയാണെങ്കിൽ ഇപ്പോൾ 50 ലക്ഷം ഓണക്കിറ്റ് കേരളത്തിൽ വിതരണം ചെയ്തു. ഇതിന് വിദേശ സഹായം തേടിയിരുന്നോവെന്ന് വ്യക്തമാക്കണം. സ്വർണക്കടത്തുകാരെ ചുമതലപ്പെടുത്തി വിശുദ്ധ ഖുർആൻ കൊണ്ടുവരുന്നത് കേട്ട് കേൾവിയില്ലാത്തതാണ്. ഇന്ത്യയിൽ മറ്റൊരിടത്തും ഇത് ഉണ്ടായിട്ടില്ല. ഇത് ഒരു സമുദായത്തെ മുഴുവൻ അപമാനിക്കലാണെന്നും അദ്ദേഹം.

മന്ത്രിമാർ പ്രാണായാമം ചെയ്യുന്നു: കെ.എം. ഷാജി

തിരുവനന്തപുരം: കള്ളക്കടത്ത് വഴി ഖുറാൻ പഠിപ്പിക്കാമെന്ന് തീരുമാനിക്കുന്ന ആദ്യത്തെ ഗവൺമെന്റാണിതെന്ന് കെ.എം ഷാജി. ആ മന്ത്രി ഇപ്പോൾ പറഞ്ഞിരിക്കുന്ന ഒരു കാര്യം ഖുറാൻ തിരിച്ചുകൊടുക്കാമെന്നാണ്. അപ്പോൾ സ്വർണം തിരിച്ചുകൊടുക്കൂല എന്നാണോയെന്നും ഷാജി ചോദിച്ചു.

ഇവിടെ വേറെ രണ്ട് മന്ത്രിമാരുണ്ട്. ആരോഗ്യമന്ത്രി കെ.കെ. ശൈലജയും റവന്യൂമന്ത്രി ഇ. ചന്ദ്രശേഖരനും. എല്ലാ ദിവസവും മുഖ്യമന്ത്രിയുടെ ഇടത്തും വലത്തും ഇരിക്കും. എന്നിട്ട് പ്രാണായാമം പരിശീലിക്കുകയാണ്. പിന്നെയൊരു സാധു നല്ല മന്ത്രിയുള്ളത് ജി. സുധാകരനാണ്. അവസാനം കളത്തിലിറങ്ങിയ അദ്ദേഹം പറഞ്ഞത് ഇപ്പോൾ ദുർഗന്ധം ഒക്കെ പോയി സുഗന്ധം ആണെന്നാണ്. നാല് കൊല്ലം അഴിമതിയുടെ നാറ്റം സഹിച്ചത് കൊണ്ട് ഇപ്പോൾ മന്ത്രിക്ക് സുഗന്ധമായി തോന്നുകയാണ്. പണ്ട് പാർട്ടി ക്ലാസുകളിൽ ക്യാപിറ്റലിസവും കമ്യൂണിസവും പഠിപ്പിച്ചുവെങ്കിൽ ഇപ്പോൾ പഠിപ്പിക്കുന്നത് ചോര പുരാണം ആണെന്നും ഷാജി.

മുഖ്യമന്ത്രിയുടെ ഓഫീസ് ഇടപെട്ടുവെന്ന് ഒരു ഏജൻസിയും പറഞ്ഞിട്ടില്ല: ശർമ

തിരുവനന്തപുരം: സംസ്ഥാന സർക്കാരിനെതിരെ വി.ഡി. സതീശൻ കൊണ്ടുവന്ന അവിശ്വാസപ്രമേയം മല എലിയെ പ്രസവിച്ചതുപോലെയെന്ന് എസ്.ശർമ എംഎൽഎ. സർക്കാരിനെതിരെയുള്ള പ്രമേയത്തെ എതിർത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സർക്കാരിനെ പ്രതിക്കൂട്ടിലാക്കി അവിശ്വാസം കൊണ്ടുവരാൻ മൂന്ന് കാരണങ്ങളാണ് ഉണ്ടാവുക. സർക്കാരിന്റെ ജനപിന്തുണ കുറയുകയും പ്രമേയം കൊണ്ടുവരുന്ന കക്ഷിയുടെ ജനപിന്തുണ വർധിച്ചിരിക്കയും വേണം. പ്രതിപക്ഷത്തിന്റെ അംഗബലം കൂടിയിരിക്കണം. എന്നാൽ ഇവിടെ കുറഞ്ഞിരിക്കുകയാണ്. മുന്നണി ബന്ധം ശക്തിപ്പെട്ടിരിക്കണമെന്നതാണ് മറ്റൊരു കാരണം. എന്നാൽ ഇതുപോലെ അലങ്കോലമായ മുന്നണി സംവിധാനം പ്രതിപക്ഷത്ത് ഇതിനുമുമ്പുണ്ടായിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു.

സ്വർണക്കടത്തുണ്ടായ ദിവസം ബിജെപി പ്രസിഡന്റിന്റെ ആരോപണമാണ് ഒരു വാക്കു പോലും തെറ്റാതെ യുഡിഎഫ് ഏറ്റു പറഞ്ഞത്. ഓരോ സംഭവങ്ങളിലും കള്ളക്കഥകളുണ്ടാക്കി കെട്ടിച്ചമച്ച് സർക്കാരിനെ അസ്ഥിരപ്പെടുത്താൻ ശ്രമിച്ചു. ഇതൊക്കെ തുറന്നുകാണിക്കാനും അത് മനസിലാക്കുനുള്ള വിവേകവും കേരളത്തിലെ ജനങ്ങൾക്കുണ്ട്.

പ്രകടന പത്രികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ നാലുവർഷത്തിനുള്ളിൽ പൂർത്തിയാക്കിയ സർക്കാരാണ് ഇത്. അമിത് ഷായെ കൂട്ടുപിടിച്ചിട്ടുവേണം പ്രതിപക്ഷത്തിന് അവിശ്വാസം അവതരിപ്പിക്കേണ്ടതെന്ന ഗതികേടിലായി. മുഖ്യമന്ത്രിയുടെ ഓഫീസ് ഇടപെട്ടുവെന്ന് ഒരു അന്വേഷണ ഏജൻസിയും പറഞ്ഞിട്ടില്ല.

രാജ്യദ്രോഹക്കുറ്റം നടന്നിട്ടുണ്ടെന്ന് അറിയാമെങ്കിൽ അന്വേഷണ സംഘങ്ങൾക്ക് തെളിവുകൊടുക്കണം. അറിഞ്ഞിട്ടും തെളിവുകൊടുക്കാതിരിക്കുന്നത് രാജ്യദ്രോഹ കുറ്റമാണ്.

പ്രകൃതി ദുരന്തങ്ങളെ ലോകപ്രശസ്തമായ വിധത്തിൽ കൈകാര്യം ചെയ്ത സർക്കാരാണ് ഇത്. ഈ സർക്കാരിനെതിരെയാണ് പ്രതിപക്ഷം അവിശ്വാസം കൊണ്ടുവന്നിരിക്കുന്നതെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

കാവിലെ പാട്ടുമത്സരത്തിന് കാണാം: മുല്ലക്കര



തിരുവനന്തപുരം: പ്രതിപക്ഷം എന്നാൽ പ്രതികളുടെ പക്ഷമായി മാറരുതെന്ന് മുല്ലക്കര രത്നാകരൻ നിയമസഭയിൽ പറഞ്ഞു. ജനങ്ങളുടെ പ്രശ്നങ്ങൾ വേണം പ്രതിപക്ഷം സഭയിലും പുറത്തും കൊണ്ടുവരാൻ.

യോദ്ധ സിനിമയിൽ ജഗതിയും മോഹൻലാലും സഹോദരൻമാരാണ്. എല്ലാ മൽസരത്തിലും ജഗതി തോൽക്കും. അപ്പോൾ കാവിലെ പാട്ടുമൽസരത്തിന് കാണാമെന്നു പറഞ്ഞാണ് മോഹൻലാലിനെ വെല്ലുവിളിക്കുന്നത്.

എന്നാൽ അങ്ങനെ വെല്ലുവിളിയും കൊണ്ടു വന്നാൽ കോൺഗ്രസ് അടുത്ത തവണയും തോൽക്കുകയേ ഉള്ളൂവെന്നും മുല്ലക്കര പറഞ്ഞു.

എതിർക്കുകയോ അനുകൂലിക്കുകയോ ചെയ്യാതെ ഒ. രാജഗോപാൽ

തിരുവനന്തപുരം: തിരുവനന്തപുരം വിമാനത്താവളം സ്വകാര്യവത്കരിക്കാനുള്ള കേന്ദ്രസർക്കാർ തീരുമാനം പുനഃപരിശോധിക്കണം എന്നാവശ്യപ്പെട്ടു കൊണ്ടുള്ള പ്രമേയത്തെ എതിർക്കുകയോ അനുകൂലിക്കുകയോ ചെയ്യാതെ ബിജെപി എംഎൽഎ ഒ. രാജഗോപാൽ. ബിജെപി സംസ്ഥാന ഘടകം വിമാനത്താവളത്തിന്റെ സ്വകാര്യവൽക്കരണത്തിനെ അനുകൂലിക്കുമ്പോഴാണ് പാർട്ടിയുടെ ഏക എംഎൽഎയുടെ സഭയിലെ നിലപാട്.

സംസ്ഥാന സർക്കാരിന്റെ പ്രമേയത്തെ ഒ. രാജഗോപാൽ എതിർക്കാത്തതിനാൽ, ഐകകൺഠ്യേന പാസായെന്ന നിലയിലാകും പ്രമേയം രാഷ്ട്രപതിയുടെ മുന്നിലെത്തുക. ധനകാര്യ ബില്ലിന്റെ വോട്ടെടുപ്പിലും സർക്കാരിനെ അനുകൂലിക്കുന്ന നിലപാടാണ് അദ്ദേഹം സ്വീകരിച്ചത്.

ഭരണപക്ഷവും പ്രതിപക്ഷവും ഒരുമിച്ചുനിന്ന് ജനങ്ങൾക്കായുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണം. യുവാക്കൾക്ക് തൊഴിലില്ല. കേരളത്തിൽ കൂടുതൽ വ്യവസായം വരണമെന്നും രാജഗോപാൽ പറഞ്ഞു. രാജഗോപാലിന്റെ നിയമസഭയിലെ നിലപാടുകൾ പാർട്ടിക്കുള്ളിൽ നേരത്തെയും വിമർശനത്തിനിടയാക്കിയിട്ടുണ്ട്. പൗരത്വ നിയമ ഭേദഗതിക്കെതിരെ സംസ്ഥാന നിയമസഭ പ്രമേയം പാസാക്കിയപ്പോൾ സഭയിലെ ഏക ബിജെപി എംഎൽഎയായ രാജഗോപാൽ എതിർത്ത് വോട്ടു ചെയ്യാത്തത് വിവാദമായിരുന്നു. പ്രമേയത്തെ സഭയിലെ 139 പേരും അനുകൂലിക്കുമ്പോൾ ഒരാളുടെ എതിർപ്പിനു പ്രസക്തിയില്ലെന്നായിരുന്നു രാജഗോപാലിന്റെ നിലപാട്.

തിരുവനന്തപുരം വിമാനത്താവളം:
കേന്ദ്ര തീരുമാനം പിൻവലിക്കണം

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നടത്തിപ്പും മേൽനോട്ടവും അദാനി എന്റർപ്രൈസസിനെ ഏൽപ്പിക്കാൻ ഓഗസ്റ്റ് 19ന് ചേർന്ന കേന്ദ്രമന്ത്രിസഭാ യോഗം തീരുമാനമെടുത്തു. വിമാനത്താവളത്തിന്റെ മേൽനോട്ടവും നടത്തിപ്പും സംസ്ഥാന സർക്കാരിന് മുഖ്യപങ്കാളിത്തമുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളിൽ നിക്ഷിപ്തമാക്കണം എന്ന സംസ്ഥാന സർക്കാരിന്റെ ശക്തമായ ആവശ്യം പരിഗണിക്കാതെയാണ് ഈ തീരുമാനം.

ഇക്കാര്യത്തിൽ പ്രധാനമന്ത്രിയുടെയും വ്യോമയാന മന്ത്രിയുടെയും മുമ്പാകെ അതത് അവസരങ്ങളിൽ സംസ്ഥാന സർക്കാർ കത്തുകൾ വഴിയും നേരിട്ടും സംസ്ഥാനത്തിന്റെ താത്പര്യം ഉന്നയിച്ചിട്ടുണ്ട്. ബിഡ്ഡിൽ കൂടുതൽ തുക സ്വകാര്യ കമ്പനി കോട്ട് ചെയ്ത സാഹചര്യം കണക്കിലെടുത്തുകൊണ്ട്, അതേ തുക ഓഫർ ചെയ്യാൻ സംസ്ഥാന സർക്കാർ തയാറാണെന്ന് കേന്ദ്രത്തെ അറിയിച്ചിരുന്നു. ഇതെല്ലാം പാടേ അവഗണിച്ചുകൊണ്ടാണ് കേന്ദ്രം ഇപ്പോൾ തീരുമാനമെടുത്തിരിക്കുന്നത്.

2003ൽ കേന്ദ്ര വ്യോമയാന മന്ത്രാലയം നൽകിയ ഉറപ്പിൽ, സംസ്ഥാനം ഈ വിമാനത്താവള വികസനത്തിനായി നൽകിയ സംഭാവനകൾ പരിഗണിച്ചുകൊണ്ട് വിമാനത്താവളത്തിന്റെ മേൽനോട്ടവും നടത്തിപ്പും സംസ്ഥാന സർക്കാരിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന് നൽകാമെന്ന് പറഞ്ഞിരുന്നു. സംസ്ഥാന സർക്കാരിന് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളവും കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളവും പൊതു- സ്വകാര്യ പങ്കാളിത്തത്തോടെ വിജയകരമായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന അനുഭവപരിജ്ഞാനമുണ്ട്. എന്നാൽ, ഇത്തരത്തിലുള്ള പരിജ്ഞാനമൊന്നുമില്ലാത്ത ഒരു സ്വകാര്യ സംരംഭകനെയാണ് തിരുവനന്തപുരം വിമാനത്താവളത്തിന്റെ മേൽനോട്ടവും നടത്തിപ്പും ഇപ്പോൾ ഏൽപ്പിച്ചിട്ടുള്ളത്.

വിമാനത്താവളത്തിന് മുൻ തിരുവിതാംകൂർ സംസ്ഥാനം നൽകിയ റോയൽ ഫ്ലൈയിങ് ക്ലബ്ബിന്റെ വക 258.06 ഏക്കർ ഭൂമിയും വിമാനത്താവളത്തിന്റെ 636.57 ഏക്കർ വിസ്തൃതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. അതിനു ശേഷം സംസ്ഥാന സർക്കാർ 32.56 ഏക്കർ ഏറ്റെടുത്ത് നൽകി. നിലവിൽ 250 കോടി രൂപ മതിപ്പ് വിലയുള്ള 18 ഏക്കർ ഭൂമി ഏറ്റെടുത്ത് നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സംസ്ഥാനം ഏറ്റെടുത്ത് സൗജന്യമായി നൽകിയ ഭൂമിയുടെ വില സ്പെഷ്യൽ പർപ്പസ് വെഹിക്കിളിൽ (എസ്പിവി) സംസ്ഥാന സർക്കാരിന്റെ ഓഹരിയായി കണക്കാക്കണമെന്ന നിലയിലാണ് ഇത് ഏറ്റെടുത്ത് നൽകിയിരുന്നത്.

ബിഡ്ഡിനു ശേഷം കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതിനിടയിൽ എയർപോർട്ട് സ്വകാര്യവത്കരണത്തിനെതിരെ കേരള ഹൈക്കോടതിയിൽ റിട്ട് ഹർജിയും പൊതു താത്പര്യ ഹർജിയും ഫയൽ ചെയ്യപ്പെട്ടു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിയിൽ, കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ഉൾപ്പെട്ട വിഷയമായതിനാൽ ഈ ഹർജിയുടെ ഒറിജിനൽ ജൂറിസ്ഡിക്ഷൻ ഭരണഘടനയുടെ അനുച്ഛേദം 131 പ്രകാരം സുപ്രീം കോടതിക്കാണെന്ന് വിധിച്ചു. ഈ വിധിയിൽ കേന്ദ്ര സർക്കാർ എയർപോർട്ട് അഥോറിറ്റി നൽകിയ ശുപാർശകളിന്മേൽ തീരുമാനമെടുത്ത് ടെൻഡർ നടപടികൾ പൂർത്തിയാക്കിയിട്ടില്ല എന്നും പരാമർശിച്ചിട്ടുണ്ടായിരുന്നു.

ഇതിനെതിരേ സുപ്രീം കോടതിയിൽ സംസ്ഥാന സർക്കാർ ഉൾപ്പെടെയുള്ള കക്ഷികൾ അപ്പീൽ ഫയൽ ചെയ്തു. തുടർന്ന് സുപ്രീം കോടതി മേൽപ്പറഞ്ഞ ഹൈക്കോടതി വിധി റദ്ദാക്കുകയും ഹൈക്കോടതി റിട്ട് ഹർജി കേൾക്കണമെന്ന് വിധിക്കുകയും ചെയ്തു. സുപ്രീം കോടതി വിധിക്ക് അനുസൃതമായി ഹൈക്കോടതിയിൽ കേസിൽ ഹിയറിങ് നടന്നുവരികയാണ്. ഇതിനിടയിലാണ് കേന്ദ്ര മന്ത്രിസഭയുടെ തീരുമാനം വന്നിരിക്കുന്നത്.

തിരുവനന്തപുരം വിമാനത്താവളത്തിന്റെ സ്വകാര്യവത്കരണ തീരുമാനം സംസ്ഥാനത്തെ ജനങ്ങളുടെ പൊതുവികാരത്തിന് അനുസൃതമല്ലെന്ന് 19നു തന്നെ പ്രധാനമന്ത്രിയെ കത്തിലൂടെ അറിയിച്ചിരുന്നു. പൊതുമേഖലയിൽ നിലനിന്നപ്പോൾ വിമാനത്താവളത്തിന് നൽകിയ സഹായ സഹകരണങ്ങൾ സംസ്ഥാന സർക്കാരിന്റെ ശക്തമായ അഭിപ്രായത്തെ മറികടന്നു കൊണ്ട് സ്വകാര്യവത്കരിക്കപ്പെടുന്ന വിമാനത്താവളത്തിന് നൽകാൻ കഴിയില്ല എന്നും അറിയിച്ചിട്ടുണ്ട്. തുടർന്ന് ഓഗസ്റ്റ് 20ന് എല്ലാ രാഷ്ട്രീയ കക്ഷി നേതാക്കളുടെയും യോഗം മുഖ്യമന്ത്രി വിളിച്ചുചേർത്തു. അവിടെ ഉയർന്ന പൊതുവികാരം പ്രധാനമന്ത്രിയെ വീണ്ടും കത്തിലൂടെ അറിയിച്ചു.

അദാനി എന്റർപ്രൈസസ് നൽകാൻ തയാറായ തുക സംസ്ഥാന സർക്കാർ നൽകാമെന്ന് സമ്മതിച്ചിട്ടും വിമാനത്താവളം സ്വകാര്യവത്കരിക്കാനുള്ള തീരുമാനം എടുത്തതിന് യാതൊരു നീതികരണവുമില്ല. സംസ്ഥാനത്തിന്റെ പൊതുതാത്പര്യവും, സംസ്ഥാന സർക്കാരിന്റെ യുക്തിസഹമായ അഭിപ്രായങ്ങളും, ബഹുഭൂരിപക്ഷം രാഷ്ട്രീയകക്ഷി നേതാക്കളുടെ അഭിപ്രായവും പരിഗണിച്ചുകൊണ്ട് ഓഗസ്റ്റ് 19ലെ കേന്ദ്ര തീരുമാനം പുനഃപരിശോധിക്കണമെന്നും വിമാനത്താവളത്തിന്റെ മേൽനോട്ടവും നടത്തിപ്പും സംസ്ഥാന സർക്കാരിന് പങ്കാളിത്തമുള്ള എസ്പിവിക്ക് നൽകണമെന്നും കേരള നിയമസഭ കേന്ദ്രസർക്കാരിനോട് ഐകകണ്ഠ്യേന അഭ്യർഥിക്കുന്നു.

(ചട്ടം 118 പ്രകാരം മുഖ്യമന്ത്രി പിണറായി വിജയൻ സഭയിൽ അവതരിപ്പിച്ച പ്രമേയത്തിൽ നിന്ന്)

മഹാരാഷ്ട്രയിൽ അഞ്ചുനില കെട്ടിടം തകർന്നു

മുംബൈ: മഹാരാഷ്ട്രയിൽ റായ്ഗഡ് ജില്ലയിലെ മഹാഡിൽ അഞ്ചു നിലയുള്ള പാർപ്പിട സമുച്ചയം തകർന്നു വീണു. ഇന്നലെ വൈകിട്ട് ആറുമണിയോടെയാണ് അപകടം. നാൽപ്പതോളം അപ്പാർട്ട്മെന്റുകളുണ്ടായിരുന്ന കെട്ടിടത്തിന്റെ അവശിഷ്ടങ്ങളിൽ നിരവധിയാളുകൾ കുടുങ്ങിക്കിടക്കുന്നതായാണ് പ്രാഥമിക റിപ്പോർട്ട്.

25 പേരെ രക്ഷപെടുത്തി. അറുപതോളം പേർ അവശിഷ്ടങ്ങൾക്കിടയിൽ അകപ്പെട്ടിട്ടുണ്ടാകുമെന്നു കരുതുന്നു. 150ലേറെ പേരാണ് ഇവിടെ താമസിച്ചിരുന്നതെന്നും റിപ്പോർട്ടുണ്ട്. പത്തു വർഷം മുൻപു നിർമിച്ച സമുച്ചയമാണു തകർന്നത്.

ആരോപണങ്ങൾക്ക് കൈയോടെ മറുപടിയുമായി മന്ത്രിമാർ

തിരുവനന്തപുരം: സർക്കാരിനെതിരെ രേഖാമൂലം എഴുതിക്കൊടുത്ത് ഉന്നയിച്ച ആരോപണങ്ങൾക്ക് മന്ത്രിമാർ മറുപടി പറഞ്ഞതോടെ ആരോപണ കർത്താക്കളായ പ്രതിപക്ഷ നേതാവിനും ഉപനേതാവിനും മറുപടിയില്ല. വലിയ ഫയലുമായി രേഖകൾ വേണമെങ്കിൽ നിയമസഭയിൽ സമർപ്പിക്കാമെന്ന പ്രതിപക്ഷനേതാവിന്റെ വെല്ലുവിളി മുഖ്യമന്ത്രിയെ ലക്ഷ്യം വച്ചായിരുന്നു. 'വില്ലിന്റെ ഞാണൊടിഞ്ഞുപോയെ'ന്ന പരിഹാസത്തോടെയായിരുന്നു ഇതിന് പൊതുമരാമത്തു മന്ത്രി ജി. സുധാകരന്റെ മറുപടി. ആരോഗ്യ വകുപ്പിനെതിരെയുള്ള ആരോപണം മുസ്‌ലിം ലീഗ് നിയമസഭാ കക്ഷി നേതാവ് ഡോ. എം.കെ. മുനീറിന്റേതായിരുന്നു.

ആരോപണം പൊതുമരാമത്ത് വകുപ്പിനെതിരെയാണെങ്കിലും മന്ത്രി ജി. സുധാകരന് അതിൽ പങ്കില്ലെന്ന് പറഞ്ഞായിരുന്നു പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല തുടങ്ങിയത്. ദേശീയ പാതയോരത്ത് സ്ഥാപിക്കുന്ന വഴിയോര വിശ്രമകേന്ദ്രങ്ങൾ മുഖേന സർക്കാർ ഭൂമി സ്വകാര്യ വ്യക്തികൾക്ക് നൽകാൻ മുഖ്യമന്ത്രി ഇടപെട്ടുവെന്നായിരുന്നു ആരോപണം. ഇതിനായി റവന്യൂ വകുപ്പ് മന്ത്രിയുടെ നിർദേശം തള്ളി വകുപ്പ് സെക്രട്ടറിയെക്കൊണ്ട് നടപടി എടുപ്പിച്ചെന്നായിരുന്നു ആക്ഷേപം. ഇന്ത്യൻ ഓയിൽ കോർപറേഷൻ ഇതിനായി മുന്നോട്ടുവന്നെങ്കിലും അത് നൽകാതെ മുഖ്യമന്ത്രി നടപടി എടുത്തുവെന്നും അതിനായി പത്തുപതിനാലു പേർ ചുറ്റിനടക്കുന്നുവെന്നും ചെന്നിത്തല കുറ്റപ്പെടുത്തി.

ഇതുസംബന്ധിച്ച് പൊതുമരാമത്ത് മന്ത്രി മറുപടി പറയുമെന്നുപറഞ്ഞ റവന്യൂ മന്ത്രി ഇ. ചന്ദ്രശേഖരൻ ഇക്കാര്യത്തിൽ റവന്യൂ വകുപ്പ് ചെയ്യേണ്ടത് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കി. ദേശീയപാതയോരത്തല്ല പദ്ധതിയെന്ന് മന്ത്രി ജി. സുധാകരൻ പ്രതിപക്ഷ നേതാവിനെ തിരുത്തി. സ്റ്റേറ്റ് ഹൈവേയുടെ ഓരത്താണ് പദ്ധതി. ഇക്കാര്യത്തിൽ ടെൻഡർ വിളിച്ച് നടപടി സ്വീകരിക്കാനാണ് മുഖ്യമന്ത്രി നിർദേശിച്ചത്. ദേശീയ പാത അതോറിറ്റി മാനദണ്ഡ പ്രകാരമാണ് നടപടി. ടെൻഡർ വിളിച്ച ശേഷം തെരഞ്ഞെടുപ്പ് നടത്തി ഫയൽ റവന്യൂ, ധന വകുപ്പുകളുടെ അംഗീകാരം നേടുമെന്ന് മന്ത്രി പറഞ്ഞു.

പിപിഇ കിറ്റ് 350 രൂപയ്ക്കും 550 രൂപയ്ക്കും കിട്ടുമ്പോൾ 1550 രൂപയ്ക്ക് സർക്കാർ വാങ്ങുന്നതിൽ കൊടിയ അഴിമതിയുണ്ടെന്നായിരുന്നു ഡോ. എം.കെ. മുനീറിന്റെ ആക്ഷേപം.

ഐസിഎംആറിന്റെ അംഗീകൃത നിരക്കിലാണ് പിപിഇ കിറ്റ് വാങ്ങുന്നതെന്നും ഡിആർഡിഒ, സിട്ര എന്നീ കേന്ദ്രസർക്കാർ ഏജൻസികളുടെ ഗുണമേൻമ ഉറപ്പുവരുത്തിയ ഉത്പന്നങ്ങളാണ് വാങ്ങുന്നതെന്നും മന്ത്രി കെ.കെ. ശൈലജ അറിയിച്ചു. ഗുണമേന്മയുടെ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയ്ക്കും തയാറല്ലെന്നും ഏതുതരം ഓഡിറ്റിങ്ങിനും തയാറാണെന്നും മന്ത്രി പറഞ്ഞു.

കൊവിഡ്: കോതമംഗലം പള്ളി ഏറ്റെടുക്കാനികില്ലെന്ന് കലക്റ്റർ

കൊച്ചി: കോതമംഗലം പള്ളി ക്കേസിൽ കോടതിയലക്ഷ്യ നടപടികൾ അവസാനിപ്പിക്കണമെന്ന അപേക്ഷയുമായി എറണാകുളം ജില്ലാ കലക്റ്റർ എസ്. സുഹാസ് ഹൈക്കോടതിയിൽ. കൊവിഡ് വ്യാപനം പ്രദേശത്ത് രൂക്ഷമാണെന്നും ഈ സാഹചര്യത്തിൽ യാക്കോബായ സഭയിൽ നിന്ന് പള്ളി ഏറ്റെടുക്കാനാവില്ലെന്നുമാണ് അദ്ദേഹം അറിയിച്ചിരിക്കുന്നത്.

ബലപ്രയോഗത്തിലൂടെ പള്ളി ഏറ്റെടുക്കുന്നത് മേഖലയിൽ കൊവിഡ് വ്യാപനത്തിനു വഴി വച്ചേക്കുമെന്ന റിപ്പോർട്ടും കലക്റ്റർ കോടതിയിൽ സമർപ്പിച്ചു. കണ്ടെയ്ൻമെന്റ് സോൺ സംബന്ധിച്ച വിവരങ്ങൾ അറിയിക്കാനുള്ള കോടതി നിർദേശത്തിന്റെ പശ്ചാത്തലത്തിലാണ് നടപടി. പള്ളി ഏറ്റെടുക്കുന്ന സാഹചര്യമുണ്ടായാൽ കൊവിഡ് പ്രൊട്ടോക്കോൾ ലംഘിച്ച് വിശ്വാസികൾ തടിച്ചുകൂടുന്ന സാഹചര്യമുണ്ടാകും. നിലവിൽ കോതമംഗലം നഗരസഭാ പരിധിയിൽ 37 പേർക്ക് കൊവിഡ് സ്ഥിരീകരിച്ചിട്ടുണ്ട്.

കോടതി ഉത്തരവ് പ്രകാരം പള്ളി ഏറ്റെടുത്തതിനു പിന്നാലെ വണ്ണപ്പുറം മുള്ളരിങ്ങാട് സൂപ്പർ സ്പ്രെഡ് ഉണ്ടായി. കോതമംഗലം മാർതോമൻ ചെറിയ പള്ളിയും പരിസരവും കണ്ടെയ്ൻമെന്റ് സോണിൽ ഉൾപ്പെട്ടതിനാൽ, ഏറ്റെടുത്തു കൈമാറണമെന്ന വിധി നടപ്പാക്കാൻ സമയം വേണമെന്നു കഴിഞ്ഞയാഴ്ച സർക്കാർ കോടതിയിൽ അറിയിച്ചിരുന്നു. കേന്ദ്രസേനയെ നിയോഗിക്കുന്ന കാര്യത്തിൽ നിലപാടറിയിക്കാൻ കേന്ദ്ര സർക്കാരും കൂടുതൽ സമയം ചോദിച്ചിട്ടുണ്ട്.

സ്വർണക്കടത്തിലും ലൈഫ് മിഷൻ അഴിമതിയിലും മുഖ്യമന്ത്രിയുടെ രാജി ആവശ്യപ്പെട്ട് ഇന്നലെ ബിജെപി നിയമസഭയ്ക്കു മുന്നിൽ നടത്തിയ പ്രതിഷേധത്തിനിടെ സംസ്ഥാന പ്രസിഡന്റ് കെ. സുരേന്ദ്രനെ പൊലീസ് അറസ്റ്റ് ചെയ്തു നീക്കുന്നു.

സുശാന്തിന്റെ സുഹൃത്തിനെയും ജോലിക്കാരെയും ചോദ്യം ചെയ്ത് സിബിഐ

മുംബൈ: ബോളിവുഡ് നടൻ സുശാന്ത് സിങ് രാജ്പുട്ടിന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ട കേസ് ഏറ്റെടുത്ത സിബിഐ താരത്തിന്റെ സുഹൃത്ത് സിദ്ധാർഥ് പിതാനി, കുക്ക് നീരജ് സിങ്, വീട്ടുജോലിയിലുണ്ടായിരുന്ന ദീപേഷ് സാവന്ത് എന്നിവരെ ചോദ്യം ചെയ്തു. ഞായറാഴ്ച ഡിആർഡിഒ ഗസ്റ്റ് ഹൗസിലായിരുന്നു ചോദ്യം ചെയ്യൽ. സിബിഐ സംഘം ബാന്ദ്രയിലെ സുശാന്ത് സിങ്ങിന്റെ ഫ്ലാറ്റിലും ഇവരെ കൊണ്ടുപോയി പരിശോധന നടത്തി.

മുപ്പത്തിനാലുകാരനായിരുന്ന സുശാന്ത് സിങ് ആത്മഹത്യ ചെയ്ത ദിവസം ഈ മൂന്നു പേരും അദ്ദേഹത്തിന്റെ ഫ്ലാറ്റിലുണ്ടായിരുന്നു. ഞായറാഴ്ച രാവിലെ മുതൽ അഞ്ചു മണിക്കൂറോളമാണ് ഇവരെ ചോദ്യം ചെയ്തത്. അതിനുശേഷമാണ് ബാന്ദ്രയിലെ ഫ്ലാറ്റിലേക്കു കൊണ്ടുപോയത്. ഫ്ലാറ്റിൽ പരിശോധന നടത്തുമ്പോൾ ഫൊറൻസിക് വിദഗ്ധരും ഉണ്ടായിരുന്നു. മുംബൈ പൊലീസ് ഉദ്യോഗസ്ഥരും എത്തി. മൂന്നു മണിക്കൂറോളം ഇവർ ഫ്ലാറ്റിലുണ്ടായിരുന്നു. പിതാനിയെയും നീരജിനെയും സാവന്തിനെയും വൈകിട്ട് ഗസ്റ്റ് ഹൗസിൽ വൈകിട്ട് വീണ്ടും ചോദ്യം ചെയ്തു.

ശനിയാഴ്ച ബാന്ദ്രയിലെ വസതിയിൽ ഈ മൂന്നുപേരെയും എത്തിച്ച് സിബിഐ സംഘം സുശാന്തിന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ടുണ്ടായ സംഭവങ്ങൾ പുനരാവിഷ്കരിച്ചു പരിശോധിച്ചിരുന്നു. സുശാന്തിന്റെ പോസ്റ്റ്മോർട്ടം നടത്തിയ ആശുപത്രിയിലെത്തിയ സിബിഐയുടെ മറ്റൊരു സംഘം അവിടെനിന്നും വിവരങ്ങൾ ശേഖരിച്ചു. ബാന്ദ്ര പൊലീസ് സ്റ്റേഷനിലെത്തി ഉദ്യോഗസ്ഥരിൽ നിന്നു വിവരങ്ങൾ ശേഖരിക്കാൻ മറ്റൊരു സിബിഐ സംഘവും ഉണ്ടായിരുന്നു.

'ക്രോർപതി'യുടെ ഷൂട്ടിങ് പുനരാരംഭിച്ച് അമിതാഭ്

മുംബൈ: ജനപ്രിയ ടെലിവിഷൻ ക്വിസ് ഷോ 'കോൻ ബനേഗ ക്രോർപതി'യുടെ ഷൂട്ടിങ് അമിതാഭ് ബച്ചൻ പുനരാരംഭിച്ചു. ഇന്നലെ രാവിലെയാണ് ഷൂട്ടിങ് വീണ്ടും തുടങ്ങിയത്. സെറ്റിൽ നിന്നുള്ള ചിത്രങ്ങൾ അമിതാഭ് ഇൻസ്റ്റഗ്രാമിൽ ഷെയർ ചെയ്തിട്ടുണ്ട്.

കൊവിഡ് രോഗമുക്തനായി ആശുപത്രി വിട്ട് ദിവസങ്ങൾ കഴിഞ്ഞ ശേഷമാണ് അമിതാഭ് വീണ്ടും ഷൂട്ടിങ് സെറ്റിലെത്തുന്നത്.

നീല പിപിഇ കിറ്റുകൾ ധരിച്ചവരുടെ സംഘമാണ് അമിതാഭ് ഷെയർ ചെയ്ത ചിത്രങ്ങളിലെ പ്രൊഡക്ഷൻ യൂണിറ്റിൽ കാണുന്നത്. രാജ്യവ്യാപകമായി ആയിരക്കണക്കിന് ആരാധകരുള്ള അമിതാഭിന്റെ പരിപാടിയാണ് കോൻ ബനേഗ ക്രോർപതി. ഷോയുടെ പന്ത്രണ്ടാം സീസണിന്റെ ഷൂട്ടിങ്ങാണ് ഇപ്പോൾ നടക്കുന്നത്.

കൊവിഡ് പ്രോട്ടോകോൾ പാലിച്ച് സിനിമ, ടിവി സീരിയൽ ഷൂട്ടിങ് പുനരാരംഭിക്കാൻ കഴിഞ്ഞദിവസം കേന്ദ്ര സർക്കാർ അനുമതി നൽകിയിരുന്നു. ഇതിനുള്ള മാർഗനിർദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ പിപിഇ കിറ്റുകൾ ഉപയോഗിക്കേണ്ട വിഭാഗക്കാരെ കുറിച്ചും പറയുന്നുണ്ട്.

നീറ്റ്: വിദേശത്ത് പരീക്ഷാ കേന്ദ്രങ്ങൾ അനുവദിക്കില്ല

വിദ്യാർഥികൾക്ക് വന്ദേഭാരത് ടിക്കറ്റ് ലഭ്യമാക്കണം: സുപ്രീം കോടതി

ന്യൂഡൽഹി: മെഡിക്കൽ പ്രവേശനത്തിനുള്ള നീറ്റ് പരീക്ഷയ്ക്ക് ഇന്ത്യയ്ക്കു പുറത്ത് പരീക്ഷാ കേന്ദ്രങ്ങൾ അനുവദിക്കണമെന്ന ആവശ്യം സുപ്രീം കോടതി തള്ളി. സെപ്റ്റംബർ 13ന് പരീക്ഷ നടക്കാനിരിക്കെ ആവശ്യം അംഗീകരിക്കാനാകില്ലെന്ന് ടെസ്റ്റിങ് ഏജൻസിയും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയും അറിയിച്ചു. ഇത് അംഗീകരിച്ചാണ് സുപ്രീം കോടതി തീരുമാനം.

പ്രവാസി വിദ്യാർഥികൾക്കായി വന്ദേഭാരത് ദൗത്യത്തിൽ ടിക്കറ്റ് സൗകര്യം ഒരുക്കണമെന്നും കോടതി വ്യക്തമാക്കി. ഇതു സംബന്ധിച്ച് സോളിസിറ്റർ ജനറലിന് നിർദേശം നൽകി. നീറ്റ് പരീക്ഷയ്ക്ക് രാജ്യത്തിന് പുറത്ത് പരീക്ഷാ കേന്ദ്രങ്ങൾ വേണമെന്ന് ആവശ്യപ്പെട്ട് പ്രവാസി വിദ്യാർഥികളുടെ രക്ഷിതാക്കൾ സമർപ്പിച്ച ഹർജിയാണ് തള്ളിയത്. രാജ്യത്തിന് പുറത്ത് പരീക്ഷ കേന്ദ്രം വേണമെന്ന ആവശ്യം തള്ളണമെന്ന് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ സുപ്രീം കോടതിയിൽ ആവശ്യപ്പെട്ടിരുന്നു.

പരീക്ഷ എഴുതാൻ വിദേശത്തു നിന്നും വരുന്ന വിദ്യാർഥികളുടേയും രക്ഷകർത്താക്കളുടെയും ക്വാറന്റൈൻ ഒഴിവാക്കുന്നതിന് സംബന്ധിച്ച തീരുമാനം എടുക്കേണ്ടത് സംസ്ഥാന സർക്കാരുകളാണെന്നും സുപ്രീം കോടതി വ്യക്തമാക്കി. ഈ ആവശ്യം ഉന്നയിച്ചു വിദ്യാർഥികൾക്ക് സംസ്ഥാന സർക്കാരുകളെ സമീപിക്കാം.

നീറ്റ് എഴുതാൻ വേണ്ടി വിദേശ രാജ്യങ്ങളിൽ നിന്നും 5000ത്തോളം പേരാണ് കേരളത്തിൽ എത്തുന്നതെന്ന് ഹർജിക്കാർക്ക് വേണ്ടി ഹാജരായ അഭിഭാഷകൻ ഹാരീസ് ബീരാൻ ചൂണ്ടിക്കാട്ടി. പലരും സെപ്റ്റംബർ ആറിനു നടക്കുന്ന ജെഇഇ പരീക്ഷ എഴുതിയ ശേഷമാണു നാട്ടിലേക്ക് വരുന്നത്.

നീറ്റ് പരീക്ഷ നടക്കുന്നത് സെപ്റ്റംബർ 13നും. അതിനാൽ വിദേശത്തുനിന്നും വരുന്നവരുടെ ക്വാറന്റൈൻ ഒഴിവാക്കണമെന്ന് ഹാരീസ് ബീറ്റാൻ ആവശ്യപ്പെട്ടു.

എന്നാൽ കേരളം ഇപ്പോഴാണു കൊവിഡിന്റെ ആഘാതം നേരിടുന്നതെന്നും പ്രതിദിന കേസുകൾ 2000 ൽ അധികമാണെന്നും ജസ്റ്റിസ് നാഗേശ്വർ റാവു ചൂണ്ടിക്കാട്ടി. അതിനാൽ ക്വാറന്റൈൻ ഒഴിവാക്കാൻ കോടതി ഉത്തരവിടില്ലെന്നും ഇക്കാര്യത്തിൽ ഉചിതമായ തീരമാനം സംസ്ഥാന സർക്കാരിന് എടുക്കാമെന്നും ബെഞ്ച് വ്യക്തമാക്കി.

ഇന്നു നിങ്ങൾക്ക്

ബ്രഹ്മശ്രീ കാണിപ്പയ്യൂർ നാരായണൻ നമ്പൂതിരിപ്പാട്

- ■ അശ്വതി : പുത്രപൌത്രാ ദികളുടെ ആഗമനം മനസ്സമാധാനത്തിന് വഴിയൊരുക്കും. പറ യുന്ന വാക്കുകൾ ഫലപ്രദമായിത്തീരും. ഹ്രസ്വകാലപാഠ്യപദ്ധതിയ്ക്ക് ചേരും.
- ■ ഭരണി : തൃപ്തിയുള്ള പാഠ്യപദ്ധതിയിൽ ചേരുവാൻ തീരുമാനിയ്ക്കും. പറയുന്ന വാക്കു കളിൽ അബദ്ധമുണ്ടാവാതെ സൂക്ഷിക്കണം.
- ■ കാർത്തിക : തൊഴിൽമേഖലകളോട് ബന്ധപ്പെട്ട യാത്ര വിഫലമാകും. അറിവുള്ളതായാ ലും ആവശ്യത്തിന് അവതരിപ്പിയ്ക്കുവാൻ സാധിയ്ക്കുകയില്ല. മനസ്സമാധാനം കുറയും.
- ■ രോഹിണി : സാമ്പത്തികപരാധീനതകൾ ഒഴിവാക്കുവാൻ ഭൂമി വിൽക്കുവാൻ തയ്യാറാ കും. മുൻകോപം നിയന്ത്രിയ്ക്കും.
- ■ മകയിരം : ക്ലേശകരമായ സാഹചര്യങ്ങൾ നിഷ്പ്രയാസം തരണം ചെയ്യുവാൻ സാധി യ്ക്കും. വിഭാവനം ചെയ്ത പ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തി നേടും.
- ■ തിരുവാതിര : കുടുംബത്തിൽ സ്വസ്ഥതയും സമാധാനവും ഉണ്ടാകും. വർദ്ധിച്ചുവരുന്ന ചെലവുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തും.
- ■ പുണർതം : മോഹനവാക്ദാനങ്ങളിലകപ്പെടരുത്. ഹ്രസ്വകാലപാഠ്യപദ്ധതിയിൽ ചേരും. വാഹനാപകടത്തിന് ദൃക്സാക്ഷിയാകും.
- ■ പൂയ്യം : മംഗളകർമ്മങ്ങളിൽ പങ്കെടുക്കുവാനിടവരും. ദൃഷ്ടിപഥത്തിലുള്ളതെല്ലാം ശരി യാണെന്നുള്ള മിഥ്യാധാരണകൾ ഉപേക്ഷിയ്ക്കണം.
- ■ ആയില്യം : ദമ്പതികളുടെ ആഗ്രഹങ്ങൾ സഫലമാകും. മത്സരരംഗങ്ങളിൽ ഉന്നതവിജയം കൈവരിയ്ക്കും. പ്രധാനപ്പെട്ടതീരുമാനങ്ങൾ സ്വീകരിയ്ക്കുവാൻ ബന്ധുസഹായംതേടും.
- ■ മകം : അനുവദിച്ച സംഖ്യ ലഭിയ്ക്കുവാൻ കക്ഷിരാഷ്ട്രീയക്കാരുടെ സഹായം തേടും. സഹപ്രവർത്തകരുടെ ജോലി കൂടി ചെയ്തു തീർക്കേണ്ടതായി വരും.
- ■ പൂരം : കുടുംബത്തിൽ സ്വസ്ഥതയും സമാധാനവും ദാമ്പത്യ ഐക്യതയും ഉണ്ടാകും. ഹ്രസ്വകാല പാഠ്യപദ്ധതിയ്ക്ക് ചേരും. ഉന്നതരെ പരിചയപ്പെടുവാനവസരമുണ്ടാകും.
- ■ ഉത്രം : വിശേഷപ്പെട്ട ദേവാലയദർശനം നടത്തുവാനിടവരും. പഠിച്ച വിഷയത്തോടനു ബന്ധമായ ഉദ്യോഗത്തിന് നിയമനാനുമതി ലഭിയ്ക്കും.
- ■ അത്തം : മത്സരരംഗങ്ങളിൽ വിജയിയ്ക്കും. പലപ്രകാരത്തിലും സ്വസ്ഥതയും സമാധാ നവും ഉണ്ടാകും. ആഗ്രഹസാഫല്യത്താൽ ആത്മനിർവൃതിയും ആത്മവിശ്വാസവുമുണ്ടാ കും.
- ■ ചിത്ര : ഉദര-നീർദ്ദോഷ രോഗങ്ങളാൽ അവധിയെടുക്കും. സന്താനസംരക്ഷണത്താൽ ആശ്വാസമുണ്ടാകും. ജോലിക്കാർ ചെയ്തുവെച്ച് അബദ്ധങ്ങൾ തിരുത്തേണ്ടതായിവരും.
- ■ ചോതി : പുത്ര-പൌത്രാദി സംരക്ഷണത്തിൽ ആശ്വാസവും ആത്മാഭിമാനവും തോന്നും. ആഗ്രഹസാഫല്യത്താൽ ആത്മനിർവൃതിയുണ്ടാകും.
- ■ വിശാഖം : ഏറ്റെടുത്ത ദൌത്യം വിജയപഥത്തിലെത്തിയ്ക്കുവാൻ സാധിയ്ക്കും. പു ത്രൻ വാങ്ങിയ ഗൃ ഹത്തിൽ താമസിയ്ക്കുവാനുള്ള ഏർപ്പാടുകൾ ചെയ്യും.
- ■ അനിഴം : സംഘനേതൃത്വസ്ഥാനം ഏറ്റെടുക്കും. പ്രവർത്തനമേഖലകളിൽ നിന്നും സാ മ്പത്തിക ലാഭമുണ്ടാകും. പുതിയ കരാറുജോലികൾ ഏറ്റെടുക്കും.
- ■ തൃക്കേട്ട : സങ്കീർണ്ണമായ പ്രശ്നങ്ങൾക്കു ശാശ്വതപരിഹാരം കണ്ടെത്തും. വ്യവസായ സ്ഥാപ നത്തിന്റെ നിലനിൽപിന്നായി അലസരായ ജോലിക്കാരെ പിരിച്ചുവിടും.
- ■ മൂലം : പാരമ്പര്യപ്രവൃത്തികളിൽ വ്യാപൃതനാകുന്നതിനാൽ ആശ്വാസവും ആത്മസാ ക്ഷാത്കാരവും ആത്മാഭിമാനവും തോന്നും. ആഗ്രഹസാഫല്യത്താൽ ആത്മനിർവൃതി ഉണ്ടാകും.
- ■ പൂരാടം : പ്രവർത്തനമേഖലകളിൽ പുതിയ ആശയം ഉത്ഭവിയ്ക്കും.കുടുംബത്തിൽ സൽക്കർമ്മങ്ങൾ ഉണ്ടാകും. കുടുംബത്തിലെ അഭിപ്രായവ്യത്യാസം പരിഹരിയ്ക്കുവാൻ സാധിയ്ക്കും.
- ■ ഉത്രാടം : ഉദ്യോഗത്തിനോടനുബന്ധമായി ഉപരിപഠനത്തിന് ചേരുവാൻ അവസരമുണ്ടാ കും. അവതരണശൈലിയിൽ പുതിയ ആശയം ഉത്ഭവിയ്ക്കും.
- ■ തിരുവോണം : ഏറ്റെടുത്ത ജോലികൾ തൃപ്തിയാകും വിധത്തിൽ പൂർത്തീകരിയ്ക്കു വാൻ സാധിയ്ക്കും. ഉദ്യോഗത്തിൽ ഉദ്ദേശിച്ചസ്ഥലത്തേയ്ക്ക് സ്ഥാനമാറ്റം ഉണ്ടാകും.
- ■ അവിട്ടം : ജന്മസിദ്ധമായ കഴിവുകൾ പ്രകടിപ്പിയ്ക്കുവാൻ അവസരമുണ്ടാകും. പ്രത്യേക പാഠ്യപദ്ധതിയിൽ ചേരുവാനിടവരും. പാരമ്പര്യപ്രവൃത്തികളിൽ പ്രവർത്തിയ്ക്കുവാൻ സന്നദ്ധനാകും.
- ■ ചതയം : അടിസ്ഥാനരഹിതമായ ആരോപണങ്ങൾക്ക് വിധേയനാകും. അശ്രദ്ധ കൊണ്ട് വീഴ്ചയ്ക്ക് യോഗമുണ്ട്.
- ■ പൂരോരുട്ടാതി : വ്യവസായം നവീകരിയ്ക്കുവാൻ തീരുമാനിയ്ക്കും. പദ്ധതി ആസൂത്രണ ങ്ങളിൽ ലക്ഷ്യപ്രാപ്തി നേടും.സമയോചിതമായ ഇടപെടലുകളാൽ അബദ്ധങ്ങൾ ഒഴി വാകും.
- ■ ഉത്രട്ടാതി : ഔദ്യോഗികമായ യാത്രകൾ മാറ്റിവെയ്ക്കും. വരവും ചെലവും തുല്യമായിരി യ്ക്കും. പലപ്രകാരത്തിലും അസുഖങ്ങൾ വർദ്ധിയ്ക്കുന്നതിനാൽ വിദഗ്ദ്ധപരിശോധന വേണ്ടിവരും.
- ■ രേവതി : അനാവശ്യമായ ആധി ഉപേക്ഷിക്കണം. ഉപകാരം ചെയ്തുകൊടുത്തവരിൽ നിന്നും വിപരീതപ്രതികരണങ്ങൾ വന്നുചേരും.

കൊവിഡ് ബ്രിഗേഡിന്റെ ആദ്യ ദൗത്യം കാസർഗോട്ട്

■ സംഘത്തെ ഇന്നു മുഖ്യമന്ത്രി യാത്രയാക്കും

തിരുവനന്തപുരം: സംസ്ഥാനത്ത് കൊവിഡ് പ്രതിരോധം ശക്തമാക്കാൻ സജ്ജമാക്കി വരുന്ന കൊവിഡ് ബ്രിഗേഡിന്റെ ആദ്യ സംഘം പരിശീലനം പൂർത്തിയാക്കി സേവനത്തിനിറങ്ങുന്നു. കാസർഗോഡുള്ള കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളാണ് ഇവരുടെ ആദ്യ ദൗത്യം. തിരുവനന്തപുരം മെഡിക്കൽ കോളെജിന്റെ നേതൃത്വത്തിൽ നടന്ന നാലു ദിവസത്തെ പരിശീലനം പൂർത്തിയാക്കിയ 26 സിഎഫ്എൽടിസി കൊവിഡ് ബ്രിഗേഡുമാരാണ് സംഘത്തിലുള്ളത്. ഇന്നു രാവിലെ 10 മണിക്ക് സെൻട്രൽ സ്റ്റേഡിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഈ സംഘത്തെ യാത്രയാക്കും. ആരോഗ്യ വകുപ്പ് മന്ത്രി കെ.കെ. ശൈലജ അധ്യക്ഷത വഹിക്കും.

ഡോ. എസ്.എസ്. സന്തോഷ്കുമാറിന്റെ നേതൃത്വത്തിലാണ് നാലു ദിവസത്തെ പരിശീലനം നൽകിയത്.

ഇവർക്കെല്ലാം സിഎഫ്എൽടിസികളിൽ നേരിട്ടുള്ള പരിശീലനമാണ് നൽകിയത്. ഇൻഫെക്ഷൻ കൺട്രോൾ, ബേസിക് ലൈഫ് സപ്പോർട്ട്, എയർവേ മാനേജ്മെന്റ്, അഡ്വാൻസ്ഡ് എയർവേ മാനേജ്മെന്റ്, മെഡിക്കൽ പ്രോട്ടോകോൾ, കൊവിഡ് പ്രോട്ടോകോൾ, സാംപിൾ ടെസ്റ്റിങ്, സുരക്ഷാ മാനദണ്ഡങ്ങൾ, പിപിഇ കിറ്റിന്റെ ഫലപ്രദമായ ഉപയോഗം തുടങ്ങിവയിലാണ് പരിശീലനം നൽകിയത്.

സംസ്ഥാനത്ത് സെപ്റ്റംബറോടെ കൊവിഡ് വ്യാപനം കൂടുമെന്ന വിദഗ്ധ അഭിപ്രായത്തെ തുടർന്നാണ് ബ്രിഗേഡിന് രൂപം നൽകിയത്. ഡോക്റ്റർമാരുടെയും മറ്റ് ആരോഗ്യ പ്രവർത്തകരുടെയും സേവനം കൂടുതലായി ആവശ്യമുണ്ട്. ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററിൽ ആവശ്യമായ ഡോക്റ്റർമാർ, നഴ്സുമാർ, ഫാർമസിസ്റ്റ്, ലബോറട്ടറി ടെക്നീഷ്യൻ, മറ്റ് ആരോഗ്യ പ്രവർത്തകർ തുടങ്ങി വിവിധ വിഭാഗങ്ങളിൽ ഉൾപ്പെടുന്നവരാണ് ബ്രിഗേഡിലെ അംഗങ്ങൾ.

കൊവിഡ് 19 ജാഗ്രത പോർട്ടൽ വഴി ബ്രിഗേഡിൽ രജിസ്റ്റർ ചെയ്ത സേവനതത്പരരാണ് അംഗങ്ങളായിരിക്കുന്നത്. അടുത്ത ബാച്ചിന്റെ പരിശീലനം മെഡിക്കൽ കോളെജിൽ ആരംഭിച്ചു.

തീവ്രപരിചരണ വിഭാഗങ്ങളിൽ ജോലി ചെയ്യുന്നവർക്ക് ഐസിയുവിൽ നേരിട്ടുള്ള 10 ദിവസത്തെ പരിശീലനമാണ് നൽകുന്നത്.

കൊവിഡ് ബ്രിഗേഡിൽ ചേരാൻ https://covid19jagratha.kerala.nic.in/ എന്ന പോർട്ടൽ വഴി ഓൺലൈൻ രജിസ്ട്രേഷൻ നടത്താം.

സ്നേഹ സാന്ത്വനം പദ്ധതിക്ക് 19 കോടിയുടെ ഭരണാനുമതി

■ എൻഡോസൾഫാൻ സംയോജിത പാക്കെജ് ഓണത്തിന് മുമ്പ് ലഭ്യമാക്കും

തിരുവനന്തപുരം: കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കുന്ന സ്നേഹ സാന്ത്വനം പദ്ധതിയ്ക്ക് 19 കോടി രൂപയുടെ ഭരണാനുമതി. ഓണത്തിന് മുൻപ് എൻഡോസൾഫാൻ ദുരിതബാധിതർക്ക് ആനുകൂല്യം ലഭ്യമാകുന്ന രീതിയിൽ അടിയന്തര നടപടികൾ സ്വീകരിക്കാൻ സാമൂഹ്യ സുരക്ഷാ മിഷന് നിർദേശം നൽകിയിട്ടുണ്ടെന്ന് ആരോഗ്യവകുപ്പു മന്ത്രി കെ.കെ. ശൈലജ.

സ്നേഹ സാന്ത്വനം പദ്ധതിയിലൂടെ എൻഡോസൾഫാൻ ദുരിതബാധിതരുടെ ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് പ്രതിമാസം പെൻഷൻ നൽകുന്നു. ദീർഘകാല ചികിത്സ ആവശ്യമുള്ളതും രോഗാവസ്ഥയിലുള്ളവരും തൊഴിലെടുക്കാനാകാതെ വീട്ടിൽ കഴിയുന്നവരായവരിൽ തദ്ദേശ സ്ഥാപനങ്ങൾ മുഖേന വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക് 1,700 രൂപയും പെൻഷൻ ലഭിക്കാത്തവർക്ക് 2,200 രൂപയും എൻഡോസൾഫാൻ ദുരിതബാധിതരായ മറ്റ് രോഗികൾക്ക് 1,200 രൂപ വീതവും പ്രതിമാസം ധനസഹായം നൽകുന്നു.

ദുരിതബാധിതരുടെ 50,000 മുതൽ മൂന്നു ലക്ഷം രൂപ വരെയുള്ള കടബാധ്യതകൾ എഴുതിത്തള്ളി. സാമ്പത്തിക സഹായമായി 171.11 കോടി രൂപ, ചികിത്സയ്ക്കായി 15 കോടി, പെൻഷനായി 25 കോടി, സ്പെഷ്യൽ ആശ്വാസ കിരണത്തിന് 1.75 കോടി, സ്കോളർഷിപ്പിന് 67 ലക്ഷം, വായ്പ എഴുതിതള്ളുന്നതിന് 6.83 കോടി ഉൾപ്പെടെ 221 കോടി രൂപയോളമാണ് ഇതിനകം നൽകിയത്. പൂർണമായും കിടപ്പിലായ രോഗികൾ, മാനസിക പരിമിതിയുള്ളവർ എന്നീ വിഭാഗത്തിൽപ്പെടുന്നവർക്ക് അഞ്ച് ലക്ഷം രൂപ വീതം ധനസഹായം കൂടാതെ സൗജന്യ ചികിത്സയും പ്രതിമാസ പെൻഷനും നൽകിവരുന്നു.

കാസർഗോഡ് മൂളിയാർ വില്ലെജിൽ എൻഡോസൾഫാൻ പുനരധിവാസ വില്ലെജിന്റെ നിർമാണ പ്രവർത്തനം തുടങ്ങി. ദുരിതബാധിതരുടെയും ജില്ലയിലെ മറ്റു ഭിന്നശേഷിയുള്ള കുട്ടികളുടെയും ശാരീരികവും മാനസികവുമായ സമഗ്രവും ശാസ്ത്രീയവുമായ പുനരധിവാസം ലക്ഷ്യമാക്കിയാണ് സാമൂഹ്യ നീതി വകുപ്പിന് കീഴിൽ വില്ലെജ് സ്ഥാപിക്കുന്നത്. ഏറ്റവും കൂടുതൽ ദുരിതം അനുഭവിക്കുന്ന എൻഡോസൾഫാൻ ബാധിതരായ കുട്ടികളുടെ സമഗ്ര ഉന്നമനത്തിനും പഠനത്തിനുമായി മാതൃകാ ശിശു പുനരധിവാസ കേന്ദ്രങ്ങൾ സ്ഥാപിച്ചു.

ധന ബിൽ സഭ പാസാക്കി

തിരുവനന്തപുരം: കഴിഞ്ഞ ബജറ്റിനൊപ്പം അവതരിപ്പിച്ച ധന ബിൽ നിയമസഭ പാസാക്കി. 2020-21ലെ ധന വിനിയോഗ ബിൽ, ഉപധനാഭ്യർഥനകളും പാസാക്കി. ധനമന്ത്രി ടി.എം. തോമസ് ഐസക് ബില്ലുകൾ അവതരിപ്പിച്ചു. ബജറ്റിൽ പ്രഖ്യാപിച്ച അധിക വിഭവ സമാഹരണം നിർദേശങ്ങളും ആശ്വാസ നടപടികളും ഉൾക്കൊള്ളുന്ന നിർദേശങ്ങളും ഭേദഗതിയും അടങ്ങുന്നതാണ് ബിൽ. കൊവിഡ് സാഹചര്യത്തിൽ സബ്ജക്റ്റ് കമ്മിറ്റി പരിശോധനയും ചർച്ചയും ഒഴിവാക്കിയാണ് ബിൽ പാസാക്കിയത്. ബന്ധപ്പെട്ട ചട്ടം താൽകാലികമായി റദ്ദാക്കി നടപടി പൂർത്തിയാക്കി.

വിദ്യാഭ്യാസ വാഹനങ്ങളുടെ നികുതി വർധനയിൽ ഡ്രൈവറും ഉൾപ്പെടെ 20 സീറ്റിനു മുകളിലായിരിക്കും നികുതി നിരക്ക് വർധനയെന്ന് ധനമന്ത്രി വ്യക്തമാക്കി. ബജറ്റിൽ 20 സീറ്റിനു മുകളിൽ എന്നായിരുന്നു നിർദേശം. ജിഎസ്ടി നിയമത്തിൽ കേന്ദ്ര സർക്കാർ വരുത്തിയ ഭേദഗതികൾക്ക് ആനുപാതിക ഭേദഗതികൾ സംസ്ഥാന നിയമത്തിലും വരുത്തിയുള്ള നിർദേശങ്ങളും അംഗീകരിച്ചു. ഫ്ലാറ്റുകൾ, അപ്പാർട്ട്മെന്റുകൾ ഒഴികെയുള്ള കെട്ടിടങ്ങൾ കൈമാറ്റം ചെയ്യുമ്പോൾ കേന്ദ്ര മരാമത്ത് വകുപ്പ് നിരക്കിൽ തറവിസ്തീർണം അടിസ്ഥാനത്തിൽ വില നിർണയിച്ച് നികുതി ഈടാക്കുമെന്ന് ധന ബില്ലിൽ നേരത്തെ വ്യക്തമാക്കിയിരുന്നു.

ഉപധനാഭ്യർഥനകളിൽ തെരഞ്ഞെടുപ്പ് എന്ന ശീർഷകത്തിൽ 100 കോടി രൂപയുടെ നിർദേശവും അംഗീകാരമായി. തദ്ദേശ തെരഞ്ഞെടുപ്പ് നടത്തേണ്ട സാഹചര്യത്തിലാണിത്.

അനാവശ്യ ചെലവ് 23.66 കോടി: സിഎജി

സ്വന്തം ലേഖകൻ

തിരുവനന്തപുരം: വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി അനാവശ്യമായി സംസ്ഥാന സർക്കാർ 23.66 കോടി രൂപ ചെലവാക്കിയെന്ന് സിഎജി റിപ്പോർട്ട്.

അനധികൃത ചീനവലകളുടെ ഉടമസ്ഥർക്ക് നഷ്ടപരിഹാരമായി 92.5 ലക്ഷം രൂപ നൽകിയതിന് പുറമേ 88.80 ലക്ഷം രൂപ അവർക്ക് വീണ്ടും നൽകി. റോഡ് നിർമാണ പ്രവർത്തിയിൽ ഉപയോഗിച്ച ബിറ്റുമിന്റെ വില കൃത്യമായി ഈടാക്കാത്തതിനാൽ 99.72 ലക്ഷം രൂപ കരാറുകാർക്ക് അധികമായി നൽകി. റോഡ് നിർമാണങ്ങളിൽ സാങ്കത്പ്പിക ലെവൽ അളവുകളും തെറ്റായ കണക്കുകൂട്ടലുകളും കാരണം കരാറുകാർക്ക് 1.54 കോടി അനുവദനീയമല്ലാതെ സർക്കാർ കമൈാറിയെന്നും സിഎജി റിപ്പോർട്ടിൽ പറയുന്നു.

റോഡ് പരിപാലനം: ഗുണനിലവാര പരിശോധന അപര്യാപ്തം

തിരുവനന്തപുരം: 15 ലക്ഷം രൂപയിൽ കൂടുതൽ ചെലവ് കണക്കാക്കുന്ന ജോലികളിൽ പൊതുമരാമത്ത് വകുപ്പ് നടത്തിയ ഗുണനിലവാര നിയന്ത്രണ പരിശോധന അപര്യാപ്തമായിരുന്നുവെന്ന് സിഎജി റിപ്പോർട്ട്. നിർബന്ധമായും നടത്തേണ്ട ഫീൽഡ് പരിശോധന നടത്താത്തിനാൽ പ്രവൃത്തികളുടെ ഗുണനിലവാരത്തിൽ വീഴ്ച്ചയുണ്ടാകുകയും ഓഡിറ്റ് പരിശോധിച്ച 92 പ്രവൃത്തികളിൽ 611.85 കോടി രൂപയുടെ 92 പദ്ധതികൾ ശരിയായി നടത്തിയിട്ടില്ലെന്നും സിഎജി കണ്ടെത്തി. പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ മുൻകൂട്ടി അറിയിച്ച് സന്ദർശനം നടത്തി തൃപ്തികരമായ പരിശോധനാ ഫലങ്ങൾ നൽകുകയായിരുന്നുവെന്നും ബില്ലുകൾ പാസാക്കി തുക നൽകുകയായിരുന്നുവെന്നും സിഎജി റിപ്പോർട്ടിൽ പറയുന്നു.

കരാറുകാരിൽ നിന്ന് കടപത്രങ്ങൾ കൈകാര്യം ചെയ്യുന്നതിൽ വകുപ്പുതല വീഴ്ച്ചയുണ്ടായതിനാൽ അവർക്ക് അർഹതയില്ലാതെ 15.73 കോടി രൂപ ആനുകൂല്യങ്ങൾ നൽകുകയും 1.34 കോടിയുടെ അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുകയും ചെയ്തു. ദർഘാസുകൾ തീർപ്പുകത്പ്പിക്കുന്നതിൽ കാലതാമസമുണ്ടായതിനാൽ 3.17 കോടിയുടെ അധിക ബാധ്യതയും സർക്കാരിനുണ്ടായെന്ന് സിഎജി കണ്ടെത്തി.

ഇതിനു പുറമേ ഫ്ലോട്ടിങ് ത്രിവേണി സൂപ്പർ മാർക്കറ്റ് പ്രൊജക്റ്റിനായി ബോട്ടുകൾ വാങ്ങിയതിന് 1.82 കോടിയുടെ നഷ്ടവും സഹകരണ സംഘങ്ങളിൽ നിന്നുള്ള ഓഡിറ്റ് ഫീസ് ശേഖരിക്കുന്നതിൽ ഉണ്ടായ വീഴ്ച്ച കാരണം സർക്കാരിന് ലഭിക്കേണ്ട 16.69 കോടി രൂപയും സഹകരണ സംഘങ്ങളുടെ ലാഭവിഹിതമായ 95.44 ലക്ഷം രൂപയും ഇതുവരെ ലഭിച്ചിട്ടില്ല.

തീരദേശ നിയന്ത്രണ മേഖലകളിൽ പദ്ധതികൾ നടപ്പാക്കുന്നതിൽ സിആർഇസെഡ് വിജ്ഞാപനം പാലിക്കാത്തതിനെത്തുടർന്ന് മൂന്നു പദ്ധതികളിൽ 8.97 കോടി രൂപ ക്രമവിരുദ്ധമായി ചെലവാക്കുകയും രണ്ടു പദ്ധതികൾക്ക് കിട്ടേണ്ട 9.55 കോടി രൂപയുടെ കേന്ദ്ര സർക്കാർ സഹായം നഷ്ടപ്പെടുകയും ചെയ്തെന്നും സിഎജി കണ്ടെത്തി.

സപ്ലൈകോ സബ്സിഡി ഉത്പന്നങ്ങളിൽ വരുത്തിയത് 7.94 കോടിയുടെ നഷ്ടം

തിരുവനന്തപുരം: സംയോജിത സോഫ്റ്റ്‌വെയറില്ലാത്തതിനാൽ സപ്ലൈകോയ്ക്ക് സബ്സിഡി ഉത്പ്പന്നങ്ങൾ വാങ്ങുന്നതിലും വിപണനം നടത്തുന്നതിലുമുണ്ടായ പിഴവ് കാരണം ഈ വർഷമുണ്ടായത് 7.94 കോടിയുടെ നഷ്ടം.

സപ്ലൈകോയുടെ ഔട്ട്‌ലറ്റുകൾ, ഡിപ്പൊകൾ, ഹെഡ് ഓഫിസുകൾ എന്നിവിടങ്ങളിൽ ഉത്പന്നങ്ങളുടെ കണക്കും ആവശ്യകതയും ഏകോപിപ്പിക്കുന്നതിലുണ്ടായ പിഴവ് കാരണമാണിത് സംഭവിച്ചതെന്നാണ് സിഎജിയുടെ കണ്ടെത്തൽ.

ഏകോപനമില്ലാതായതോടെ സപ്ലൈകോ ഔട്ട്‌ലറ്റുകളിൽ ഉത്പന്നങ്ങൾ കുന്നുകൂടുകയും ഒരേ ഉത്പന്നങ്ങൾ തന്നെ വിവിധ നിരക്കുകളിൽ ഒരേ മാസങ്ങളിൽ ഒന്നിലധികം തവണ വാങ്ങുകയും ചെയ്യുന്ന അവസ്ഥയുണ്ടായെന്നും സിഎജി റിപ്പോർട്ടിൽ പറയുന്നു.

കെട്ടിട നികുതിയിൽ 30 ശതമാനം വർധന

■ പഞ്ചയത്തുകളിൽ കുറഞ്ഞ ഒറ്റത്തവണ നികുതി 1,950 രൂപ

തിരുവനന്തപുരം: റവന്യൂ വകുപ്പ് ഈടാക്കുന്ന ഒറ്റത്തവണ കെട്ടിട നികുതി ഘടന ശാസ്ത്രീയമായി പരിഷ്കരിച്ചുള്ള നിർദേശത്തിൻ നിയമസഭയുടെ അംഗീകാരം. തദ്ദേശ സ്വയംഭരണ സ്ഥാപന വ്യത്യാസമില്ലാതെ, എല്ലാ മേഖലയിലും നികുതിവർധന 30 ശതമാനത്തിൽ കൂടില്ലെന്ന് ഉറപ്പുവരുത്തുന്ന നിർദേശമാൺ നടപ്പാകുന്നത്. ബിൽ ഗവർണർ അംഗീകരിച്ച് വിജ്ഞാപനം ചെയ്യുന്നതോടെ പുതിയ നിരക്ക് പ്രാബല്യത്തിൽ വരും.

ധന ബില്ലിലെ നിർദേശങ്ങൾമൂലം ഗ്രാമ പഞ്ചായത്തുകളിലെ കെട്ടിട നികുതിയിൽ വൻ വർധന ഉണ്ടാകുമെന്ന് ആക്ഷേപം ഉയർന്നിരുന്നു. തുടർന്നാണ് ശാസ്ത്രീയമായ പരിഷ്കരണത്തിൻ തീരുമാനിച്ചത്. കെട്ടിടത്തിന്റെ തറ വിസ്തൃതി അടിസ്ഥാനമാക്കിയാൺ നികുതി നിർണയം. താമസിക്കുന്നതിനും അല്ലാത്തതിനുമുള്ള കെട്ടിടങ്ങൾക്ക് വ്യത്യസ്ത നിരക്കിലാൺ നികുതി.

പുതിയ നിരക്കനുസരിച്ച്

* ഗ്രാമ പഞ്ചയത്തുകളിലെ താമസിക്കാനുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ ഒറ്റത്തവണ നികുതി 1,950 രൂപയും ഉയർന്ന നികുതി 7,800 രൂപയും.

* മുനിസിപ്പാലിറ്റികളിൽ യഥാക്രമം 3,500 രൂപ, 14,000 രൂപ.

* കോർപറേഷനുകളിൽ യഥാക്രമം 5,200 രൂപയും 21,000 രൂപയും.

മറ്റുകെട്ടിടങ്ങൾ:

* ഗ്രാമ പഞ്ചയത്തിൽ 3,900 രൂപ കുറഞ്ഞ നിരക്ക്. കൂടിയത് 23,400 രൂപ.

* മുനിസിപ്പാലിറ്റിയിൽ കുറഞ്ഞത് 3,900 രൂപ, കൂടിയത് 46,800 രൂപ.

* കോർപറേഷനുകളിൽ യഥാക്രമം 7,800 രൂപയും 70,200 രൂപയും.

നികുതി കുടിശിക, ഒറ്റതവണ തീർപ്പാക്കൽ പദ്ധതി നീട്ടലിൻ അംഗീകാരം

■ ധന ബിൽ നിർദേശ ഭേദഗതികൾക്ക് നിയമസഭയുടെ അംഗീകാരം

തിരുവനന്തപുരം: സംസ്ഥാന നികുതി വകുപ്പിന്റെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപടികളുടെ തീയതി നീട്ടാനുള്ള ധന ബിൽ നിർദേശ ഭേദഗതികൾക്ക് നിയമസഭയുടെ അംഗീകാരം. ബജറ്റിനൊപ്പം സമർപ്പിച്ച ധന ബില്ലിൻമേൽ നിർദേശിച്ച തീയതികളാൺ നീട്ടിയത്.

ജിഎസ്ടി ഇതര നികുതി കുടിശികകളിൽ വ്യാപാരികൾക്ക് ഒറ്റതീർപ്പാക്കൽ അവസരം തെരഞ്ഞെടുക്കുന്നതിനുള്ള സമ്മതം അറിയിക്കാനുള്ള തീയതി നവംബർ 30 വരെ നീട്ടി. ബജറ്റിൽ ജൂലൈ 31വരെയായിരുന്നു സമയം. തീർപ്പ് തുക അടയ്ക്കുന്നതിനുള്ള തീയതി അടുത്ത മാർച്ച് 31 വരെയാക്കി. ബജറ്റിൽ ഡിസംബർ 31 വരെയാൺ സമയം അനുവദിച്ചത്.

കേരള മൂല്യവർധിത നികുതി, കേന്ദ്ര വിൽപന നികുതി, ആഡംബര നികുതി, കാർഷികാദായ നികുതി, പൊതുവിൽപന നികുതി, സർചാർജ് നിയമങ്ങൾ പ്രകാരമുള്ള കുടിശികകൾക്കാൺ ഒറ്റത്തവണ തീർപ്പാക്കൽ പ്രഖ്യാപിച്ചത്. 1970 മുതൽ കണക്കിൽ 14,000 കോടി രൂപയുടെ കുടിശികയുണ്ട്. വ്യാപാരകളുടെ യാഥാർഥ്യ ബാധ്യത തീർപ്പാക്കൽ പദ്ധതിയിൽ 3,000 കോടിയായി കുറയുമെന്നാൺ അനുമാനം.

പലിശ, പിഴപലിശ എന്നിവ പൂർണമായും ഒഴിവാക്കും. കുടിശിക ഒരുമിച്ച് അടയ്ക്കുന്നവർക്ക്, തുകയിൽ 60 ശതമാനം ഇളവുണ്ടാകും. തവണകളാക്കിയാൽ ഇളവ് 50 ശതമാനവും.

ആദ്യ തവണയിൽ അടയ്ക്കേണ്ട തുകയുടെ 20 ശതമാനവും, ബാക്കി നാലു തവണകളുമാൺ നിശ്ചയിച്ചിട്ടുള്ളത്. വകുപ്പുതല അപ്പീൽ ഉൾപ്പെടെയുള്ള കേസുകൾക്കും പദ്ധതി ബാധകമാണ്.

നികുതി വെട്ടിപ്പ്: നടപടികൾ കർശനമാക്കിയതായി രവീന്ദ്ര കുമാർ

● പ്രത്യക്ഷ നികുതി വെർച്വൽ സെമിനാറിനു തുടക്കമായി

കൊച്ചി: നികുതിവെട്ടിപ്പു നടത്താൻ ശ്രമിക്കുന്നവർക്കെതിരെയുള്ള നടപടികൾ കർശനമാക്കിയതായി സംസ്ഥാന ഇൻകംടാക്സ് പ്രിൻസിപ്പൽ ചീഫ് കമ്മിഷണർ രവീന്ദ്ര കുമാർ. ഇടപാടുകളെല്ലാം ഡിജിറ്റലാക്കിയതോടെ എല്ലാ നികുതി വെട്ടിപ്പുകളും പിടിക്കപ്പെടും.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ (ഐസിഎഐ) എറണാകുളം ബ്രാഞ്ചിന്റെ ആഭിമുഖ്യത്തിൽ ഡയറക്റ്റ്ടാക്സസ് എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന അഞ്ചുദിവസം നീണ്ടുനിൽക്കുന്ന വെർചൽ സെമിനാർ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കൊവിഡ് കാലത്ത് ജനങ്ങളുടെ ബുദ്ധിമുട്ട് മനസിലാക്കി, മുൻവർഷങ്ങളിലെ അധിക നികുതി പിരിച്ചതിൽ നിന്ന് ഏപ്രിൽ ഒന്നിനു ശേഷം 88,652 കോടി രൂപ നികുതിദായകർക്ക് തിരിച്ചുനൽകി. അതിൽ 28,180 കോടി രൂപ 25 ലക്ഷം വരുന്ന വ്യക്തിഗത നികുതിദായകർക്കാണെന്നും അദ്ദേഹം പറഞ്ഞു.

ഐസിഎഐ സെൻട്രൽ കൗൺസിൽ അംഗം ബാബു ഏബ്രഹാം കള്ളിവയലിൽ, എസ്ഐആർസി മുൻ ചെയർമാനും അംഗവുമായ ജോമോൻ കെ. ജോർജ് എന്നിവർ മുഖ്യാതിഥികളായിരുന്നു. ഐസിഎഐ എറണാകുളം ബ്രാഞ്ച് ചെയർമാൻ റോയി വർഗീസ്, സെക്രട്ടറി കെ.വി. ജോസ്, പി.ആർ. ശ്രീനിവാസൻ, സലിം റഷീദ്, രഞ്ജിത്ത് വാര്യർ എന്നിവർ പ്രസംഗിച്ചു.

കോയമ്പത്തൂരിൽനിന്നുള്ള വി. രാമനാഥ് സെമിനാർ നയിച്ചു. ഇന്ന് ചാരിറ്റബിൾ സ്ഥാപനങ്ങൾക്കുള്ള നികുതി എന്ന വിഷയത്തിൽ തിരുപ്പതിയിൽനിന്നുള്ള ഇ. ഫൽഗുണ കുമാർ, നാളെ ആദായനികുതി നിയമത്തിൽ റിയൽ എസ്റ്റേറ്റ് ഇടപാടുകൾ വരുത്തിയ മാറ്റങ്ങൾ സംബന്ധിച്ച് ചെന്നൈയിൽനിന്നുള്ള ടി. ഭാനുശേഖർ, 27-ന് ആദായനികുതി നിയമത്തിലെ പിഴകൾ സംബന്ധിച്ച് മുംബൈയിൽനിന്നുള്ള ജഗദീഷ് പഞ്ചാബി, 28-ന് അന്താരാഷ്ട്ര നികുതികളിൽ അടുത്തിടെയുണ്ടായ മാറ്റങ്ങൾ സംബന്ധിച്ച് തിരുപ്പതിയിൽനിന്നുള്ള ഇ. ചൈതന്യ എന്നിവർ ക്ലാസുകൾ നയിക്കും.

ഹരിയാന മുഖ്യമന്ത്രിക്ക് കൊവിഡ് 19 സ്ഥിരീകരിച്ചു

ചണ്ഡിഗഡ്: ഹരിയാന മുഖ്യമന്ത്രി മനോഹർ ലാൽ ഖട്ടറിന് കൊവിഡ് 19 സ്ഥിരീകരിച്ചു. കഴിഞ്ഞദിവസം കൊവിഡ് 19 സ്ഥിരീകരിച്ച കേന്ദ്ര ജലശക്തി മന്ത്രി ഗജേന്ദ്ര സിങ് ശെഖാവത്തുമായി ഒരാഴ്ച മുൻപ് കൂടിക്കാഴ്ച നടത്തിയിരുന്നു ഖട്ടർ. ശെഖാവത്തിനു രോഗം സ്ഥിരീകരിച്ചതോടെ ക്വാറന്റൈനിലായിരുന്നു അദ്ദേഹം. തനിക്കു രോഗം സ്ഥിരീകരിച്ച സാഹചര്യത്തിൽ അടുത്ത് ഇടപഴകിയവർ ക്വാറന്റൈനിൽ പോകണമെന്ന് ഖട്ടർ അഭ്യർഥിച്ചു.

സ്പീക്കർക്കെതിരേ പ്രതിപക്ഷം; സഭയിൽ പ്രതിഷേധ ബാനർ

തിരുവനന്തപുരം: സ്പീക്കർക്കെതിരെ അവിശ്വാസ പ്രമേയം ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടു നിയമസഭയിൽ പ്രതിപക്ഷ ബഹളം. ധനകാര്യ ബില്ലുകൾ പാസാക്കുന്നതിനായി കൊവിഡ് പ്രോട്ടോക്കോളിൽ ചേർന്ന പതിനാലാം കേരള നിയമസഭയുടെ ഇരുപതാം സമ്മേളനത്തിന്റെ തുടക്കം ബഹളത്തിൽ.

അന്തരിച്ച അംഗങ്ങൾക്കുള്ള അനുശോചനം കഴിഞ്ഞയുടൻ സർക്കാരിനെതിരായ അവിശ്വാസ പ്രമേയ നോട്ടീസിന് സതീശൻ അവതരണാനുമതി തേടാനായി എഴുന്നേറ്റതോടെ പ്രതിപക്ഷാംഗങ്ങൾ 'സ്വർണക്കടത്ത്, ലൈഫ് മിഷൻ തുടങ്ങിയ പദ്ധതികളിലൂടെ അഴിമതിയിൽ മുങ്ങിക്കുളിച്ച പിണറായി വിജയൻ സർക്കാർ രാജിവയ്ക്കുക' എന്നെഴുതിയ ബാനർ ഉയർത്തിക്കാട്ടുകയും മുദ്രാവാക്യം വിളിക്കുകയും ചെയ്തു. ഇത് ഭരണ-പ്രതിപക്ഷ വാക്കേറ്റത്തിനു കാരണമായി. ബഹളത്തിനിടയിലും നോട്ടീസിന് അനുമതി നൽകുന്നതായി സ്പീക്കർ അറിയിച്ചു.

സ്പീക്കർ അനുമതി നൽകിയതിന് പിന്നാലെ സ്പീക്കർക്കെതിരെ അവിശ്വാസ പ്രമേയം ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല എഴുന്നേറ്റു. അവിശ്വാസ പ്രമേയ നോട്ടീസിനൊപ്പം സ്വർണക്കടത്ത് കേസിലെ പ്രതിയുമായി അടുത്ത ബന്ധമുള്ള സ്പീക്കർ സഭ നിയന്ത്രിക്കുന്നത് ശരിയല്ലെന്നും അദ്ദേഹം സ്ഥാനം ഒഴിയണമെന്നുമുള്ള പ്രമേയവുമുണ്ടെന്നു ചെന്നിത്തല. സ്പീക്കർ പദവിയുടെ മഹനീയതയും മാന്യതയും കാത്തുസൂക്ഷിക്കുന്നതിനായി സ്ഥാനത്തുനിന്ന് ഒഴിഞ്ഞ് സ്പീക്കർ അംഗങ്ങൾക്കിടയിൽ വന്നിരിക്കണമെന്നും ചെന്നിത്തല ആവശ്യപ്പെട്ടു.

സ്പീക്കർക്കെതിരായ നോട്ടീസ് ചർച്ചയ്ക്കെടുക്കണമെങ്കിൽ 15 ദിവസം മുമ്പ് നോട്ടീസ് നൽകണമെന്നാണ് ചട്ടം. ഭരണഘടന അനുസരിച്ചു മാത്രമേ പ്രവർത്തിക്കാൻ ആകൂ എന്ന് സ്പീക്കർ മറുപടി നൽകി. പിന്നാലെ അവിശ്വാസപ്രമേയ നോട്ടീസ് ചർച്ച ചെയ്യുന്നതിന് ഭരണപക്ഷത്തിന്റെ അനുമതി നൽകുന്നതിനായി മുഖ്യമന്ത്രിയെ സ്പീക്കർ ക്ഷണിച്ചു. തുടർന്ന് സംസാരിച്ച മുഖ്യമന്ത്രി അഞ്ച് മണിക്കൂർ നേരം ചർച്ച ചെയ്യാമെന്ന് വ്യക്തമാക്കി.

ചട്ടം അനുസരിച്ചാണ് സ്പീക്കറെ നീക്കാനുള്ള നോട്ടീസ് നൽകിയതെന്ന് എം.ഉമ്മർ പറഞ്ഞു. നിങ്ങൾക്ക് വിമർശിക്കാനുള്ള അവകാശത്തെ സംരക്ഷിക്കുന്നതിനൊപ്പം ഭരണഘടനപരമായ ബാധ്യത സംരക്ഷിക്കേണ്ടതുണ്ടെന്നും സ്പീക്കർ പ്രതിപക്ഷത്തോട് പറഞ്ഞു. എന്നാൽ സ്പീക്കറിന്റെ അഭിപ്രായത്തോട് പ്രതിപക്ഷം യോജിപ്പ് പ്രകടിപ്പിച്ചില്ല.

തുടർന്ന് നിയമമന്ത്രി എ.കെ. ബാലൻ ഇടപെട്ടു. പ്രതിപക്ഷ നേതാവിനോട് ആലോചിച്ചാണ് മുഖ്യമന്ത്രി നിയമസഭ ചേരാനുള്ള തീരുമാനമെടുത്തത്.

സ്പീക്കർക്കെതിരായ പരാമർശം സഭാ രേഖയിൽ ഉൾപ്പെടുത്തരുതെന്നും എ.കെ. ബാലൻ. മുഖ്യമന്ത്രി തന്നോട് സംസാരിച്ച കാര്യം പ്രതിപക്ഷ നേതാവ് അംഗീകരിച്ചു. എന്നാൽ സ്പീക്കർക്കെതിരായ പ്രമേയം ചർച്ച ചെയ്യണമെന്ന് അദ്ദേഹത്തോട് ആവശ്യപ്പെട്ടിരുന്നു. ഇതു സംബന്ധിച്ച കുറിപ്പ് താൻ മുഖ്യമന്ത്രിയുടെ ഓഫീസിലേക്ക് കൊടുത്ത് അയച്ചിരുന്നു. അന്ന് ചേർന്ന ക്യാബിനറ്റിൽ നിയമമന്ത്രി പങ്കെടുത്തിരുന്നില്ല. അദ്ദേഹം പാലക്കാടായിരുന്നുവെന്നും ചെന്നിത്തല.

ഞാൻ നിസഹായൻ: സ്പീക്കർ

തിരുവനന്തപുരം: തനിക്കെതിരായ അവിശ്വാസ പ്രമേയ നോട്ടീസ് ചർച്ചയ്ക്കെടുക്കുന്ന വിഷയത്തിൽ താൻ നിസഹായനാണെന്ന് സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ പറഞ്ഞു. അജണ്ടയിൽ ഇല്ലാത്ത വിഷയമാണ് പ്രതിപക്ഷം ഉന്നയിക്കുന്നത്.

ഈ മാസം 12ന് മന്ത്രിസഭ ചേർന്നാണ് സഭാസമ്മേളനം നിശ്ചയിച്ചത്. അക്കാര്യം ഗവർണറെ അറിയിച്ചു. വൈകിട്ട് ഗവർണർ അനുമതിയും നൽകി. 13ന് വിജ്ഞാപനം പുറത്തിറക്കി. 14ന് അത് അംഗങ്ങൾക്കും നൽകി. ചില പ്രത്യേക സാഹചര്യങ്ങളിൽ സഭ ചേരുന്ന വിവരം അംഗങ്ങളെ അറിയിക്കുന്നതിനായി ഓൺലൈൻ അടക്കമുള്ള സൗകര്യങ്ങൾ ഉപയോഗിക്കാറുണ്ടെന്നും സ്പീക്കർ വിശദീകരികരിച്ചു. വിമർശിക്കാൻ പ്രതിപക്ഷത്തിന് അവകാശം ഉള്ളതുപോലെ സ്പീക്കർ എന്ന നിലയിൽ ഭരണഘടന സംരക്ഷിക്കേണ്ട ബാദ്ധ്യതയും തനിക്കുണ്ടെന്ന് ശ്രീരാമകൃഷ്ണൻ വിശദീകരിച്ചു.

രാഹുൽ വിളിച്ചു, സിബൽ ട്വീറ്റ് പിൻവലിച്ചു

ന്യൂഡൽഹി: പാർട്ടിയിൽ പരിഷ്കാരങ്ങൾ ആവശ്യപ്പെട്ട് രണ്ടു ഡസനോളം നേതാക്കൾ സോണിയ ഗാന്ധിക്കു കത്തെഴുതിയത് ബിജെപിയുമായി ചേർന്നാണെന്ന് കോൺഗ്രസ് പ്രവർത്തക സമിതി യോഗത്തിൽ രാഹുൽ ഗാന്ധി ആരോപിച്ചതായി മാധ്യമ റിപ്പോർട്ടുകൾ പുറത്തുവന്നതിനെത്തുടർന്ന് പ്രതിഷേധവുമായി രംഗത്തെത്തിയ മുതിർന്ന നേതാവ് കപിൽ സിബൽ പിന്നീട് തന്റെ ട്വീറ്റ് പിൻവലിച്ചു. താൻ അങ്ങനെ പറഞ്ഞിട്ടില്ലെന്ന് രാഹുൽ സിബലിനോടു വ്യക്തമാക്കിയതിനെത്തുടർന്നായിരുന്നു ഇത്.

ബിജെപി ബന്ധം ആരോപിച്ച രാഹുലിനെ പരസ്യമായി ചോദ്യം ചെയ്തുകൊണ്ടായിരുന്നു സിബലിന്റെ ട്വീറ്റ്. സോണിയ ഗാന്ധിക്കു നൽകിയ കത്തിൽ ഒപ്പുവച്ചവരിൽ ഒരാളാണു സിബൽ. ഞങ്ങൾ ബിജെപിയുമായി ചേർന്നുവെന്നാണ് രാഹുൽ ഗാന്ധി പറയുന്നത്. രാജസ്ഥാൻ ഹൈക്കോടതിയിൽ കോൺഗ്രസ് പാർട്ടിക്കു വേണ്ടി വാദിച്ചതാണ്. മണിപ്പൂരിൽ ബിജെപി സർക്കാരിനെ താഴെയിറക്കാൻ കോൺഗ്രസിനു വേണ്ടി നിലകൊണ്ടു. കഴിഞ്ഞ 30 വർഷത്തിനിടെ ബിജെപിക്ക് അനുകൂലമായി ഒരു വിഷയത്തിലും ഒരു പ്രസ്താവനപോലും നടത്തിയിട്ടില്ല. എന്നിട്ടും ഞങ്ങൾ ബിജെപിയോടൊപ്പം നിൽക്കുന്നു എന്ന് പറയുന്നു- സിബൽ ട്വീറ്റ് ചെയ്തു. പ്രവർത്തക സമിതി യോഗം പുരോഗമിക്കുന്നതിനിടെ പുറത്ത് ഇങ്ങനെയൊരു ട്വീറ്റ് വന്നത് പാർട്ടി പൊട്ടിത്തെറിയിലേക്ക് എന്ന പ്രതീതിയുളവാക്കി.



രാഹുൽ ഗാന്ധി നേരിട്ടു വിളിച്ച് 'ബിജെപിയുമായി ചേർന്നു' എന്നു പറഞ്ഞിട്ടില്ലെന്ന് വ്യക്തമാക്കിയെന്നാണു സിബൽ പിന്നീട് അവകാശപ്പെട്ടത്. ഇത്തരത്തിൽ ഒരു പരാമർശവും രാഹുൽ നടത്തിയിട്ടില്ലെന്ന് കോൺഗ്രസ് വക്താവ് രൺദീപ് സുർജേവാല സിബലിന്റെ ട്വീറ്റ് ടാഗ് ചെയ്തുകൊണ്ട് വിശദീകരിക്കുകയും ചെയ്തു. മാധ്യമങ്ങൾ തെറ്റായ വാർത്തകളാണു പ്രചരിപ്പിക്കുന്നതെന്നും അതൊന്നും വിശ്വസിക്കരുതെന്നും സുർജേവാല പറഞ്ഞു. മോദിയുടെ ഭരണത്തിനെതിരേ ഒന്നിച്ചു നിന്നു പൊരുതുകയാണ് കോൺഗ്രസിന്റെ ലക്ഷ്യമെന്നും അദ്ദേഹം.

രാഹുൽ അങ്ങനെ പറഞ്ഞില്ലെന്ന് ഗുലാം നബിയും

പ്രവർത്തക സമിതിയിലോ പുറത്തോ അദ്ദേഹം അങ്ങനെ ആരോപിച്ചിട്ടില്ല

ന്യൂഡൽഹി: ബിജെപിയുടെ പങ്കാളിത്തത്തോടെയാണ് ഒരു വിഭാഗം നേതാക്കൾ സോണിയ ഗാന്ധിക്കു കത്തെഴുതിയതെന്ന് പ്രവർത്തക സമിതി യോഗത്തിൽ രാഹുൽ ഗാന്ധി പറഞ്ഞിട്ടില്ലെന്ന് യോഗത്തിൽ പങ്കെടുത്ത ഗുലാം നബി ആസാദും വ്യക്തമാക്കി. ഒരു വിഭാഗം മാധ്യമങ്ങൾ തെറ്റായ വാർത്ത പ്രചരിപ്പിക്കുകയാണ്. യോഗത്തിൽ ഞങ്ങളെഴുതിയ കത്ത് ബിജെപിക്കു വേണ്ടിയാണെന്ന് രാഹുൽ ഗാന്ധി പറഞ്ഞെന്നും അതു തെളിയിക്കാൻ താൻ ആവശ്യപ്പെട്ടെന്നും പറയുന്നത് വാസ്തവ വിരുദ്ധമാണ്. പ്രവർത്തക സമിതിയിലോ പുറത്തോ അദ്ദേഹം അങ്ങനെ ആരോപിച്ചിട്ടില്ല- ഗുലാം നബി പറഞ്ഞു.

സോണിയ ആശുപത്രിയിലായിരിക്കുമ്പോൾ ഇങ്ങനെയൊരു കത്തെഴുതിയതിനു പിന്നിൽ ബിജെപിയെ സഹായിക്കുക എന്ന ലക്ഷ്യമുണ്ട്. ബിജെപിയുടെ പങ്കാളിത്തത്തോടെയാണ് ഈ നീക്കം- കത്തിന്റെ സമയത്തെ ചോദ്യം ചെയ്ത രാഹുൽ കുറ്റപ്പെടുത്തിയെന്നായിരുന്നു റിപ്പോർട്ടുകൾ. അങ്ങനെ എന്തെങ്കിലും ബന്ധം തെളിയിച്ചാൽ താൻ രാജിവയ്ക്കാമെന്ന് ഗുലാം നബി തിരിച്ചു പറഞ്ഞുവെന്നും റിപ്പോർട്ടുണ്ടായിരുന്നു. ആരും സോണിയ ഗാന്ധിയെ ചോദ്യം ചെയ്യുന്നില്ല. സംഘടനയിൽ പരിഷ്കാരങ്ങൾ വേണമെന്നേ ആവശ്യപ്പെടുന്നുള്ളൂ. അതു പാർട്ടിയുടെ വിശാല താത്പര്യം കണക്കിലെടുത്താണ്- ഗുലാം നബി വ്യക്തമാക്കിയെന്നാണു റിപ്പോർട്ട് വന്നത്.

ബിസ്മില്ലാ ഖാന്റെ വീട് പൊളിക്കുന്നത് തടഞ്ഞു

വാരാണസി: രാജ്യത്തിന്റെ അഭിമാനമായിരുന്ന ഷെഹനായി വിദഗ്ധൻ ഉസ്താദ് ബിസ്മില്ലാ ഖാന്റെ വസതി പൊളിച്ച് ഇവിടെ വാണിജ്യ സമുച്ചയം നിർമിക്കാനുള്ള നീക്കം വാരാണസി വികസന അഥോറിറ്റി തടഞ്ഞു. ബിസ്മില്ലാ ഖാന്റെ മകനും സംഗീതജ്ഞനുമായിരുന്ന അന്തരിച്ച മെഹ്താബ് ഹുസൈന്റെ മകൻ മുഹമ്മദ് ഷിഫ്തെയ്ൻ ആണ് വീടിന്റെ മുകളിലെ നില വാണിജ്യ സമുച്ചയമാക്കി മാറ്റാൻ തീരുമാനിച്ചത്. ഇതിനെതിരേ ബിസ്മില്ലാ ഖാന്റെ ആരാധകരും വിവി രാഷ്ട്രീയ കക്ഷികളും രംഗത്തെത്തിയതോടെയാണ് (വിഡിഎ) യുടെ ഇടപെടൽ. ഈ വസതി ദേശീയ പൈതൃക മ്യൂസിയമാക്കുകയും ഷെഹനായി പഠനകേന്ദ്രം തുറക്കുകയും ചെയ്യണമെന്നാണ് ആരാധകരുടെ ആവശ്യം. വീടിന്റെ ഉടമസ്ഥതയെച്ചൊല്ലി കുടുംബാംഗങ്ങൾ തമ്മിൽ തർക്കം നിലനിൽക്കുന്നുണ്ട്. ബിസ്മില്ലാഖാൻ വിടപറഞ്ഞ് 14 വർഷം പിന്നിടുമ്പോഴാണ് വസതിയെച്ചൊല്ലി വിവാദം. അഞ്ച് ആൺമക്കളുണ്ട് ബിസ്മില്ലാഖാന്.

അതേസമയം, വീട് സ്വകാര്യ വസ്തുവായിരിക്കുന്നിടത്തോളം സർക്കാരിന്റെ ഇടപെടലിനു പരിധിയുണ്ടെന്നു വിഡിഎ അറിയിച്ചു. തകർന്നു വീഴാറായ അവസ്ഥയിലാണെങ്കിൽ പൊളിച്ചുനീക്കാൻ നിയമപരമായ അനുമതി വാങ്ങണമെന്നാണ് നിലവിൽ നിർദേശിച്ചിട്ടുള്ളത്. പുതിയ നിർമാണത്തിനും രൂപരേഖ സമർപ്പിച്ച് അനുമതി വാങ്ങണം. അതുവരെ പൊളിക്കൽ നിർത്തിവയ്ക്കാനാണു നിർദേശിച്ചതെന്നും വിഡിഎ.

ബിസ്മില്ലാഖാൻ താമസിച്ചിരുന്ന ഭാഗമാണ് പൊളിച്ചു നീക്കിയത്. വീട് പൂർണമായി വാണിജ്യസമുച്ചയമായി മാറ്റുകയായിരുന്നു ലക്ഷ്യം. കുടുംബാംഗങ്ങളിൽ ചിലരാണ് ഇതിനെതിരേ ആദ്യം രംഗത്തെത്തിയത്. പിന്നാലെ ആരാധകരും രാഷ്ട്രീയ കക്ഷികളും രംഗത്തെത്തി.

കൊവിഡ് വാക്സിനുകളുടെ അടിയന്തര ഉപയോഗത്തിന് ചൈനയിൽ അനുമതി

ചൈന വികസിപ്പിച്ച കൊവിഡ് വാക്സിനുകൾ ഇപ്പോൾ മനുഷ്യരിലുള്ള പരീക്ഷണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്

ബീജിങ്: ചൈനയിലെ ആഭ്യന്തര കമ്പനികൾ വികസിപ്പിച്ചെടുത്ത കൊവിഡ് വാക്സിനുകൾ അടിയന്തര ഘട്ടങ്ങളിൽ ഉപയോഗിക്കാൻ അനുമതി നൽകി. ഔദ്യോഗികമായി അംഗീകാരം ലഭിക്കാത്ത വാക്സിനുകളാണ് ഹൈ റിസ്ക് വിഭാഗക്കാരിൽ അടിയന്തര ഘട്ടങ്ങളിൽ ഉപയോഗിക്കാൻ ആരോഗ്യ വിഭാഗം അനുമതി നൽകിയിരിക്കുന്നതെന്നാണു റിപ്പോർട്ടുകൾ. ചൈനീസ് വാക്സിൻ മാനെജ്മെന്റ് നിയമപ്രകാരമാണിതെന്ന് ചൈനീസ് ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥൻ പറഞ്ഞു.

മെഡിക്കൽ കൺസന്റ് ഫോമുകൾ, പാർശ്വഫല നിരീക്ഷണ പ്ലാനുകൾ, എന്തെങ്കിലും പ്രശ്നങ്ങളുണ്ടായാൽ പരിഹരിക്കാനുള്ള പ്ലാനുകൾ, നഷ്ടപരിഹാര പ്ലാനുകൾ തുടങ്ങി കൃത്യമായ മുന്നൊരുക്കങ്ങൾ നടത്തിയാണ് ഈ വാക്സിനുകൾ ഉപയോഗിക്കുക. കൊറോണ വൈറസ് വാക്സിൻ വികസിപ്പിക്കുന്നതിനുള്ള പ്രത്യേക ദൗത്യസേന ഇക്കാര്യങ്ങളിൽ പ്രത്യേക നിരീക്ഷണം നടത്തും.

ചൈന വികസിപ്പിച്ച കൊവിഡ് വാക്സിനുകൾ ഇപ്പോൾ മനുഷ്യരിലുള്ള പരീക്ഷണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ആദ്യ ഡോസുകൾ സ്വീകരിച്ചവർക്ക് പാർശ്വഫലങ്ങളൊന്നും കാര്യമായി ഉണ്ടായിട്ടില്ല എന്നാണു റിപ്പോർട്ട്. പരീക്ഷണങ്ങൾ വിജയകരമാണ് എന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ് അടിയന്തര ഘട്ടങ്ങളിലെ ഉപയോഗത്തിന് അനുമതി.

അതീവ ഗുരുതരമായ ആരോഗ്യ പ്രതിസന്ധി ഘട്ടങ്ങളിൽ ക്ലിനിക്കൽ ട്രയലുകളിലുള്ള വാക്സിനുകൾ പരിമിതമായ തോതിൽ ഉപയോഗിക്കാൻ ചൈനീസ് വാക്സിൻ മാനെജ്മെന്റ് നിയമം അനുവദിക്കുന്നുണ്ട്. ആരോഗ്യ പ്രവർത്തകർ, അതിർത്തിയിലുള്ള ഓഫിസർമാർ, വിദേശത്ത് അടിയന്തരമായി പോകേണ്ട ഉദ്യോഗസ്ഥർ തുടങ്ങിയവർക്കെല്ലാം അവരുടെ അനുമതിയോടെ ഈ വാക്സിനുകൾ നൽകുമെന്നാണു റിപ്പോർട്ട്. ഭക്ഷ്യ മാർക്കറ്റുകൾ, ഗതാഗത സംവിധാനങ്ങൾ, സേവന മേഖലകൾ എന്നിവിടങ്ങളിലും അടിയന്തര ഉപയോഗം പരിഗണിക്കും. ചൈനയുടെ വിവിധ ഭാഗങ്ങളിൽ ആയിരക്കണക്കിനാളുകൾക്ക് വാക്സിൻ നൽകുമെന്നാണു സൂചന. വാക്സിൻ നൽകുന്നത് സൗജന്യമായാണെന്നും റിപ്പോർട്ട്.

ഇതിനിടെ, ചൈനീസ് സൈന്യം വൻതോതിൽ വാക്സിനേഷൻ ആരംഭിച്ചു കഴിഞ്ഞതായും പറയുന്നുണ്ട്. എന്നാൽ, അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തിയിട്ടില്ല. ചൈനീസ് കമ്പനി സിനോഫാം വികസിപ്പിച്ച കൊവിഡ് വാക്സിൻ സുരക്ഷിതമാണെന്ന് അടുത്തിടെ റിപ്പോർട്ടുണ്ടായിരുന്നു. ആദ്യ ഘട്ടം ക്ലിനിക്കൽ ട്രയലുകളിൽ ഇതു വിജയിച്ചു എന്നാണു പറയുന്നത്.

ഇതിനിടെ, പെറു, മൊറോക്കോ, അർജന്റീന എന്നിവിടങ്ങളിൽ ഇതിന്റെ മൂന്നാം ഘട്ടം പരീക്ഷണങ്ങൾക്ക് സിനോഫാം കഴിഞ്ഞ ദിവസം കരാറുകളിൽ ഒപ്പുവച്ചിട്ടുണ്ട്.

യുഎഇയിലെ 20,000ത്തിലേറെ പേർക്ക് സിനോഫാമിന്റെ കൊവിഡ് വാക്സിൻ മൂന്നാം ഘട്ട പരീക്ഷണങ്ങളുടെ ഭാഗമായി നൽകിയിട്ടുണ്ട്. അതിന്റെ ഫലം നിരീക്ഷിക്കുകയാണെന്ന് സിനോഫാം എംഡി യാങ് സിയാവോമിങ് പറയുന്നു.

31 ലക്ഷവും പിന്നിട്ടു; പുതിയ കേസുകൾ 61,408

ന്യൂഡൽഹി: തുടർച്ചയായി ആറാം ദിവസവും രാജ്യത്ത് അറുപതിനായിരത്തിലേറെ പുതിയ കൊവിഡ് കേസുകൾ സ്ഥിരീകരിച്ചു. ഇന്നലെ കേന്ദ്ര ആരോഗ്യ മന്ത്രാലയം പുതുക്കിയ കണക്കുപ്രകാരം രാജ്യത്തെ മൊത്തം കൊവിഡ് കേസുകൾ 31,06,348 ആയിട്ടുണ്ട്. അവസാന 24 മണിക്കൂറിൽ 61,408 പേർക്കാണു രോഗം സ്ഥിരീകരിച്ചത്. 836 മരണം കൂടി കണക്കുകളിൽ രേഖപ്പെടുത്തി. ഇതോടെ മൊത്തം കൊവിഡ് മരണം 57,542 ആയി.

23.38 ലക്ഷം പേർ ഇതുവരെ രോഗമുക്തരായിട്ടുണ്ടെന്ന് ആരോഗ്യ മന്ത്രാലയം പറയുന്നു. ഇപ്പോൾ ചികിത്സയിലുള്ളത് 7,10,771 പേരാണ്. റിക്കവറി നിരക്ക് 75.27 ശതമാനമായി ഉയർന്നപ്പോൾ മരണനിരക്ക് 1.85 ശതമാനമായി കുറഞ്ഞിട്ടുണ്ട്. രാജ്യത്തെ മൊത്തം കൊവിഡ് പരിശോധനകൾ 3.59 കോടിയായി. ഞായറാഴ്ച പരിശോധിച്ചത് 6.09 ലക്ഷം സാംപിളുകളാണ്.

മഹാരാഷ്ട്രയിൽ 10,441 പേർക്കാണ് അവസാന 24 മണിക്കൂറിൽ രോഗബാധ സ്ഥിരീകരിച്ചത്. സംസ്ഥാനത്തു മൊത്തം വൈറസ്ബാധിതർ 6.82 ലക്ഷത്തിലെത്തിയിട്ടുണ്ട്. 258 പേർ കൂടി മരിച്ചു. മഹാരാഷ്ട്രയിലെ മൊത്തം കൊവിഡ് മരണം 22,253. ഇതുവരെ 4.88 ലക്ഷം പേർ രോഗമുക്തരായ സംസ്ഥാനത്ത് 1.71 ലക്ഷം ആക്റ്റിവ് കേസുകളാണുള്ളത്. 5,975 പുതിയ കേസുകളാണു തമിഴ്നാട്ടിൽ.

97 പേർ കൂടി മരിച്ചു. ഇതോടെ തമിഴകത്തെ മൊത്തം കൊവിഡ് കേസുകൾ 3.79 ലക്ഷം കടന്നു. 6,517 പേർ സംസ്ഥാനത്ത് ഇതുവരെ കൊവിഡ് ബാധിച്ചു മരിച്ചിട്ടുണ്ട്.

ആന്ധ്രയിൽ 3.53 ലക്ഷവും കർണാടകയിൽ 2.77 ലക്ഷവും രോഗബാധിതരാണുള്ളത്. 4,683 പേർ കർണാടകയിൽ മരിച്ചു. ആന്ധ്രയിലെ മൊത്തം കൊവിഡ് മരണം 3,282. ഉത്തർപ്രദേശിൽ 1.87 ലക്ഷം രോഗബാധിതരാണുള്ളത്. 2,926 പേർ മരിച്ചു. ഡൽഹിയിൽ 1.61 ലക്ഷത്തിലെത്തി വൈറസ്ബാധിതരുടെ എണ്ണം. 4,300 പേരുടെ മരണമാണ് ഇതുവരെ രാജ്യതലസ്ഥാനത്ത് രേഖപ്പെടുത്തിയിരിക്കുന്നത്. പശ്ചിമ ബംഗാളിൽ 1.38 ലക്ഷവും ബിഹാറിൽ 1.22 ലക്ഷവും കടന്നിട്ടുണ്ട് കൊവിഡ് കേസുകൾ.

ചർച്ചയിൽ പരിഹാരമില്ലെങ്കിൽ സൈനിക നടപടി: ജനറൽ റാവത്ത്

ന്യൂഡൽഹി: യഥാർഥ നിയന്ത്രണ രേഖയിലെ (എൽഎസി) ചൈനയുടെ കടന്നുകയറ്റങ്ങൾക്ക് ചർച്ചയിലൂടെ പരിഹാരമുണ്ടാകുന്നില്ലെങ്കിൽ സൈനിക നടപടിക്കു മടിക്കില്ലെന്നു സൂചിപ്പിച്ച് സംയുക്ത സേനാ മേധാവി ജനറൽ ബിപിൻ റാവത്ത്. എന്നാൽ, നയതന്ത്ര- സൈനിക തലത്തിലെ ചർച്ചകൾ പരാജയപ്പെട്ടാൽ മാത്രമേ സൈനിക പരിഹാരത്തെക്കുറിച്ചു ചിന്തിക്കൂ എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കിഴക്കൻ ലഡാഖിലെ ഗോഗ്രയിലും പാംഗോങ് ത്സോ തടാകത്തിലും ചൈന പിന്മാറാൻ തയാറാകാത്ത സാഹചര്യത്തിലാണ് ജനറൽ റാവത്തിന്റെ മുന്നറിയിപ്പ്.

കിഴക്കൻ ലഡാഖിലെ ഗോഗ്രയിലും പാംഗോങ് ത്സോ തടാകത്തിലും ചൈന പിന്മാറാൻ തയാറാകാത്ത സാഹചര്യത്തിലാണ് ജനറൽ റാവത്തിന്റെ മുന്നറിയിപ്പ്

ഏപ്രിൽ- മേയ് മാസങ്ങളിൽ ആരംഭിച്ച സംഘർഷത്തിന് ചൈനയുടെ കടുംപിടിത്തം മൂലം ഇതുവരെ പരിഹാരമായിട്ടില്ല. പാംഗോങ് തടാകത്തിലെ ഫിംഗർ മേഖല, ഗാൽവൻ താഴ്വര, ഹോട്ട് സ്പ്രിങ്, കൊംഗ്രുങ് നാല തുടങ്ങി കിഴക്കൻ ലഡാഖിലെ വിവിധ പ്രദേശങ്ങളിൽ കടന്നുകയറ്റത്തിനു ശ്രമിച്ചിരുന്നു ചൈന. ചർച്ചകൾക്കൊടുവിൽ ഗാൽവൻ താഴ്വരയിൽ ഏറ്റുമുട്ടലുണ്ടായ പട്രോളിങ് പോയിന്റ് 14ൽ നിന്നുൾപ്പെടെ പിന്മാറിയെങ്കിലും ഗോഗ്രയിലും പാംഗോങ് തടാകത്തിലും ഇപ്പോഴും പിന്മാറ്റം പൂർണമായിട്ടില്ല. ഇതിനിടെ പാംഗോങ് തടാകത്തിലെ ഫിംഗർ നാലിൽ നിന്ന് ഇരു സേനകളും തുല്യദൂരം പിന്മാറണമെന്ന പുതിയ നിർദേശവും മുന്നോട്ടുവച്ചിരുന്നു ചൈന. എന്നാൽ, ഫിംഗർ എട്ടുവരെ ഇന്ത്യയുടേതാണെന്നും എൽഎസി മാറ്റിവരയ്ക്കാനുള്ള ഒരു ശ്രമവും അംഗീകരിക്കില്ലെന്നും വിദേശകാര്യ- സൈനിക വൃത്തങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്.

ഇതിനു പിന്നാലെയാണ് ചർച്ചയിൽ പരിഹാരമായില്ലെങ്കിൽ സൈനിക നടപടിയെന്ന സാധ്യതയും അവശേഷിക്കുന്നുണ്ടെന്ന് ജനറൽ ബിപിൻ റാവത്ത് വ്യക്തമാക്കിയത്. എന്നാൽ, ഇതേവരെ നടന്ന ചർച്ചകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താൻ അദ്ദേഹം തയാറായില്ല.

സോണിയയ്ക്കു നിറഞ്ഞ പിന്തുണ, കത്തെഴുതിയവർ ഒറ്റപ്പെട്ടു

പ്രത്യേക ലേഖകൻ

ന്യൂഡൽഹി: കോൺഗ്രസിന്റെ ഇപ്പോഴത്തെ പ്രവർത്തന രീതിയോടുള്ള വിയോജിപ്പ് പാർട്ടി അധ്യക്ഷ സോണിയ ഗാന്ധിയെ കത്തു വഴി അറിയിച്ച രണ്ടു ഡസനോളം നേതാക്കൾ ഏതാണ്ട് ഒറ്റപ്പെട്ട അവസ്ഥയിലായി. വിർചൽ പ്രവർത്തക സമിതി യോഗത്തിലും പുറത്തും ഇവർക്കെതിരേ നിശിതമായ വിമർശനമാണ് ഉയർന്നത്. രാജ്യത്തെ ബഹുഭൂരിപക്ഷം കോൺഗ്രസ് നേതാക്കളും സോണിയ ഗാന്ധിക്കു പിന്തുണ പ്രഖ്യാപിച്ചു രംഗത്തു വന്നു. അധ്യക്ഷസ്ഥാനം ഒഴിയാൻ സന്നദ്ധത പ്രകടിപ്പിച്ച സോണിയ തന്നെ അടുത്ത പ്രസിഡന്റിനെ തെരഞ്ഞെടുക്കും വരെ സ്ഥാനത്തു തുടരണമെന്ന് പ്രവർത്തക സമിതി പ്രമേയം വഴി ആവശ്യപ്പെടുകയും ചെയ്തു.

താൻ ഒഴിയാമെന്ന് സോണിയ തുടക്കത്തിൽ തന്നെ യോഗത്തെ അറിയിച്ചു. പുതിയ പ്രസിഡന്റിനെ തെരഞ്ഞെടുക്കാനുള്ള നടപടികൾ ക്രമങ്ങൾ ആരംഭിക്കാനും സോണിയ നിർദേശിച്ചു. തുടർന്നു സംസാരിച്ച മുൻ പ്രധാനമന്ത്രി മൻമോഹൻ സിങ് സോണിയ തുടരണമെന്ന് അഭിപ്രായപ്പെട്ടു. അദ്ദേഹത്തിന്റെ ചുവടു പിടിച്ച് മറ്റു നേതാക്കളും ഇതേ ആവശ്യം ഉന്നയിക്കുകയായിരുന്നു. പ്രവർത്തക സമിതി അംഗവും കത്തിൽ ഒപ്പുവച്ചവരിൽ സീനിയറുമായ ഗുലാം നബി ആസാദാണ് കൂടുതൽ വിമർശനം നേരിടേണ്ടിവന്നത്.

പുതിയ നേതാവിനെ തെരഞ്ഞെടുക്കാനുള്ള നടപടിക്രമങ്ങൾ ആരംഭിക്കാൻ വിർചൽ എഐസിസി സമ്മേളനം വിളിക്കാമെന്ന് പി. ചിദംബരം പറഞ്ഞു. എന്നാൽ, അതിലേക്കൊന്നും മറ്റു നേതാക്കളുടെ ശ്രദ്ധ പോയില്ല. സോണിയ തുടരണം എന്നതിലായിരുന്നു ഊന്നൽ. സോണിയ തുടരുന്നതിലല്ല എതിർപ്പെന്നും പാർട്ടിയെ പുനരുജ്ജീവിപ്പിക്കാൻ നടപടികൾ വേണമെന്നാണു പറഞ്ഞതെന്നും ഗുലാം നബി വ്യക്തമാക്കി. ഇതിനിടെ, കത്തിനു പിന്നിൽ ബിജെപിയുടെ പ്രേരണയുണ്ടെന്ന ആരോപണം രാഹുൽ ഉന്നയിച്ചെന്നും അതിനെതിരേ ഗുലാം നബി രംഗത്തുവന്നെന്നും സ്ഥിതിഗതികൾ ഒരുവസരത്തിൽ വഷളാവുന്ന നിലയിലേക്കു പോയെന്നും റിപ്പോർട്ടുകളുണ്ടായി.

കത്തിൽ ഒപ്പുവച്ചവർക്കെതിരേ അതിശക്തമായ രീതിയിലാണ് രാഹുൽ ഗാന്ധി വിമർശനം ഉന്നയിച്ചത്. കത്ത് പരസ്യമായതിൽ രാഹുലും സോണിയയും അടക്കം കത്തെഴുതിയവർ ഒഴികെയുള്ള എല്ലാ നേതാക്കളും അസംതൃപ്തിയും പ്രകടിപ്പിച്ചു. കഴിഞ്ഞ വർഷം പ്രവർത്തക സമിതി യോഗം നിർബന്ധിച്ചിട്ടാണ് സോണിയ അധ്യക്ഷയുടെ താത്കാലിക ചുമതല ഏറ്റെടുത്തതെന്ന് രാഹുൽ ചൂണ്ടിക്കാട്ടി. ഇപ്പോൾ അവർ ആശുപത്രിയിൽ കഴിയുമ്പോൾ ഇങ്ങനെയൊരു കത്തെഴുതിയത് ഉചിതമായില്ലെന്ന് രാഹുൽ പറഞ്ഞു. പ്രവർത്തക സമിതിയാണ്, മാധ്യമങ്ങളല്ല ഇത്തരം വിഷയങ്ങൾ ചർച്ച ചെയ്യേണ്ടതെന്നും രാഹുൽ വ്യക്തമാക്കി.

കത്തിനെ 'ക്രൂരം' എന്നാണ് എ.കെ. ആന്റണി വിശേഷിപ്പിച്ചത്. ഗുലാം നബി ആസാദ് ഇതു ചെയ്യാൻ പാടില്ലായിരുന്നുവെന്ന് അംബിക സോണി ഓർമിപ്പിച്ചു. ആസാദിന് പാർട്ടി ഏറെ പ്രാധാന്യം നൽകിയിട്ടുണ്ടെന്നും അവർ പറഞ്ഞു. നാലു ഭാഗത്തുനിന്നും വിമർശനം ഉയർന്നപ്പോൾ രാജിവയ്ക്കാമെന്നു ഗുലാം നബി പറഞ്ഞതായാണു സൂചനകൾ.

പ്രാരംഭ പ്രസംഗത്തിൽ സോണിയ രണ്ടുവട്ടം ഗുലാം നബിയുടെ പേരെടുത്തു പറഞ്ഞു. കത്തെഴുതിയതു കൂടാതെ ഗുലാം നബി അതിന്റെ ഓർമപ്പെടുത്തൽ കത്തു കൂടി നൽകിയെന്ന് സോണിയ പറഞ്ഞതായി പാർട്ടി വൃത്തങ്ങൾ. അതിനുള്ള മറുപടി കെ.സി. വേണുഗോപാലിന്റെ കൈവശം നൽകിയിട്ടുണ്ടെന്നും താൻ സ്ഥാനമൊഴിയുകയാണെന്നും സോണിയ വ്യക്തമാക്കുകയായിരുന്നു.

ഭൂരിപക്ഷം നേതാക്കളും സോണിയ തുടരണമെന്നു വാദിച്ചപ്പോൾ ചില നേതാക്കൾ രാഹുൽ ഗാന്ധി വീണ്ടും അധ്യക്ഷനാവണമെന്നും നിർദേശിച്ചു. രാജസ്ഥാൻ മുഖ്യമന്ത്രി അശോക് ഗെഹ് ലോട്ട്, ഛത്തിസ്ഗഡ് മുഖ്യമന്ത്രി ഭൂപേഷ് ബഘേൽ എന്നിവരാണ് ഇവരിൽ പ്രധാനികൾ. സോണിയ ഗാന്ധി നൽകിയ മറുപടിക്കത്ത് വായിച്ച കെ.സി. വേണുഗോപാൽ കത്തിനു പിന്നിലുള്ളവരെ വിമർശിച്ചു. ഗുലാം നബിയെ കൂടാതെ കത്തെഴുതിയവരിൽ ഉൾപ്പെട്ട ആനന്ദ് ശർമ, മുകുൾ വാസ്നിക്, ജിതിൻ പ്രസാദ എന്നിവരും യോഗത്തിൽ പങ്കെടുത്തു.

കത്ത് വിവരം പുറത്തുവന്ന ഞായറാഴ്ച ഉച്ചകഴിഞ്ഞു മുതൽ സോണിയയ്ക്കും രാഹുലിനും പിന്തുണ അറിയിച്ചുകൊണ്ടുള്ള സന്ദേശങ്ങളുടെ പ്രവാഹമാണുണ്ടായത്. അധ്യക്ഷസ്ഥാനം ഏറ്റെടുക്കാൻ രാഹുൽ സമ്മതിക്കുന്നതുവരെ സോണിയ തുടരണമെന്ന് ഏതാണ്ട് എല്ലാ കോൺഗ്രസ് എംപിമാരും മറ്റു നേതാക്കളും ആവശ്യപ്പെട്ടു. കോൺഗ്രസ് മുഖ്യമന്ത്രിമാരും പിസിസികളും സോണിയയ്ക്കു വേണ്ടി രംഗത്തുവരുക മാത്രമല്ല കത്തെഴുതിയവരെ വിമർശിക്കുകയും ചെയ്തു. നെഹ്റു- ഗാന്ധി കുടുംബത്തിന് പിന്തുണ അറിയിച്ച് കത്തുകളും മെയിലുകളും പ്രവഹിച്ചു.

'മൈ ലീഡർ രാഹുൽ ഗാന്ധി' ഹാഷ് ടാഗുമായാണ് യൂത്ത് കോൺഗ്രസ് ഐക്യദാർഢ്യം പ്രഖ്യാപിച്ചത്. രാഹുൽ അധ്യക്ഷസ്ഥാനത്തു തിരിച്ചു വരാനാണ് ബഹുഭൂരിപക്ഷം കോൺഗ്രസ് പ്രവർത്തകരും ആഗ്രഹിക്കുന്നതെന്ന് സച്ചിൻ പൈലറ്റ് ട്വീറ്റ് ചെയ്തു. രാഹുലിന്റെ നേതൃത്വത്തിൽ കോൺഗ്രസ് പ്രവർത്തകരും നേതാക്കളും ഒന്നിച്ചു നിൽക്കേണ്ട സമയമാണിതെന്നു സച്ചിൻ ചൂണ്ടിക്കാട്ടി.

കിം ജോങ് ഉൻ കോമയിൽ, അധികാരം സഹോദരിക്ക്?

കിം മരിച്ചെന്നും റിപ്പോർട്ട്

സിയൂൾ: ഉത്തരകൊറിയൻ ഏകാധിപതി കിം ജോങ് ഉൻ കോമയിലെന്നു റിപ്പോർട്ട്. കിമ്മിന്റെ സഹോദരി കിം യോ ജോങ് അധികാരം ഏറ്റെടുത്തെന്നും ദേശീയ, അന്താരാഷ്ട്ര കാര്യങ്ങൾ ഇവരാണെന്ന് നിയന്ത്രിക്കുന്നതെന്നും റിപ്പോർട്ടിൽ പറയുന്നു. അതേസമയം, കിം ജോങ് ഉൻ മരിച്ചെന്നും റിപ്പോർട്ടുകളുണ്ട്.

ദക്ഷിണ കൊറിയൻ മുൻ പ്രസിഡന്റ് കിം ഡേ ജംഗിന്റെ സഹായിയായിരുന്ന ചാങ് സോങ് മിന്നിനെ ഉദ്ധരിച്ചാണു കിം ജോങ് ഉൻ കോമയിലെന്ന റിപ്പോർട്ടുകൾ. രാഷ്ട്രീയകാര്യ സെക്രട്ടറിയായും സ്റ്റേറ്റ് അഫയേഴ്സ് മോണിറ്ററിങ് ഓഫിസ് മേധാവിയായും സേവനമനുഷ്ഠിച്ച ചാങ് സോങ് മിൻ സമൂഹമാധ്യമത്തിലൂടെയാണ് ഇക്കാര്യങ്ങൾ പങ്കുവച്ചത്. ഭരിക്കാൻ കഴിയാത്ത നിലയിൽ രോഗം മൂലം അവശനാകുകയോ അട്ടിമറിയിലൂടെ നീക്കം ചെയ്യപ്പെടുകയോ ചെയ്താലല്ലാതെ ഒരു ഉത്തരകൊറിയൻ നേതാവും അധികാരം മറ്റൊരാൾക്ക് കൈമാറില്ലെന്ന് ചാങ് സോങ് മിൻ പറയുന്നു.

മേയ് യ് രണ്ടിന് ഒരു ഫാക്റ്ററി ഉദ്ഘാടനത്തിനാണ് കിം അവസാനമായി പൊതുവേദിയിൽ പ്രത്യക്ഷപ്പെട്ടത്. പിന്നീട് കിം രോഗശയ്യയിലെന്നും കോമയിലെന്നുമുൾപ്പെടെ റിപ്പോർട്ടുകൾ പുറത്തുവന്നിരുന്നു.

എന്നാൽ, കിം മരിച്ചെന്നാണ് ഉത്തരകൊറിയൻ വിദഗ്ധനായ മാധ്യമപ്രവർത്തകൻ റോയ് കാലിയുടെ വിലയിരുത്തൽ. ഉത്തരകൊറിയയുടെ ഭരണ തലത്തിൽ നിർണായകമായ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണു കിമ്മിന്റെ ആരോഗ്യാവസ്ഥയെക്കുറിച്ച് കൃത്യമായ വിവരങ്ങളൊന്നും നൽകാത്തത്. കിം ജോങ് ഇൽ മരിച്ചപ്പോൾ മാസങ്ങൾക്കുശേഷമാണ് ഉത്തരകൊറിയ ഇക്കാര്യം സ്ഥിരീകരിച്ചത്.

കിം ജോങ് ഉന്നിന്റെ കാര്യത്തിലും സഹോദരി അധികാരമേൽക്കുകയും കസേരയുറപ്പിക്കുകയും ചെയ്തശേഷമേ പ്രഖ്യാപനമുണ്ടാകൂ എന്നും റോയ് കാലി.

മാപ്പ് പറയില്ല: നിലപാടിലുറച്ച് പ്രശാന്ത് ഭൂഷൺ

ന്യൂഡൽഹി: കോടതിയലക്ഷ്യ കേസിൽ സുപ്രീം കോടതിയോടു മാപ്പു പറയില്ലെന്ന നിലപാടിൽ ഉറച്ച് പ്രമുഖ അഭിഭാഷകൻ പ്രശാന്ത് ഭൂഷൺ. കേസിനു കാരണമായ രണ്ടു ട്വീറ്റുകളിൽ തന്റെ ഉറച്ച വിശ്വാസമാണു പ്രകടിപ്പിച്ചതെന്നും അതിൽ ഉറച്ചുനിൽക്കുകയാണെന്നും പ്രശാന്ത് ഭൂഷൺ കോടതിയെ അറിയിച്ചു. ആത്മാർഥതയില്ലാതെ മാപ്പു പറഞ്ഞാൽ അതു തന്റെ മനഃസാക്ഷിയെയും കോടതിയെയും അവഹേളിക്കലാവുമെന്നും അദ്ദേഹം. ഇന്നലെ സമർപ്പിച്ച സപ്ലിമെന്ററി പ്രസ്താവനയിലാണ് അദ്ദേഹം ഇതു വ്യക്തമാക്കിയത്. വിശ്വാസങ്ങൾക്ക് വിരുദ്ധമായി മാപ്പു പറയുന്നത് ഏതെങ്കിലും നിബന്ധനയുടെ പേരിലായാലും അല്ലെങ്കിലും ആത്മാർഥതയില്ലാത്തതാണ്- അദ്ദേഹം വ്യക്തമാക്കി.

നിരുപാധികം മാപ്പു പറയുന്നതിന് പ്രശാന്ത് ഭൂഷന് കോടതി ഇന്നലെ വരെയാണ് സമയം നൽകിയിരുന്നത്. വ്യതിചലനങ്ങളുണ്ടാകുന്നുവെന്നു വിശ്വസിക്കേണ്ടി വരുമ്പോൾ അതിനെതിരേ ശബ്ദിക്കേണ്ടത് കോടതിയുമായി ബന്ധപ്പെട്ടയാൾ എന്ന നിലയിൽ തന്റെ ഉത്തരവാദിത്വമാണെന്നും അദ്ദേഹം. സുപ്രീം കോടതിയെയോ ഏതെങ്കിലും ജഡ്ജിയെയോ അപകീർത്തിപ്പെടുത്താനല്ല തന്റെ ഉദ്യമം. ക്രിയാത്മകമായ വിമർശനമാണ് ഉന്നയിച്ചത്- അദ്ദേഹം വിശദീകരിക്കുന്നു.

അലി

എടവണ്ണ: ഒതായി പടിഞ്ഞാറെ ചാത്തല്ലൂർ കിലുങ്ങാംകുളത്തെ പുത്തൻവീട്ടിൽ അലി (85) അന്തരിച്ചു. ഭാര്യ: പാത്തുമ്മ (ചാത്തല്ലൂർ). മക്കൾ: കദീജ, ഷുക്കൂർ, സുനീർബാബു (പിഡബ്ല്യുഡി ജീവനക്കാരൻ തലശ്ശേരി), ഫൗസിയ. മരുമക്കൾ: സനീനത്ത് (വെള്ളേരി), നൗഷിദ (പാങ്ങിക്കാട്), ഷൗക്കത്ത് (കൈപ്പിനി), പരേതനായ സി.ടി ബിരാൻ കുട്ടി. ഖബറടക്കം നടത്തി.

ആയിഷബി

കോഴിക്കോട്: പരേതനായ വാടിയിൽ മാമുക്കോയയുടെ ഭാര്യ കോട്ടപ്പറമ്പ് ആയിഷബി (75) പന്നിയങ്കര ആയിഷാസിൽ അന്തരിച്ചു. മക്കൾ: കമറുദ്ദീൻ, റംലത്ത്. മരുമക്കൾ: ജുബൈദ്, അബൂബക്കർ.

ആലി

മഞ്ചേരി: മഞ്ചേരിയിലെ പഴയകാല ചുമട്ടു തൊഴിലാളി കിഴക്കേതല പിലാത്തോട്ടത്തിൽ ആലി എന്ന ആനക്കയം ആലി (85) അന്തരിച്ചു. ഭാര്യ: മറിയുമ്മ. മക്കൾ: ജംഷീർ ബാബു, ജാസർ, ആയിഷ നിഷ, തസ്ലീമ. മരുമക്കൾ: ഫൈസൽ മണ്ണാർക്കാട്, സാബിത്ത് മൈസൂർ.

സോമൻ

മാങ്കാംകുഴി: ആല്ലുംമൂട്ടിൽ സോമൻ (70) അന്തരിച്ചു. ഭാര്യ: ലീല. മക്കൾ: സന്ധ്യ (ദുബായ്), പുലരി. മരുമക്കൾ: എം.എസ്. അഭിലാഷ് (ദുബായ്), എം.എസ്. അനിൽ (എഎസ്ഐ, വെൺമണി പൊലീസ് സ്റ്റേഷൻ).

മറിയക്കുട്ടി

അങ്കമാലി : കറുകുറ്റി പാത്തിക്കുളങ്ങര പരേതനായ പാപ്പുവിന്റെ ഭാര്യ മറിയക്കുട്ടി (94) അന്തരിച്ചു. സംസ്കാരം നടത്തി. കറുകുറ്റി ചിറ്റിനപ്പിള്ളി കുടുംബാംഗമാണ്. മക്കൾ: മേരി, അൽഫോൻസ, അന്നക്കുട്ടി, സിസ്റ്റർ ഗ്രേയ്സി (എഫ്എൽഎസ്ജി), സ്റ്റീഫൻ, ജോസ്, പരേതനായ ബേബി. മരുമക്കൾ: പാലിശ്ശേരി തെക്കയിൽ മാടവന വർഗീസ്, കറുകുറ്റി ഈശാംതെങ്ങിൽ രാജു, മേരി, അൽഫോൻസ, ജെന്നി, വട്ടപ്പറമ്പ് ഭരണികുളങ്ങര പരേതനായ ചാക്കോ.

ഓൾഗ അലക്സ്

കാവനാട്: ആശ്രാമ് നഗർ ആഷിയാനയിൽ കെഎംഎംഎൽ റിട്ട. ഡിജിഎം അലക്സാണ്ടർ ഫെർണാണ്ടസിന്റെ ഭാര്യയും നീണ്ടകര സെന്റ് ആഗ്നസ് എച്ച്എസ് റിട്ട. അധ്യാപികയുമായ ഓൾഗ അലക്സ് (70) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: പ്രീതി, ടീന, ഫ്രെഡി. മരുമക്കൾ: ജോർജ്, റിങ്കു, സിംസി.

നെടുളി പുരുഷോത്തമൻ

പന്തീരാങ്കാവ്: പൊതു കാര്യ പ്രവർത്തകനും ഓൾ ഇന്ത്യ എൽഐസി ഏജന്റ്സ് ഫെഡറേഷൻ കോഴിക്കോട് ജില്ലാ രക്ഷാധികാരിയുമായ നെടുളി പുരുഷോത്തമൻ (75) അന്തരിച്ചു. സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ സജീവമായിരുന്നു. ശ്രീനാരായണ എജ്യുക്കേഷൻ സൊസൈറ്റി പാട്രൺ മെമ്പർ, പന്തീരാങ്കാവ് വിഷ്ണു ക്ഷേത്ര സംരക്ഷണ സമിതി പ്രസിഡന്റ്, പന്തീരാങ്കാവ് ഗണേശ സാധനാ കേന്ദ്രം വിനായക ചതുർഥി ആഘോഷ കമ്മിറ്റി രക്ഷാധികാരി, പന്തീരാങ്കാവ് വെസ്റ്റ് അയ്യപ്പ ജനമഠം രക്ഷാധികാരി, മേച്ചേമ്പാത്ത് തിരുവണത്തിൽ കുടുംബ ക്ഷേത്രം പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു വരികയായിരുന്നു. 1987 മുതൽ ചെയർമാൻസ് ക്ലബ്ബ് മെമ്പറും ലൈഫ് മെമ്പറുമായ എൽഐസി ഏജന്റായിരുന്നു. നിരവധി തവണ എൽഐസിയിൽ കോടിപതി സ്ഥാനം വഹിച്ചിട്ടുണ്ട്. ശ്രീകണ്ഠേശ്വര ക്ഷേത്ര കമ്മിറ്റിയിൽ ഒട്ടേറെ തവണ ജോയന്റ് സെക്രട്ടറി, പന്തീരാങ്കാവ് സർവീസ് സഹകരണ ബാങ്ക് മുൻ വൈസ് പ്രസിഡന്റ്, മാവൂർ ഗ്വാളിയോർ റയോൺസിൽ ദീർഘകാലം അസംസ്കൃത വസ്തുക്കൾ വിതരണം ചെയ്തിരുന്ന എൻ.പുരുഷോത്തമൻ ആൻഡ് കമ്പനി മാനേജിങ് പാർട്ണർ എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. ഭാര്യ: മീനാകുമാരി. മക്കൾ: നിഷ, പ്രജീഷ് (അമേരിക്ക), പ്രവിത (ഓസ്ട്രേലിയ). മരുമക്കൾ: ശൈലേഷ് (പുതിയറ), അരുൺ (മൈസൂർ), സുജിത് (ഓസ്ട്രേലിയ). സഹോദരങ്ങൾ: പ്രഭാകരൻ (കെടിസി ചെന്നൈ). സംസ്കാരം നടത്തി.

തങ്കമണി

നാട്ടിക: ബാവുമാസ്റ്റർ റോഡിൽ തട്ടുപറമ്പിൽ പരേതനായ ശിവരാമന്റെ ഭാര്യ തങ്കമണി (91) അന്തരിച്ചു. മക്കൾ: കമലാമണി, ശശികല, രജനി, സുരേഷ്കുമാർ (കുവൈറ്റ്), ശശീന്ദ്രൻ (കുവൈറ്റ്), ബിന്ദു, സിന്ധു, പരേതനായ വിനയകുമാർ. മരുമക്കൾ: അശോകൻ, സുരേഷ്, രാജൻ, മഞ്ജുള നിശാന്തിനി, ദിപ, ജ്യോതി പ്രകാശ്, സുനിൽ കുമാർ. സംസ്കാരം നടത്തി.

അഭിജിത്ത്മോഹൻ

തേഞ്ഞിപ്പലം: ചേളാരി-ചുള്ളോട്ടു പറമ്പ് സ്വദേശി തെക്കേടത്ത് അഭിജിത്ത്മോഹൻ (26) അന്തരിച്ചു. പിതാവ്: മോഹൻദാസ് (തേഞ്ഞിപ്പലം കോൺഗ്രസ് ഒൻപതാം വാർഡ് പ്രസിഡന്റ്), മാതാവ്: ബേബി പുണ്യാത്തിൽ. ഭാര്യ: ആര്യ. സഹോദരങ്ങൾ: അഭിജിത്ത് മോഹൻ, അക്ഷയ് മോഹൻ, അജയ് മോഹൻ. സംസ്കാരം ഇന്ന് രാവിലെ എട്ടിന് വീട്ടുവളപ്പിൽ.

ഭാരതിയമ്മ

ഇടവട്ടം: പൊരിക്കൽ ശ്രീതാഭവനിൽ പരേതനായ ജനാർദ്ദനൻ പിള്ളയുടെ ഭാര്യ ഭാരതിയമ്മ (83) അന്തരിച്ചു. മക്കൾ: ശ്രീതാദേവിയമ്മ, സജീവ്കുമാർ, പരേതരായ രവികുമാർ, സന്തോഷ്കുമാർ. മരുമക്കൾ: സുലജയമ്മ, പരേതനായ രവികുമാർ, മണിയമ്മ.

ജെ.ശിവദാസൻ പിള്ള

കാവനാട്: മീനത്തുചേരി അഭികത്തുപാലോട്ട് വീട്ടിൽ ജെ.ശിവദാസൻ പിള്ള (83) അന്തരിച്ചു.

ചന്ദ്രൻ

ചെറുവാടി: തട്ടാരി പറമ്പ് താമസിക്കും കുന്നത്ത് ചന്ദ്രൻ (83) അന്തരിച്ചു. ഭാര്യ: ചാലിൽ യശോദ. മക്കൾ: പ്രമോദ്, പ്രമീള, പ്രഷീദ്. മരുമക്കൾ: രാമൻകുട്ടി, രമാഭായ്.

അഡ്വ.സണ്ണി ചെറിയാൻ

തലശേരി : തലശേരി ബാറിലെ അഭിഭാഷകൻ അഡ്വ.സണ്ണി ചെറിയാൻ (65) നാഞ്ചാരത്ത് പീടികയിലെ നാഗനാട്ടിൽ അന്തരിച്ചു. മംഗലാപുരം ബൽത്തങ്ങാടി സ്വദേശിയാണ്. തലശേരി ബാറിലെ അഭിഭാഷക അഡ്വ.മേരി മാത്യുവാണ് ഭാര്യ. നവീൻ ചെറിയാൻ, നവ്യ ട്രീസ ചെറിയാൻ മക്കളാണ്. സഹോദരങ്ങൾ: ജോയ്, ബേബി, പരേതരായ ലിനാമ്മ, ബെന്നി ചെറിയാൻ.

ചെറിയ മുഹമ്മദ് ഹാജി

മഞ്ചേരി: പുല്ലഞ്ചേരി ചീനിക്കാമണ്ണിൽ മമ്പാട്ടുള്ളി ചെറിയ മുഹമ്മദ് ഹാജി (75) അന്തരിച്ചു. ഭാര്യ: സൈനബ. മക്കൾ: അബ്ദുൽ ഹക്കീം, അഷ്റഫ്, ഉമർ, അബ്ദുൽ കരീം, ബഷീർ, സഫിയ, സുബൈദ, ഹഫ്സത്. മരുമക്കൾ: സൈതലവി നെല്ലിക്കുത്ത്, ഷറഫുദ്ദീൻ പുല്ലഞ്ചേരി, അബ്ബാസ് പട്ടർകുളം, അസ്മാബി, മൈമൂന, സൈനബ, സജ്ന. സഹോദരങ്ങൾ: അബ്ദുല്ല മജീദ് മുസ്ലിയാർ, അബ്ദുസ്സലാം ഹാജി.

കമലാഭായി

വെള്ളൂർ: അരുവിയോട് കീഴാവിയോട് പരേതനായ ചന്ദ്രശേഖരൻ നായരുടെ ഭാര്യ കമലാഭായി (91) അന്തരിച്ചു. മക്കൾ: പ്രേമ, ഗിരിജ. മരുമക്കൾ: ചന്ദ്രശേഖരൻ നായർ, പത്മലോചനൻ.

എൽസി

പടവരാട്: ഇളംതുരുത്തി ഗ്രീൻ നഗർ ഒല്ലൂക്കാരൻ പരേതനായ ഇന്നാശുവിന്റെ ഭാര്യ എൽസി (74) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 9.30 ന് കരിപ്പക്കുന്ന് സെമിത്തേരിയിൽ. മക്കൾ: ബിജു, പരേതയായ ബിന്ദു, മരുമകൻ: ബാബു.

ചെല്ലമ്മ

തൃക്കരുവ: പണ്ടകശാല തെക്കതിൽ പരേതനായ രാഘവന്റെ ഭാര്യ ചെല്ലമ്മ (92) അന്തരിച്ചു.

പി.പി. അഹമ്മദ്

കലൂർ: പൊതുമരാമത്ത് വകുപ്പ് മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ കലൂർ - കടവന്ത്ര റോഡിൽ, 5 അവന്യൂവിൽ പി.പി. അഹമ്മദ് (83) അന്തരിച്ചു. പെരുമ്പാവൂർ വെങ്ങോല മുണ്ടേത്ത് കുടുംബാംഗമാണ്. ഖബറടക്കം നടത്തി. ഭാര്യ: പരേതയായ പാത്തു (റിട്ട. ബി എസ് എൻ എൽ ഉദ്യോഗസ്ഥ). മക്കൾ: ഹബീബുള്ള ഖാൻ, സുബൈദ, ഷബിന അഹമ്മദ്, ഡോ: ഷബിന ഇക്ബാൽ (ഐഎഎസ്). മരുമക്കൾ: ബഷീർ ഹൈഡ്രോസ്, സനൂബർ, ഡോ: ഇക്ബാൽ, രുചിത.

കൗസല്യ

നെട്ടൂർ: വിദ്യാഭ്യാസ വകുപ്പിൽ റിട്ടയേർഡ് സൂപ്രണ്ട് പരേതനായ നികർത്തിൽ തേവൻ മാസ്റ്റർ ഭാര്യ കൗസല്യ (86) നൈമനപറമ്പിൽ മകളുടെ വസതിയിൽ അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 11ന് നെട്ടൂർ ശാന്തി വനത്തിൽ. മക്കൾ: ഗോപി (റിട്ട. സെൻട്രൽ ഫിഷറീസ്), സോമസുന്ദരൻ (റിട്ട. പോർട്ട് ട്രസ്റ്റ്), അജിതകുമാരി. മരുമക്കൾ: പ്രീതി, വത്സല, ശിവദാസൻ (റിട്ട. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ).

സിസിലി

മണലൂർ: മാളിയേക്കൽ റപ്പായി മകൾ സിസിലി (84) അന്തരിച്ചു. സംസ്കാരം നടത്തി.

തോമസ് സേവ്യർ

കുമ്പളങ്ങി: തോട്ടുംകര തോമസ് സേവ്യർ (79) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: ബിനു, ബാബു, ബെന്നി. മരുമക്കൾ: ജോസഫ്, മേഴ്സി, ഷീന.

നബീസാബീവി

കൊല്ലൂർവിള:പള്ളിമുക്ക് ഭാരത് നഗർ63 ഇജാസ് മൻസിലിൽ പരേതനായ നൂഹുകണ്ണിന്റെ ഭാര്യ നബീസാബീവി (90) അന്തരിച്ചു. ഖബറടക്കം നടത്തി. മക്കൾ: ഷെരീഫ്, നിസാം, നാസർ, ജലാൽ, റഷീദ, സുൽബത്ത്, നസീമ.

കാർലോസ്

അരീനല്ലൂർ: ഡയാന മന്ദിരത്തിൽ കാർലോസ് (വിജയൻ64) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: ഉഷമേരി. മക്കൾ: ഡയാന, ഡയസ്. മരുമക്കൾ: ജോയി, ദീപ്തി.

ചിന്നമ്മ

പുത്തൂർ: കൈതക്കോട് വാഴവിള പുത്തൻവീട്ടിൽ ചെറിയാന്റെ ഭാര്യ ചിന്നമ്മ (83) അന്തരിച്ചു.

ഐസക്ക് ബാബു

കക്കോടി: എൻവി റോഡ് പുതുക്കുടിത്താഴം ട്രീം നെസ്റ്റിൽ മുൻ സൈനികനായ ഐസക്ക് ബാബു (53) അന്തരിച്ചു. സംസ്കാരം വെസ്റ്റ്ഹിൽ ഹെർമൻ ഗുണ്ടർട്ട് സിഎസ്ഐ സഭ സെമിത്തേരിയിൽ നടത്തി. ഭാര്യ: പ്രസന്ന ബാബു. മക്കൾ: സോണിയ ബാബു, സോഫിയ ബാബു. സഹോദരൻ: ഹെൻറി ജോസഫ്.

ജമീല

പുന്നയൂർക്കുളം: എഴുത്തുകാരൻ ഹനീഫ കൊച്ചന്നൂരിന്റെ ഭാര്യ ജമീല (54) അന്തരിച്ചു. കൊച്ചന്നൂർ മങ്കുളങ്ങര കുടുംബാംഗമാണ്. ഖബറടക്കം നടത്തി. മക്കൾ: മൻസൂർ (ദുബായ്), നൂർജഹാൻ, മാജിദ. മരുമക്കൾ: റിയാസ്, റിജാസ് (ഇരുവരും ദുബായ്), സമീർ.

ഭാസ്കരൻ

മണലൂർ: ഹയർ സെക്കന്ററി സ്കൂളിനു സമീപം മണോത്തുപറമ്പിൽ ഭാസ്കരൻ (95) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: പരേതയായ സുഭദ്ര. മക്കൾ: ദിലീപ്, സ്മിത, സീന. മരുമക്കൾ: ഉഷ, സതീഷ് ബാബു, സോമൻ.

എൽസി

നടത്തറ: എരവിമംഗലം ചാച്ചാജി ലെയിനിൽ പരേതനായ മഞ്ഞളി ദേവസി ഭാര്യ എൽസി (72) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 10.30 ന് എരവിമംഗലം സെന്റ് മേരീസ് പള്ളി സെമിത്തേരിയിൽ. മക്കൾ: ദിൻസ്, ജോബി. മരുമക്കൾ: ലിജി, ശ്രീമി.

ബി. ബാബുരാജൻ

കരുമം: പുതുശ്ശേരി വീട്ടിൽ ബി. ബാബുരാജൻ (റിട്ടയേർഡ് കലക്ട്രേറ്റ് ജീവനക്കാരൻ -61) അന്തരിച്ചു. ഭാര്യ:താര. മക്കൾ: കിരൺ, വരുൺ.

ജി.രാമകൃഷ്ണപിള്ള

പന്മന: കളരിഅയ്യത്ത് വീട്ടിൽ ജി.രാമകൃഷ്ണപിള്ള (80) അന്തരിച്ചു. പന്മന പഞ്ചായത്ത് മുൻ അംഗം, മിന്നാംതോട്ടിൽ ദേവി ക്ഷേത്രം മുൻ പ്രസിഡന്റ്, കളരി എൻഎസ്എസ് കരയോഗം മുൻ പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

ശിവരാമൻ

ചാലക്കുടി: മേലൂർ കുന്നപ്പിള്ളി തണ്ടംപറമ്പിൽ ശിവരാമൻ (71) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ:വാസന്തി. മക്കൾ: ജീമോൾ, ജിനേഷ്, ജിഷ. മരുമക്കൾ: അനിൽ, സജയൻ.

ഇബ്രാഹിം

എടപ്പാൾ: ചെറുകഥാകൃത്തും നാടകരചയിതാവുമായ അമ്പലത്ത് എ.പി. ഇബ്രാഹിം(68) അന്തരിച്ചു. കുമ്പിടിയിലെ വസതിയിൽ വെച്ചാണ് അന്ത്യം. അസുഖബാധിതനായിരുന്നു. ഖബറടക്കം ഇന്ന് വൈകിട്ട് കുമ്പിടി ജുമാമസ്ജിദ് ഖബർസ്ഥാനിയിൽ. ഭാര്യ: റംല. മക്കൾ: ജബീർ, ജാബി. മരുമകൾ: സീനത്ത്.

സെൽവത്ത് മേരി

എറണാകുളം: പോൾ നഗറിലെ പരേതനായ ആന്റണി സേവ്യറുടെ ഭാര്യ സെന്റ് വിൻസന്റ് കോളനി ലേർസ് ഹൈസ്കൂൾ റിട്ട. അധ്യാപികയായ സെൽവത്ത് മേരി (88) അന്തരിച്ചു. മക്കൾ: ജെസ്സിൻ മേരി (റിട്ട.ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റ്), ജയ മേരി (ജെഡിബി ഇസ്ലാം ആർട്സ് കോളേജ്), ജോയ്സ് മേരി (റിട്ട. അധ്യാപിക, ജിയുപിഎസ് കുണ്ടുങ്ങൽ), ജെസിന്താ മേരി (ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റ്), ജോൺ ക്രൂസ് (ബിസിനസ്). മരുമക്കൾ: കെ.ജെ. ഫ്രാൻസിസ്, സെൽവരാജ്, ഗിൽബർട്ട്, റെജി, സിന്ധു.

മത്തായി

മുളന്തുരുത്തി: പൈനുങ്കൽപാറ കുമ്പുള്ളിൽ മത്തായി (72) അന്തരിച്ചു. സംസ്കാരം ഇന്ന് 2 ന് മുളന്തുരുത്തി മാർത്തോമൻ പള്ളി സെമിത്തേരിയിൽ. ഭാര്യ: മുളന്തുരുത്തി പാർണാൽ കുടുംബാംഗം മറിയാമ്മ. മക്കൾ : വിൻസി, വിനോദ് (ഓസ്ട്രേലിയ). മരുമക്കൾ: സാബു വർഗീസ്, മനീഷ അന്ന (ഓസ്ട്രേലിയ).

സരസ്വതിഅമ്മ

നടത്തറ: നെച്ചിക്കോട്ട് രാമൻ നായരുടെ ഭാര്യ രായിത്ത് സരസ്വതി അമ്മ (75) അന്തരിച്ചു. സംസ്കാരം ഇന്ന് ഉച്ചക്ക് 12 ന് പാറമേക്കാവ് ശാന്തിഘട്ടിൽ.

വി. ശ്രീധരൻനായർ

വെള്ളൂർ: നാറാണി അജിസദനത്തിൽ വി. ശ്രീധരൻനായർ(72) അന്തരിച്ചു. മക്കൾ: അജികുമാർ, അനിൽകുമാർ. മരുമക്കൾ: അശ്വനി, മായലക്ഷ്മി.

എ.വി. വേലായുധൻ

അങ്കമാലി: ആദ്യകാല കമ്യൂണിസ്റ്റ് പ്രവർത്തകൻ പെരിങ്ങാംപറമ്പ് അമ്പാടൻ പരേതനായ വെളിച്ചപ്പാടന്റെ മകൻ എ.വി. വേലായുധൻ (75) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 10-ന് കാലടി പൊതുശ്മശാനത്തിൽ. ഭാര്യ: കമ്മശ്ശേരി തെക്കേഴി സുമ. സഹോദരങ്ങൾ: സരസ്വതി, നളിനി, സുഭദ്ര.

മേരി കെ.എ

കൂത്താട്ടുകുളം: പൂവക്കുളം കക്കുഴിയിൽ (പെരുമ്പടവത്തു പുത്തൻപുരയിൽ) മേരി കെ.എ (86- റിട്ടേർഡ് ഹെൽത്ത് ഇൻസ്പെക്ടർ) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: പ്രൊഫ. ശോഭ പ്രസാദ് ബാംഗ്ലൂർ, ബീന (മുൻ റിസപ്ഷനിസ്റ്റ് ദേവമാത ആശുപത്രി കൂത്താട്ടുകുളം). മരുമകൻ: പി.കെ. പ്രസാദ്.

വെറോണിക്ക

അങ്കമാലി: മഞ്ഞപ്ര പാലാട്ടി ദേവസിയുടെ ഭാര്യ വെറോണിക്ക (81) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: എൽസി, ലിസി, ജെസി, ജിജി, പരേതനായ ബാബു. മരുമക്കൾ: പി.ടി. പോൾ (പ്രസിഡന്റ്, അങ്കമാലി ബ്ലോക്ക് പഞ്ചായത്ത്), ബിനി, ടി.എം. ഔസേഫ്, എം.പി ഡേവിഡ്, ജോസ് വി.ആർ.

മറിയം കുട്ടി

ശ്രീമൂലനഗരം: കുളിക്കര പെരുമായൻ പരേതനായ ചാക്കോയുടെ മകൾ മറിയം കുട്ടി (88) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 11.30 ന് രാജഗിരി പള്ളി സെമിത്തേരിയിൽ. അവിവാഹിതയാണ്. സഹോദരങ്ങൾ: ദേവസിക്കുട്ടി, അന്നക്കുട്ടി, പരേതരായ ഔസേപ്പ്, തോമസ്.

ശിവദാസൻ

പുത്തൂർമുക്ക്: ശിവമന്ദിരത്തിൽ ശിവദാസൻ (45) അന്തരിച്ചു. ഭാര്യ: തങ്കമ്മ. മക്കൾ: ശിവപ്രസാദ്, ശിവപ്രിയ.

ലളിതഭായി അമ്മ

വെള്ളൂർ: ആനാവൂർ പുലിയൂർ കോണത്തു വീട്ടിൽ ലളിതഭായി അമ്മ (80) അന്തരിച്ചു. ഭർത്താവ്: പരേതനായ ഭാസ്കരൻ നായർ. മക്കൾ: ശശികല, ഉദയചന്ദ്രൻ. മരുമക്കൾ: പരേതനായ ചന്ദ്രചൂഡൻ, അനു.

ടി. ജയരാജ്

പാറശാല: പരശുവയ്ക്കൽ കുഴക്കോട്ടുകോണം വടക്കേകര വീട്ടിൽ മൈലെത്തിക്കാവ് ശിവക്ഷേത്രം രാജന്റെ സഹോദരൻ ടി. ജയരാജ് (52 ശിങ്കാരിമേളം കലാകാരൻ) അന്തരിച്ചു. ഭാര്യ: ലൈല മകൾ: ആഷിക്, അഹർഷ.

എൽസി

വടക്കാഞ്ചേരി: അക്കര പരേതനായ ഫ്രാൻസിസിന്റെ ഭാര്യ എൽസി (73) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: ലിസി, ആലിസ്, തോമസ്, ബാസ്റ്റ്യൻ. മരുമക്കൾ: ആന്റണി, അഗസ്റ്റിൻ, ഇന്ദു, രഹന.

കൊവിഡ് രോഗി മരണപ്പെട്ടു

ഷഫീർ

തലശേരി: വിദേശത്ത് നിന്നെത്തി കൊവിഡ് പോസറ്റീവായതിനെ തുടർന്ന് ചികിത്സയിലായ യുവാവ് മരണപ്പെട്ടു. ഖബറടക്കുന്ന കാര്യത്തിൽ തർക്കം ഉണ്ടായെങ്കിലും മുതിർന്നവരിടപ്പെട്ട് പ്രശ്നം പരിഹരിച്ചു. ഇതിന് ശേഷം പാനൂർ ജുമ അത്ത് പള്ളി ഖബർസ്ഥാനിൽ ഖബറടക്കാൻ തീരുമാനമായി. കൂറ്റേരിയിലെ കല്ലിൽ ഷഫീറാ (45) ണ് മരണപ്പെട്ടത്. കഴിഞ്ഞ ദിവസം വിദേശത്ത് നിന്നെത്തിയ ഷഫീറിനെ ക്വാറന്റയിനിൽ കഴിയവെ നെഞ്ച് വേദനയെ തുടർന്ന് പരിയാരം മെഡിക്കൽ കോളേജിൽ പ്രവേശിപ്പിക്കുകയായിരുന്നു. പരിശോധനയിൽ കോവിഡ് സ്ഥിരീകരിക്കുകയും ചെയ്തു. തുടർന്ന് മരണവും സംഭവിച്ചു. കിഡ്നി, ഷുഗർ സംബന്ധമായ അസുഖവുമുണ്ടായിരുന്നു. മരണ വിവരം സ്ഥിരീകരിച്ചതോടെ പാനൂർ ജുമ അത്ത് പള്ളി ഖബർസ്ഥാനിൽ ഖബറടക്കാൻ തീരുമാനിച്ചെങ്കിലും ഒരു വിഭാഗം എതിർപ്പുമായി രംഗത്ത് വന്നു. കുഴിയെടുക്കാൻ എസ്കവേറ്റർ കടത്തിവിടാൻ വഴിയില്ലെന്ന് പറഞ്ഞാണ് ആദ്യം നിഷേധിച്ചത്. അവശ്യമായ കുഴിയെടുക്കാൻ സന്നദ്ധമായി ചില സംഘടനകൾ രംഗത്ത് വന്നതോടെ അതാവശ്യമില്ലെന്നും എസ്കവേറ്റർ കടത്തിവിടാമെന്നും ഇക്കൂട്ടർ അറിയിച്ചു. ഇതോടെ ഹിറ്റാച്ചി ഉപയോഗിച്ച് കുഴിയെടുത്തെങ്കിലും ഖബറടക്കുന്ന വേളയിൽ മറ്റൊരു കൂട്ടത്തിലും തർക്കമായി. പിന്നീടും ഇതു പരിഹരിച്ച് ഖബറടക്കത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയാക്കി. സുഹൈനയാണ് ഷഫീറിന്റെ ഭാര്യ.

കൊവിഡ് ബാധിച്ച് ആലപ്പുഴയിൽ മൂന്ന് മരണം

ലീല

ഫമീന

ആലപ്പുഴ: കൊവിഡ് ബാധിച്ച് ജില്ലയിൽ മൂന്ന് പേർ മരിച്ചു. ആലപ്പുഴ പുന്നപ്ര വടക്ക് പുത്തൻവെളിയിൽ രാജൻ(67), ചേർത്തല നഗരസഭ 8-ാം വാർഡ് തകിടിവെളി വിശ്വംഭരന്റെ ഭാര്യ ലീല (77), ആലപ്പുഴ നഗരസഭ വാർഡിലെ സനാതനം സുരേന്ദ്രപുരം ദാറുൽ റഹ്മയിൽ മുഹമ്മദ്ഷെരീഫിന്റെ ഭാര്യ ഫമിന (39) എന്നിവരാണ് മരിച്ചത്. പ്രമേഹത്തെ തുടർന്ന് ആലപ്പുഴയിലെ സ്വകാര്യ ആശുപത്രിയിലെ ഐസിയുവിൽ ചികിത്സയിലിരിക്കെ കോവിഡ് പരിശോധനയിൽ പോസിറ്റായതിനെ തുടർന്ന് ഗുരുതരാവസ്ഥയിൽ വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഐസിയുവിലേക്ക് മാറ്റിയ ഫമീന ഞായറാഴ്ച രാത്രി 12 മണിയോടെ മരണമടയുകയായിരുന്നു. ഫമിനയുടെ അസുഖവിവരമറിഞ്ഞ് ഗൾഫിൽ നിന്നെത്തിയ ഭർത്താവ് ക്വാറന്റൈനിൽ കഴിയുകയാണ്. കോവിഡ്നിയന്ത്രണങ്ങൾക്ക് വിധേയമായി ആലപ്പുഴ മസ്താൻ പള്ളി ഖബർസ്ഥാനിൽ മയ്യത്ത് ഖബറടക്കി. മക്കൾ: ഹാഫിസ്, ഇബ്രാഹീം. ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നതിനിടെയാണ് പുന്നപ്ര സ്വദേശി രാജൻ ആലപ്പുഴ മെഡിക്കൽ കോളെജാശുപത്രിയിൽ വെച്ചു മരിച്ചത്. പാചകത്തൊഴിലാളിയായ ഇദ്ദേഹം രണ്ടാഴ്ച മുൻപ് വീട്ടിൽ കുഴഞ്ഞു വീണിരുന്നു. തുടർന്ന് മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തിച്ചു കോവിഡ് ടെസ്റ്റ് നടത്തിയെങ്കിലും ഫലം നെഗറ്റീവായിരുന്നു. അഞ്ചു ദിവസത്തെ ചികിത്സക്കു ശേഷം ഇദ്ദേഹത്തെ ഡിസ്ചാർജ് ചെയ്തു. പിന്നീട് വീട്ടിൽ തിരികെയെത്തിയ രാജന് ഹൃദയ സംബന്ധമായ അസ്വസ്ഥത ഉണ്ടായതിനെത്തുടർന്ന് വീണ്ടും മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പിന്നീട് നടത്തിയ കോവിഡ് പരിശോധനയിൽ ഫലം പോസിറ്റീവാകുകയായിരുന്നു. തിങ്കളാഴ്ച പുലർച്ചയാണ് ഇദ്ദേഹം മരിക്കുന്നത്. മൃതദേഹം വീട്ടുവളപ്പിൽ സംസ്കരിച്ചു. ഭാര്യ: പുഷ്പ. മക്കൾ: അഭിലാഷ്, രാജേഷ്. ചേർത്തല സ്വദേശിനി ലീല കൊവിഡ് ബാധിച്ചു വണ്ടാനം മെഡിക്കൽ കോളജ് ചികിത്സയിലായിരുന്നു. വാർദ്ധക്യ സഹജമായ അസുഖങ്ങളുമുണ്ടായിരുന്നു. ഭർത്താവിനും മകനും രണ്ട് ബന്ധുക്കൾക്കും കോവിഡ് പോസിറ്റീവായതിനെത്തുടർന്ന് ക്വാറന്റൈനിലാണ്. തിങ്കളാഴ്ച രാവിലെയോടെയാണ് ലീല മരിച്ചത്. സംസ്കാരം നടത്തി.

പിക്കപ്പ് വാൻ സ്കൂട്ടിയിൽ ഇടിച്ച് വിദ്യാർഥി മരിച്ചു

അഭിനവ്

വടക്കാഞ്ചേരി: കൊല്ലംപടിയിൽ പിക്കപ്പ് വാൻ (മത്സ്യവണ്ടി) സ്കൂട്ടിയിൽ ഇടിച്ച് വിദ്യാർഥി മരിച്ചു. കോട്ടോൽ സ്വദേശി പ്രമോദിന്റെ മകൻ അഭിനവ് (12) ആണ് മരിച്ചത്. രാത്രി 7 15 ഓടെ കൊല്ലം പടിയിൽ വെച്ചാണ് അപകടം നടന്നത്. പാരിക്കുന്നത്തുള്ള അമ്മ വീട്ടിൽ നിന്നും ബന്ധുവിനോടൊപ്പം സ്കൂട്ടിയിൽ കടയിലേക്ക് പോകുമ്പോഴാണ് അപകടം. തലയ്ക്ക് ഗുരുതരമായി പരുക്കേറ്റ് അഭിനവിനെ കുന്നംകുളത്തുള്ള സ്വകാര്യ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. വെള്ളറക്കാട് യുപി സ്കൂളിലെ ഏഴാം ക്ലാസ് വിദ്യാർഥിയാണ്. സംസ്കാരം നടത്തി. അമ്മ: ഷീബ. സഹോദരൻ: ആദിദേവ്.

ബൈക്കിടിച്ച് സൈക്കിൾ യാത്രക്കാരൻ മരിച്ചു

രാജൻ

കരുനാഗപ്പള്ളി: ബൈക്കിടിച്ച് സൈക്കിൾ യാത്രികനായ ഗൃഹനാഥൻ മരിച്ചു. പന്മന കളരി കനാകാലയത്തിൽ കവിരാജനാണ് (67) മരിച്ചത്. തിങ്കളാഴ്ച രാവിലെ11-ഓടെ ദേശീയ പാതയിൽ കൊറ്റൻകുളങ്ങര ഐടിഐക്ക് സമീപത്തെ സർക്കാരിന്റെ സപ്ലൈകോ സൂപ്പർ മാർക്കറ്റിൽ നിന്ന് സാധനങ്ങൾ വാങ്ങി റോഡ് മുറിച്ച് കടക്കുമ്പോൾ അമിത വേഗതയിൽ വന്ന ബൈക്കിടിക്കുകയായിരുന്നു എന്ന് പൊലീസ് പറഞ്ഞു. ഇടിയുടെ ആഘാതത്തിൽ റോഡിലേക്ക് തെറിച്ച് വീണ കവിരാജനെ സമീപത്തുള്ളവർ അടുത്തുള്ള സ്വകാര്യ ആശുപത്രിയിൽ എത്തിച്ച് പ്രഥമ ശുശ്രൂഷ നൽകിയ ശേഷം ജില്ലാ ആശുപത്രിയിലെത്തിച്ചെങ്കിലും മരണമടയുകയായിരുന്നു. ഭാര്യ: സതിയമ്മ. മക്കൾ: കവിത, കലേഷ്. മരുമകൻ: ജയപ്രഭു. സംസ്കാരം ഇന്ന് ഉച്ചയ്ക്ക് രണ്ടിന് വീട്ടുവളപ്പിൽ.

യുവാവ് കാറിടിച്ച് മരിച്ച സംഭവം: യുഎഇയിലെ ഡ്രൈവർ 40 ലക്ഷം രൂപയോളം ബ്ലഡ്മണി നൽകാൻ കോടതി

ദുബായ്: യുവാവ് കാറിടിച്ച് മരിച്ച സംഭവത്തിൽ യുഎഇയിലെ ഡ്രൈവർക്ക് കനത്ത പിഴ വിധിച്ചു കോടതി. റാസൽ ഖൈമയിലാണ് സംഭവം. ഡ്രൈവറുടെ വീഴ്ചയാണ് അപകടകാരണമെന്ന് വിലയിരുത്തിയ അപ്പീൽ കോടതി രക്തപ്പണമായി രണ്ടുലക്ഷം ദിർഹം പിഴയും മരിച്ചയാളുടെ ആശ്രിതർക്ക് 5000 ദിർഹവും നൽകാൻ ഉത്തരവിട്ടു. കീഴ് കോടതിയുടെ ഉത്തരവ് ശരിവെച്ചുകൊണ്ടാണ് റാസ് അൽ ഖൈമ കാസേഷൻ കോടതിയുടെ വിധി. ഒരുവർഷം മുമ്പാണ് ഇപ്പോഴത്തെ കോടതി വിധിക്ക് ആസ്പദമായ അപകടം നടന്നത്. എമിറേറ്റ്സ് ഹൈവേയിലൂടെ സഞ്ചരിച്ചിരുന്ന വാഹനമിടിച്ച് യുവാവ് മരിച്ചത്. അമിതമായ വേഗത്തിലെത്തിയ വാഹനമിടിച്ച് യുവാവ് തൽക്ഷണം മരിച്ചു. അപകടത്തെതുടർന്ന് നിയന്ത്രണം വിട്ടുമറിഞ്ഞ കാർ തകരുകയും ചെയ്തു. സംഭവുമായി ബന്ധപ്പെട്ട് റാസ് അൽ ഖൈമ പൊലീസ് കേസ് രജിസ്റ്റർ ചെയ്തിരുന്നു. ഡ്രൈവറാണ് കുറ്റക്കാരനെന്ന് ഇയാളെ റാസ് അൽ ഖൈമ കോടതി ശിക്ഷിച്ചു. പ്രതിക്ക് 5,000 ദിർഹം പിഴയും കോടതി വിധിക്കുകയും 200,000 ദിർഹത്തിന്റെ രക്തപ്പണം നൽകാനും ഉത്തരവിട്ടു. ഡ്രൈവർ ട്രാഫിക് നിയന്ത്രണങ്ങൾ പാലിക്കുന്നതിൽ പരാജയപ്പെട്ടതായി കോടതി വിലയിരുത്തിയിരുന്നു. എന്നാൽ വിചാരണക്കോടതി വിധിക്കെതിരെ പ്രതി റാസ് അൽ ഖൈമ കാസേഷൻ കോടതിയെ സമീപിക്കുകയായിരുന്നു. ദിവസങ്ങൾക്ക് നീണ്ട വാദത്തിനൊടുവിലാണ് കീഴ് കോടതി വിധി ശരിവച്ചത്.

അമൽ നീരദിനോടും ഫഹദിനോടും നന്ദി പറഞ്ഞ് അൻവർ റഷീദ്

അൻവർ റഷീദ് സംവിധാനം ചെയ്ത ചിത്രമാണ് ട്രാൻസ്. ഏഴ് വർഷത്തെ ഇടവേളയ്ക്ക് ശേഷമായിരുന്നു അൻവർ റഷീദ് സംവിധാനരംഗത്തേയ്ക്ക് തിരിച്ചു വന്നത്. ഫഹദ് ഫാസിലിന്റെ ഗംഭീര പ്രകടനം കൊണ്ടും മേക്കിങ് കൊണ്ടും ശ്രദ്ധേയമായ ചിത്രത്തെ കുറിച്ച് അധികമാർക്കും അറിയാത്ത ഒരു വസ്തുതയാണ് അൻവർ റഷീദ് പങ്കുവച്ചിരിക്കുന്നത്.ഫഹദ് ഫാസിലും അമൽ നീരദും ഒരു രൂപ പോലും ചിത്രത്തിനായി പ്രതിഫലം വാങ്ങിയില്ലെന്നാണ് അൻവർ റഷീദ് പറയുന്നത്. തങ്ങളുടെതായ അനുഭവങ്ങൾ സിനിമകളിൽ കൊണ്ടുവരാനും ആഗ്രഹിച്ചിരുന്നു. അങ്ങനെയാണ് ട്രാൻസ് എന്ന സിനിമ ഉണ്ടായത് എന്നാണ് അൻവർ റഷീദ് ഒരു പ്രമുഖ മാധ്യമത്തിന് നല്കിയ അഭിമുഖത്തിൽ പറഞ്ഞിരിക്കുന്നത്. 2013ൽ പുറത്തിറങ്ങിയ ആമിയിലാണ് ഇതിനു മുമ്പ് ഞാനും ഫഹദും അമലും ഒന്നിച്ച് പ്രവർത്തിച്ചത്. ഞാൻ സംവിധാനം ചെയ്ത സിനിമകളിൽ ഏറ്റവും എളുപ്പത്തിലും സന്തോഷത്തിലും ഷൂട്ട് ചെയ്ത സിനിമയായിരുന്നു അത് അൻവർ റഷീദ് പറഞ്ഞു. അമൽ നീരദും ഫഹദും തന്നോട് കാണിച്ച ആത്മവിശ്വാസത്തിനും സൗഹൃദത്തിനും എപ്പോഴും താൻ കടപ്പെട്ടിരിക്കും എന്നും സംവിധായകൻ വ്യക്തമാക്കി.പുതിയ തമിഴ് സിനിമ ഒരുക്കുന്ന തിരക്കിലാണ് അൻവർ റഷീദ്. മൂന്ന് സിനിമകളാണ് നിർമ്മിക്കാൻ തീരുമാനിച്ചത്. ഒരു സിനിമ അൻവർ റഷീദ് സംവിധാനം ചെയ്യും. ഇതിൽ കൈദി ചിത്രത്തിലൂടെ ശ്രദ്ധേയനായ അർജുൻ ദാസ് ആണ് നായകനാവുക. മിഥുൻ മാനുവൽ തോമസ് ആണ് ഈ ചിത്രത്തിന് തിരക്കഥ ഒരുക്കുകയെന്നും അൻവർ റഷീദ് പറഞ്ഞു.

ഓർമച്ചിത്രവുമായി റിമ



മോഹിനിയാട്ടം അരങ്ങേറ്റത്തിന്റെ ഓർമകൾ പങ്കുവച്ച് നടി റിമ കല്ലിങ്കൽ. മോഹിനിയാട്ടം അരങ്ങേറ്റത്തിന് തൊട്ടു മുമ്പ്. തൃശൂർ റീജിയണൽ തീയേറ്ററിലെ ബാക്ക്സ്റ്റേജ് ഡ്രസിങ് റൂമിൽ എന്ന ക്യാപ്ഷനോടെ പങ്കുവച്ച ചിത്രമാണ് സോഷ്യൽ മീഡിയയിൽ വൈറലാകുന്നത്. റിമയ്ക്ക് 13 വയസ്സുള്ളപ്പോൾ എടുത്ത ചിത്രമാണിത്. സിനിമയിലുള്ളവരും ആരാധകരും ചിത്രത്തിന് കമന്റുകളുമായി എത്തിയിട്ടുണ്ട്.സംവിധായകനും തിരക്കഥാകൃത്തുമായ മുഹ്സിൻ പരാരിയുടെ കമന്റും റിമയുടെ മറുപടിയുമാണ് ശ്രദ്ധേയമാകുന്നത്. "നല്ലൊരു കുട്ടി എയ്ന്" എന്നാണ് മുഹ്സിൻ പരാരിയുടെ കമന്റ്. 'നീ ഭൂതകാലമാണോ ഉദ്ദേശിച്ചത്" എന്നാണ് റിമ ചോദിക്കുന്നത്. 'ഞാൻ ചോദിക്കാതെ തന്നെ ഇങ്ങനെ ഒരാൾ പറഞ്ഞതിൽ അതിശയം തോന്നുന്നു" എന്നും റിമ പിന്നാലെ കുറിച്ചു. 'പൊരിച്ച മീനിന് മുൻപുള്ള ജീവിതം' എന്നാണ് മറ്റൊരാൾ കമന്റ് കുറിച്ചത്. ഒരു കമന്റിന് താൻ അപ്പോഴും ഇപ്പോഴും ഫെമിനിച്ചി തന്നെ എന്നാണ് റിമയുടെ മറുപടി. ഈ ചിത്രം പതിമൂന്നാം വയസിലേതാണ് എന്നും റിമ മറുപടി കൊടുത്തിട്ടുണ്ട്. എന്റെ ഏറ്റവും പ്രിയപ്പെട്ട ചിത്രം എന്നാണ് നടി കവിത നായരുടെ കമന്റ്. ശ്യാമപ്രസാദ് ചിത്രം 'ഋതു'വിലൂടെയാണ് റിമ മലയാള സിനിമയിലേക്ക് അരങ്ങേറ്റം കുറിച്ചത്. നടി, നർത്തകി, നിർമാതാവ് തുടങ്ങിയ നിലകളിലും റിമ തന്റെ പേര് രേഖപ്പെടുത്തിയിട്ടുണ്ട്. ആഷിഖ് അബു ഒരുക്കിയ വൈറസ് സിനിമയിലാണ് റിമ ഒടുവിൽ വേഷമിട്ടത്.

ലിസ ഹെയ്ഡന്റെ 'സർഫിംഗ് '



ബോളിവുഡ് നടിയും മോഡലുമായ ലിസ ഹെയ്ഡന്റെ ഒരു വിഡിയോയാണിപ്പോൾ സോഷ്യൽ മീഡിയയിൽ തരംഗമായിരിക്കുന്നത്. സർഫിംഗ് ചെയ്യുന്ന ലിസയുടെ വിഡിയോയാണിത്. തിരമാലകളെ സാഹസികമായി മറികടക്കുന്ന ലിസ അവസാനം അടിതെറ്റി തിരയിലേക്ക് വീഴുന്നതും വിഡിയോയിൽ കാണാം. താഴെ വീഴുന്നത് അത്ര മോശമല്ല എന്ന കുറിപ്പോടെയാണ് ലിസ വിഡിയോ പങ്കുവച്ചിരിക്കുന്നത്. ഇതിനു മുൻപും സർഫിംഗ് വേഷം ധരിച്ച് നിൽക്കുന്ന ഫോട്ടോകൾ ലിസ പങ്കുവച്ചിരുന്നു.

ലാലേട്ടന്റെ ഫൈനൽ ടച്ച്

പ്രേക്ഷകർ ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ചിത്രമാണ് മരക്കാർ അറബിക്കടലിന്റെ സിംഹം. മോഹൻലാലും പ്രിയദർശനും വീണ്ടുമൊരുമിക്കുന്ന ചിത്രത്തിന്റെ റിലീസ് ലോക്ക്ഡൗണിനെ തുടർന്ന് മാറ്റിവെക്കുകയായിരുന്നു. ഇപ്പോഴിതാ കുഞ്ഞാലി മരക്കാറിൽ നിന്നുമുള്ളൊരു ചിത്രം പങ്കുവച്ചിരിക്കുകയാണ് ബാബുരാജ്.

മോഹൻലാൽ തനിക്ക് മേക്കപ്പ് ചെയ്യുന്ന ചിത്രമാണ് ബാബുരാജ് പങ്കുവച്ചിരിക്കുന്നത്. ഫൈനൽ ടച്ച് ഫ്രം ലാലേട്ടൻ എന്നാണ് ചിത്രത്തിന് ബാബുരാജ് നൽകിയിരിക്കുന്ന ക്യാപ്ഷൻ. മേക്കപ്പ്മാൻ പട്ടണം റഷീദും അരികിലുണ്ട്. മോഹൻലാൽ ബാബുരാജിന്റെ മുഖത്ത് മേക്കപ്പ് ഇടുന്നതായാണ് ചിത്രത്തിൽ കാണുന്നത്.മോഹൻലാലിന് പുറമെ, പ്രണവ് മോഹൻലാൽ, പ്രഭു, അർജുൻ, ഫാസിൽ, സുനിൽ ഷെട്ടി, മഞ്ജു വാര്യർ, കീർത്തി സുരേഷ്, കല്യാണി പ്രിയദർശൻ, നെടുമുടി വേണു, മുകേഷ്, സിദ്ദിഖ്, രഞ്ജി പണിക്കർ, ഹരീഷ് പേരടി തുടങ്ങിയ വമ്പൻ താരനിരയാണ് മരക്കാറിൽ ഉണ്ട്. ഒമർ ലുലുവിന്റെ പുതിയ ചിത്രമായ പവർ സ്റ്റാറിനായുള്ള തയ്യാറെടുപ്പിലാണ് ബാബുരാജ് ഇപ്പോൾ. ബാബു ആന്റണി തിരിച്ചുവരുന്ന ചിത്രത്തിൽ റിയാസ് ഖാൻ, അബു സലീം എന്നിവരും പ്രധാന വേഷങ്ങളിലെത്തുന്നുണ്ട്.

മീശ പിരിച്ച് ചാക്കോച്ചൻ

മെഗാസ്റ്റാർ മമ്മൂട്ടിയുടെ വർക്കൗട്ട് ചിത്രം സോഷ്യൽ മീഡിയ കീഴടക്കിയിട്ട് അധികം നാളായില്ല. ഇപ്പോഴിത നടൻ കുഞ്ചാക്കോ ബോബന്റെ പുതിയ ചിത്രത്തിന് പിന്നാലെയാണ് സോഷ്യൽ മീഡിയ. മീശ പിരിച്ച് സൺ ഗ്ലാസും വച്ചുള്ള ചാക്കോച്ചന്റെ ചിത്രം കണ്ട് കണ്ണ് തള്ളിയിരിക്കുകയാണ് ആരാധകർ. ഓരോ ദിവസം കഴിയുന്തോറും ചാക്കോച്ചൻ ചെറുപ്പമാകുന്നു എന്നാണ് പലരുടെയും കമന്റ്.ലോക്ക്ഡൗൺ കാലം കുടുംബത്തിനൊപ്പം ചെലവഴിക്കുകയാണ് ചാക്കോച്ചൻ. ഈ അടുത്തിടെ ചാക്കോച്ചന്റെ വീട്ടിലേയ്ക്ക് പുതിയ ഒരു അതിഥി കൂടിയെത്തിയിരുന്നു. മിനി കൂപ്പറിന്റെ സ്പെഷ്യൽ എഡിഷൻ ആയിരുന്നു അത്.

പ്രഭാസിന്റെ രാധേശ്യാം ചിത്രീകരണം അടുത്ത മാസം

പ്രഭാസ് നായകനായി എത്തുന്ന ഏറ്റവും പുതിയ ചിത്രം രാധേശ്യാമിന്റെ ചിത്രീകരണം സെപ്തംബറിൽ ആരംഭിക്കും. കെ.കെ രാധാകൃഷ്ണകുമാർ ആണ് ചിത്രം സംവിധാനം ചെയ്യുന്നത്. 2015 -ൽ പുറത്തിറങ്ങിയ ജിൽ ആണ് രാധാകൃഷ്ണകുമാർ സംവിധാനം ചെയ്ത ആദ്യ ചിത്രം. പ്രഭാസിന്റെ ഇരുപതാമത് ചിത്രമാണിത്. സച്ചിൻ, ഭാഗ്യശ്രീ, മുരളി ശർമ, സാശാ, കുനാൽ, സത്യൻ തുടങ്ങിയവരാണ് ചിത്രത്തിലെ മറ്റ് താരങ്ങൾ. പൂജ ഹെഡ്ഗേ ആണ് ചിത്രത്തിലെ നായിക. നേരത്തെ തന്നെ പ്രഭാസിന്റെ പുതിയ ചിത്രം റൊമാന്റിക്ക് ചിത്രമാണെന്ന വാർത്തകൾ പുറത്തുവന്നിരുന്നു. ജൂലായ് 9നാണ് ചിത്രത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ അണിയറപ്രവർത്തകർ പുറത്തുവിട്ടത്. മലയാളം ഉൾപ്പെടെ നിരവധി ഭാഷയിലുള്ള ഫസ്റ്റ് ലുക്ക് പോസ്റ്ററാണ് അണിയറപ്രവർത്തകർ റിലീസ് ചെയ്തത്. തെലുങ്ക്, ഹിന്ദി, തമിഴ്, മലയാളം എന്നീ നാല് ഭാഷകളിലാണ് ചിത്രം നിർമ്മിക്കുന്നത്. സെപ്തംബറിലെ രണ്ടാമത്തെ ആഴ്ച്ച ചിത്രീകരണം ആരംഭിക്കും. കൂടാതെ, മറ്റുഭാഷകളിലേക്ക് മൊഴിമാറ്റവും ഉണ്ടാകുമെന്ന് അണിയറപ്രവർത്തകർ നേരത്തെ വ്യക്തമാക്കിയിരുന്നു. തെലുങ്ക് സിനിമാ രംഗത്തെ പ്രമുഖ നിർമ്മാണ കമ്പനിയായ ഗോപി കൃഷ്ണ മൂവീസും യുവി ക്രിയേഷനും ചേർന്നാണ് ചിത്രം നിർമ്മിക്കുന്നത്. ശ്രീകാന്ത് പ്രസാദാണ് ചിത്രത്തിന്റെ എഡിറ്റിംഗ് നിർവ്വഹിക്കുന്നത്. പ്രൊഡക്ഷൻ ഡിസൈനർ- രവീന്ദ്ര, ഡി.ഓ.പി- മനോജ് പരമഹംസ.

'സൂപ്പർ ശരണ്യ'യുമായി ഗിരീഷ് എഡി

തണ്ണീർമത്തൻ ദിനങ്ങൾ എന്ന സിനിമയ്ക്ക് ശേഷം തന്റെ അടുത്ത സിനിമ പ്രഖ്യാപിച്ച് സംവിധായകൻ ഗിരീഷ് എഡി. ചിത്രത്തിന്റെ രചനയും സംവിധാനവും സഹനിർമാണവും ഗിരീഷ് തന്നെയാണ് നിർവഹിച്ചിരിക്കുന്നത്. ഷെബിൻ ബക്കർ പ്രൊഡക്ഷൻസിന്റെ ബാനറിൽ ഷെബിൻ ബക്കർ ആണ് ഗിരീഷിനൊപ്പം സൂപ്പർ ശരണ്യ നിർമക്കുക.ചിത്രത്തിന്റെ പോസ്റ്ററുകളും പുറത്തുവന്നിട്ടുണ്ട്. തണ്ണീർമത്തനിൽ നായികയായെത്തിയ അനശ്വര രാജനും അർജുൻ അശോകനുമാണ് പ്രധാനകഥാപാത്രങ്ങളായെത്തുക. സജിത്ത് പുരുഷനാണ് ചിത്രത്തിന്റെ ഛായാഗ്രഹണം. ആകാശ് വർഗീസ് എഡിറ്റിങ് നിർവഹിക്കും. സംഗീതം ജസ്റ്റിൻ വർഗീസ്.

വോളിബോളിൽ ഒരു കൈനോക്കാൻ ബ്ലാസ്റ്റേഴ്സ്

കൊച്ചി: ഫുട്ബോൾ രംഗത്ത് കേരള ബ്ലാസ്റ്റേഴ്സ് ഫുട്ബോൾ ക്ലബ്ബിന്റെ വിജയകരമായ മുന്നേറ്റത്തിന് ശേഷം മാതൃ കമ്പനിയായ ബ്ലാസ്റ്റേഴ്സ് സ്പോർട്സ് വെഞ്ചേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് റാഡ്നിച്കി ബ്ലാസ്റ്റേഴ്സ് എന്ന പേരിൽ വോളിബോൾ രംഗത്തും പുതിയ സംരംഭം തുടങ്ങുന്നു. സെർബിയൻ ഫസ്റ്റ് ഡിവിഷൻ ടൂർണമെന്റുകളിൽ ടീം പങ്കെടുക്കും. പ്രശസ്ത സെർബിയൻ ക്ലബ്ബായ റാഡ്നിച്കി ബെൽഗ്രേഡുമായി ചേർന്നുള്ള സംരംഭം വോളിബോളിന്റെ പരമ്പരാഗതമായ പ്രധാനപ്പെട്ട കേന്ദ്രങ്ങളിലൊന്നായ കേരളത്തിലെ പ്രഗത്ഭർക്ക് അവസരമൊരുക്കും. സാങ്കേതിക വൈദഗ്ധ്യം, പരിശീലന സൗകര്യങ്ങൾ, പിന്തുണ എന്നിവ നൽകുന്നതിനു പുറമേ വളർന്നുവരുന്ന പ്രതിഭകളെ അന്താരാഷ്ട്ര രംഗത്തേക്ക് കൊണ്ടുവരാനും സാധിക്കും.എഫ്ഐവിബി വോളിബോൾ നാഷൻസ് ലീഗിലെ പ്രധാനപ്പെട്ട ടീമുകളിൽ ഒന്നായ സെർബിയയ്ക്ക് കായിക രംഗത്ത് പ്രത്യേകിച്ച് വോളിബോളിൽ വലിയ പൈതൃകമുണ്ട്.

പാക്കിസ്ഥാന് ഫോളോ ഓൺ

സതാംപ്ടൺ: ഇംഗ്ലണ്ടിനെതിരായ ടെസ്റ്റ്പരമ്പരയിലെ മൂന്നാം മത്സരത്തിൽ പാക്കിസ്ഥാന് ഫോളോ ഓൺ. ഇംഗ്ലണ്ടിന്റെ ഒന്നാം ഇന്നിങ്സ് സ്കോറായ എട്ടു വിക്കറ്റ് നഷ്ടത്തിൽ 583നു മറുപടിയായി ബാറ്റിങ്ങിനിറങ്ങിയ പാക്കിസ്ഥാൻ ഒന്നാം ഇന്നിങ്സിൽ 273 റൺസിനു പുറത്തായിരുന്നു. രണ്ടാം ഇന്നിങ്സിൽ ബാറ്റിങ്ങിനിറങ്ങിയ പാക്കിസ്ഥാൻ ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ഒരു വിക്കറ്റ് നഷ്ടത്തിൽ 71 റൺസ് എന്ന നിലയിലാണ്. ഇന്നിങ്സ് പരാജയമൊഴിവാക്കാൻ പാക്കിസ്ഥാന് 231 റൺസ് കൂടി വേണം.
ടെസ്റ്റിന്റെ നാലാം ദിനവും മഴ രസംകൊല്ലിയായി. ഇംഗ്ലണ്ടിനെതിരായ മൂന്നാം ക്രിക്കറ്റ് ടെസ്റ്റിലെ നാലാം ദിനത്തിൽ ഫോളോ ഓണിന് ഇറങ്ങിയ പാക്കിസ്ഥാൻ 18 ഓവറിൽ വിക്കറ്റ് നഷ്ടപ്പെടാതെ 41 റൺസെന്ന നിലയിൽ നിൽക്കുമ്പോഴാണ് മഴ പെയ്തത്. . ഷാൻ മസൂദും (13), ആബിദ് അലിയുമായിരുന്നു (22) ക്രീസിൽ. മഴ മാറി മത്സരം തുടങ്ങിയതോടെ പാക്കിസ്ഥാന് ആദ്യ വിക്കറ്റ് നഷ്ടമായി.18 ഷാൻ മസൂദിനെ ബ്രോഡ് പുറത്താക്കി.

ഉസൈൻ ബോൾട്ടിന് കൊവിഡ്

ജമൈക്ക: ഒളിംപിക്സ് സ്വർണ മെഡൽ ജേതാവും അതിവേഗ ഓട്ടക്കാരനുമായ ഉസൈൻ ബോൾട്ട് കൊവിഡ് പോസിറ്റീവ്. കഴിഞ്ഞ ദിവസം തന്റെ ജന്മദിന ആഘോഷങ്ങൾക്ക് ശേഷം നടത്തിയ പരിശോധനയിലാണ് താരം കോവിഡ് പോസിറ്റീവ് ആണെന്ന് കണ്ടെത്തിയത്. താരം ഇപ്പോൾ സെൽഫ് ഐസൊലേഷനിലേക്ക് മാറിയിട്ടുണ്ട്.കഴിഞ്ഞ വെള്ളിയാഴ്ച 34 വയസ്സ് തികഞ്ഞ താരത്തിനായി സുഹൃത്തുക്കളാണ് പാർട്ടി ഒരുക്കിയത്. ഫുട്ബോൾ താരം റഹീം സ്റ്റെർലിംഗ്, ലിയോൺ ബെയ്ലി എന്നിവരും ചടങ്ങിൽ അതിഥിയായിരുന്നു. 2017ൽ ട്രാക്കിൽ നിന്ന് താരം റിട്ടയർ ചെയ്യുകയായിരുന്നു. 100 മീറ്റർ, 20 മീറ്റർ ഓട്ടത്തിൽ എട്ട് തവണ സ്വർണ്ണ മെഡൽ നേടിയിട്ടുള്ള താരമാണ് ഉസൈൻ ബോൾട്ട്

സുവാരസിനു പോകാമെന്ന് കോമാൻ

ബാഴ്സലോണ: ബാഴ്സയ്ക്കൊപ്പം സുവാരസ് ഇനി ഉണ്ടാകില്ല എന്ന് ഉറപ്പാകുന്നു. സുവാരസിനോട് ബാഴ്സലോണ വിടാൻ ക്ലബിന്റെ പുതിയ പരിശീലകൻ റൊണാൾഡ് കോമാൻ തന്നെ നിർദ്ദേശം നൽകിയതായാണ് പുതിയ വിവരങ്ങൾ. നേരത്തെ താൻ ക്ലബ് വിടണം എങ്കിൽ തന്നോട് നേരിട്ട് പറയണം എന്ന് സുവാരസ് പറഞ്ഞിരുന്നു. ഇതിനു പിന്നാലെയാണ് പുതിയ പരിശീലകൻ സുവാരസിനെ കാര്യം നേരിട്ട് അറിയിച്ചത്സുവാരസ് തന്റെ ടീമിൽ ഉണ്ടാകില്ല എന്നാണ് ബാഴ്സലോണയുടെ പുതിയ പരിശീലകൻ കോമാൻ പറഞ്ഞത് സുവാരസ്, റാകിറ്റിച്, ഉംറ്റിറ്റി,വിഡാൽ എന്നിവർക്ക് ഒക്കെ ക്ലബ് വിടാം എന്നാണ് കോമന്റെ നിർദ്ദേശം. സുവാരസ് അയാക്സിലേക്ക് പോകുമെന്നാണ് കരുതപ്പെടുന്നത്. സുവാരസിനായി യൂറോപ്പിലെ പ്രമുഖ ക്ലബുകൾ എല്ലാം രംഗത്തുണ്ട്. 2014ൽ ആയിരുന്നു സുവാരസ് ബാഴ്സലോണയിൽ എത്തിയത്. അവസാന ആറു സീസണുകളിൽ മെസ്സി കഴിഞ്ഞാൽ ബാഴ്സലോണയുടെ ഏറ്റവും വലിയ താരം സുവാരസ് തന്നെ ആയിരുന്നു.

ബയേൺ മ്യൂണിക്കിന് ആറാം ചാംപ്യൻസ് ലീഗ് കിരീടം, പിഎസ്ജിയെ 1-0നു തോൽപ്പിച്ചു

ആറാം തമ്പുരാൻ

ലിസ്ബൺ: ബയേണിനെയും ഗോൾകീപ്പർ മാനുവൽ നോയറെയും വീഴ്ത്താനുള്ള ആയുധങ്ങൾ പിഎസ്ജിയുടെ പക്കലുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ യുവേഫ ചാംപ്യൻസ് ലീഗ് കിരീടം വീണ്ടും ജർമനിയിലേക്ക്. കന്നി ഫൈനൽ കളിച്ച ഫ്രഞ്ച് ചാംപ്യന്മാരായ പിഎസ്ജിയെ ഏകപക്ഷീയമായ ഒരു ഗോളിനു തകർത്ത് ബയേൺ മ്യൂണിക്ക് തങ്ങളുടെ ആറാം യൂറോപ്യൻ കിരീടത്തിൽ മുത്തമിട്ടു. ലിസ്ബണിൽ നടന്ന ആവേശകരമായ കലാശപ്പോരിൽ 59ാം മിനിറ്റിൽ കിങ്സ്ലി കോമാൻ ഹെഡറിലൂടെ നേടിയ ഗോളാണ് മൽസര വിധി നിർണയിച്ചത്. 2013നു ശേഷം ബയേണിന്റെ ആദ്യത്തെ ചാംപ്യൻസ് ലീഗ് കിരീടം കൂടിയാണിത്.

ചാംപ്യൻസ് ലീഗിൽ ഒരു സീസണിലെ എല്ലാ മത്സരങ്ങളും ജയിച്ച് കിരീടം ചൂടിയ ആദ്യത്തെ ടീമെന്ന റെക്കോഡിനും ബയേൺ അവകാശികളായി. പന്തടക്കത്തിലും പാസിങിലുമെല്ലാം ബയേണിന്റെ ചുവപ്പുപടയ്ക്കായിരുന്നു ആധിപത്യം. പന്ത് കൂടുതൽ സമയം കൈവശം വയ്ക്കാനായില്ലെങ്കിലും ലഭിച്ച അവസരങ്ങളിൽ പിഎസ്ജി മിന്നൽ നീക്കങ്ങളിലൂടെ ബയേൺ ഗോൾമുഖം വിറപ്പിച്ചു. നെയ്മറുടെയും എംബാപ്പെയുടെയും തകർപ്പൻ ഷോടട്ടുകൾ ഗോൾ# കീപ്പർ നോയർ അസാമാന്യമിടുക്കോടെ തടുത്തിട്ടു. ആദ്യപകുതി കൂടുതൽ തുറന്ന പോരാട്ടമായിരുന്നെങ്കിൽ രണ്ടാംപകുതിയിൽ ബയേണിന്റെ മേധാവിത്വമാണ് കണ്ടത്. പ്രത്യേകിച്ചും ലീഡ് നേടിയ ബയേൺ കാഴ്ച വച്ച ഫുട്ബോൾ ചാംപ്യൻമാർക്കു ചേർന്നതായിരുന്നു. ആദ്യപകുതിയിൽ ബയേണിനു തോളോടു ചേർന്നു പോരാടിയ പിഎസ്ജി പക്ഷെ രണ്ടാംപകുതിയിൽ ക്ഷീണിതരായി കാണപ്പെട്ടു.

1. ചാംപ്യൻസ് ലീഗ് കിരീടം ചൂടിയ ബയേൺ മ്യൂണിക് കിരീടവുമായി.

ഇതാണ് ഫൈനൽ

കൊവിഡ് മഹാമാരി കാരണം സ്റ്റേഡിയത്തിൽ കാണികളുടെ സാന്നിധ്യമില്ലായിരുന്നെങ്കിലും കളിയാവേശത്തിന് ഒട്ടും കുറവുണ്ടായിരുന്നില്ല. ഹൈ പ്രെസിങ് ഗെയിമാണ് തുടക്കം മുതൽ ഇരുടീമുകളും കാഴ്ചവച്ചത്. ബയേണിന്റെ ചെമ്പടയ്ക്കായിരുന്നു പന്തടക്കത്തിൽ നേരിയ മുൻതൂക്കമെങ്കിലും പന്ത് ലഭിച്ചപ്പോഴൊന്നും പിഎസ്ജിയും നിരാശപ്പെടുത്തിയില്ല. നോയറുടെ തകർപ്പൻ സേവ് കളിയിൽ ഗോളിയുടെ ആദ്യത്തെ സേവ് കണ്ടത് 19-ാം മിനിറ്റിലാണ്. ഇടതു വിങിലൂടെ നെയ്മറും എംബാപ്പെയും ചേർന്നു നടത്തിയ മിന്നൽ നീക്കം. പന്തുമായി ബോക്സിനുള്ളിലേക്ക് ശരവേഗത്തിൽ ഓടിക്കയറിയ നെയ്മർക്കു മുന്നിൽ നോയർ മാത്രം. അൽപ്പം ബുദ്ധിമുട്ടേറിയ ആംഗിളിൽ നിന്നും നെയ്മർ തൊടുത്ത ഷോട്ട് നോയർ കാല് കൊണ്ട് തടുക്കുകയായിരുന്നു. ലൂസ് ബോളിൽ നിന്നും നെയ്മർ വീണ്ടും ഷോട്ടിനു ശ്രമിച്ചെങ്കിലും ഇത്തവണയും നുയർ ബ്ലോക്ക് ചെയ്തു. അവിശ്വസനീയ പ്രകടനമായിരുന്നു നോയർ നടത്തിയത്. 22ാം മിനിറ്റിൽ ബയേണിന്റെ ആദ്യത്തെ ഗോൾശ്രമം. പക്ഷെ പിഎസ്ജിയുടെ രക്ഷയ്ക്കെത്തിയത് ഗോൾ പോസ്റ്റായിരുന്നു. ബോക്സിനകത്ത് മാർക്ക് ചെയ്യപ്പെടാതെ നിന്ന ലെവൻഡോസ്കിയുടെ കാലിൽ പന്തെത്തി. ഒന്നു വെട്ടിത്തിരിഞ്ഞ് താരം തൊടുത്ത ഗോളെന്നുറപ്പായിരുന്ന ഷോട്ട് തടയാൻ ഗോളി കെയ്ലർ നവാസിന്റെ മുഴുനീളൻ ഡൈവ്. പക്ഷെ പന്ത് ഇടത് പോസ്റ്റിൽ തട്ടിത്തെറിക്കുകയായിരുന്നു.

ഡിമരിയ അവസരം നഷ്ടപ്പെടുത്തി

ബയേണിനെതിരേ പിഎസ്ജിക്ക് ലഭിച്ച സുവർണാവസരമാണ് 24-ാം മിനിറ്റിൽ ഡി മരിയയിലൂടെ ലഭിച്ചത് എന്നാൽ, അതദ്ദേഹം നഷ്ടപ്പെടുത്തിയതിനു വലിയ വില നൽകേണ്ടി വന്നു. നെയ്മറായിരുന്നു നീക്കത്തിനു തുടക്കമിട്ടത്. വളരെ വേഗത്തിൽ പോസ്റ്റിലേക്ക് ഒടിക്കയറിയ നെയ്മർ പന്ത് ആൻഡർ ഹെരേരയ്ക്കു നൽകി. ഹെരേരയുടെ വൺടച്ച് പാസ് മഡി മരിയയിലേക്ക്. ഗോളി നോയർ മാത്രം മുന്നിൽ നിൽക്കെ ഡിമരിയയുടെ തകർപ്പൻ ഷോട്ട് പക്ഷെ ക്രോസ് ബാറിനു മുകളിലൂടെ വെടിയുണ്ട കണക്കെ ചീറിപ്പാഞ്ഞു. മത്സരത്തിലെ ഏറ്റവും മികച്ച അവസരം. 26ാം മിനിറ്റിൽ ബയേണിന്റെ ഡിഫൻഡർ ജെറോം ബോട്ടെങ് പരിക്കേറ്റു വീണു. തുടർന്നു മുടന്തി നീങ്ങിയ താരത്തെ കോച്ച് പിൻവലിക്കുകയും ചെയ്തു. സ്യൂളാണ് പകരക്കാരനായി ഗ്രൗണ്ടിലിറങ്ങിയത്.

സുവർണാവസരം തുലച്ച് എംബാപ്പെ

ഒന്നാം പകുതിക്കു തൊട്ടുമുമ്പ് എംബാപ്പെയ്ക്കു പിഎസ്ജിയുടെ അക്കൗണ്ട് തുറക്കാനുള്ള സുവർണാവസരം ലഭിച്ചെങ്കിലും കളഞ്ഞു കുളിച്ചു. ഹെരേര മറിച്ചു നൽകിയ പാസ് 10 വാര അകലെ നിന്നു വലയിലെത്തിക്കേണ്ട ചുമതല മാത്രമേ ഫ്രഞ്ച് സെൻസേഷനുണ്ടായിരുന്നുള്ളൂ. പക്ഷെ താരത്തിന്റെ ദുർബലമായ ഷോട്ട് നേരെ ഗോളി നോയറുടെ കൈകളിലാണ് അവസാനിച്ചത്.

കോമാൻ ക്ലേൺ

59-ാം മിനിറ്റിൽ ആരാധകർ കാത്തിരുന്ന കലാശക്കളിയിലെ ആദ്യത്തെ ഗോൾ പിറന്നു. പാരീസിൽ നിന്നുള്ള കിങ്സ്ലി കോമാനാണ് തന്റെ നാട്ടുകാർക്കെതിരേ ബയേണിനെ മുന്നിലെത്തിച്ചത്.

ബോക്സിനു പുറത്തു വച്ച് കിമ്മിച്ച് ഇടതു പോസ്റ്റ് ലക്ഷ്യമിട്ട് പന്ത് ഉയർത്തി നൽകിയപ്പോൾ തക്കം പാർത്തുനിന്ന കോമാൻ തകർപ്പനൊരു ഹെഡ്ഡറിലൂടെ ലക്ഷ്യത്തിലെത്തിക്കുകയായിരുന്നു ചാംപ്യൻസ് ലീഗ് ചരിത്രത്തിൽ ബയേണിന്റെ 500-ാം ഗോളായിരുന്നു ഇത്. ഈ നേട്ടം കൈവരിച്ച മൂന്നാമത്തെ മാത്രം ടീമാണ് അവർ.

തുടരെ ബയൺ മുന്നേറ്റങ്ങൾ ലീഡ് നേടിയതിന്റെ ആവേശത്തിൽ ബയേൺ പിന്നീട് തുടരെ പിഎസ്ജി ഗോൾമുഖത്ത് റെയ്ഡ് നടത്തിക്കൊണ്ടിരുന്നു ഏതു നിമിഷവും ബയേൺ രണ്ടാമത്തെ ഗോൾ നേടുമെന്ന പ്രതീതിയോടെയാണ് ഇതോടെയുണ്ടായത്. 62ാം മിനിറ്റിൽ കിംപെംബെയുടെ ക്ലിയറൻസും രണ്ടുമിനിറ്റിനകം തിയാഗോ സിൽവയുടെ ബ്ലോക്കും ഇല്ലായിരുന്നെങ്കിൽ ബയേണിന്റെ സ്കോർ 2-0 ആവുമായിരുന്നു രണ്ടാം പകുതിയിൽ നെയ്മറുടെ ഒറ്റയാൻ പോരാട്ടം മാത്രമായിരുന്നു പിഎസ്ജിക്ക് ആശ്വാസമായത്. എംബാപ്പെയുടെ ഷോട്ടുകൾ ദുർബലമായി. ബയേണിന്റെ പ്രസിങ് ഗെയിം പിഎസ്ജിയുടെ മുന്നേറ്റങ്ങൾക്കു തടസമായി. ഒടുവിൽ ഫൈനൽ വിസിൽ മുഴങ്ങുമ്പോൾ നെയ്മറും കൂട്ടരും നിരാശയോടെ കണ്ണുകൾ മറച്ചു. ബയേണിന്റെ ആകാശത്ത് നിറപൂത്തിരി.

പിഎസ്ജി സൂപ്പർ താരം നെയ്മറുടെ ഷോട്ട് തടുക്കുന്ന ബയേൺ ഗോൾകീപ്പർ മാനുവൽ നോയർ

നോയർ വൻമതിൽ

പിഎസ്ജിക്കെതിരെ ഗോൾകീപ്പർ മാനുവൽ നോയറിന്റെ മൂന്ന് മികച്ച സേവുകൾ അവസാനം വരെ ആവേശകരമായ മത്സരത്തിൽ ബയേണിന്റെ തുണയ്ക്കെത്തി. ഏറെ നാളത്തെ പരിക്കിന്റെ പിടിയിൽ നിന്നും ലോകകപ്പിലെ മറക്കാനാഗ്രഹിക്കുന്ന നിമിഷങ്ങളിൽ നിന്നും തിരികെയെത്തിയ നുയർ ബയേണിനൊപ്പം ചാമ്പ്യൻസ് ലീഗ് കീരീടമുയർത്തി ചരിത്രമെഴുതുകയാണ്. മഹാമേരുപോലെ വളർന്ന നോയറെ മറികടക്കാൻ നെയ്മറും എംബാപ്പയും കിണഞ്ഞു ശ്രമിച്ചിട്ടും നടന്നില്ല. ഈ നൂറ്റാണ്ടിൽ ലോകകപ്പിലും യുവേഫ ചാമ്പ്യൻസ് ലീഗിലും ക്ലീൻ ഷീറ്റ് സൂക്ഷിച്ച ഏക ഗോൾ കീപ്പറാണ് മാനുവൽ നോയർ. ചാമ്പ്യൻസ് ലീഗിൽ 2016ന് ശേഷം പിഎസ്ജിക്കെതിരെ ക്ലീൻ ഷീറ്റ് സൂക്ഷിക്കുന്ന ഗോളി കൂടിയാണ് നോയർ.മാൻ സിറ്റിക്ക് വേണ്ടി ജോ ഹാർട്ടാണ് 2016ൽ ക്ലീൻ ഷീറ്റ് നേടിയത്.

എതിരാളികളുടെ എല്ലാം വലകളിലേക്ക് ഗോളുതിർത്തിരുന്ന പിഎസ്ജിയുടെ അക്രമണനിരയെ മെരുക്കിയാണ് നോയർ ബയേണിന്റെ വലകാത്തത്. ജയത്തിലും തോൽവിയിലും കഴിഞ്ഞ 34 മത്സരങ്ങളിലും ഗോളടിക്കാൻ പിഎസ്ജിക്ക് കഴിഞ്ഞിരുന്നു. ചാമ്പ്യൻസ് ലീഗ് ഉയർത്തിയ ഗോൾ കീപ്പർ എന്ന നിലയ്ക്കും ബയേണിന്റെ സൂപ്പർ ഗോളി നോയർ ചരിത്രത്താളുകളിൽ ഇടം നേടിയിട്ടുണ്ട്. പീറ്റർ ഷ്മെകലിലും ഇകർ കസിയസിനും ഒപ്പം യുവേഫ ചാമ്പ്യൻസ് ലീഗ് ഉയർത്തുന്ന മൂന്നാം ഗോൾ കീപ്പർ ക്യാപ്റ്റൻ ആണ് മാനുവൽ നോയർ. ജർമ്മൻ കപ്പും ബുണ്ടസ് ലീഗയും ചാമ്പ്യൻസ് ലീഗും നേടി 34-ാം വയസിലും ലോകത്തെ മികച്ച ഗോൾ കീപ്പർ ആരാണെന്ന ചോദ്യത്തിന് വീണ്ടും ഉത്തരം നൽകിയിരിക്കുകയാണ് മാനുവൽ നോയർ.

36 മത്സരം, 3 കിരീടം

ബയേൺ മ്യൂണിക്ക് പരിശീലകൻ ഹാൻസി ഫ്ലിക്ക് ക്ലബ്ബിന്റെ താൽക്കാലിക ചുമതല ഏറ്റെടുക്കുമ്പോൾ ബയേണിൽ കാര്യങ്ങൾ ഒട്ടും ശുഭമായിരുന്നില്ല. നികോ കൊവാകിന് കീഴിൽ പല്ലു കൊഴിഞ്ഞ സിംഹം പോലെയിരുന്ന ബയേൺ മ്യൂണിച്ചിനെ ആണ് ഫ്ലിക്കിന് കിട്ടിയത്. പ്രായമായെന്നും പ്രസിംഗ് ഫുട്ബോൾ ഈ താരങ്ങളെ വെച്ച് നടക്കില്ല എന്നും ഫുട്ബോൾ നിരീക്ഷകർ വിധിച്ചു.പക്ഷെ 36 മത്സരങ്ങൾക്ക് ഇപ്പുറം ഫ്ലിക്കിനെ പ്രശംസിക്കുക അല്ലാതെ വേറെ ഒരു വഴിയും ലോക ഫുട്ബോളിനില്ല. 36 മത്സരങ്ങൾ കൊണ്ട് ബയേണിനെ ട്രെബിൾ കിരീട നേട്ടത്തിൽ ഹാൻസി ഫ്ലിക്ക് എത്തിച്ചും ബുണ്ടസ് ലീഗയും, ജർമ്മൻ കപ്പും ഇപ്പോൾ അവസാനമായി ചാമ്പ്യൻസ് ലീഗും ബയേണിന്റെ ട്രോഫി ക്യാബിനെറ്റിൽ എത്തി. 33 മത്സരങ്ങളിൽ ആകെ മൂന്ന് മത്സരങ്ങൾ മാത്രമാണ് ഫ്ലിക്കിന് കീഴിൽ ബയേൺ പരാജയപ്പെട്ടത്. 12 മത്സരങ്ങൾക്ക് ഒരു കിരീടം എന്ന ശരാശരിയാണ് ഇപ്പോൾ ഫ്ലിക്കിന് ഉള്ളത്.-

കിരീട രാജാവ്, കോമാൻ

ഇന്നലെ ബയേൺ മ്യൂണിച്ച് ചാമ്പ്യൻസ് ലീഗ കിരീടം ഉറപ്പിച്ചപ്പോൾ അത് അവരുടെ വിങ്ങറായ കിംഗ്സ്ലി കോമാന്റെ കരിയറിൽസ് ഇരുപതാം കിരീടമായിരുന്നു. 24കാരനായ കോമാൻ 20 കിരീടങ്ങൾ. ഇന്നലെ പിഎസ്ജിയെ തോൽപ്പിക്കാൻ ആകട്ടെ കോമാന്റെ നിർണായക ഗോളും വേണ്ടി വന്നു. കിരീടം നേടുന്നത സ്പെഷ്യലിസ്റ്റ് ആയ കോമാൻ തന്റെ 16ആം വയസ്സ് മുതൽ എല്ലാ വർഷവും ലീഗ് കിരീടങ്ങൾ സ്വന്തമാക്കിയിട്ടുണ്ട്. ബയേണൊപ്പം ഇത്തവണത്തെ ഉൾപ്പെടെ തുടർച്ചയായി അഞ്ച് ബുണ്ടസ് ലീഗ കിരീടങ്ങൾ കോമാൻ നേടി. അതിനും മുമ്പ് രണ്ട് തവണ യുവന്റസിനൊപ്പവും 2 തവണ പി എസ് ജിക്ക് ഒപ്പവും ലീഗ് കിരീടങ്ങൾ കോമാൻ നേടിയിരുന്നു. 2012-13, 2013-14 സീസണുകളിൽ ആയിരുന്നു പി എസ് ജിക്ക് ഒപ്പം താരത്തിന്റെ ഫ്രഞ്ച് ലീഗ് കിരീടങ്ങൾ. അതു കഴിഞ്ഞ് യുവന്റസിൽ എത്തിയ കോമാൻ 2014-15 സീസണിൽ ഇറ്റാലിയൻ കിരീടം നേടി. 2015-16 സീസണിൽ യുവന്റസിനായി ലീഗ് മത്സരങ്ങൾ കളിച്ച ശേഷമായിരുന്നു താരം ബയേണിൽ എത്തിയത്.

ലെവൻ പുലിയാണ് കേട്ടാ

ഈ സീസണിൽ ബയേൺ താരം ലെവൻഡോവ്സ്കി അടിച്ചു കൂട്ടിയത് 55 ഗോളുകളാണ്. തന്റെ കരിയറിലെ ഒരു സീസണിലെ ഏറ്റവും മികച്ച ടാലിയാണിത്. 47 മത്സരങ്ങളിൽ നിന്നാണ് ഈ 55 ഗോളുകൾ പിറന്നത്. കളിച്ച മൂന്ന് ടൂർണമെന്റിലും കിരീടവും ഒപ്പം ടോപ്പ് സ്കോററും. ബുണ്ടസ് ലീഗയിൽ 34 ഗോളുമായി ടോപ്പ് സ്കോറർ, ജർമ്മൻ കപ്പിൽ6 ഗോളുമായി ടോപ്പ് സ്കോറർ, ഒപ്പം ചാമ്പ്യൻസ് ലീഗിൽ 15 ഗോളുകളുമായും ടോപ്പ് സ്കോറർ. ഇത്തവണ ബാലൻ ഡി ഓർ ഉണ്ടായിരുന്നു എങ്കിൽ ലെവൻഡോസ്കിക്ക് ഒരു എതിരാളി പോലും ഉണ്ടാകുമായിരുന്നില്ല.

ഈ വർഷം ബാലൻ ഡി ഓർ ഇല്ലാത്തലെവൻഡോവ്സ്കിയുടെ മാത്രം നഷ്ടമാണ്. ഇതിനേക്കാൾ മികച്ച സീസൺ ഇനി ലെവൻഡോസ്കിയുടെ കരിയറിൽ ഉണ്ടാകുമോ എന്ന് അറിയില്ല. അത്രയ്ക്ക് മികച്ച സീസണാണ് ലെവൻഡോവ്സ്കി ഇന്നലെ ചാമ്പ്യൻസ് ലീഗ് കിരീടത്തോടെ അവസാനമിട്ടത്.

കൊറോണ കാരണം ഫുട്ബോൾ സീസണുകൾ എല്ലാ വിടെയും താറുമാറായത് കൊണ്ടാണ് ഫ്രാൻസ് ഫുട്ബോൾ ഇത്തവണ ഫുട്ബോൾ ലോകത്തെ ഏറ്റവും വലിയ പുരസ്കാരമായ ബാലൻഡി ഓർ നൽകേണ്ടതില്ല എന്ന് തീരുമാനിച്ചത്.

പിഎസ്ജി ആരാധകർ തെരുവിലിറങ്ങി

പാരിസ്: പിഎസ്ജിയുടെ 50 വർഷത്തെ കാത്തിരിപ്പിനൊടുവിൽ ആദ്യമായി കളിച്ച ചാമ്പ്യൻസ് ലീഗ് ഫൈനലിൽ തോൽക്കേണ്ടി വന്നത് ആരാധകരെ കണ്ണീരിലാഴ്ത്തി. പിഎസ്ജിയുടെ തോൽവിയിൽ നിരാശരായ പിഎസ്ജി ആരാധകർ പാരീസിൽ ആക്രമം അഴിച്ചുവിട്ടു. നിരവധി വാഹനങ്ങളാണ് ആരാധകരായ ആക്രമി സംഘം നശിച്ചിച്ചത്. വാഹനങ്ങൾക്ക് തീവെക്കുകയും അടിച്ചു തകർക്കുകയുമായിരുന്നു. ഇതിന്റെ ചിത്രങ്ങൾ ഗെറ്റി ഇമേജ് പുറത്തുവിട്ടിട്ടുണ്ട്. നിരത്തിൽ പുക സൃഷ്ടിക്കുകയും പിഎസ്ജിയുടെ പതാകയുമുയർത്തി മുദ്രാവാക്യങ്ങൾ മുഴക്കുകയും ചെയ്തുവെന്നാണ് ഡെയ്ലി മെയ്ലിന്റെ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. ഇതിന്റെ ചിത്രങ്ങളും ഇത് ശരിവെക്കുന്ന തരത്തിലാണ്. കോവിഡ് 19 വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഫ്രഞ്ച് തലസ്ഥാന നഗരത്തിൽ ആളുകൾ കൂട്ടം കൂടി നിൽക്കുന്നതിന് വിലക്കുള്ള സാഹചര്യത്തിലാണ് പിഎസ്ജി ആരാധകർ നിരത്ത് കൈയടക്കിയത്. സംഭവത്തിൽ ആരുടെയും അറസ്റ്റ് രേഖപ്പെടുത്തിയതായി റിപ്പോർട്ടുകളില്ല. കോവിഡിനെത്തുടർന്ന് ഫൈനൽ മത്സരത്തിലും ആളുകളെ പ്രവേശിപ്പിക്കാതെ അടച്ചിട്ട സ്റ്റേഡിയത്തിലാണ് മത്സരം നടത്തിയത്.

തലകുനിച്ചെങ്കിലും അഭിമാനത്തോടെ നെയ്മറും സംഘവും

ലിസ്ബൺ: ബയേൺ തങ്ങളുടെ 12 ചാമ്പ്യൻസ് ലീഗ് ഫൈനലിൽനിന്ന് ആറാം കിരീടം അലമാരയിലെത്തിച്ചപ്പോൾ 50 വർഷത്തെ ക്ലബ്ബ് ചരിത്രത്തിൽ ആദ്യമായി പിഎസ്ജി ചാമ്പ്യൻസ് ലീഗ് ഫൈനലിലെത്തിയെങ്കിലും കണ്ണീരോടെ മടങ്ങേണ്ടി വന്നു. എന്നാൽ, കലാശപ്പപോരാട്ടം വരെയെത്തിയ പിഎസ്ജിയുടെ പോരാട്ടം എക്കാലവും ഓർമിക്കത്തക്കതാണ്. ഒരു ശരാശരി ടീമിനെ മുന്നിൽനിന്നു നയിക്കാൻ നെയ്മർക്കായി. ക്വാർട്ടറിലും സെമിയിലും നെയ്മർ നിറഞ്ഞു കളിച്ചു. ഫൈനലിലും മോശമാക്കിയില്ല. എന്നാൽ, ടീമെന്ന നിലയിൽ ബയേൺ പിഎസ്ജിയെക്കാൾ മുന്നിലായിരുന്നു. യുവതാരം എംബാപ്പെയുടെ പരുക്കും പിഎസ്ജിക്കു തിരിച്ചടിയായി. പരാജയത്തെക്കുറിച്ച് പരിശീലകൻ തോമസ് ടച്ചലിന്റെ പ്രതികരണം ഇങ്ങനെയായിരുന്നു 'ഈ ക്യാമ്പെയ്നുവേണ്ടി മികച്ചൊരു ടീമിനെ ഞങ്ങൾക്ക് സൃഷ്ടിക്കേണ്ടിയിരുന്നു. അതായിരുന്നു ഞങ്ങളുടെ വെല്ലുവിളി. നാളെ മുതൽ ഞങ്ങൾ വീണ്ടും ആരംഭിക്കും,എനിക്കൊപ്പം എന്റെ ടീമിലെ സഹപ്രവർത്തകരും ഉണ്ടാവുമെന്ന് ഉറപ്പുണ്ട്. ക്ലബ്ബിനുവേണ്ടി സവിശേഷമായ ചിലത് ഞങ്ങൾക്ക് നിർമ്മിക്കേണ്ടതുണ്ട്. ഫൈനൽ ഒരു പോരാട്ടമാണ്. ഞങ്ങൾ എല്ലാം മൈതാനത്ത് നൽകി.

എന്നാൽ ഫലത്തെ നിയന്ത്രിക്കാനാവില്ലല്ലോ. ആദ്യ ഗോൾ മത്സരഫലത്തെ സ്വാധീനിക്കുമെന്ന് എനിക്കറിയാമായിരുന്നു. ആദ്യ ഗോൾ വഴങ്ങിയപ്പോൾ ഞാൻ അൽപ്പം നിരാശനായി.എന്നാൽ തീർത്തും നിരാശനായിരുന്നില്ല. ഞങ്ങൾ വളരെ വളരെ അടുത്തെത്തിയിരുന്നു. മത്സരത്തിൽ ആദ്യം ഗോൾ നേടിയത് ഞങ്ങളായിരുന്നെങ്കിലും ഇതേ സ്കോറിൽ ഞങ്ങൾ വിജയിച്ചേനെ'-ടച്ചൽ പറഞ്ഞു.

പിഎസ്ജിയുടെ പ്രതീക്ഷകൾ നെയ്മർ-എംബാപ്പെ എന്നീ സൂപ്പർ സ്ട്രൈക്കർമാരിലായിരുന്നു. ഇരുവരുടേയും പ്രകടനത്തെക്കുറിച്ചും ടച്ചൽ പ്രതികരിച്ചു. 'നെയ്മർക്ക് മികച്ചൊരു ടൂർണമെന്റായിരുന്നു ഇത്. അവന് എല്ലാം ഒറ്റയ്ക്ക് ചെയ്യാൻ കഴിയില്ല. ജൂലൈയിലെ ഫ്രഞ്ച് കപ്പ് ഫൈനലിലിലെ കാൽക്കുഴയ്ക്ക് പരുക്കേറ്റിട്ടും എംബാപ്പെ കളിച്ചത് അത്ഭുതമായാണ് കാണുന്നത്.

ഞങ്ങളൊരു ടീമാണ്. ഒരു താരത്തിന്റെയും തെറ്റല്ല. ഞങ്ങളുടെ ടീമിനെ ഓർത്ത് അഭിമാനമുണ്ട്. ഞങ്ങൾ മികച്ച പ്രകടനം പുറത്തെടുത്തില്ലെന്ന് പറയാൻ ആർക്കും സാധിക്കില്ല. ഞങ്ങൾക്ക് നിരാശയുണ്ട്.

ഇതിയും മികച്ച രീതിയിൽ അടുത്ത ക്യാംപെയ്നിൽ എന്ത് ചെയ്യാനാകുമെന്ന് ആലോചിക്കും'ടച്ചൽ പറഞ്ഞു. പിഎസ്ജി മിഡ്ഫീൽഡർ ആൻഡർ ഹെരീറയുടെ പ്രതികരണം ഇങ്ങനെയായിരുന്നു 'ഇപ്പോൾ ഉറങ്ങുകയും സംസാരിക്കുകയും വിവരിക്കുകയും പ്രയാസമാണ്'.
മത്സര ശേഷം നെയ്മർ വിഷാദത്തോടെ ഇരിക്കുന്ന ചിത്രം ആരാധകരിൽ വലിയ

SENSEX: 38,799.08 (+364.36)

NIFTY: 11,466.45 (+94.85)

വിനിമയ നിരക്ക്

ഡോളർ	74.19
യൂറോ	87.71
പൗണ്ട്	97.32
സ്വിസ്ഫ്രാങ്ക്	81.56
സിംഗപ്പൂർ ഡോളർ	54.22
ഓസ്ട്രേലിയൻ	53.36
കനേഡിയൻ	56.35
ബഹറിൻ ദിനാർ	198.47
കുവൈറ്റ് ദിനാർ	242.15
ഒമാനി റിയാൽ	194.58
സൗദി റിയാൽ	19.76
യു എ ഇ ദിർഹം	20.17
ഖത്തർ	20.41

ഓഹരി വിപണി നേട്ടത്തിൽ

മുംബൈ: വ്യാപാര ആഴ്ചയുടെ ആദ്യദിനത്തിൽ ഓഹരി സൂചികകൾ മികച്ച നേട്ടത്തിൽ ക്ലോസ് ചെയ്തു. നിഫ്റ്റി 11,450ന് മുകളിലെത്തി. സെൻസെക്സ് 364.36 പോയിന്റ് നേട്ടത്തിൽ 38,799.08ലും നിഫ്റ്റി 94.85 പോയന്റ് ഉയർന്ന് 11,466.45ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്.

ബിഎസ്ഇയിലെ 1,500 കമ്പനികളുടെ ഓഹരികൾ നേട്ടത്തിലും 1109 ഓഹരികൾ നഷ്ടത്തിലുമായിരുന്നു. 136 ഓഹരികൾക്ക് മാറ്റമില്ല. ബാങ്ക്, വാഹനം, എഫ്എംസിജി, ലോഹം തുടങ്ങിയ വിഭാഗങ്ങളിലെ സൂചികകൾ നേട്ടമുണ്ടാക്കി. ഐടി, ഫാർമ സൂചികകൾ നഷ്ടത്തിലുമാണ് ക്ലോസ് ചെയ്തത്. ബിഎസ്ഇ മിഡ് ക്യാപ് സൂചിക 0.4 ശതമാനവും സ്മോൾ ക്യാപ് സൂചിക 1.6 ശതമാനവും ഉയർന്നു.

ഇത്, സൗഹൃദത്തിന്റെ വിജയകഥ

PROFINZ moulding professionals CMA CAMPUS

രണ്ട് സുഹൃത്തുക്കളുടെ ആഗ്രഹത്തിന് ചിറക് മുളച്ചപ്പോൾ തൃശൂരിൽ ഒരു പ്രൊഫഷണൽ കോച്ചിങ് സെന്റർ പിറന്നു, പ്രൊഫിൻസ് സിഎംഎ ക്യാംപസ് എന്ന സിഎംഎ കോച്ചിങ് സെന്റർ. ഒല്ലൂർ സ്വദേശി പ്രവീൺ കുമാറും അഞ്ചേരി സ്വദേശി എൻ.ജി. അനൂപുമാണ് ആ സിഎംഎ സുഹൃത്തുക്കൾ. ഈ കോച്ചിങ് സെന്ററിന്റെ അണിയറ ശിൽപ്പികളാണ് ഇരുവരും. ചുരുങ്ങിയ നാൾ കൊണ്ട് വളർച്ചയുടെ പടവുകൾ കയറിയ പ്രൊഫിൻസിന്റെ വിജയകഥ ഇങ്ങനെ.

ക്ലാസ് മുറിയിൽ തുടങ്ങിയ സൗഹൃദം

അനൂപും പ്രവീണും 2004 മുതൽ അധ്യാപന രംഗത്തുണ്ട്. പല സ്ഥാപനങ്ങളിലായി ബികോം വിദ്യാർഥികൾക്ക് അക്കൗണ്ടൻസി ക്ലാസുകൾ കൈകാര്യം ചെയ്തു. 2006ൽ സിഎംഎ (കോസ്റ്റ് ആൻഡ് മാനെജ്മെന്റ് അക്കൗണ്ടിങ്) കോഴ്സ് (പഴയ ഐസിഡബ്ല്യുഎഐ) പഠിക്കുമ്പോഴാണ് ഇരുവരും കണ്ടുമുട്ടുന്നത്. പഠനത്തോടൊപ്പം ഒരുമിച്ച് വിവിധ സ്ഥാപനങ്ങളിൽ പഠിപ്പിക്കുകയും ചെയ്തു. 2009ൽ രണ്ടുപേരും സിഎംഎ കോഴ്സ് പാസായി. പരസ്പര വിശ്വാസത്തോടും സഹകരണത്തോടുമാണ് ഇരുവരും സിഎംഎ എന്ന കടമ്പ താണ്ടിയത്. പഠനശേഷം വിദേശത്തും സ്വദേശത്തും നിരവധി തൊഴിൽ അവസരങ്ങൾ ലഭിച്ചെങ്കിലും അതൊന്നും സ്വീകരിക്കാതെ ഇത്തരത്തിലൊരു പരിശീലന കേന്ദ്രത്തിന്റെ സാധ്യതകൾ മനസിലാക്കി ഈ മേഖലയിലേക്ക് കടക്കുകയായിരുന്നു ഇരുവരും.

പ്രൊഫിൻസിന്റെ തുടക്കം

പഠനശേഷം രണ്ട് യുവാക്കളെടുത്ത തീരുമാനം തെറ്റാകുമെന്ന മുൻധാരണയായിരുന്നു പലർക്കും. എന്നാൽ മുന്നിലുള്ള ലക്ഷ്യത്തെ മുറുകെ പിടിച്ച് ഇവർ യാത്ര തുടങ്ങി. തൃശൂരിലെ സ്പോക്കൺ ഇംഗ്ലീഷ് അധ്യാപകനായ ഡേവിഡ് ക്രിസാണ് കോച്ചിങ് സെന്ററിന് പ്രൊഫിൻസ് എന്ന പേരിട്ടത്. 'പ്രൊഫഷണൽസ് ഇൻ ഫിനാൻസ്' എന്നാണർഥം. 2010ൽ തൃശൂർ വടക്കേ സ്റ്റാൻഡിലെ വാടക കെട്ടിടത്തിൽ 90ഓളം കുട്ടികളുമായി പ്രൊഫിൻസിന്റെ ജൈത്രയാത്ര ആരംഭിച്ചു. സിഎംഎ കോഴ്സിന്റെ സാധ്യതകൾ ജനങ്ങളിലെത്തിക്കുകയായിരുന്നു ആദ്യ ദൗത്യം. മികച്ച റിസൾട്ട് ലഭിച്ചതോടെ കൂടുതൽ പേർ പ്രൊഫിൻസിൽ എത്തിത്തുടങ്ങി. 2015ൽ ബികോമിനൊപ്പം സിഎംഎ പഠിക്കാമെന്നുള്ള സാധ്യത പ്രയോജനപ്പെടുത്താൻ തീരുമാനിച്ചു. ഇതോടെ വിദ്യാർഥികൾ അറുന്നൂറോളമായി.

പരിശ്രമം വേണം, അധിക പണം വേണ്ട

ആറു മാസം കൂടുമ്പോൾ പരീക്ഷയ്ക്ക് അപേക്ഷിക്കാം. നാല് ഗ്രൂപ്പായാണ് സിഎംഎ പരീക്ഷ എഴുതേണ്ടത്. ആദ്യ രണ്ട് ഗ്രൂപ്പ് ജയിക്കുന്നവർ ഇന്റർ മീഡിയറ്റ് യോഗ്യത നേടും. ഇന്റർ മീഡിയറ്റ് യോഗ്യത നേടിയവർക്ക് മൂന്നും നാലും ഗ്രൂപ്പുകൾ ഉൾപ്പെടുന്ന ഫൈനൽ പരീക്ഷ എഴുതാം. ഫൈനൽ പരീക്ഷ പാസാകുന്നവരാണ് സിഎംഎ യോഗ്യത നേടുന്നത്. സിഎംഎ ഇന്റർ മീഡിയറ്റ് യോഗ്യത നേടിയവർക്കും കമ്പനികളിൽ ജോലി ലഭിക്കും. സിഎംഎ ഇന്റർ മീഡിയറ്റ് പരീക്ഷ വിജയിക്കുന്നവർ ഒരു വർഷം ഏതെങ്കിലും സ്ഥാപനത്തിൽ ബന്ധപ്പെട്ട മേഖലയിൽ പ്രവൃത്തി പരിചയം നേടണം. എന്നാൽ മാത്രമേ ഫൈനൽ പരീക്ഷ എഴുതാൻ കഴിയൂ. മറ്റ് ഉന്നത പ്രൊഫഷണൽ കോഴ്സുകളെ അപേക്ഷിച്ച് സിഎംഎ കോഴ്സ് പഠിക്കാൻ ചെലവ് കുറവാണ്. 75000ത്തോളം രൂപ ചെലവിൽ പഠനം പൂർത്തിയാക്കാം. കോഴ്സ് പാസായാൽ പഠന ചെലവ് രണ്ട് മാസത്തെ ശമ്പളത്തിലൂടെ നേടാം. കോഴ്സ് പാസാകുന്നവർക്ക് ഫിനാൻസ്, അക്കൗണ്ടിങ് മേഖലകളിലാണ് ജോലി ലഭിക്കുന്നത്. ഇന്റേണൽ ഓഡിറ്റർ, ഫിനാൻസ് ഓഫിസർ, ചില സ്ഥാപനങ്ങളിൽ ചീഫ് ഫിനാൻസ് ഓഫിസർ തസ്തികയിലേക്ക് എത്താൻ ഈ കോഴ്സിലൂടെ സാധിക്കും. കോസ്റ്റ് അക്കൗണ്ടന്റ് ജിഎസ്ടി പ്രാക്റ്റീഷണർ എന്നിങ്ങനെ സ്വന്തമായും ജോലി ചെയ്യാം.

വളർച്ചയുടെ നാളുകൾ

തൃശൂരിൽ ചെമ്പുക്കാവ് സെന്റ് തോമസ് ഓർത്തഡോക്സ് ചർച്ച് ബിൽഡിങ്ങിലും പുതിയ ബസ് സ്റ്റാൻഡിൽ നിന്ന് തിരുവമ്പാടി പോകുന്ന വഴിക്കും പ്രൊഫിൻസ് ക്യാംപസുകൾ പ്രവർത്തിക്കുന്നു. പുതിയ ബസ് സ്റ്റാൻഡിന് സമീപം പ്രൊഫിൻസിന്റെ സ്വന്തം കെട്ടിടത്തിന്റെ നിർമാണം പുരോഗമിക്കുകയാണ്. കുന്നംകുളത്തും വളാഞ്ചേരിയിലും കോഴിക്കോടും ഈ വർഷം സെന്ററുകൾ തുറന്നു. പാലക്കാട്, കൊല്ലം എന്നിവിടങ്ങളിലെ പ്രൊഫിൻസ് പഠന കേന്ദ്രങ്ങൾ ഉടൻ പ്രവർത്തനം ആരംഭിക്കും. ഇപ്പോൾ ആകെ 1200ഓളം വിദ്യാർഥികൾ പ്രൊഫിൻസിൽ പഠിച്ചുകൊണ്ടിരിക്കുന്നു.

ക്യാംപസ് പ്ലെയ്സ്മെന്റിന് പ്രത്യേക ഡിപ്പാർട്ട്മെന്റ്

സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും പ്രൊഫിൻസിൽ വിദ്യാർഥികൾ പഠിക്കുന്നുണ്ട്. ദേശീയ ശരാശരിയേക്കാൾ ഇരട്ടിയാണ് പ്രൊഫിൻസിലെ വിജയശതമാനം. വിജയിക്കുന്നവർക്ക് ക്യാംപസ് പ്ലെയ്സ്മെന്റ് സൗകര്യവും ഒരുക്കിയിട്ടുണ്ട്. ക്യാംപസ് പ്ലെയ്സ്മെന്റിനായി പ്രത്യേക ഡിപ്പാർട്ട്മെന്റുണ്ട്. വിദ്യാർഥികൾക്ക് ഹോസ്റ്റൽ സൗകര്യവുമുണ്ട്.

സിഎംഎയ്ക്കൊപ്പം ബികോം പഠിക്കാം

കേവലം മൂന്ന് വർഷം പഠിച്ചാൽ ഒരു പ്രൊഫഷണൽ ഡിഗ്രി, കൂടെ ബികോം ബിരുദവും. പ്ലസ് ടുവിന് ശേഷമുള്ള പ്രൊഫഷണൽ കോഴ്സുകൾ താരതമ്യം ചെയ്യുമ്പോൾ പഠന ദൈർഘ്യം കുറവ്, കുറഞ്ഞ ചെലവ്, വിവിധ സർക്കാർ സ്കീമുകളിലായി 12000ത്തോളം രൂപ സ്കോളർഷിപ്പ്, പഠിച്ചിറങ്ങിയാലുടൻ ജോലി എന്നിങ്ങനെ സിഎംഎ കോഴ്സിന് പ്രത്യേകതകളേറെയാണ്. റഗുലർ കോഴ്സ് എന്ന രീതിയിൽ സിഎംഎയ്ക്കൊപ്പം ബികോമും പഠിക്കാൻ പ്രൊഫിൻസ് സിഎംഎ ക്യാംപസിന്റെ തൃശൂർ, കുന്നംകുളം, വളാഞ്ചേരി, കോഴിക്കോട് ക്യാംപസുകളിൽ അവസരമുണ്ട്.

കോസ്റ്റ് ആൻഡ് മാനെജ്മെന്റ് അക്കൗണ്ടൻസി (സിഎംഎ) എന്നാൽ

സ്വതന്ത്ര കരിയർ എന്ന നിലയിൽ കോസ്റ്റ് അക്കൗണ്ടൻസിയുടെ സാധ്യതകളേറെയാണ്. പ്ലസ്ടു കഴിഞ്ഞ ആർക്കും കടന്നു വരാവുന്ന മേഖല. കമ്പനികളുടെ ഉത്പാദന സേവന ചെലവുകൾ നിയന്ത്രിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ നൽകുകയാണ് കോസ്റ്റ് ആൻഡ് മാനെജ്മെന്റ് അക്കൗണ്ടന്റുകളുടെ (സിഎംഎ) പ്രധാന ദൗത്യം. കമ്പനി നിയമം, ജിഎസ്ടി നിയമം തുടങ്ങിയവ പ്രകാരവും സിഎംഎ പ്രൊഫഷണലുകളുടെ സേവനം അനിവാര്യമാണ്. പഠിച്ചിറങ്ങുന്നവർക്കു സ്വകാര്യ മേഖലയിൽ സാധ്യതകളേറെയാണ്. സർക്കാർ മേഖലയിൽ ഐഎഎസ്, ഐഎഫ്എസ് മാതൃകയിൽ ഇന്ത്യൻ കോസ്റ്റ് അക്കൗണ്ടൻസി സർവീസുമുണ്ട്. യുജിസി യോഗ്യത പ്രകാരമുള്ള അധ്യാപക ജോലി, സ്വന്തമായി പ്രാക്റ്റീസ് തുടങ്ങിയവയാണ് മറ്റു വഴികൾ. അവസരങ്ങൾ ഏറെയുണ്ടെങ്കിലും യോഗ്യതയുള്ളവർ കുറവാണ്. ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് കോസ്റ്റ് അക്കൗണ്ടന്റ്സ് ഒഫ് ഇന്ത്യയാണ് (ഐസിഎഐ) സിഎംഎ കോഴ്സ് നടത്തുന്നത്. ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് കോസ്റ്റ് അക്കൗണ്ടന്റ്സ് ഒഫ് ഇന്ത്യയുടെ (ഐസിഎഐ) അംഗീകൃത സിഎംഎ പഠന കേന്ദ്രമാണ് പ്രൊഫിൻസ് സിഎംഎ ക്യാംപസ്.

കോഴ്സിന് മൂന്ന് ഘട്ടം

ഫൗണ്ടേഷൻ / സർട്ടിഫിക്കറ്റ് ഇൻ അക്കൗണ്ടിങ് ടെക്നീഷ്യൻ കോഴ്സ് (ക്യാറ്റ്) ആണ് ആദ്യഘട്ടം. തുടർന്ന് ഇന്റർമീഡിയറ്റ്, മൂന്നാം ഘട്ടം ഫൈനൽ.

സർട്ടിഫിക്കറ്റ് ഇൻ അക്കൗണ്ടിങ് ടെക്നീഷ്യൻ കോഴ്സ് (ക്യാറ്റ്)

കാര്യക്ഷമതയുള്ള അക്കൗണ്ടന്റുമാരെ വാർത്തെടുക്കുന്നതിനു ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് കോസ്റ്റ് അക്കൗണ്ടന്റ്സ് ഒഫ് ഇന്ത്യ (ഐസിഎഐ) വിഭാവനം ചെയ്ത കോഴ്സാണിത്. ഏതെങ്കിലും ഗ്രൂപ്പിൽ പ്ലസ്ടുവിനു പഠിക്കുന്നവർക്കും പ്ലസ്ടു പാസായവർക്കും ഡിഗ്രിക്കു പഠിക്കുന്നവർക്കും ഈ കോഴ്സിനു ചേരാം. പ്ലസ്ടു പരീക്ഷ പാസായ ശേഷമേ ക്യാറ്റ് പരീക്ഷ എഴുതാൻ സാധിക്കൂ.

കൊവിഡിലും തളർന്നില്ല

കൊവിഡ് കാലത്തും കാര്യക്ഷമമാണ് പ്രൊഫിൻസിന്റെ പ്രവർത്തനങ്ങൾ. 'ലോക്ഡൗൺ ആരംഭിച്ച് പത്താം ദിവസം ഓൺലൈൻ ക്ലാസുകൾ ആരംഭിച്ചു. അതുകൊണ്ടു തന്നെ ക്ലാസുകളെല്ലാം പൂർത്തിയാക്കാൻ കഴിഞ്ഞു. ക്ലാസുകൾ യൂട്യൂബ് ചാനലിലൂടെ ഉൾപ്പെടെ കുട്ടികൾക്ക് ലഭ്യമാക്കുന്നുണ്ട്. ഇപ്പോൾ വിവിധ സെന്ററുകളിലേക്കുള്ള പുതിയ അഡ്മിഷനുകൾ ഓൺലൈനായി പുരോഗമിക്കുകയാണ്. കഴിഞ്ഞ വർഷത്തെ അത്രയും അഡ്മിഷൻ ഇതിനോടകം ലഭിച്ചിട്ടുണ്ടെന്ന് പ്രവീണും അനൂപും പറഞ്ഞു. കൂടുതൽ വിവരങ്ങൾക്ക് www.profinz.com ബന്ധപ്പെടുക.

ബിസിനസ് Cafe

സ്വർണം
38,560

വെളിച്ചെണ്ണ : മില്ലിങ്	16,800
വെളിച്ചെണ്ണ	15,400
കൊപ്ര	10,325-10,900
പിണ്ണാക്ക് എക്സ്പെല്ലർ	2400
പിണ്ണാക്ക് റോട്ടറി	3100
കുരുമുളക് അൺഗാർബിൾഡ്	31,900
പുതിയ കുരുമുളക്	30,900
കുരുമുളക് ഗാർബിൾഡ്	33,900
ചുക്ക് മീഡിയം	28,500
ചുക്ക് ബെസ്റ്റ്	30,000
മഞ്ഞൾ നാടൻ	ഇല്ല
സേലം - ഈറോഡ്	7200-7700
കാഞ്ഞിരക്കുരു	1850
അടയ്ക്ക ന്യൂ	ഇല്ല
അടയ്ക്ക ഓൾഡ്	29,000- 30,000
പഞ്ചസാര	3720
മുളക്	13,000-24,000
ഉഴുന്ന്	9,000-10,000
ചെറുപയർ	9,000-10,000
കടല	5400-6500

മുതിര	3700
എള്ള്	13,000- 14,000
മല്ലി	7400-19,000
പച്ചരി നമ്പർ 2	2600-3400
പുഴുക്കലരി (ജയ)	3400- 3500
ജാതിക്ക തൊണ്ടൻ (കിലോ)	200-220
ജാതിക്ക തൊണ്ടില്ലാത്തത് (കിലോ)	380-400
ജാതിപത്രി മഞ്ഞ-ചുവപ്പ് (കിലോ)	1000-1100
ഗ്രാമ്പൂ (കിലോ)	550
റബർആർ എസ് എസ് 5 ഗ്രേഡ്	11,700 -12,500
റബർആർ എസ് എസ് 4 ഗ്രേഡ്	13,000
ഒട്ടുപാൽ	7500
ലാറ്റക്സ്	7700
സ്വർണം	38,560
പാം ഓയിൽ	8520

വാഴക്കുളം പൈനാപ്പിൾ കർഷകർ 450 കോടി രൂപയുടെ കടക്കെണിയിൽ

കൊച്ചി: കൊവിഡ് ദുരിതം വിതച്ച് കടക്കെണിയിലായ പൈനാപ്പിൾ കർഷകൻ ആയവന സ്വദേശി കെ.കെ. അനിൽ ആത്മഹത്യ ചെയ്തതിനു പിന്നാലെ അദ്ദേഹം അംഗമായിരുന്ന ഓൾ കേരളാ പൈനാപ്പിൾ ഫാർമേഴ്സ് അസോസിയേഷൻ സമരപരിപാടികൾക്കൊരുങ്ങുന്നു.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഉടനടി ആവശ്യമായ നടപടികൾ കൈക്കൊണ്ടില്ലെങ്കിൽ വാഴക്കുളം കേന്ദ്രീകരിച്ചുള്ള പൈനാപ്പിൾ മേഖല കൂടുതൽ ആത്മഹത്യകൾക്ക് സാക്ഷ്യം വഹിക്കുമെന്നും ഫാർമേഴ്സ് അസോസിയേഷൻ മുന്നറിയിപ്പ് നൽകി. 50 ലക്ഷത്തോളം രൂപയുടെ ബാധ്യതയാണ് അനിലിനെ ആത്മഹത്യയിലേക്ക് നയിച്ചതെങ്കിൽ ഈ മേഖല മൊത്തം ഏതാണ്ട് 450 കോടി രൂപയുടെ കടക്കെണിയിലാണെന്ന് പൈനാപ്പിൾ ഫാർമേഴ്സ് അസോസിയേഷൻ പ്രസിഡന്റ് ജയിംസ് ജോർജ് പറഞ്ഞു.

പാട്ടത്തിനെടുത്ത ഭൂമിയിലാണ് വാഴക്കുളം മേഖലയിലെ ഭൂരിപക്ഷം കൃഷിക്കാരും പൈനാപ്പൾ കൃഷി നടത്തുന്നത്. ബാങ്കുകൾ, മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ എന്നിവയിൽ നിന്നുള്ള വായ്പകളെ ആശ്രയിച്ചാണ് പാട്ടത്തുകയും കൃഷിക്കാവശ്യമായ പ്രവർത്തന മൂലധനവും തോട്ടക്കൃഷി മേഖലയിലെ ഉയർന്ന തൊഴിൽച്ചെലവും ഇവർ കണ്ടെത്തുന്നത്. 2018, 2019 വർഷങ്ങളിലെ പ്രളയങ്ങളെത്തുടർന്നുണ്ടായ കൃഷിനാശം, വിളവെടുക്കാൻ കഴിയാതിരുന്നത്, ഡിമാൻഡ് ഇടിവ് എന്നിവ മൂലമുണ്ടായ വിലത്തകർച്ചയുടെ ക്ഷീണം 2020ലെ റമദാൻ മാസത്തിലാരംഭിച്ച സീസണോടെ ഒരു പരിധി വരെ പരിഹരിക്കാമെന്ന പ്രതീക്ഷയിലായിരുന്നു കർഷകരെന്ന് ജയിംസ് ജോർജ് പറഞ്ഞു. എന്നാൽ മാർച്ച് മാസത്തിലെ കൊവിഡ് ലോക്ഡൗണോടെ കാര്യങ്ങൾ തകിടം മറിഞ്ഞു. കിലോയ്ക്ക് 23-24 രൂപ ഉത്പാദ ചെലവുള്ള പൈനാപ്പിൾ വില 2.5-5 രൂപ നിലവാരത്തിലേക്ക് കൂപ്പുകുത്തി. ആഭ്യന്തര വിപണിയിലെ ഡിമാൻഡ് തകർച്ചയും ഉത്തേരന്ത്യൻ വിപണിയിലേക്ക് പൈനാപ്പിൾ കയറ്റിപ്പോകാൻ സാധിക്കാതെ വന്നതും ചേർന്ന് പ്രതിസന്ധി ഗുരുതരമാക്കി.

ഈ പശ്ചാത്തലത്തിൽ 2018 വരെ മികച്ച തിരിച്ചടവ് ചരിത്രമുള്ള കർഷകരുടെ വായ്പകൾ എഴുതിത്തള്ളുക, പ്രവർത്തനമൂലധനത്തിനായി പുതിയ പലിശരഹിത വായ്പകൾ നൽകുക, 25 രൂപ എന്ന നിരക്കിൽ പൈനാപ്പിളിന് താങ്ങുവില നിശ്ചയിക്കുക, പൈനാപ്പിളിൽ നിന്നുള്ള വിവിധ മൂല്യവർധിത ഉത്പന്നങ്ങൾ നിർമിക്കുന്ന യൂണിറ്റുകൾ അടിയന്തരമായി പ്രവർത്തനസജ്ജമാക്കുക എന്നിവയാണ് ഫാർമേഴ്സ് അസോസിയേഷന്റെ ആവശ്യങ്ങൾ. ഇതു കാണിച്ച് കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് പല തവണ നിവേദനങ്ങൾ നൽകിയിട്ടും ഒരു നടപടിയും ഉണ്ടായില്ലെന്ന് ഫാർമേഴ്സ് അസോസിയേഷൻ ഭാരവാഹികൾ പറഞ്ഞു.

ഈ പശ്ചാത്തലത്തിലാണ് അസോസിയേഷൻ ഈ ആവശ്യങ്ങളുമായി സംസ്ഥാന ഹൈക്കോടതിയെ സമീപിച്ചിരിക്കുന്നത്. അസോസിയേഷൻ ആരംഭിക്കുന്ന സമരപരിപാടികളുടെ തുടക്കമായി ഇന്ന് വാഴക്കുളം കൃഷി ഭവനു മുന്നിൽ ധർണ നടത്തുമെന്നും ഭാരവാഹികൾ അറിയിച്ചു.

കൊവിഡ് ഭീഷണിയെത്തുടർന്ന് അതിഥി തൊഴിലാളികൾ കൂട്ടമായി സ്വദേശങ്ങളിലേക്കു പോയതും ഈ മേഖലയ്ക്ക് കനത്ത തിരിച്ചടിയായി. മറ്റ് കാർഷിക മേഖലകളെ അപേക്ഷിച്ച് 600 രൂപ എന്ന ഉയർന്ന കൂലിയാണ് ഈ രംഗത്തുള്ളത്. ഒരു ഹെക്റ്ററിൽ വർഷം 5 മുതൽ 8 വരെ തൊഴിലാളികൾക്ക് 330 തൊഴിൽദിനങ്ങളാണ് പൈനാപ്പിൾ കൃഷി സൃഷ്ടിക്കുന്നത്. അങ്ങനെ ഒരു ഹെക്റ്ററിൽ 240 പേർക്ക് തൊഴിൽ നൽകുന്നു. നിലവിൽ 18,000-ഓളം ഹെക്റ്ററിലാണ് സംസ്ഥാനത്ത് പൈനാപ്പിൾ കൃഷി നടക്കുന്നത്. 5000ത്തിനുമേൽ കർഷകർ ഈ രംഗത്തുണ്ട്. പ്രതിവർഷം 5.4 ലക്ഷം ടൺ പൈനാപ്പിളാണ് ഉത്പാദിപ്പിക്കുന്നത്. കഴിഞ്ഞ 8-10 വർഷമായി വർഷം തോറും ശരാശരി 1250 കോടി രൂപ മതിയ്ക്കുന്ന പൈനാപ്പിളാണ് ഇങ്ങനെ ഉത്പാദിപ്പിക്കുന്നത്. ഒരു ഹെക്റ്ററിന് ഏതാണ്ട് 6.25 ലക്ഷം രൂപ ഉത്പാദന ചെലവ് വരും.

മൂന്നിരട്ടി റെക്കോഡ് നേട്ടവുമായി പർപ്പിൾ

കൊച്ചി: മുൻനിര ബ്യൂട്ടി ഇ-കൊമേഴ്സ് പ്ലാറ്റ് ഫോമായ പർപ്പിൾ, ഇന്ത്യയിലെ ഏറ്റവും വലിയ ഓൺലൈൻ ബ്യൂട്ടി വിപണന മേളയിൽ മൂന്നിരട്ടി റെക്കോഡ് നേട്ടം കൈവരിച്ചു. ഓഗസ്റ്റ് ആദ്യവാരം സംഘടിപ്പിച്ച യൂസർ രജിസ്ട്രേഷനിലും മൂന്നിരട്ടി റെക്കോഡ് വർധനവാണ് രേഖപ്പെടുത്തിയത്. പർപ്പിളിന്റെ ഓൺലൈൻ ബ്യൂട്ടി വിപണന മേളയിൽ 15,000 ഉത്പന്നങ്ങൾക്ക് മൂന്നിരട്ടി- ഉയർന്ന ഡിസ്കൗണ്ടാണ് ഓഫർ ചെയ്തിരുന്നത്.

സൗന്ദര്യ ഉത്പന്നങ്ങളുടെ വിപുലമായ ശ്രേണിയാണ് പർപ്പിൾ ഒരുക്കിയിരുന്നത്. പർപ്പിളിന്റെ എക്സ്ക്ലൂസിവ് ബ്രാൻഡുകളായ, ഗുഡ് വൈബ്സ്, ആൽപ്സ് ഗുഡ്നെസ്, എൻവൈബേ, സ്റ്റേ ക്വിർക്കി എന്നിവയും പ്രശസ്ത ലോകോത്തര ബ്രാൻഡുകളായ മേബല്ലെൻ എൻവൈ, എൽ ഒറീൽ പാരീസ്, ദി ഫേസ് ഷോപ്പ് എന്നിവയും അതിൽ ഉൾപ്പെടുന്നു. മൂല്യത്തിലും വ്യാപ്തിയിലും 300 ശതമാനം കൈവരിക്കാൻ കഴിഞ്ഞതായി പർപ്പിൾ സഹ സ്ഥാപകനും സിഇഒയുമായ മനീഷ് തനേജ പറഞ്ഞു. പ്രതിമാസ ശരാശരി പത്തു ശതമാനം വളർച്ച. പുതിയ യൂസേഴ്സിന് കൂടുതൽ അഭികാമ്യം കമ്പനിയുടെ എലൈറ്റ് അംഗത്വമാണ്. ഐഎച്ച്ബി വിപണന മേളയിൽ വ്യാപാര മൂല്യത്തിന്റെ 20 ശതമാനവും സംഭാവന എലൈറ്റ് വിഭാഗത്തിൽ നിന്നുള്ളതാണ്. വിപുലമായ ഉത്പന്ന ശ്രേണി, ഉപഭോക്താക്കൾക്കുള്ള വിസ്മയകരമായ ഓഫറുകൾ, ഡെലിവിറിയിലെ സമയനിഷ്ഠ എന്നിവയാണ് ഓരോ ഉപഭോക്താവിന്റെയും ഷോപ്പിങ് അനുഭവം അവിസ്മരണീയമാക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

രണ്ടാംകിട, മൂന്നാംകിട വിപണികളിൽ നിന്നുള്ള ഓർഡർ 75 ശതമാനം റെക്കോഡ് നേട്ടത്തിലെത്തി. പർപ്പിളിന്റെ ഓൺലൈൻ, ബ്യൂട്ടി, കോസ്മെറ്റിക് ഉത്പന്ന വിൽപ്പനയിലും വർധനവുണ്ടായി. മേയ്ക്ക് അപ്പ് വിഭാഗത്തിൽ 472 ശതമാനം വർധനവും സ്കിൻ കെയർ വിഭാഗത്തിൽ 282 ശതമാനവും പ്രതിമാസ വർധനവാണ് രേഖപ്പെടുത്തിയത്. എലൈറ്റ് ആണ് പർപ്പിളിന്റെ ഉപഭോക്തൃ പ്രോഗ്രാമിൽ പ്രധാനം. ഫ്രീ ഷോപ്പിങ്, കൂടുതൽ ഓഫറുകൾ, ഡിസ്കൗണ്ടുകൾ, ഏർളി-ബേർഡ് ആക്സസ്, കസ്റ്റമർ സർവീസിൽ മുൻഗണന, മെമ്പർഷിപ്പ് ഫ്രീബീസ്, മൈൽ സ്റ്റോൺ റിവാർഡ്സ് എന്നിവയെല്ലാം എലൈറ്റിന്റെ സവിശേഷതകളാണ്. ഗോൾഡ് മാൻ സാഷ്സ്, വെർലിൻവെസ്റ്റ്, ബ്ലൂം വെൻചേഴ്സ്, ഐവി ക്യാപ് വെൻചേഴ്സ്, ജെഎസ്ഡബ്ല്യു വെൻചേഴ്സ് എന്നിവർക്ക് പർപ്പിളിൽ നിക്ഷേപമുണ്ട്.

കെഎസ്‌യുഎമ്മും വാധ്വാനി ഫൗണ്ടേഷനും ചേർന്നൊരുക്കുന്ന 'സഹായത'

കൊച്ചി: കൊവിഡ് മാഹാമാരിയെത്തുടർന്നുണ്ടായ പ്രതിസന്ധിയിൽ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ചെറുകിട ബിസിനസ് സംരംഭകർക്കായി കേരള സ്റ്റാർട്ടപ്പ് മിഷനും വാധ്വാനി ഫൗണ്ടേഷനും ചേർന്ന് 'സഹായത' എന്ന പേരിൽ പ്രത്യേക പരിപാടി നടത്തുന്നു. ഇന്ന് ഉച്ചയ്ക്ക് 2.30 മുതൽ 4 മണി വരെയാണ് പരിപാടിയുടെ വെർച്വൽ ലോഞ്ച്. http://bit.ly/SahayataProgram എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്ത് പരിപാടിയിൽ പങ്കെടുക്കാം.

പ്രതിസന്ധിയിൽ നിന്ന് കരകയറുന്നതിനെക്കുറിച്ച് വിദഗ്ധർ നൽകുന്ന സൗജന്യ ബിസിനസ് ഉപദേശങ്ങൾ, പുതിയ സാധ്യതകൾ എന്നിവ സംരംഭകരുമായി പങ്കുവയ്ക്കുകയാണ് ചെയ്യുന്നത്. സഹായത പദ്ധതി വഴി രാജ്യത്താകമാനം ഒരു ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയാണ് ലക്ഷ്യം. പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തൽ, മൂലധനത്തിൽ കുറവ് വരുത്തൽ, സ്ഥിര ചെലവുകൾ കുറയ്ക്കുന്നതിനുള്ള വഴികൾ തുടങ്ങിയവ ഈ പരിപാടിയിലൂടെ സംരംഭകർക്ക് ലഭിക്കും.

സ്ട്രാറ്റജിക് ഗ്യാരേജ് സഹസ്ഥാപകൻ ശേഖർ ദൊരൈസ്വാമി, കണക്റ്റപ് സ്ഥാപകയും സിഇഒയുമായ വീണ കുമാർ, ബ്രിഡ്ജ് സർവീസസ് സിഎഫ്ഒ രമേഷ് ജയരാമൻ, വാധ്വാനി അഡ്വാന്റേജ് ദക്ഷിണേന്ത്യ മേധാവി രാഹുൽ സവൂർ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുക്കും.

ടെക്സ്റ്റൈൽ മില്ലുകൾ കൈയൊഴിയാൻ കേന്ദ്രസർക്കാർ

തൃശൂർ: കൊവിഡിന്റെ മറവിൽ കേരളത്തിലെ രണ്ട് കേന്ദ്രപൊതുമേഖല സ്ഥാപനങ്ങൾ കൂടി അടച്ചു പൂട്ടാൻ നീക്കം. പുല്ലഴിയിലെ കേരള ലക്ഷ്മി മില്ലും ആമ്പല്ലൂരിലെ അളഗപ്പ ടെക്സ്റ്റൈലുമാണ് കേന്ദ്രസർക്കാർ കൈ ഒഴിയാൻ ശ്രമിക്കുന്നത്. സംസ്ഥാന സർക്കാരിന് കീഴിലുള്ളതും സഹകരണമേഖലയിലുള്ളതുമായ എല്ലാ മില്ലുകളും മേയിൽ തുറന്നിരുന്നു.

ലോക്ഡൗണിനെത്തുടർന്ന് അഞ്ചു മാസം മുമ്പാണ് പുല്ലഴിയിലെ കേരള ലക്ഷ്മി മില്ലും ആമ്പല്ലൂരിലെ അളഗപ്പ ടെക്സ്റ്റൈലും അടച്ചിട്ടത്. ഇത് തുറക്കാൻ കേന്ദ്ര സർക്കാരിന്റ ടെക്സ്റ്റൈൽ മന്ത്രാലയത്തിന്റെ ഉത്തരവ് ഇറങ്ങിയിട്ടില്ല. മുംബൈ മാർക്കറ്റ് സജീവമായാൽ മില്ലുകൾ തുറക്കുമെന്നാണ് നേരത്തേ മാനെജ്മെന്റ് പറഞ്ഞിരുന്നത്. മുംബൈ മാർക്കറ്റ് സജീവമായിട്ടും മില്ലുകൾ തുറക്കുന്നില്ല. മില്ലിലുള്ള മുഴുവൻ സ്റ്റോക്കും ഉടൻ വിറ്റ് കാലിയാക്കണമെന്നാണ് മാനെജ്മെന്റ് നിർദേശം. നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ മില്ലുകൾ വിൽക്കാനാണ് നീക്കമെന്ന് തൊഴിലാളികൾ പറയുന്നു. അഞ്ചുമാസമായി മൂന്നിലൊന്ന് വേതനമാണ് ലഭിക്കുന്നത്. മിൽ ഉടൻ തുറന്നില്ലെങ്കിൽ മിൽ പ്രവർത്തിക്കാത്തതിനാൽ യന്ത്രങ്ങളുടെ തുടർപ്രവർത്തനം സാധ്യമാകാതെ വരാനും സാധ്യതയുണ്ടെന്ന് തൊഴിലാളികൾ പറയുന്നു.

ലക്ഷ്മി മില്ലിൽ 271 സ്ഥിരം തൊഴിലാളികളും 168 ദിവസവേതനക്കാരും 50 ഓഫിസ് ജീവനക്കാരുമടക്കം 489 തൊഴിലാളികളുണ്ട്. അളഗപ്പ മില്ലിൽ 287സ്ഥിരം തൊഴിലാളികളും 197 ദിവസ വേതനക്കാരും 52 ഓഫിസ് ജീവനക്കാരുമടക്കം 536 തൊഴിലാളികളുണ്ട്. അനുബന്ധ തൊഴിലാളികൾ ഇതിലേറെ വരും.

സൗജന്യ ഓണക്കിറ്റു വിതരണം തുടങ്ങി

പറവൂർ: പറവൂർ വെസ്റ്റ് കോ -ഓപ്പറേറ്റിവു ബാങ്ക് ആർ 130 അംഗങ്ങൾക്കായി അരിയും വെളിച്ചെണ്ണയും ഉൾപ്പെടെ 13 ഇനങ്ങളുള്ള ഭക്ഷ്യധാന്യ കിറ്റ് സൗജന്യമായി വിതരണം തുടങ്ങി. ബാങ്ക് പ്രസിഡന്റ് എം.ജെ.രാജുവിന്റെ അധ്യക്ഷതയിൽ നടന്ന ചടങ്ങിൽ വി.ഡി.സതീശൻ എംഎൽഎ വിതരണോദ്ഘാടനം നടത്തി. മുൻ എംപി കെ.പി.ധനപാലൻ, അസി:രജിസ്ട്രാർ വി.ബി.ദേവരാജൻ, സെക്രട്ടറി കെഡി ടെസ്സി എന്നിവർ സംസാരിച്ചു.

പൊതുയോഗം നടത്തി

പറവൂർ: ആൾ കേരള ഓട്ടോ കൺസൾട്ടന്റ് പറവൂർ യൂണിറ്റ് പൊതുയോഗം കൊവിഡ് മാനദണ്ഡങ്ങൾ പാലിച്ചു കൂടി. ഐഎൻടിയുസി സംസ്ഥാന സെക്രട്ടറി സാജൂ തോമസ് ഉദ്ഘാടനം ചെയ്തു. ഡി.രാജ് കുമാർ, ജോബി പഞ്ഞിക്കാരൻ എന്നിവർ സംസാരിച്ചു. പുതിയ ഭാരവാഹികളായി ജോബി പഞ്ഞിക്കാരൻ -പ്രസിഡന്റ്, എം.എ.ജലീൽ- വൈ.പ്രസിഡന്റ്, ജെ.ജു.വർഗീസ് -ജന:സെക്രട്ടറി, പി.സി.ജോസഫ് ജോ:സെക്രട്ടറി, മനുകുഞ്ഞുമോൻ- ട്രഷറർ എന്നിവരെ തെരഞ്ഞെടുത്തു.

ആനുകൂല്യങ്ങൾ വെബിനാർ

കളമശേരി: പട്ടികജാതി-വർഗ വിദ്യാർഥികളുടെ ആനുകൂല്യങ്ങളെയും അവസരങ്ങളെയും സംബന്ധിച്ച് കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല ഈക്വൽ ഓപ്പർച്യൂണിറ്റി സെൽ സംഘടിപ്പിക്കുന്ന സംസ്ഥാനതല വെബിനാർ 25 ന് 10 മണിക്ക് കുസാറ്റ് വൈസ് ചാൻസലർ ഡോ.കെ.എൻ. മധുസൂദനൻ ഉദ്ഘാടനം ചെയ്യും. ഡോ.ശശിഗോപാലൻ, എം.എസ്.സുനിൽകുമാർ, ജയ്ശ്രീകുമാർ, ലിസ.ജെ.മങ്ങാട്ടൂർ, പ്രൊഫ.ആർ. ശശിധരൻ, ജി.അനിൽകുമാർ, ഡോ.സുരേന്ദ്രൻ ചെറുകോടൻ, സി.എ.നസീർ കുഞ്ഞ് എന്നിവർ പങ്കെടുക്കും. ചേരേണ്ട ലിങ്ക് http://meet.google.com/tpi-azyo-gvr.

രോഗമുക്തിയും വെബിനാർ

കളമശേരി: കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല ലൈബ്രറി സംഘടിപ്പിക്കുന്ന വെബിനാർ പരമ്പരയുടെ ഭാഗമായി കൊവിഡ് പ്രതിരോധവും രോഗമുക്തിയും എന്ന വിഷയത്തിൽ പ്രശസ്ത ഇമ്യൂണോളജിസ്റ്റ് ഡോ.പത്മനാഭ ഷേണായി നടത്തുന്ന ഓൺലൈൻ പ്രഭാഷണം ആഗസ്റ്റ് 25 ന് ഉച്ചയ്ക്ക് 1:30ന്. ചേരേണ്ട ലിങ്ക് http://meet.google.com/guy-qxci-tfh.

ബയോഫ്ലോക് മത്സ്യ കൃഷി

കളമശേരി: നഗരസഭ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി ഫിഷറീസ് വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന ബയോഫ്ലോക് മത്സ്യ കൃഷിയുടെ നഗരസഭാതല ഉദ്ഘാടനം 28 ന് വാർഡിൽ മാനത്ത് പാടത്ത് യുവശ്രീ നാട്ടൊരുമ കൂട്ടായ്മ ഒരുക്കിയ ബയോഫ്ലോക് ടാങ്കിൽ 1000 ഗിഫ്റ്റ് (തിലോപ്പിയ) കുഞ്ഞുങ്ങളെ നിക്ഷേപിച്ച് നഗരസഭാധ്യക്ഷ റുഖിയ ജമാൽ ഉദ്ഘാടനം ചെയ്തു.

വൈസ് ചെയർമാൻ ടി.എസ്.അബൂബക്കർ അധ്യക്ഷനായി.കളമശേരി നഗരസഭ 10 യൂണിറ്റുകളാണ് ഈ വർഷം നടപ്പിലാക്കുന്നത് 1,38,000 രൂപയാണ് ഒരു യൂണിറ്റിന്റെ ചെലവ്. ഇതിൽ 40 ശതമാനം സബ്സീഡിയും 60 ശതമാനം ഗുണഭോക്തൃവിഹിതവുമാണ്. ചടങ്ങിൽ വാർഡ് കൗൺസിലർ അഡ്വ.എം.എ.വഹാബ് സ്വാഗതം ആശംസിച്ചു. സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ എ.കെ.ബഷീർ, കൗൺസിലർ ഷാജഹാൻ കടപ്പള്ളി, നഗരസഭ സെക്രട്ടറി പി.ആർ.ജയകുമാർ, യുവശ്രീ നാട്ടൊരുമ സെക്രട്ടറി ടി.എ.നൗഫൽ, ഫിഷറീസ് കോ-ഓർഡിനേറ്റർ ശ്യാമള, എഡിഎസ് ചെയർപേഴ്സൺ ജലജ ഉത്തമൻ എന്നിവർ പങ്കെടുത്തു.

നീതി ലാബ് പ്രവർത്തനം

പെരുമ്പാവൂർ: ഒക്കൽ സർവീസ് സഹകരണ ബാങ്കിന്റെ നീതി ലാബ് പ്രവർത്തനം ആരംഭിച്ചു.ഒക്കൽ സർവീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ നടപ്പാക്കിയ നീതി മെഡിക്കൽ ലാബ് ബാങ്ക് പ്രസിഡന്റ് റ്റി.വി. മോഹനൻ ഉദ്ഘാടനം ചെയ്തു.

പറവൂർ ദക്ഷിണമൂകാംബിക ക്ഷേത്രത്തിലെ വെള്ളക്കെട്ടിന് പരിഹാരമാകുന്നു

പറവൂർ: ദക്ഷിണ മൂകാംബിക ക്ഷേത്രത്തിനകത്തെയും നാലമ്പലത്തിലെയും വെള്ളക്കെട്ടിന് പരിഹാരമാകുന്നു. നവരാത്രി ആഘോഷങ്ങൾ ആരംഭിക്കുന്നതിന് മുന്നേ വെള്ളക്കെട്ടിന് പരിഹാരം ഉണ്ടാക്കണമെന്ന ക്ഷേത്രോപദേശക സമിതി ബോർഡിന് കത്ത് നൽകിയിരുന്നു.

ഇതേ തുടർന്നാണ് ദേവസ്വം ബോർഡ് എക്സി.എഞ്ചിനീയർ വി.എസ്. ബൈജു ക്ഷേത്രത്തിൽ നേരിട്ടെത്തി പരിശോധന നടത്തി. ക്ഷേത്രത്തിനകത്തെയും നാലമ്പലത്തിനകത്തെയും വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി നിലവിലുള്ള കാനയുടെ വീതിയും ആഴം കൂട്ടി ഫലപ്രദമായ രീതിയിൽ വെള്ളം ഒഴുക്കാനുള്ള സൗകര്യം ഒരുക്കും. കൂടാതെ ചുറ്റമ്പലത്തിലെ വെള്ളം ഒഴുകുന്നതിന് പ്രദേശത്തെ വാട്ടർ ലെവൽ പരിശോധിച്ച് വെള്ളം കാന നിർമ്മിച്ച് പുറത്ത് വിടുന്നതിനാവശ്യമായ പ്രവൃത്തികൾ ഈ മാസം സെപ്റ്റംബർ 20 നുള്ളിൽ തുടങ്ങി നവരാത്രിക്ക് മുൻപ് തന്നെ പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കാമെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ ക്ഷേത്രോപദേശക സമിതിക്ക് ഉറപ്പു നൽകി.

പറവൂർ മൂകാംബിക ക്ഷേത്രത്തിൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനെ കുറിച്ചുള്ള പണികളെക്കുറിച്ചു ദേവസ്വം ബോർഡ് എക്സി. എഞ്ചിനിയർ ക്ഷേത്രോപദേശക സമിതി അംഗങ്ങളുമായി ചർച്ച നടത്തുന്നു.

ചടങ്ങിൽ ക്ഷേത്രോപദേശ സമിതി പ്രസിഡന്റ് കെ.എസ്. ശശികുമാർ ,വൈസ് പ്രസിഡന്റ് സജി നമ്പിയത്ത്, സെക്രട്ടറി പ്രേംകുമാർ രാമപുരം, കമ്മിറ്റി അംഗങ്ങളായ സരുൺ സാൻ, സ്വാമിനാഥൻ, അസിസ്റ്റന്റ് എഞ്ചിനീയർ വി.കെ.ഷാജി എന്നിവർ പങ്കെടുത്തു.

ഓണം വിപണി ഉദ്ഘാടനം ചെയ്തു

കളമശേരി: കളമശേരി സഹകരണ ബാങ്ക് കൺസ്യൂമർഫെഡ് സഹകരണ ഓണം വിപണി എറണാകുളം ജോയിന്റ് രജിസ്ട്രാർ സജീവ് കർത്ത ഉദ്ഘാടനംചെയ്തു. ആദ്യവിൽപ്പന കണയന്നൂർ താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ ശ്രീലേഖ നിർവഹിച്ചു. ബാങ്ക് പ്രസിഡന്റ് ടി.കെ.കുട്ടി അധ്യക്ഷനായി.ബാങ്ക് സെക്രട്ടറി ഡോൺ ഡേവിസ്, ബാങ്ക് ഭരണസമിതി അംഗങ്ങളായ പി.എ.അബ്ദുള്ള, മനാഫ് പുതുവായി, കെ.പി.സുബൈർ, കെ.എം.മുഹമ്മദ്, നിസാർ പള്ളത്ത്, എം.കെ.ഷാനവാസ്, സി.വി.ഷെറീന, ജൂലി പയസ്, അനില ജോജോ, രശീതി താനത്ത്, കെ.ജി. മോഹൻ, എം.ബി.പ്രകാശ് എന്നിവർ സംസാരിച്ചു. എല്ലാദിവസവും 75 പേർക്ക് വീതം രാവിലെ ഒമ്പത് മുതൽ ടോക്കൺ നൽകും.

കാർഷിക ഗ്രാമവികസന ബാങ്കിന്റെ പറവൂർ നഗരസഭയിലെ ജെഎൽജി ഗ്രൂപ്പിന്റെ രൂപീകരണം യോഗം ഉദ്ഘാടനം നഗരസഭ ചെയർമാൻ പ്രദീപ് തോപ്പിൽ നിർവഹിക്കുന്നു.

പറവൂർ നഗരസഭയിൽ വനിതാ ജെഎൽജി ഗ്രൂപ്പ് രൂപീകരിച്ചു

പറവൂർ: പറവൂർ താലൂക്കിൽപ്പെട്ട വനിതാ കൂട്ടായ്മകൾക്ക് ഭൂമി ഈടില്ലാതെ പറവൂർ താലൂക്ക് സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് ജെഎൽജി ലോൺ നൽകുന്നതിന്റെ ഭാഗമായി പറവൂർ നഗരസഭയിലെ ആദ്യ ഗ്രൂപ്പിന്റെ രൂപീകരണോദ്ഘാടനം പറവൂത്തറ ഹാജിറയുടെ വസതിയിൽ വെച്ച് പറവൂർ നഗരസഭ ചെയർമാൻ പ്രദീപ് തോപ്പിൽ നിർവഹിച്ചു. ബാങ്ക് പ്രസിഡന്റ് എ.ഡി.ദിലീപ്കുമാർ അധ്യക്ഷത വഹിച്ചു. ഭരണ സമിതി അംഗങ്ങളായ ടി.എ.നവാസ്, പി.പി.ജോയ്, ബാങ്ക് സെക്രട്ടറി എ.കെ.മണി, കൺവീനർ ബിന്ദു എന്നിവർ പ്രസംഗിച്ചു.ചിത്രം: കാർഷിക ഗ്രാമവികസന ബാങ്കിന്റെ പറവൂർ നഗരസഭയിലെ ജെഎൽജി ഗ്രൂപ്പിന്റെ രൂപീകരണം യോഗം ഉദ്ഘാടനം നഗരസഭ ചെയർമാൻ പ്രദീപ് തോപ്പിൽ നിർവഹിക്കുന്നു.

165 പേർക്ക് കൂടി ജില്ലയിൽ കൊവിഡ്

കൊച്ചി: ജില്ലയിൽ ഇന്നലെ 165 പേർക്ക് കൂടി കൊവിഡ് സ്ഥിരീകരിച്ചു.143 പേർ രോഗമുക്തി നേടി. ഇതിൽ 126 പേർ എറണാകുളം സ്വദേശികളും 11 പേർ മറ്റുസംസ്ഥാനത്തുനിന്നുള്ളവരും ആറ് പേർ മറ്റ് ജില്ലക്കാരുമാണ്. 686 പേരെ കൂടി ജില്ലയിൽ പുതുതായി വീടുകളിൽ നിരീക്ഷണത്തിലാക്കി. നിരീക്ഷണ കാലയളവ് അവസാനിച്ച 1048 പേരെ നിരീക്ഷണ പട്ടികയിൽ നിന്നും ഒഴിവാക്കുകയും ചെയ്തു. നിരീക്ഷണത്തിൽ ഉള്ളവരുടെ ആകെ എണ്ണം 15954 ആണ്. ഇതിൽ 13642 പേർ വീടുകളിലും, 171 പേർ കൊവിഡ് കെയർ സെന്ററുകളിലും 2141 പേർ പണം കൊടുത്തുപയോഗിക്കാവുന്ന സ്ഥാപനങ്ങളിലുമാണ്. 257 പേരെ പുതുതായി ആശുപത്രിയിൽ/ എഫ്എൽറ്റിസി പ്രവേശിപ്പിച്ചു. വിവിധ ആശുപ്രതികളിൽ/ എഫ്എൽറ്റിസികളിൽ നിന്ന് 180 പേരെ ഡിസ്ചാർജ് ചെയ്തു. ജില്ലയിലെ ആശുപത്രികളിൽ കൊവിഡ് രോഗം സ്ഥിരീകരിച്ച് ചികിത്സയിൽ കഴിയുന്നവരുടെ എണ്ണം 1887 ആണ്. ഇന്നലെ ജില്ലയിൽ നിന്നും കൊവിഡ് 19 പരിശോധനയുടെ ഭാഗമായി 1241 സാംപിളുകൾ കൂടി പരിശോധയ്ക്ക് അയച്ചിട്ടുണ്ട്. ഇന്നലെ 1678 പരിശോധന ഫലങ്ങളാണ് ലഭിച്ചത്. ഇനി 491 ഫലങ്ങളാണ് ലഭിക്കാനുള്ളത്.

എട്ടു രോഗികൾ ഗുരുതരാവസ്ഥയിൽ

കൊച്ചി: എറണാകുളം മെഡിക്കൽ കോളെജ് ആശുപത്രിയിലെ കൊവിഡ് ഐസിയുവിൽ കഴിയുന്ന എട്ടു രോഗികളുടെ നില ഗുരുതരമായി തുടരുന്നതായി മെഡിക്കൽ കോളെജ് അധികൃതർ അറിയിച്ചു.1)74 വയസുള്ള ചെല്ലാനം സ്വദേശിനി2)53 വയസുള്ള വടുതല സ്വദേശിനി. കൊവിഡ് പരിശോധന ഫലം പോസിറ്റീവാണ്.3)35 വയസുള്ള നീണ്ടകര സ്വദേശിയെ ഗുരുതരമായി ഐസിയുവിൽ തുടരുന്നു. എറണാകുളത്തെ സ്വകാര്യ ആശുപത്രിയിൽ നിന്നും കൊവിഡ് പരിശോധന ഫലം പോസിറ്റീവ് ആയതിനെ തുടർന്ന് മെഡിക്കൽ കോളെജിലേക്ക് മാറ്റുകയായിരുന്നു.4)72 വയസുള്ള പെരുമ്പാവൂർ സ്വദേശി ഗുരുതരമായി തുടരുന്നു. എറണാകുളം ജനറൽ ആശുപത്രിയിൽനിന്ന് കൊവിഡ് പരിശോധന ഫലം പോസിറ്റീവ് ആയതിനെ തുടർന്ന് മെഡിക്കൽ കോളെജിലേക്ക് മാറ്റുകയായിരുന്നു.5)50 വയസുള്ള ഇടപ്പള്ളി സ്വദേശിനി കോവിഡ് ന്യുമോണിയ മൂലം ഗുരുതരമായി ഐസിയുവിൽ തുടരുന്നു.ദീർഘനാളായി ശ്വാസകോശ സംബന്ധമായ രോഗത്തിനും അമിത രക്സമ്മർദ്ദത്തിനും ചികിത്സയിൽ ആയിരുന്നു6)76 വയസുള്ള പാലാരിവട്ടം സ്വദേശി കൊവിഡ് ന്യുമോണിയ മൂലം ഗുരുതരമായി ഐസിയുവിൽ തുടരുന്നു.ദീർഘനാളായി ശ്വാസകോശ സംബന്ധമായ രോഗത്തിനു ചികിത്സയിൽ ആയിരുന്നു.7)60 വയസുള്ള കോതമംഗലം സ്വദേശി8)55 വയസുള്ള എറണാകുളം വടുതല സ്വദേശിനി.

കായലിൽ വീണ അവശിഷ്ടം നീക്കാത്തതിൽ പ്രതിഷേധിച്ചു നടത്തിയ നിൽപ്പു സമരം.

നെട്ടൂർ കായലിൽ നിൽപ്പു സമരം

മരട്: ഏറെ വിവാദമായ ഫ്ലാറ്റ് പൊളിക്കലിൽ നെട്ടൂർ കായലിൽ പതിച്ച അവശിഷ്ടങ്ങൾ മാറ്റാതെ സർക്കാരിനെ തെറ്റിദ്ധരിപ്പിച്ചു റിപ്പോർട്ടുനൽകുകയും, സമീപവാസികൾക്കുണ്ടായ നഷ്ടത്തിന് ഇൻഷൂർ നൽകാമെന്ന് പറഞ്ഞു പറ്റിച്ച നഗരസഭ സെക്രട്ടറിയെ മാറ്റി പകരം മുഴുവൻ സമയം പ്രവർത്തിക്കുന്ന സെക്രട്ടറിയെ നിയോഗിക്കണമെന്നാവശ്യപ്പെട്ടായിരുന്നു മരടിലെ ഐഎൻടിയുസി പ്രവർത്തകർ നെട്ടൂർ കായലിൽ നിൽപ്പു സമരം നടത്തിയത്.സമരം പ്രമുഖ പരിസ്ഥിതി പ്രവർത്തകൻ സി.ആർ.നീലകണ്ഠൻ ഉദ്ഘാടനം ചെയ്തു. ഐഎൻടിയുസി ജില്ലാ നേതാവ് ആന്റണി ആശാം പറമ്പിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ മുൻ മന്ത്രി കെ.ബാബു, ടി.പി. ആന്റണി,കെ.എക്സ്.ആന്റണി, ജിൻസൺ പീറ്റർ, സുനില സിബി, ദേവൂസ് ആന്റണി, സി.പി.ഷാജികുമാർ, തുടങ്ങിയവർ സംസാരിച്ചു.

കളമശേരി നഗരസഭക്ക് സ്വച്ഛ് സർവ്വേഷന്റെ അംഗീകാരം

കളമശേരി: സ്വച്ഛ് സർവ്വേഷൻ 2020 ൽ ഒരു ലക്ഷം ജനസംഖ്യയുള്ള പട്ടണങ്ങളുടെ വിഭാഗത്തിൽ കളമശേരി നഗരസഭ ഒന്നാം സ്ഥാനത്ത്. സംസ്ഥാന തല അംഗീകാരമാണിത്.

നഗരസഭ തലത്തിൽ തരാംതിരിച്ച് മാലിന്യ സംസ്കരണം നടത്തുന്നതും ശേഖരിക്കുന്ന മാലിന്യം അതാത് ദിവസം സംസ്കരണ കേന്ദ്രത്തിലേക്ക് പ്രത്യേകം അടച്ചു മൂടിയ വാഹനങ്ങളിൽ നീക്കം ചെയ്യുന്നതും, ഉറവിട മാലിന്യസംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന് ഗാർഹിക ബയോഗ്യാസ് പ്ലാന്റുകൾ ഉൾപ്പടെ നൽകുന്നതും അജൈവ മാലിന്യങ്ങളായ കുപ്പി ചില്ല്, പ്ലാസ്റ്റിക്, ഇ-വേസ്റ്റ് എന്നിവ പ്രത്യേകമായി തരാം തിരിച്ച് ശേഖരിച്ച് ശാസ്ത്രീയമായി കൈയൊഴിയുന്നതിന്റെയും അടിസ്ഥാനത്തിലാണ് നഗരസഭക്ക് ഈ നേട്ടം കൈവരിക്കാനായത്.നിലവിലെ സാനിട്ടേഷൻ വർക്കർമാരുടെ എണ്ണം കുറവായതും ആധുനിക യന്ത്രസാമഗ്രികളുടെ കുറവും പരിഹരിക്കുന്ന മുറക്ക് ഇന്ത്യയിലെ തന്നെ മികച്ച നഗരമായി കളമശേരിയെ മാറ്റാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നുവെന്നു നഗരസഭ ചെയർപേഴ്സൺ റുഖിയ ജമാൽ പറഞ്ഞു. ഈ കൊല്ലത്തെ പ്രതിരോധ പ്രവർത്തനങ്ങൾക്കിടയിലും ഇത്തരത്തിൽ മികച്ച പ്രകടനം കാഴ്ചവെക്കാൻ സഹായിച്ച നഗരസഭ ആരോഗ്യ വിഭാഗം ജീവനക്കാർക്ക് നഗരസഭയുടെ അനുമോദനവും അറിയിച്ചു.

സ്വച്ഛ് സർവ്വേഷന്റെ ശുചീകരണത്തിനുള്ള സംസ്ഥാന തല അംഗീകാരം കളമശേരി നഗരസഭക്ക് ലഭിച്ചതിൽ ആഹ്ലാദം പ്രകടിപ്പിച്ച് നഗരസഭ ചെയർപേഴ്സൺ റുഖിയാ ജമാൽ, വൈസ് ചെയർമാൻ ടി.എസ്.അബൂബക്കർ, ഹെൽത്ത് ജീവനക്കാർ എന്നിവർ ചേർന്ന് കേക്ക് മുറിക്കുന്നു.

എസ്എൻഡിപി വൈപ്പിൻ യൂണിയന്റെ ഗുരുഭവനം പദ്ധതിയിലെ ആദ്യ വീടിന്റെ താക്കോൽദാനം എളങ്കുന്നപ്പുഴയിൽ പ്രസിഡന്റ് ടി.ജി.വിജയൻ, സെക്രട്ടറി പി.ഡി.ശ്യാംദാസ് എന്നിവർ ചേർന്ന് നിർവഹിക്കുന്നു.

എസ്എൻഡിപി ഗുരുഭവനം പദ്ധതി: എളങ്കുന്നപ്പുഴയിൽ പ്രഥമ സംരഭം

വൈപ്പിൻ: എസ്എൻഡിപി യോഗം വൈപ്പിൻ യൂണിയന്റെ ഗുരുഭവനം പദ്ധതിയിലെ ആദ്യ വീടിന്റെ താക്കോൽ ദാനം എളങ്കുന്നപ്പുഴയിൽ യൂണിയൻ പ്രസിഡന്റ് ടി.ജി.വിജയൻ, സെക്രട്ടറി പി.ഡി.ശ്യാംദാസ് എന്നിവർ ചേർന്ന് നിർവഹിച്ചു. എളങ്കുന്നപ്പുഴ കടപ്പുറത്ത് പൊന്നാട്ട് അമ്മു ദാസൻ ഏറ്റുവാങ്ങി. എളങ്കുന്നപ്പുഴ ശാഖയുടെ സഹകരണത്തോടെ അഞ്ചു ലക്ഷം രൂപ ചിലവിട്ടാണ് വീടാണ് പൂർത്തിയാക്കിയത്. കെ.വി.സുധീശൻ, കെ.പി.ഗോപാലകൃഷ്ണൻ, കെ.പി.ശിവാനന്ദൻ, ഡി.ശശിധരൻ, കെ.സി.സുരേഷ്, ധർമ്മൻ ചള്ളിയിൽ, കൈരളി സുധീശൻ, പ്രസന്ന ശശി, കെ. കെ. രത്നൻ തുടങ്ങിയവർ സംബന്ധിച്ചു.

ചെറായിയിൽ കൊച്ചിൻ സ്വരധാര ഒരുക്കിയ സംഗമത്തിൽ കലാകാരന്മാരെ ആദരിക്കുന്നു.

കലാകാരൻമാരെ ആദരിച്ചു

വൈപ്പിൻ: കൊച്ചിൻ സ്വരധാരയുടെ കലാകാരൻമാരുടെ സംഗമം ചെറായിയിൽ നടത്തി. കീബോർഡിസ്റ്റ് പ്രസാദ് മൂത്തകുന്നം, ആർട്ടിസ്റ്റ് വിനോദ് ഡിവൈൻ, സിനിമാ-സീരിയൽ നടൻ വർഗീസ് കൈതാരൻ എന്നിവരെ പൊന്നാടയണിയിച്ച് ആദരിച്ചു. പോളി കൈതാരൻ, കെ.കെ.അബ്ദുൾ റഹ്മാൻ, ഗീത ഭട്ട്, ആർ.എൽ.വി.ഹേമലത എന്നിവർ പങ്കെടുത്തു.

അങ്കമാലിയിൽ വഴിവിളക്ക് കത്താതിൽ പ്രതിഷേധം

അങ്കമാലി: നഗരസഭയിൽ വഴിവിളക്ക് കത്താതിൽ പ്രതിഷേധിച്ച് ഇരുപത്തിയാറാം വാർഡ് കൗൺസിലർ ടി.ടി.ദേവസിക്കുട്ടിയുടെ നേതൃത്വത്തിൽ സന്ധ്യയ്ക്ക് മെഴുകുതിരി കത്തിച്ച് പ്രതിഷേധിച്ചു.

നേരത്തേ തെരുവു വിളക്ക് കത്തിക്കുന്നതിന്റെ ചുമതല കെഎസ്ഇബിക്ക് ആയിരുന്നുവെങ്കിലും കഴിഞ്ഞ മൂന്നുവർഷമായി സ്വകാര്യ കരാറുകാരനെയാണ് ഏൽപ്പിച്ചിരിക്കുന്നത്.

പ്രതിവർഷം 20 ലക്ഷം രൂപയാണ് കരാർ കമ്പനിക്ക് നഗരസഭ നൽകുന്നതെന്ന് കൗൺസിലർ ടി.ടി.ദേവസിക്കുട്ടി പറഞ്ഞു.

കരാറനുസരിച്ച് നഗരസഭയിലെ മുഴുവൻ വാർഡുകളിലും കത്താത്ത തെരുവു വിളക്കുകൾ മാറ്റി പുതിയവ സ്ഥാപിക്കേണ്ടത് ഉൾപ്പെടെയാണ് കരാർ. അതേസമയം കഴിഞ്ഞ കുറെ കാലമായി തെരുവുവിളക്കുകൾ കത്താത്ത അവസ്ഥയാണ് നിലവിലുള്ളത്. നടപടിയെടുക്കേണ്ട അധികാരികൾ പരാതി പറഞ്ഞാൽ അത് കേൾക്കാൻ ബന്ധപ്പെട്ടവർ തയാറാവുന്നില്ല.

കൊവിഡ് -19 നഗരസഭയുടെ പലഭാഗങ്ങളിലും റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചില വാർഡുകൾ കണ്ടയ്മെന്റ് സോണും ചില വാർഡുകൾ മൈക്രോ കണ്ടയ്മെന്റ് സോണുമായി ആരോഗ്യവകുപ്പ് പ്രഖ്യാപിച്ചിരുന്നു. ഇതിൽ ഇരുപത്തിയാറാം വാർഡ് നിലവിൽ മൈക്രോ കണ്ടയ്മെന്റ് സോൺ ആണ്. ഇവിടെ തെരുവ് വിളക്കുകൾ പലതും കത്തുന്നില്ലെന്നുള്ളത് ഏറെ ദുരിത പൂർണമാണ്.

മരക്കടവ് അറവ് ശാലയിൽ കൂട്ടിയിട്ടിരുന്ന ആക്രി സാധനങ്ങൾക്ക് തീ പിടിച്ചു

മട്ടാഞ്ചേരി: മരക്കടവ് അറവ് ശാലയിൽ കൂട്ടിയിട്ടിരുന്ന ആക്രി സാധനങ്ങൾക്ക് തീപ്പിടിച്ചു. ഇന്നലെ വൈകിട്ട് ഏഴ് മണിയോടെയാണ് സംഭവം. ഇവിടെയുണ്ടായിരുന്ന രണ്ട് ഓട്ടോറിക്ഷകളും ടെമ്പോയും ഭാഗികമായി കത്തി. ഇവിടെ കിടന്നുറങ്ങിയിരുന്ന ഒരാൾക്ക് ചെറിയ രീതിയിൽ പൊള്ളലേറ്റു. മട്ടാഞ്ചേരി അഗ്നി രക്ഷാ സ്റ്റേഷൻ ഓഫിസർ പ്രേമരാജൻ കക്കാടിയുടെ നേതൃത്വത്തിൽ മട്ടാഞ്ചേരി അഗ്നി രക്ഷാ സേന തീ അണച്ചു. അസി.സ്റ്റേഷൻ ഓഫിസർ ശിവകുമാർ, ഫയർ ഓഫിസർമാരായ ജോസഫ് ജെയ്സൺ, ഫയർ ആന്റ് റെസ്ക്യു ഓഫിസർമാരായ വിഷ്ണു ദാസ്, ശങ്കർ.പി.എം, മനു പ്രദീപ് ഹോം ഗാർഡ് ബിജു എന്നിവർ രക്ഷാപ്രവർത്തനത്തിൽ പങ്കെടുത്തു. മട്ടാഞ്ചേരി അസി. കമ്മീഷണർ ജി.ഡി.വിജയകുമാർ, കൗൺസിലർ സുനിത അഷറഫ് എന്നിവരും സ്ഥലത്തെത്തിയിരുന്നു.

മട്ടാഞ്ചേരി അഗ്നി രക്ഷാ സേന തീയണക്കുന്നു.

കളമശ്ശേരി നഗരസഭ ടെണ്ടർ നോട്ടീസ്

ജോലിയുടെ പേര്	: പ്ലാൻ ഫണ്ട് /തനത് ഫണ്ടിൽ ഉൾപ്പെട്ട പ്രവർത്തികൾ
അടങ്കൽ	: 25,000/- മുതൽ 13,30,501/-
നിരതദ്രവ്യം	: അടങ്കൽ തുകയുടെ 2.5 %
ദർഘാസ് വില	: 1) 50000/- രൂപവരെ 300 + 12 % GST 2) 50000/- രൂപ മുതൽ 10 ലക്ഷം വരെ എസ്റ്റിമേറ്റ് തുകയുടെ 0.2 % + 12 % GST മിനിമം 500 + GST 3) 10 ലക്ഷത്തിന് മുകളിൽ 2500 + 12 % GST

ഇ ടെണ്ടർ

പ്രസിദ്ധീകരണ തിയതി	: 25.08.2020 9 AM
ടെണ്ടർ രേഖപ്പെടുത്തി സമർപ്പിക്കേണ്ട അവസാന തിയതി	: 08.09.2020 3 PM
ടെണ്ടർ തുറക്കുന്ന തിയതി	: 11.09.2020 11 AM

മാനുവൽ ടെണ്ടർ

ടെണ്ടർ ഫോറം വിതരണം ചെയ്യേണ്ട അവസാന തിയതി	: 07.09.2020 3 PM
ടെണ്ടർ രേഖപ്പെടുത്തി സമർപ്പിക്കേണ്ട അവസാന തിയതി	: 08.09.2020 3 PM
ടെണ്ടർ തുറക്കുന്ന തിയതി	: 09.09.2020 11 AM

NB: ഏതെങ്കിലും കാരണവശാൽ ടെണ്ടർ ദിവസം അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തിദിവസം ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും . ടെണ്ടർ കാരണം കൂടാതെ നിരസിക്കുന്നതിനുള്ള പൂർണ അധികാരം നഗരസഭാ കൗൺസിലിൽ നിക്ഷിപ്തമായിരിക്കും .

അസിസ്റ്റന്റ് എൻജിനിയർ
കളമശ്ശേരി നഗരസഭ

നമ്പർ: PW2-14110/TD-24/KLMS/2019

നിരീക്ഷണത്തിൽ കഴിയുന്നവർ നോട്ടീസ് പതിക്കണം: സമൂഹത്തിന്റെ നന്മക്കായി ഞങ്ങൾ ക്വാറന്റൈനിൽ കഴിയുന്നു

കൊച്ചി: ജില്ലയിലെ പുതിയ കണ്ടെയ്ൻമെന്റ് സോണുകൾ പ്രാഥമിക സമ്പർക്ക പട്ടികക്ക് പുറത്തുള്ള പുതിയ രോഗികളുടെ എണ്ണത്തെ ആസ്പദമാക്കി നടപ്പാക്കാൻ ജില്ലാ കലക്റ്റർ എസ്. സുഹാസിന്റെ അധ്യക്ഷതയിൽ ചേർന്ന കൊവിഡ് അവലോകന യോഗത്തിൽ തീരുമാനമായി.

ഒരു പ്രദേശം കണ്ടെയ്ൻമെന്റ് സോണായി നിശ്ചയിച്ചാൽ ഏഴു ദിവസത്തിനു ശേഷം പ്രദേശത്തെ സ്ഥിതി വിലയിരുത്തും. മുൻപു രോഗം സ്ഥിരീകരിച്ച വ്യക്തിയുടെ സമ്പർക്ക പട്ടികക്ക് പുറത്തുള്ള ആർക്കെങ്കിലും ഈ കാലയളവിൽ രോഗം സ്ഥിരീകരിച്ചാൽ പ്രദേശം കണ്ടെയ്മെന്റ് സോണായി തുടരും.ഉറവിടം വ്യക്തമാക്കാതെ ഒരാൾക്ക് കൊവിഡ് 19 സ്ഥിരീകരിച്ചാൽ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ പ്രാഥമിക സമ്പർക്ക പട്ടിക തയ്യാറാക്കും.

പൊലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ സമ്പർക്ക പട്ടിക തയ്യാറാക്കാൻ ആവശ്യമായ സഹായങ്ങൾ നൽകും. പൂർത്തിയായ പട്ടിക ജില്ല അതോറിറ്റിക്ക് സമർപ്പിക്കും.കുടുംബാംഗങ്ങൾ ഉൾപ്പടെ പ്രാഥമിക സമ്പർക്ക പട്ടികയിൽ ഉൾപ്പെട്ട എല്ലാവരും 14 ദിവസം ക്വാറന്റൈനിൽ കഴിയണം. ക്വാറന്റൈൻ പാലിക്കുന്നുണ്ടെന്ന് ആർആർടി ഉറപ്പാക്കണം. നിരീക്ഷണത്തിൽ കഴിയുന്ന ആളുകളുടെ അനുവാദത്തോടെ വീടിന് മുന്നിൽ സമൂഹത്തിന്റെ നന്മക്കായി ഞങ്ങൾ ക്വാറന്റൈനിൽ കഴിയുന്നു എന്ന പോസ്റ്റർ പതിക്കണം. നിരീക്ഷണത്തിൽ കഴിയുന്നവർക്ക് അവശ്യ സാധനങ്ങൾ ലഭിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തണം ഈ സ്ഥലങ്ങളിൽ രോഗ ലക്ഷണമുള്ള എല്ലാവരും പരിശോധനക്ക് വിധേയരാക്കുന്നുണ്ടെന്ന് വാർഡ് ടീമുകൾ ഉറപ്പ് വരുത്തണം.പ്രാഥമിക സമ്പർക്കപട്ടികക്ക് പുറത്തുള്ള കൂടുതൽ പേർക്ക് കൊവിഡ് 19 സ്ഥിരീകരിച്ചാൽ സാഹചര്യം വിലയിരുത്തി മൈക്രോ കണ്ടെയൻമെന്റ് അല്ലെങ്കിൽ വാർഡ് കണ്ടെയ്ൻമെന്റ് നടപ്പാക്കണം.

സിറ്റി പോലീസ് കമ്മീഷണർ വിജയ് സാക്കറെ, റൂറൽ എസ്പി കെ. കാർത്തിക്, ഡിസിപി ജി. പൂങ്കുഴലി, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എൻ. കെ കുട്ടപ്പൻ, ദേശിയാരോഗ്യ ദൗത്യം ജില്ലാ പ്രൊജക്റ്റ് ഓഫീസർ ഡോ. മാത്യൂസ് നുമ്പേലി, ജില്ലാ സർവെയ്ലൻസ് ഓഫീസർ ഡോ. ശ്രീദേവി എസ് എന്നിവർ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

AKSHAYA
CATERING & RESTAURANT
PUTHUSSERY NAGAR
PALLIPARAMBUKAVU ROAD, TRIPUNITHURA
PH:9846048184,9074520320
TAKE AWAY AND HOME DELIVERY ONLY
SPECIAL RECIPES
Aloo Matar Masala, Mexican Fried Rice, Vegan Pad Thani Noodles, Kung Pao Paneer, Schezwan Pao Tofu Fried Rice, Mushroom Babycorn Manchurian Samurai Noodles, Chilli Gopi, Chapati, Parotta,Chilli Parotta.
20 Varities of Dosa, Masala Dosa, Thattu dosa, Podi Dosa, Butter Masala, Paneer, Ghee Roast etc.

EXCHANGE OFFER
your old mattress with
BAJAJ FINSERV Kurl-on
GEO AGENCIES
Chittoor Road, Ernakulam
Ph: 98470 02727

CERTIFICATE COURSE IN
SCRIPT WRITING & DIRECTION COURSE
1 MONTH COURSE
(ONLINE CLASS + PRACTICAL)
Course Director
Mecartin
(Film Director)
THEORY
20 days Online Class
PRACTICAL
Script Writing Workshop
Post Production Workshop
Practical Shooting Class
UGC APPROVED CERTFICATE COURSE
GLOBAL ACADEMY®
EDUCATION - DISTANCE | ONLINE | CONSULTANCY
JUx The Learning HUB
Jux - The Learning Hub is a platform which provides Skill Certificate Course by JAIN (Deemed to be University)
KALOOR, KOCHI 98461 89000

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), E. Rudran Warrier (Executive Editor), Vol 13, Issue No.132 RNI No. KERMAL/ 2009/ 29279 Printed at S.T. Reddiar & Sons, Veekshanam Road, Kochi- 682035 and published from Vaartha News Network Pvt. Ltd, Building No. 40/8177/C1, 2nd Floor, Safiya Complex, Convent Road, Near Metro Piller No. 684, Shenoy's Junction., Ernakulam - 682035. Ph: 0484 2383388 Email: info@metrovaartha.com

ഗ്രാമീണ മേഖലയിൽ കൊവിഡ് 19 വ്യാപനം കൂടുന്നു; അടിസ്ഥാന സൗകര്യങ്ങൾ കുറയുന്നതായി ആരോപണം

കുന്നത്തുകാൽ മണികണ്ഠൻ

നെയ്യാറ്റിൻകര: ഗ്രാമീണ മേഖലയിൽ കൊവിഡ് 19 വ്യാപനം കൂടുമ്പോൾ അടിസ്ഥാന സൗകര്യങ്ങൾ കുറയുന്നതായി ആരോപണം. പാറശാല നിയോജകമണ്ഡലത്തിൽ ദിവസേന അൻപതോളം കൊവിഡ് വ്യാപകർ ഉണ്ടായിട്ടും അടിയന്തിര ചികിത്സ സൗകര്യങ്ങൾ ഉൾപ്പെടെ അപര്യാപ്തതയുള്ളതായാണ് പരാതി. മലയോര ഗ്രാമങ്ങൾ ഉൾക്കൊള്ളുന്ന നിയോജകമണ്ഡലത്തിൽ ഇതിനോടകം ആയിരത്തോളം കൊവിഡ് കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ സ്ഥാപിക്കുമെന്ന സർക്കാർ പ്രഖ്യാപനം പല പഞ്ചായത്തുകളിലും നടപ്പിലാക്കാനായിട്ടില്ല. പലയിടത്തും ഡോക്ടർമാരുടെയും ആരോഗ്യ പ്രവർത്തകരുടെയും കുറവാണ് കാരണമായതെന്നാണ് അധികൃതരുടെ വിശദീകരണം.

ഗ്രാമപഞ്ചായത്തുകളിൽ ദിനംപ്രതി കേസുകളുടെ എണ്ണം വർധിക്കുന്നുവെങ്കിലും രോഗം സ്ഥിരീകരിക്കുന്നവർക്ക് വേണ്ടവിധത്തിലുള്ള പരിചരണം നൽകുന്നതിന് ഇവിടെ സംവിധാനങ്ങളൊന്നും ഉണർന്നു പ്രവർത്തിക്കുന്നില്ല എന്ന ആക്ഷേപവും നിലവിലുണ്ട്. പെരുങ്കടവിള ഗ്രാമപഞ്ചായത്തിൽ ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ ഒന്നും തന്നെ ഇതുവരെ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടില്ല. ഇതിനെതിരെ വലിയ പ്രതിഷേധങ്ങൾക്കിടയാക്കിയിട്ടുണ്ട്. കൊവിഡ് വ്യാപനം തുടങ്ങിയതുമുതൽ വലിയ ഒരു പ്രതിസന്ധി ഘട്ടത്തിലൂടെ നാടും നാട്ടുകാരും കടന്നുപോയിക്കൊണ്ടിരിക്കുന്നത്.

ഇതിനു പരിഹാരമുണ്ടാകുവാൻ അധികാരികളുടെ അടിയന്തിര ഇടപെടൽ ആവശ്യമായിട്ടുണ്ട്. ഗ്രാമീണ മേഖലയിൽ കൊവിഡ് പോസിറ്റിവ് ആകുന്നവരെ വാഹനങ്ങളിൽ കയറ്റി കഠിനംകുളത്തുള്ള സെന്ററിലാണ് എത്തിക്കുന്നത്.

കഴിഞ്ഞ ദിവസം പെരുങ്കടവിളയിൽ നിന്ന് ഏതാണ്ട് 60 കിലോമീറ്റർ അപ്പുറത്തുള്ള കഠിനംകുളം എന്ന സ്ഥലത്ത് ചികിത്സയ്ക്കായി എത്തിച്ച ആളുകൾക്ക് അവിടെ അനുഭവിക്കേണ്ടിവന്ന ദുരവസ്ഥ വിഷമമുണ്ടാക്കുന്നതാണ് .രാവിലെ 10 നു സ്രവം പരിശോധനയ്ക്ക് അയക്കുകയും ഉച്ചയ്ക്ക് ഒരു റിസൾട്ട് വരുകയും ചെയ്തിട്ടും രാത്രി ഒൻപതര വരെയും ചികിത്സാ കേന്ദ്രങ്ങളിൽ എത്തിക്കാൻ അധികൃതർക്ക് കഴിഞ്ഞില്ല. അയിരൂർ വാർഡ് മെമ്പർ എത്തി അവർക്ക് കുടിവെള്ളവും ഭക്ഷണവും വിതരണം ചെയ്യേണ്ടുന്ന അവസ്ഥയാണുണ്ടായത്.

പാറശാല മണ്ഡലത്തിൽ ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ അതതു പഞ്ചായത്തുകളിൽ ഉടനടി നടപ്പിലാക്കണമെന്നാണ് ആവശ്യം. കുന്നത്തുകാൽ ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്വകാര്യ മെഡിക്കൽ കോളേജിലെ ചികിത്സാ കേന്ദ്രത്തിലെ ശുചിമുറി സൗകര്യത്തെക്കുറിച്ചും സമയത്തിന് ഭക്ഷണം ലഭിക്കാത്തതിനെ കുറിച്ചും പരാതികൾ നിലവിലുണ്ട്.

അരുവിപ്പുറത്ത് ജഗത്ധ്വനി ഗുരുദേവ ദർശന വിജ്ഞാനോത്സവം നാളെ മുതൽ

നെയ്യാറ്റിൻകര: ശ്രീനാരായണ ഗുരുദേവന്റ 166ാമത് ചതയദിനാഘോഷങ്ങളുടെ ഭാഗമായി അരുവിപ്പുറം മഠത്തിന്റെയും ശിവഗിരി ടി.വി യുടെയും സംയുക്താഭിമുഖ്യത്തിൽ നടക്കുന്ന ഓൺലൈൻ കലാമത്സരങ്ങൾ "ജഗത്ധ്വനി" ഗുരുദേവ ദർശന വിജ്ഞാനോത്സവം നാളെ മുതൽ ആരംഭിക്കുമെന്ന് അരുവിപ്പുറം മഠം സെക്രട്ടറി സ്വാമി സാന്ദ്രാനന്ദ അറിയിച്ചു. ചിത്രരചന,ഗുരുകൃതി ആലാപനം,പ്രഭാഷണം,നൃത്തം എന്നീ നാല് മത്സരങ്ങളാണ് നടക്കുക. ജാതി,മതഭേദമന്യേ എട്ട് വയസു മുതലുള്ള ഏവർക്കും മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. എകാറ്റഗറിയിൽ 8 മുതൽ 11 വയസു വരെയും, ബി കാറ്റഗറിയിൽ 12 മുതൽ 15 വയസുവരെയും, സികാറ്റഗറിയിൽ 16 വയസിനു മുകളിലുള്ളവർ എന്നിങ്ങനെ മൂന്നു വിഭാഗങ്ങളായാണ് തിരിച്ചിരിക്കുന്നത്. നിശ്ചിത വാട്ട്സാപ്പ് നമ്പറുകളിലേക്കാണ് എൻട്രികൾ അയക്കേണ്ടത്. തെരഞ്ഞെടുക്കപ്പെടുന്ന എൻട്രികൾ ശിവഗിരി ടി.വി യുടെ ഫെയ്സ്ബുക്ക് പേജിൽ പോസ്റ്റ് ചെയ്യുന്നതാണ്.ചിത്രരചന ഓഗസ്റ്റ് 26,27,28 തീയതികളിലും,ഗുരുകൃതി ആലാപനം ഓഗസ്റ്റ് 29,30,31 തീയതികളിലും,പ്രഭാഷണം സെപ്റ്റംബർ 1,2,3 തീയതികളിലും,നൃത്തം സെപ്റ്റംബർ 4,5,6,7 തീയതികളിലുമാണ് നടക്കുക. വിജയികൾക്ക് മഠം ഏർപ്പെടുത്തിയിരിക്കുന്ന സമ്മാനങ്ങളും ലഭിക്കും. വിശദവിവരങ്ങൾക്ക് 8111824687, 9995405453,9895302888, 9048960210, 7907083508 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

എൻഎച്ച്പിസി ലിമിറ്റഡ്

NHPC

ഒരു ഇന്ത്യ ഗവൺമെന്റ് സ്ഥാപനം
രജി.ഓഫീസ് : എൻഎച്ച്പിസി ഓഫീസ് കോംപ്ലക്സ്, സെക്ടർ-33 , ഫരീദാബാദ്, 12100 (ഹരിയാന).CIN : L4010HR1975G01032564

ആവേശകരമായ വെല്ലുവിളികൾ സ്വീകരിക്കാൻ എൻഎച്ച്പിസിയിലേക്ക് വരൂ . ഗേറ്റ് -2020 യുജിസി നെറ്റ്-ജൂൺ 2020 വഴി. CLAT 2020 (PG- യ്ക്കായി) & CA / CMA സ്കോർ.

7071.2 മെഗാവാട്ട് ഇൻസ്റ്റാൾ ചെയ്ത ശേഷിയുള്ള എൻഎച്ച്പിസി ലിമിറ്റഡ്, പ്രീമിയർ ഷെഡ്യൂൾ - എ. മിനി രത്ന കമ്പനി, ശോഭയുള്ള, ഊർജ്ജസ്വലരായ യുവ ഗ്രാജുവേറ്റ് എഞ്ചിനീയർമാരെയും പ്രൊഫഷണലുകളെയും തിരയുന്നു. രാജ്യമെമ്പാടുമുള്ള ജല, സോളാർ, കാറ്റാടി ഊർജ്ജ നിലയങ്ങളുടെ നിർമ്മാണത്തിലും പ്രവർത്തനത്തിലും എൻഎച്ച്പിസി ഏർപ്പെട്ടിരിക്കുന്നു. പ്രത്യേകിച്ചും ദേവഭൂമി ഹിമാലയം ഉൾപ്പെടെയുള്ള പർവ്വത പ്രദേശത്തിന്റെ മനോഹരമായ ചുറ്റുപാടുകൾക്കും ആശ്വാസകരമായ കാഴ്ചകൾക്കുമിടയിൽ.

ഇന്ത്യയിലെ ഏറ്റവും വലിയ ജലവൈദ്യുത കമ്പനിയായ എൻഎച്ച്പിസി, ജലവൈദ്യുത നിലയങ്ങൾ ,രൂപകൽപ്പന, നിർമ്മാണം, പ്രവർത്തനം എന്നിവയിൽ വിദഗ്ദ്ധരാണ് . പഠിക്കാനും വളരാനും വെല്ലുവിളികൾ ഏറ്റെടുക്കാനും ,ആവേശകരമായ അവസരങ്ങൾ വാഗ്ദാനം ചെയ്യുന്നു.

പോസ്റ്റ്	ഒഴിവുകൾ
ട്രെയിനി എൻജിനീയർ (സിവിൽ)	30
ട്രെയിനി എൻജിനീയർ (മെക്കാനിക്കൽ)	21
ട്രെയിനി ഓഫീസർ (എച്ച് ആർ)	05
ട്രെയിനി ഓഫീസർ (നിയമം)	08
ട്രെയിനി ഓഫീസർ (ഫിനാൻസ്)	22

എൻഎച്ച്പിസി വെബ്സൈറ്റിന്റെ കരിയർ വിഭാഗം സന്ദർശിച്ച് അപേക്ഷകർക്ക് പോസ്റ്റ്, കാറ്റഗറി തിരിച്ചുള്ള ഒഴിവുകളുടെ സ്ഥാനം, യോഗ്യതാ വ്യവസ്ഥകൾ, ഓൺലൈൻ അപേക്ഷകൾ പൂരിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എന്നിവ സംബന്ധിച്ച വിശദമായ പരസ്യം കാണാൻ കഴിയും: http://www.nhpcindia.com/career.htm, ഓൺലൈൻ അപേക്ഷകൾ മാത്രം സ്വീകരിക്കുന്നുള്ളൂ.

ഓൺലൈൻ അപേക്ഷകൾ സ്വീകരിച്ചു തുടങ്ങുന്ന തിയതി: 29.08.2020

ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തിയതി - 28.09.2020

DAVP 34128/11/0003/2021

ENERGY IF FUTURE MAKE IT BRIGHT

ചാലകമ്പോളത്തിൽ കൊവിഡ് ബോധവത്കരണം നിരന്തര അനൗൺസ്മെന്റിലൂടെ

തിരുവനന്തപുരം: ചാല കമ്പോളത്തിലെ വ്യാപാരികൾക്കും തൊഴിലാളികൾക്കും സാധനങ്ങൾ വാങ്ങുവാൻ എത്തുന്ന ഉപഭോക്താക്കൾക്കും ചാല മേഖലയിലെ നിവാസികൾക്കും ഇനി കൊവിഡ് നിർദേശങ്ങൾ എപ്പോഴും കേൾക്കാം...ഓർക്കാം... കേരള വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ വിവിധ യൂണിറ്റുകൾ തങ്ങളുടെ പരിധി പ്രദേശം മുഴുവൻ ഉച്ചഭാഷിണികൾ സ്ഥാപിച്ചുകൊണ്ട് ഓണക്കാലത്ത് കൊവിഡ് മാനദണ്ഡങ്ങൾ നിരന്തരം അനൗൺചെയ്യുന്ന പദ്ധതിയുടെ ഉത്ഘാടനം ആര്യശാല ജംഗ്ഷനിൽ തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് കെ. എസ്. രാധാകൃഷ്ണൻ നിർവഹിച്ചു. അനൗൺസ്മെന്റ് സ്വിച്ച് ഓൺ ഫോർട്ട് സർക്കിൾ ഇൻസ്പെക്ടർ ജെ. രാകേഷ് നിർവ്വഹിച്ചു. സബ് ഇൻസ്പെക്ടർ എസ്. വിമൽ കൊവിഡ് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. മേഖലയിലെ മുഴുവൻ വ്യാപാരികളും തൊഴിലാളികളും തങ്ങളുടെ സ്ഥാപനങ്ങളിൽ എഴുന്നേറ്റു നിന്ന് സത്യവാചകം ഏറ്റുചൊല്ലി. ചടങ്ങിൽ ജില്ലാ വൈസ് പ്രസിഡന്റ് ആര്യശാല സുരേഷ് അദ്ധ്യക്ഷത വഹിച്ചു. ജില്ലാ ജനറൽ സെക്രട്ടറി എസ്.എസ്. മനോജ്, ജില്ലാ സെക്രട്ടറി എസ്. മോഹൻ കുമാർ, എൻ. കണ്ണദാസൻ, ജി. മോഹൻ തമ്പി എന്നിവർ സംസാരിച്ചു.

ആര്യങ്കോട് പഞ്ചായത്ത് ഇ ഫയൽ സംവിധാനത്തിലേയ്ക്ക്

വെള്ളറട: നൂതന പദ്ധതികൾ നടപ്പിലാക്കി ശ്രദ്ധ നേടിയ ആര്യങ്കോടു ഗ്രാമപഞ്ചായത്ത് വീണ്ടും മാതൃക സൃഷ്ടിക്കുന്നു. ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ വേഗത്തിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും, ഫയലുകൾ സുതാര്യമായ രീതിയിൽ സമയബന്ധിതമായും തീർപ്പാക്കുന്നതിനും വേണ്ടി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള (ഐഎൽജിഎംഎസ്) ഇന്റർ ഗ്രേഡ് ലോക്കൽ ഗവേണർസ് സിസ്റ്റം ആര്യങ്കോടു് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി . പഞ്ചായത്തിലെ പൊതു ജനങ്ങൾക്ക് അവധി ദിവസങ്ങളിലും ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാനും, ഫീസുകൾ, നികുതികൾ എന്നിവ ഒടുക്കുന്നതിനും ഈ സൗകര്യം പ്രയോജനപ്പെടുത്താൻ കഴിയും.

മാത്രവുമല്ല നൽകിയ അപേക്ഷകളുടെ വിവരങ്ങൾ ഐഎൽജി എം എസ് മുഖേന അപേക്ഷകർക്ക് മനസിലാക്കാൻ കഴിയും. ഇന്നലെ രാവിലെ കൊവിഡ് മാനദണ്ഡങ്ങൾ പാലിച്ചു നടന്ന ചടങ്ങിൽ പ്രസിഡന്റ് കെ.അനിൽ ഐഎൽജി എംഎസ് ഉത്ഘാടനം ചെയ്തു. സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻമാരായ സുനില ,അനീഷ് ,സെക്രട്ടറി ജി.ഹരികുമാർ, മെമ്പർമാരായ വിൽഫ്രഡ് സൺ, വി ജെ പ്രഭാകരൻ, ഐ എൽ ജി എം എസ് മാസ്റ്റർ ട്രെയിനർ രഘു, ഹെഡ് ക്ലർക്ക് സജിത , പ്രജീഷ് തുടങ്ങിയവർ സംസാരിച്ചു.

രണ്ടുമരണം ; ഇന്നലെ രോഗം സ്ഥിരീകരിച്ചത് 182 പേർക്ക്

തിരുവനന്തപുരം: രണ്ടുമരണം ഉൾപ്പെടെ ജില്ലയിൽ ഇന്നലെ കൊവിഡ് 19 സ്ഥിരീകരിച്ചത് 182 പേർക്ക്. ഓഗസ്റ്റ് 18ന് മരിച്ച പഴയകട സ്വദേശി വരദൻ (67), 21ന് മരണമടഞ്ഞ പാറശാല സ്വദേശിനി ലിബിസ് (70) എന്നിവരുടെ പരിശോധനാഫലം കൊവിഡ്19 മൂലമാണെന്ന് എൻഐവി ആലപ്പുഴ സ്ഥിരീകരിച്ചു. ഇതോടെ ആകെ മരണം 62 ആയി. ഇന്നലെത്തെ രോഗബാധിതരിൽ 158 പേരും സമ്പർക്കത്തിലൂടെയാണ് പകർന്നത്. 17 ആരോഗ്യ പ്രവർത്തകർക്കും രോഗം ബാധിച്ചു. അതേസമയം 170 പേർ കൊവിഡിൽ നിന്നും മുക്തി നേടി. വിഴിഞ്ഞം, മുല്ലൂർ, നടൂർക്കൊല്ല, കുമാരപുരം, കല്ലടിമുക്ക്, കുമാരപുരം, പാൽകുളങ്ങര, വർക്കല, ഒറ്റശേഖരമംഗലം, പോത്തൻകോട് വാവരമ്പലം, ആമച്ചൽ, ചാരുമൂട്, മാരായമുട്ടം, അരുവിപ്പുറം, അയിര, ചെങ്കവിള, അമരവിള, മേലാറന്നൂർ, മടവൂർ, കാഞ്ഞിരംകുളം, ചെമ്പഴന്തി, കാട്ടാക്കട, പുരയിടം, ചെങ്കൽ, കുടപ്പനക്കുന്ന്, അരുവിക്കര, കവടിയാർ, പൂജപ്പുര, ഉഴമലയ്ക്കൽ , കരമന സ്പെഷ്യൽ സബ് ജയിൽ, പേരൂർക്കട, ശ്രീകാര്യം, നെയ്യാറ്റിൻകര, തൊളിക്കോട്, ആര്യനാട്, പാൽകുളങ്ങര, കരമന, മണക്കാട്, കൈമനം, ബീമാപള്ളി, ഭഗവതിനട, ബാലരാമപുരം, മെഡിക്കൽ കോളജ്, ചിറയിൻകീഴ്, കൈതമുക്ക്, കാഞ്ഞിരംകുളം, പുരവൂർ, പുല്ലുവിള, അഞ്ചുതെങ്ങ്, കീഴാറൂർ, മലയിൻകീഴ്, പൂവാർ, നേമം, പൂവച്ചൽ, വിഴിഞ്ഞം, സ്റ്റുഡിയോ റോഡ്, മുള്ളുവിള, പഴഞ്ചിറ, ചാന്നാങ്കര, കുന്നത്തുകാൽ, പട്ടം, കവടിയാർ, വലിയതുറ, പൂന്തുറ എന്നിവിടങ്ങളിൽ നിന്നുള്ളവർക്കാണ് സമ്പർക്കത്തിലൂടെ രോഗം ബാധിച്ചത്.

ഉറവിടം വ്യക്തമല്ലാത്തവർ 32

കഴക്കൂട്ടം സ്വദേശിനി(30), പട്ടം സ്വദേശി(45), പോത്തൻകോട് സ്വദേശിനി(66), റസൽപുരം സ്വദേശിനി(65), കുളത്തൂർ സ്വദേശിനി(62), അമരവിള സ്വദേശിനി(50), മുട്ടത്തറ സ്വദേശിനി(46), പ്ലാമൂട്ടുകട സ്വദേശി(47), രാജാജി നഗർ സ്വദേശി(34), ഉദിയൻകുളങ്ങര സ്വദേശി(64), നെയ്യാറ്റിൻകര സ്വദേശി(47), അലമ്പാറ സ്വദേശി(40), നെയ്യാറ്റിൻകര സ്വദേശിനി(52), പേരൂർക്കട സ്വദേശി(72), ധനുവച്ചപുരം സ്വദേശി(29), കതെമുക്ക് സ്വദേശി(38), പാങ്ങോട് സ്വദേശി(29), തെക്കുംകര സ്വദേശി(46), വട്ടിയൂർക്കാവ് സ്വദേശി(45), പൗഡിക്കോണം സ്വദേശി(32), ധനുവച്ചപുരം സ്വദേശി(32), ചാന്നാങ്കര സ്വദേശി(02), മുള്ളുവിള സ്വദേശി(50), തൃക്കണ്ണാപുരം സ്വദേശി(20), കുരിശുമുട്ടം സ്വദേശി(61), 19 വയസുള്ള സ്ത്രീ, പേരൂർക്കട സ്വദേശി(33), ചിറ്റാറ്റുമുക്ക് സ്വദേശിനി(26), കൽപ്പറ്റ സ്വദേശി(47), ചിറ്റാറ്റുമുക്ക് സ്വദേശി(37), മണക്കാട് സ്വദേശി(48), ഒറ്റശേഖരമംഗലം സ്വദേശി(28).

സ്വർണക്കടത്തു കേസിനു കൂട്ടുനിൽക്കുന്ന മുഖ്യമന്ത്രി പിണറായി വിജയൻ രാജിവയ്ക്കണമെന്നാവശ്യപ്പെട്ടു നിയമസഭയ്ക്കു മുന്നിൽ ബിജെപി നടത്തിയ സമരം അക്രമാസക്തമായപ്പോൾ പൊലീസ് ജലപീരങ്കി പ്രയോഗിക്കുന്നു.

പരിശോധന ഫലം നെഗറ്റീവായി

കരുനാഗപ്പള്ളി : പന്മന പഞ്ചായത്ത് ജീവനക്കാർക്കും ജനപ്രതിനിധികൾക്കുമായി നടത്തിയ ആന്റിജൻ പരിശോധന ഫലം നെഗറ്റീവായത് ആശ്വാസത്തിനിടയായി. പന്മന പഞ്ചായത്തിലെ ജീവനക്കാർക്ക് ഇൻഫർമേഷൻ കേരളാ മിഷന്റെ നിർദേശപ്രകാരം ക്ലാസെടുക്കാൻ വന്ന വനിതാ കമ്പ്യൂട്ടർ പരിശീലയ്ക്ക് കൊറോണ രോഗം സ്ഥിതീകരിച്ചതിനെ തുടർന്നാണ് കഴിഞ്ഞ ദിവസം ടെസ്റ്റ് നടത്തിയത്.

ക്വാറന്റൈൻ ലംഘനം; 6 തമിഴ്നാട് മത്സ്യതൊഴിലാളികൾ പിടിയിൽ

കരുനാഗപ്പള്ളി : ക്വാറന്റൈൻ ലംഘിച്ച 6 തമിഴ്നാട് സ്വദേശികളായ മത്സ്യതൊഴിലാളികൾ പിടിയിലായി . മത്സ്യ ബന്ധനത്തിനായി പോകുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്ക് ജാഗ്രതാ പോർട്ടൽ രജിസ്ട്രേഷൻ, ക്വാറന്റൈൻ സർട്ടിഫിക്കറ്റ്, കൊവിഡ് നെഗറ്റീവ് സർട്ടിഫിക്കറ്റ് എന്നിവ കോസ്റ്റൽ പൊലീസ് സ്റ്റേഷനിൽ ഹാജരാക്കി ഫിഷറീസ് വകുപ്പിന്റെ പാസ് വേണമെന്നിരിക്കെ ഇതെല്ലാം കാറ്റിൽ പറത്തി ആറ് തമിഴ്നാട്ടുകാരുമായി മത്സ്യബന്ധനത്തിന് കൊല്ലം തോപ്പിൽ കടവിൽ നിന്നും മത്സ്യബന്ധനത്തിനായി പുറപ്പെട്ട മരത്തടി സ്വദേശിയുടെ ഗ്ലോറിയ എന്ന ബോട്ടിനെ കപ്പിത്താൻ കടവിൽ വച്ച് ഞായറാഴ്ച രാത്രി 11 ഓടെ കോസ്റ്റൽ പൊലീസ് പിടികൂടുകയായിരുന്നു. പരിശോധനയിൽ 6 തമിഴ്നാട്ടുകാരെ കണ്ടെത്തി. ബോട്ടുടമയായ ഹെൻട്രിയെ വിളിച്ചു വരുത്തി ജില്ലാ കൊവിഡ് കൺട്രോൾറൂമിന്റെ നിർദ്ദേശാനുസരണം ഉടമയുടെ തന്നെ ചിലവിൽ തമിഴ്നാട്ടുകാരായ തൊഴിലാളികളെ ക്വാറന്റൈൻ ചെയ്തു .ബോട്ട് ഉടമയ്ക്കെതിരേ ക്വാറന്റൈൻ ലംഘിച്ചിതിന് ശക്തികുളങ്ങര പൊലീസ് കേസെടുത്തു. കഴിഞ്ഞ ദിവസങ്ങളിൽ ബോട്ടു തൊഴിലാളികൾക്ക് കൊവിഡ് സ്ഥിതികരിച്ചെതിന്റെ അടിസ്ഥാനത്തിലാണ് കോസ്റ്റൽ സർക്കിൾ ഇൻസ്പെക്ടർ എസ്.ഷരീഫ്, എസ്ഐ പ്രശാന്തൻ, പിആർഒ ശ്രീകുമാർ, സിപിഒ അനിൽ എന്നിവരുടെ നേതൃത്വത്തിലാണ് മിന്നൽ പരിശോധന നടത്തിയത് . തമിഴ്നാട്ടിൽ നിന്നും മറ്റു ജില്ലകളിൽ നിന്നും നിയമാനുസരണമല്ലാതെ എത്തുന്ന മത്സ്യതൊഴിലാളികൾക്ക് കൊവിഡ് സ്ഥിതികരിക്കുന്ന സാഹചര്യത്തിൽ വരും ദിവസങ്ങളിൽ പരിശോധന കർശനമാക്കുമെന്ന് സിറ്റി പൊലീസ് കമ്മീഷണർ ടി.നാരായണൻ അറിയിച്ചു.

കൊറോണ രോഗം വ്യാപിക്കാതിരിക്കാനായി ഹാർബറുകൾ പൊലീസിന്റെ നിയന്ത്രണത്തിലാക്കി

കരുനാഗപ്പള്ളി : കൊവിഡ് രോഗത്തിന്റെ പശ്ചാത്തലത്തിൽ ഹാർബറുകളുടെ നിയന്ത്രണം ജില്ലാ ഭരണകൂടത്തിന്റെ നിർദേശാനുസരണം ഇന്നലെ മുതൽ ഇൻസിഡന്റ് കമാൻഡർമാരായി അസിസ്റ്റന്റ് പൊലീസ് കമ്മീഷണർമാരെ ചുമതലപ്പെടുത്തി. നീണ്ടകര ഹാർബർ രണ്ട് ദിവസം അടച്ചതിന് ശേഷം അണുനശീകരണം നടത്തി ഹാർബർ മത്സ്യ വ്യാപാരത്തിനായി തുറന്ന് കൊടുത്തിരിക്കുകയാണ്. അഴീക്കൽ, ശക്തികുളങ്ങര ഹാർബറുകൾ അടച്ചതിനാൽ നീണ്ടകര ഹാർബറിൽ അനുഭവപ്പെടുന്ന തിരക്ക് ഒഴിവാക്കി മത്സ്യ വ്യാപാരം സുഗമമായി നടത്തുന്നതിനു വേണ്ടിയാണ് പൊലീസിന്റെ സേവനം ലഭ്യമാക്കിയിട്ടുള്ളത്.തിങ്കഴാഴ്ച രാവിലെ ആറ് മുതൽ വൈകിട്ട് അഞ്ച് വരെയായിരുന്നു മത്സ്യ വിപണനം ഉണ്ടായിരുന്നത്. ഇന്ന് മുതൽ പുലർച്ചെ നാല് മുതൽ ഹാർബർ പ്രവർത്തിച്ച് തുടങ്ങും.ഇന്ന് മുതൽ പുലർച്ചെ നാല് മുതൽ ഹാർബർ പ്രവർത്തിച്ച് തുടങ്ങും. ദിവസം നൂറ് ബോട്ടുകൾ എന്ന ക്രമത്തിലാണ് ഹാർബറിലടുപ്പിക്കുന്നത്. ഹാർബറിന് സമീപത്ത് പൊലീസ് പാസ് നൽകിയാണ് മത്സ്യം വാങ്ങാനെത്തുന്നവരുടെ വാഹനങ്ങൾ അകത്തേക്ക് കടത്തി വിടുന്നത്.കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട് ഹാർബറിനുള്ളിൽ കൊണ്ടു വരുന്ന മത്സ്യം വിപണനം നടത്തുന്നതിനായി കയർ കെട്ടി പല മേഖലകളാക്കി തിരിച്ചിട്ടുണ്ട്.

താലൂക്കാശുപത്രി പുനലൂർ

നം.എ്.1355/ 2020 തിയതി: 21.08.2020 ഫോൺ: 0475- 2222702

ദർഘാസ് പരസ്യം

വിഷയം: പുനലൂർ താലൂക്കാശുപത്രിയിലേക്ക് WATER DISPENSER (7 എണ്ണം) വിതരണം ചെയ്യുന്നത് സംബന്ധിച്ച്.
മതിപ്പ് വില : 3,00,000/- രൂപ
നിരത ദ്രവ്യം : 3,000/- രൂപ
ദർഘാസ് ഫാറത്തിന്റെ വില : 600/- രൂപ+വിൽപന നികുതി
ദർഘാസ് ഫാറം വിൽക്കുന്ന അവസാന തിയതി: 04/09/2020 വൈകിട്ട് 3 മണി
ദർഘാസ് ഫാറം സ്വീകരിക്കുന്ന അവസാന തിയതി: 05/09/2020 ഉച്ചയ്ക്ക് 1 മണി
ദർഘാസ് ഫാറം തുറക്കുന്ന തിയതി: 05/09/2020 വൈകിട്ട് 4 മണി

സൂപ്രണ്ട്

താലൂക്കാശുപത്രി പുനലൂർ

നം.എ്.1352/ 2020 തിയതി: 21.08.2020 ഫോൺ: 0475- 2222702

ദർഘാസ് പരസ്യം

വിഷയം: പുനലൂർ താലൂക്കാശുപത്രിയിലേക്ക് STEAM CLEANER (4 എണ്ണം) വിതരണം ചെയ്യുന്നത് സംബന്ധിച്ച്.
മതിപ്പ് വില : 5,00,000/- രൂപ
നിരത ദ്രവ്യം : 5,000/- രൂപ
ദർഘാസ് ഫാറത്തിന്റെ വില : 1000/- രൂപ+വിൽപന നികുതി
ദർഘാസ് ഫാറം വിൽക്കുന്ന അവസാന തിയതി: 04/09/2020 വൈകിട്ട് 3 മണി
ദർഘാസ് ഫാറം സ്വീകരിക്കുന്ന അവസാന തിയതി: 05/09/2020 ഉച്ചയ്ക്ക് 1 മണി
ദർഘാസ് ഫാറം തുറക്കുന്ന തിയതി: 05/09/2020 വൈകിട്ട് 4 മണി

സൂപ്രണ്ട്

CERTIFICATE COURSE IN
SCRIPT WRITING & DIRECTION COURSE
1 MONTH COURSE
(ONLINE CLASS + PRACTICAL)

Course Director
Mecartin
(Film Director)

THEORY
20 days Online Class
PRACTICAL
Script Writing Workshop
Post Production Workshop
Practical Shooting Class

UGC APPROVED CERTFICATE COURSE

GLOBAL ACADEMY
EDUCATION - DISTANCE | ONLINE | CONSULTANCY

JUx The Learning HUB
Jux - The Learning Hub is a platform which provides Skill Certificate Course by JAIN (Deemed to be University)

KALOOR, KOCHI 98461 89000

Smart City
smart city SMART CITY THIRUVANANTHAPURAM LIMITED
Government Of India
Government of Kerala

SMART CITY THIRUVANANTHAPURAM LIMITED (SCTL) &
THIRUVANANTHAPURAM MUNICIPAL CORPORATION

സൗരോർജ്ജത്തിലൂടെ കേരളത്തിന് പുതിയൊരു ഊർജ്ജം!

റൂഫ് ടോപ്പ് സോളാർ പ്രോജക്ട് ഉദ്ഘാടനം

വലിയ ക്യാംപസുകൾക്കും കെട്ടിടങ്ങൾക്കും പ്രവർത്തിക്കാനാവശ്യമായ ഊർജ്ജം സോളാർ എനർജിയിലൂടെ ലഭ്യമാക്കുവാനുള്ള പദ്ധതിയുമായി കേരള സർക്കാർ. ചുരുങ്ങിയത് 10% വൈദ്യുതിയെങ്കിലും ഹരിത ഊർജ്ജസ്രോതസുകളിലൂടെ ഉല്പാദിപ്പിക്കും. കേരള നിയമസഭാ മന്ദിരം, യൂണിവേഴ്സിറ്റി ലൈബ്രറി, സെൻട്രൽ ലൈബ്രറി, വുമൺസ് കോളേജ്, അട്ടക്കുളങ്ങര സ്കൂൾ തുടങ്ങിയ ഇടങ്ങളിൽ പദ്ധതി നടപ്പിലാക്കും.

ഉദ്ഘാടനം 2020 ഓഗസ്റ്റ് 25 ന് രാവിലെ 9 മണിക്ക് കേരള നിയമസഭാ മന്ദിരത്തിൽ നടക്കുന്നു.

കാര്യപരിപാടികൾ

സ്വാഗതം : **ശ്രീ. പി. ബാല കിരൺ** IAS, CEO-SCTL
അധ്യക്ഷൻ : **ശ്രീ. കെ. ശ്രീകുമാർ,** ബഹു.മേയർ തിരുവനന്തപുരം കോർപ്പറേഷൻ
ഉദ്ഘാടനം : **ശ്രീ. പി. ശ്രീരാമകൃഷ്ണൻ** ബഹു. സ്പീക്കർ-കേരള നിയമസഭ
മുഖ്യാതിഥികൾ : **ഡോ.ശശി തരൂർ,** MP
ശ്രീ. വി.എസ്. ശിവകുമാർ, MLA
ഡോ. വിശ്വാസ് മേത്ത IAS ചീഫ് സെക്രട്ടറി & ചെയർമാൻ-SCTL
ശ്രീ. എസ്.വി. ഉണ്ണികൃഷ്ണൻ നായർ സെക്രട്ടറി-കേരള നിയമസഭ
കൃതജ്ഞത : **ഡോ. സനൂപ് ഗോപികൃഷ്ണ** ജനറൽ മാനേജർ (ഓപ്പറേഷൻസ്)-SCTL

Maitri.com

TOWARDS A SUSTAINABLE AND GREENER THIRUVANANTHAPURAM

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), E. Rudran Warrier (Executive Editor),Vol 13, Issue No. 240 RNI No. KERMAL/ 2009/ 31363 Printed at M/S St. Joseph's press, PB NO. 416, Cotten Hill, Vazuthacaud, Thiruvananthapuram- 695014, Phone No: 0471- 2573388 and published from **Vaartha News Network Pvt.Ltd,** TC 25/3443, Valli Villa, UR-10, Uppalam Road, Thiruvananthapuram - 695001, Ph: 0471-2573388, 2573399.

Metro Vaartha

കഥ

ലോക്ഡൗൺ

സുജിത. എ
കുഴിമന്ന, മലപ്പുറം

മടുപ്പിന്റെ കറകളെ കഴുകിയെടുത്തു. അലക്കിത്തേച്ച് ഒതുക്കി വെച്ച വസ്ത്രങ്ങൾക്കിടയിൽ നിന്ന് ഓർമ്മകൾ വാസനിച്ചെടുത്തു. അപ്പുവിന്റെ കുഞ്ഞുടുപ്പുകളിലൂടെ ഓർമ്മകൾ പറന്നു.

ചില സ്വപ്നങ്ങൾക്ക് ചിറകു മുളയ്ക്കാൻ ഈ തിരിഞ്ഞ് പോക്ക് ഒരു സുഖമാണ്. അടച്ചുപൂട്ടലിന്റെ ജാലകങ്ങൾ തുറന്നിടാം. വാക്കുകളുടെ ഓലത്തുഞ്ചത്തേറി ഊയലാടാം. സമുദ്ര ശിലയേറുന്ന അംബയുടെ ഉപാധികളില്ലാത്ത സ്നേഹമാകാം.

പുസ്തക ഷെൽഫിൽനിന്ന് രാധിക കൈകൾ പിൻവലിച്ചു. അപ്പു ഉറങ്ങിയോ ആവോ ?

എഞ്ചിനീയറാകാൻ തയാറെടുക്കുന്ന മകന്റെ ചെവിയിൽ പതിവ് കുന്ത്രാണ്ടം.

അവന്റെ തുരുത്തിൽ സുഖം സ്വസ്ഥം.

'ഏകാന്തത' എന്ന എഫ്.ബി പോസ്റ്റിനും മിസ് യു എന്ന സ്റ്റാറ്റസിനും ലഭിച്ച ലൈക്കുകൾ എണ്ണുകയാകും. ഒറ്റപ്പെട്ട തുരുത്തുകൾ എന്നും ലോക്ഡൗണിൽ തന്നെ.

ഇറങ്ങിപ്പോകൻ മാത്രമുള്ള ഇടമായി വീട് മാറിയത് എന്നാണ് ?

നഗരത്തിൽ താമസം. സാധാരണ കുട്ടികൾ പഠിക്കുന്ന സ്കൂളിൽ ടീച്ചർ. റിട്ടയേർഡ് ആയ നാരായണൻ മാസ്റ്ററുടെ മകൾക്കും അച്ഛനെ പോലെ ചിന്തകളും ജീവിതവും ലളിതം. ബിസിനസ് തന്ത്രങ്ങളുമായി ഉന്നതിയിലേക്ക് പറക്കുന്ന ഹരിയേട്ടൻ.

ജീവിതം ലാഭനഷ്ടക്കണക്കുകളുടെ പട്ടിക.

രാഷ്ട്രീയം, ക്ലബ്ബ്ടൂർ... നിലം തൊടാതെ പറക്കുന്നു. 'ഈ ലോക്കൽസിനോട് ചേർന്നാ നീ ഇങ്ങനെ'... മാറാൻ നോക്ക്. കുറ്റപ്പെടുത്തലുകളുടെ വാൾമുനയേറ്റ് മുറിയാത്ത ഇടമുണ്ടോ ?

ഒരാൾ മറ്റൊരാളെ ഒഴിവാക്കി ഒരുമിച്ച് ജീവിക്കുക. ഈ കലയല്ലേ വിവാഹ ജീവിതം.

ചിന്തകൾക്ക് തടയിടാൻ കണ്ണുകൾ ഇറുകെ അടച്ചു.

അകക്കണ്ണിൽ ആ രൂപം. ദൈന്യത നിറഞ്ഞ ആ കണ്ണുകൾ... 'ഈശ്വരാ എന്റെ കണ്ണനിപ്പോ'.

ചെമ്പൻ മുടിയും ദൈന്യത നിറഞ്ഞ കണ്ണുകളും നാടൻ ശീലുകളിൽ നിറച്ച മധുരവും ശ്രദ്ധിച്ചു. ഒരു ദിവസം കുട്ടികളെ കളിക്കാൻ വിട്ടു. രജിസ്റ്ററിലെ ചില പണികളിൽ മുഴുകി.

വിദൂരതയിലേക്ക് കണ്ണയച്ച് ജനൽ ചാരി നിൽക്കുന്നു കണ്ണൻ. യൂണിഫോം ഷർട്ട് മാത്രം പാന്റ് മറ്റൊരു കളർ . എന്നിലെ അധ്യാപിക അത് കണ്ടെത്തി.

ഇവൻ എന്നെ പറ്റിക്കുന്നോ?

കണ്ണാ എന്തേ യൂണിഫോം ഇടാതെ വന്നത് ?

എന്റെ മുഖത്ത് പതിയിരിക്കുന്ന ദേഷ്യത്തിലേക്ക് നോക്കി ശങ്കിച്ച് അവൻ പറഞ്ഞു.

'തിരുമ്പീല ടീച്ചർ...'

എന്റെ അരിശം ഇരട്ടിച്ചു. നിന്റെ അമ്മക്ക് എന്താ പണി? എന്റെ ശബ്ദം പൊങ്ങിയോ... വിറക്കുന്ന ചുണ്ടുകളിലൂടെ വാക്കുകൾ ഇറ്റിവീണു. 'തിരുമ്പി തിരുമ്പി ഞാങ്കുഴങ്ങി' വിറക്കുന്ന ആ ഉടൽ ഞാൻ ചേർത്തുപിടിച്ചു.

ഇടറി വീണ വാക്കുകളിൽ എല്ലാം വായിച്ചു.

കുടിച്ച് കുടിച്ച് കരൾ വെന്ത അച്ഛന് കൂട്ടായി അമ്മ ആശുപത്രിയിൽ. ഒരാഴ്ചയായി വീടും കുഞ്ഞനിയത്തിയും അവന്റെ ചുമലിൽ.

പിന്നീട് ഭക്ഷണത്തിൽ ഒരു പങ്ക് അവനായി കരുതി പുതുരുചിയും സ്നേഹവും. അവന്റെ കണ്ണുകളിൽ പ്രകാശം പരത്തി.

അവന്റെ വീട്ടിലും പോയി.

ഫ്ലാറ്റിനോട് ചാരി അക്ഷരത്തെറ്റ് പോലെ ഭൂമിയെ തൊടാനാഞ്ഞ് ഒരു കൂര.

ചാരായം ഊറ്റിക്കുടിച്ച് ചവച്ച് തുപ്പിയ ചണ്ടി പോലെ ഒരു രൂപം. പശ്ചാത്താപത്തിന്റെ ഒരു നുള്ള് നീർ ആ അച്ഛന്റെ കണ്ണിലുണ്ട്. ബാല്യത്തിന്റെ കൗതുകങ്ങൾ കെട്ട കണ്ണുമായി കുഞ്ഞനിയത്തി. അടുത്ത വീട്ടിലെ പണി കഴിഞ്ഞ് വന്ന അമ്മക്കണ്ണിൽ ഒരായുസിന്റെ നരകപർവ്വം. അടുക്കളയുടെ ഇരുട്ട് വിഴുങ്ങിയ കലത്തിൽ വെറുതെ ഇളക്കുന്ന അമ്മ. വിശപ്പ് ചുട്ടെടുക്കുന്ന അമ്മയുടെ റൂട്ട് മാപ്പ് അടുക്കളയിൽ ഒരുങ്ങുന്നു.

ഒരു പിടിവള്ളിക്കായി രാധിക ഹരിയുടെ അടുത്തേക്ക് ഓടി. ഫോണിൽ ചർച്ച പൊടി പാറുന്നു. അമേരിക്കൻ പ്രസിഡന്റിന്റെ കോവിഡ് നയം പാളിയോ ... കൊറോണക്കാലത്തെ സ്വത്വപ്രതിസന്ധി. സാമൂഹിക അകലം, അടച്ചുപൂട്ടൽ, ക്വാറന്റൻ ഇരുട്ടിൽനിന്ന് ചില ഭീകര രൂപങ്ങൾ പല്ലിളിക്കുന്നു.

അദൃശ്യമായ ഒരു വേദന പെരുപ്പായി തലയിലേക്ക്. ഉടൽ ചുട്ടുപൊള്ളി വിറച്ചു. തൊണ്ടയിൽ മുള്ളായി തറഞ്ഞ വേദന നെഞ്ചിലേക്കിറങ്ങി.

ഒരിറ്റു ശ്വാസത്തിനായി രാധിക പിടഞ്ഞു.

Metro Vaartha

കവിത

അനുജ രാജ്
ആർ.വി
വെഞ്ഞാറമ്മൂട്,
തിരുവനന്തപുരം

ഉഷസ്സിനോട്

ഉഷസിന്റെ തോഴിമാരാം ശലഭങ്ങളെ
ഇന്നെത്ര പേർ വിരുന്നുവരും
ഈ താഴ് വരയിൽ.
സഖിമാരേ നിങ്ങൾക്ക്
തുള്ളിതുളുമ്പുവാൻ
മധുരാനുഭവങ്ങളൊരുക്കട്ടെ ഞാൻ.
നിങ്ങൾക്കായ് പാടിപാടിയെൻ
ചുണ്ടുവരളുമ്പോൾ
മധുരതരമാം മുത്തങ്ങൾ നൽകില്ലേ
നല്ല സന്ദേശങ്ങൾ നൽകില്ലേ..

Metro Vaartha

കവിത

ജയപാലൻ കാര്യാട്ട്
കുടപ്പനക്കുന്ന്,
തിരുവനന്തപുരം

അദൃശ്യദൃശ്യങ്ങൾ

വേഗമാനങ്ങൾ തിരുത്തി അതിരുകൾ
ഭേദിച്ചു ഭീതിക്കൊടുങ്കാറ്റു വീശുന്നു.
എങ്ങുനിന്നെത്തി നീ ഭൂവിന്നരുമയാം
വർണ്ണങ്ങൾ കുത്തിക്കെടുത്തുന്നദൃശ്യയായ്!
കാണാതെ കേൾക്കാതെ
മിണ്ടാതെ ദൈവങ്ങൾ
മാളങ്ങൾ തേടിപ്പതുങ്ങി മതങ്ങളും.
കണ്ണുകൾ പൊത്തിക്കടന്നു കൺകെട്ടുമായ്
മണ്ണിലെ സ്വർഗ്ഗ പ്രവാചകരൊന്നുപോൽ.
തോൽക്കില്ല നമ്മളറിവിൻ കരുത്തുമായ്
വീരേതിഹാസങ്ങൾ തീർക്കുമജയ്യരായ്!

Metro Vaartha

കുട്ടി വര

ഫാത്തിമത്ത് ഹന്ന സി.ബി . ജിടിടിഐ (മെൻ), കണ്ണൂർ

Niranjana Rajeev,
Whitefield Global school,
Bangalore.

Metro Vaartha

ഇനി ജീവിതം ഇങ്ങനെ

പഴയ കൂട്ടായ്മകളുടെ ഓർമ്മകൾ പങ്കുവയ്ക്കാം. കൂട്ടുകാരോടൊപ്പം കുടുംബത്തോടൊപ്പം മുൻപ് എടുത്തിട്ടുള്ള സെൽഫികൾ അയച്ചു തരൂ. ചുവടെ കൊടുത്തിരിക്കുന്ന രീതിയിൽ അടിക്കുറിപ്പും.

ക്ലാസ്മേറ്റ് സെൽഫി- Friendship day. 2004 -2006 Humanities batch. AMHS School Thirumala. Tvm

Metro Vaartha

വരവായി മാവേലി

കെൽവിന്റെ സാനിറ്റൈസർ ഡിസ്പെൻസർ വിത്ത് തെർമോമീറ്റർ വിപണിയിലേക്ക്

തൃശൂർ: ഇലക്ട്രോണിക്സ് ഉത്പന്ന നിർമാതാക്കളായ കെൽവിൻ ഇൻഡസ്ട്രീസ് പുറത്തിറക്കുന്ന സെൻസറിങ് സാനിറ്റൈസർ ഡിസ്പെൻസർ വിത്ത് തെർമോമീറ്റർ വിപണിയിലേക്ക്. കൈകൊണ്ട് സ്പർശിക്കാതെ തന്നെ ടെംപറേച്ചർ പരിശോധിക്കാനും സാനിറ്റൈസർ ഡിസ്പെൻസ് ചെയ്യാനുമുള്ള സൗകര്യമുണ്ട്. എട്ടുലിറ്റർ സാനിറ്റൈസർ കപ്പാസിറ്റിയുള്ള ഈ ഉപകരണത്തിന് 8900 രൂപയാണ് വില.കെൽവിന്റെ 33ാം വാർഷികത്തോടനുബന്ധിച്ചാണ് ടു ഇൻ വൺ സെൻസറിങ് സാനിറ്റൈസർ ഡിസ്പെൻസർ വിത്ത് തെർമോമീറ്റർ വിപണിയിലെത്തിച്ചിരിക്കുന്നതെന്ന് മാനെജിങ് ഡയറക്റ്റർ ജോജു വർഗീസ് പറഞ്ഞു. വിപണനോദ്ഘാടനം കൊച്ചിയിൽ നടന്നു. രണ്ട് ലിറ്റർ സാനിറ്റൈസർ കപ്പാസിറ്റിയുള്ള സെൻസറിങ് സാനിറ്റൈസർ മെഷീൻ 2900 രൂപക്ക് ലഭ്യമാകുമെന്നും അദേഹം വ്യക്തമാക്കി. ഒരു വർഷത്തെ ഓൺസൈറ്റ് വാറന്റിയും ലഭ്യമാക്കുന്നുണ്ട്. ഫാൻ, മിക്സി ഉൾപ്പടെയുള്ളവയുടെ നിർമാണത്തോടെ കേരളത്തിൽ ഉത്പാദനം ആരംഭിച്ച കെൽവിൻ വ്യവസായ വകുപ്പിന്റെ സംരംഭക സഹായ പദ്ധതിയുടെ പിന്തുണയോടെയാണ് പ്രവർത്തിക്കുന്നത്. കഴിഞ്ഞ വർഷം സോളാർ ലൈറ്റിങ് സിസ്റ്റം നിർമാണരംഗത്തേക്കും കെൽവിൻ ചുവടുവച്ചിരുന്നു. ഒരു വീട്ടിലേക്ക് വേണ്ട മൂന്ന് എൽഇഡി ബൾബും 10 വാട്ട് പാനലും ഉൾപ്പെടെ നാലുമണിക്കൂർ തുടർച്ചയായി ഉപയോഗിക്കാവുന്ന സിസ്റ്റം 4900 രൂപക്കാണ് വിപണിയിലെത്തിച്ചിരിക്കുന്നത്. 9000 രൂപയുടെ സിസ്റ്റത്തിൽ അഞ്ച് എൽഇഡി ബൾബുകളും 40 വാട്ട് പാനലിനും പുറമേ ഒരു ടേബിൾ ഫാനും ഉൾപ്പെടുത്തിയിട്ടുണ്ട്. 450 രൂപയുടെ റീച്ചാർജബിൾ എൽഇഡി ബൾബും കെൽവിൻ ബ്രാൻഡിൽ ലഭ്യമാണ്. കെൽവിൻ ഉപകരണങ്ങളുടെ ജില്ലാ, താലൂക്ക് തല വിതരണത്തിന് ഏജൻസി എടുക്കാൻ ആഗ്രഹിക്കുന്നവർക്ക് 9995875874 എന്ന നമ്പരിൽ ബന്ധപ്പെടാം.

കെൽവിൻ ഇൻഡസ്ട്രീസ് സെൻസറിങ് സാനിറ്റൈസർ ഡിസ്പെൻസർ വിത്ത് തെർമോമീറ്റർ പുറത്തിറക്കുന്നു

കരിപ്പൂരിൽ സ്വർണം പിടികൂടി

കരിപ്പൂർ: വിമാനത്താവളത്തിൽ വൻ സ്വർണവേട്ട. രണ്ട് യാത്രക്കാരിൽ നിന്നായി ഒരു കിലോ 850 ഗ്രാം സ്വർണം കസ്റ്റംസ് പിടികൂടി. റിയാദിൽ നിന്നെത്തിയ കോഴിക്കോട് കൊടുവള്ളി സ്വദേശി ടി.പി. ഷാരീഖ് എന്നയാളിൽ നിന്നായി ഒരു കിലോ 700 ഗ്രാം സ്വർണമാണ് പിടികൂടിയത്. എമർജൻസി ലാംപിലെ ബാറ്ററിയിൽ ഒളിപ്പിച്ച നിലയിലായിരുന്നു സ്വർണക്കട്ടകൾ. 81 ലക്ഷം രൂപ വിലമതിക്കുന്ന സ്വർണമാണിത്. ദുബായിൽ നിന്നെത്തിയ മറ്റൊരു യാത്രക്കാരനിൽ നിന്നും 150 ഗ്രാം സ്വർണമാണ് പിടികൂടിയത്. കാസർഗോഡ് ബണ്ടിച്ചാൽ സ്വദേശി ഇസ്മായിലാണ് പിടിയിലായത്. 38,000 രൂപയുടെ വിദേശനിർമിത സിഗരറ്റും ഇയാളിൽ നിന്ന് പിടികൂടി.

താമരശ്ശേരി ചെക്ക് പോസ്റ്റിൽ മോഷണം

താമരശ്ശേരി: പ്രവർത്തനം നിർത്തിയ താമരശ്ശേരി ചെക്ക് പോസ്റ്റിൽ മോഷണം. ചെക്ക് പോസ്റ്റിന്റെ പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ടെങ്കിലും പകൽ സമയത്ത് ഒരു ജീവനക്കാരൻ ഇവിടെ ഉണ്ടാവാറുണ്ട്. എന്നാൽ രാത്രിയിൽ ജീവനക്കാർ ആരും ഉണ്ടാവാറില്ല.ഇന്നലെ രാവിലെ ജീവനക്കാരൻ ഇവിടെ എത്തിയപ്പോഴാണ് വാതിലുകൾ തുറന്ന നിലയിൽ കണ്ടെത്തിയത്. ഉടനെ മേലുദ്യോഗസ്ഥരെ അറിയിക്കുകയും പൊലീസിൽ പരാതി നൽകുകയും ചെയ്തു. പൊലീസ് സ്ഥലത്തെത്തി. ഉന്നത ഉദ്യോഗസ്ഥരെത്തി സ്റ്റോക്ക് റജിസ്റ്റർ പരിശോധിച്ചാലെ എന്താണ് മോഷണം പോയതെന്ന് വ്യക്തമാകുകയുള്ളൂ.അനാഥമായി കിടക്കുന്ന ചെക്ക് പോസ്റ്റിനോടു ചേർന്നുള്ള 65 സെന്റോളം ഭൂമി ഉപയോഗപ്പെടുത്തി ഫയർസ്റ്റേഷൻ സ്ഥാപിക്കണമെന്നും, വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകളും ഇങ്ങോട്ടു മാറ്റാവുന്നതാണെന്നും നാട്ടുകാർ നേരത്തെ തന്നെ ആവശ്യപ്പെട്ടിരുന്നു. രാത്രിയായാൽ ചെക്ക് പോസ്റ്റ് പരിസരം സാമൂഹ്യ വിരുദ്ധരുടെ താവളമായി മാറുകയാണ്.

അമ്മച്ചിയേ കൂട്ടായ്മ സെക്രട്ടറി മുസ്തഫ ചെറുമുക്ക് ഷാൾ അണിയിക്കുന്നു

നൂറുകടന്ന അമ്മച്ചിക്ക് ഓണപുടവ നൽകി ആദരിച്ചു

അഷറഫ് തച്ചരപടിക്കൽചെറുമുക്ക് : മലപ്പുറം ചെറുമുക്ക് പ്രദേശത്തേ ഏറ്റവും കൂടുതൽ പ്രായമായ വി.പി. അമ്മച്ചിക്ക് ചെറുമുക്ക് നാട്ടുകാര്യം കൂട്ടായ്മ ഓണപ്പുടവ നൽകി ആദരിച്ചു, കഴിഞ്ഞ വർഷവും ഇത് പോലേ അമ്മച്ചിയേ കൂട്ടായ്മ ഭാരവാഹികൾ 'ആദരിച്ചിരുന്നു, പ്രായം. നൂറ്റി പത്ത് കഴിഞ്ഞങ്കിലും അമ്മച്ചിക്ക് വർധക്യത്തിന്റെ ബുദ്ധിമുട്ടുകൾ ഒന്നുമില്ല. മണ്ണിനേയും കൃഷിയേയും ഏറെ സ്നേഹിച്ചിരുന്ന അമ്മച്ചിയുടൈ ജീവിതം എല്ലാവർക്കും മാതൃകയാണ്.ഈവർഷവും അമ്മച്ചിയുടെ ഓണാ ആഘോഷം കുട്ടായ്മക്കൊപ്പമാണ്. പത്ത് വർഷത്തോളമായി അയൽവാസിയായ പച്ചായി ഇസ്മായിലിന്റെ കുടുംബത്തോടൊപ്പം പകൽ മുഴുവൻ ചെലവഴിക്കുന്നു. കാഴ്ചക്ക് ഇന്നും ഒരു കുറവും ഇല്ലാത്ത അമ്മച്ചിക്ക് നടക്കാനും പ്രയാസമൊന്നുമില്ല. ഈ വർഷത്തെ ആദരിക്കൽ ചടങ്ങിൽകുട്ടായ്മ ഭാരവാഹികളായ വി പി ഖാദർ ഹാജി, മുസ്തഫ ചെറുമുക്ക്, ഒള്ളക്കൻ സഫീൽ, കെ കെ അൻവർ, കെ ഫായിസ്, തുടങ്ങിയവർ നേതൃത്വം നൽകി

മാസാണ് തൃശൂർ, മാസ്കാണ് നമ്മുടെ ജീവൻ' തൃശൂർ സിറ്റി പൊലീസിന്റെ കരുതലിൽ

കുന്നംകുളം: തൃശൂർ സിറ്റി പൊലീസിന്റെ കരുതലിൽ പരിപാടിയായ 'മാസാണ് തൃശൂർ മാസ്കാണ് നമ്മുടെ ജീവൻ' ക്യാംപയിൻ തുടക്കമായി. ഓണക്കാലത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കൊവിഡ് മഹാമാരിയെ പ്രതിരോധിക്കുന്നതിനായാണ് വിപുലമായ ക്രമീകരണങ്ങളോടെ സിറ്റി പൊലീസ് ക്യാംപയിൻ ആരംഭിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി ഓഗ്മെന്റഡ് റിയാലിറ്റി സംവിധാനം ഉപയോഗപ്പെടുത്തി 'മാസാണ് തൃശൂർ മാസ്കാണ് നമ്മുടെ ജീവൻ' എന്ന ക്യാംപയിൻ തൃശൂർ സിറ്റി പൊലീസിന്റെ ഫെയ്സ്ബുക്ക് പേജിലൂടെ ആഗസ്റ്റ് 24-ന് തത്സമയ സംപ്രേഷണം തുടങ്ങി. കൊവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഓണാഘോഷം വീടുകളിലേക്ക് ചുരുക്കേണ്ടതുണ്ടെന്നും ജനങ്ങൾ ഓരോരുത്തരും സ്വയം പാലിക്കുന്ന നിയന്ത്രണത്താൽ മാത്രമേ പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ സാധിക്കുകയുള്ളൂ എന്നും തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീൻ തത്സസമയ സംപ്രേഷണത്തിൽ പറഞ്ഞു. പൊലീസ് സംവിധാനങ്ങൾ നിർബന്ധപൂർവം അടിച്ചേൽപ്പിക്കുന്ന ഒന്നല്ലെന്നും ജീവന്റെ സുരക്ഷയ്ക്കാണെന്നും കൃഷി വകുപ്പി മന്ത്രി അഡ്വ. വി എസ് സുനിൽകുമാറും പറഞ്ഞു.ഓണാഘോഷ വേളകളിലും മാസ്ക് ധരിക്കുന്നതും സാനിറ്റൈസർ ഉപയോഗിക്കുന്നതും ഉൾപ്പെടെയുള്ള കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളെപ്പറ്റി ജനങ്ങളിൽ അവബോധമുണ്ടാക്കുന്നതിനും കൂട്ടം കൂടിയുള്ള ആഘോഷ പരുപാടികൾ ക്രമീകരിച്ച് ആഘോഷങ്ങൾ വീടുകളിലേക്ക് ചുരുക്കുകയുമാണ് ക്യാംപയിനിന്റെ ലക്ഷ്യം.പ്രചരണപരിപാടിയുടെ ഭാഗമായി നവ മാധ്യമങ്ങൾ ഉൾപ്പെടെ പത്ര- ദൃശ്ര - ശ്രവ്യ മാധ്യമങ്ങളിലൂടെയും ബോധവത്ക്കരണ പ്രചരണ പ്രവർത്തനങ്ങൾ നടത്തുകയും മൾട്ടിമീഡിയ സംവിധാനമുള്ള പ്രചരണ വാഹനങ്ങൾ ഉപയോഗപ്പെടുത്തി നഗരത്തിലും പരിസര പ്രദേശങ്ങളിലും സഞ്ചരിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യും. ആൾക്കൂട്ടം നിയന്ത്രിക്കുന്നതിന് മൈക്ക് അനൗൺസ്മെന്റ് ഉൾപ്പെടെ ഫലപ്രദമായ എല്ലാ സംവിധാനങ്ങളും പ്രയോജനപ്പെടുത്തുന്നതാണെന്നും കൊവിഡ് വ്യാപനം തടയുന്നതിന് വ്യാപാരി സമൂഹത്തിന്റെയും പൊതുജനങ്ങളുടേയും സഹകരണം ഉറപ്പാക്കുമെന്നും തൃശൂർ സിറ്റി പൊലീസ് കമ്മീഷ്ണർ അറിയിച്ചു.തുടർന്ന് മൾട്ടിമീഡിയ സംവിധാനം ഉപയോഗിച്ചുള്ള വാഹന പ്രചരണത്തിന്റെ ഫ്ളാഗ് ഓഫ് കർമം തൃശൂർ സിറ്റി പൊലീസ് കമ്മിഷ്ണർ ആർ. ആദിത്യയ്ക്കൊപ്പം കുന്നംകുളം എസിപി ടി.എസ് സിനോജ്, തൃശൂർ എസിപി വി.കെ രാജു എന്നിവർ ചേർന്ന് നിർവഹിച്ചു.

നാട്ടിക സിഎഫ് എൽടിസി 26ന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

തൃശൂർ: ലുലു കൊവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററിന്റെ ഉദ്ഘാടനം 26 ന് വൈകീട്ട് മൂന്നിന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുമെന്ന് വാർത്താ സമ്മേളനത്തിൽ സെന്റർ ചെയർമാൻ കൂടിയായ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഡോ.സുഭാഷിണി മഹാദേവൻ അറിയിച്ചു. സിഎഫ്എൽടിസിയിൽ 1400 ബെഡുകൾ ഒരുക്കിയിട്ടുണ്ട്. കുടിവെള്ള സൗകര്യം, വാട്ടർ ഫിൽറ്റർ, ഹോട്ട് വാട്ടർ സൗകര്യം, വാഷിംഗ് മെഷിൻസ്, ബാത്ത് - ടോയലറ്റ്സ്, മാലിന്യ സംസ്ക്കരണ സംവിധാനം, ടിവി, വൈഫൈ, എന്നിവയും സെന്ററിൽ ഒരുക്കിയിട്ടുണ്ട്. 60 ഡോക്റ്റർ, 100 നഴ്സുമാർ, അനുബന്ധ ആരോഗ്യ പ്രവർത്തകർ എന്നിവർ ഇവിടെ പ്രവർത്തിക്കും.64 ടോയ്‌ലറ്റുകളാണ് ഇവിടെ സജീകരിച്ചിരിക്കുന്നത്. ഓൺലൈനായി നടക്കുന്ന ഉദ്ഘാടന ചടങ്ങിൽ മന്ത്രി കെ.കെ ഷൈലജ അധ്യക്ഷതവഹിക്കും. മന്ത്രിമാരായ എ.സി മൊയ്തീൻ, പ്രഫ. സി. രവീന്ദ്രനാഥ്, ചീഫ് വിപ്പ് കെ.രാജൻ, ടി.എൻ പ്രതാപൻ എം.പി, ഗീതഗോപി എം എൽ എ, എം.പിമാർ, എം എൽ എ മാർ, ത്രിതല പഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കലക്റ്റർ എസ് ഷാനവാസ് എന്നിവർ പങ്കെടുക്കും.

NHPC
എൻഎച്ച്പിസി ലിമിറ്റഡ്
ഒരു ഇന്ത്യ ഗവൺമെൻറ് സ്ഥാപനം
രെജി.ഓഫീസ് : എൻഎച്ച്പിസി ഓഫീസ് കോംപ്ലക്സ്, സെക്ടർ-33 , ഫരീദാബാദ്, 12100 (ഹരിയാന),CIN : L4010HR197SG01032564

ആവേശകരമായ വെല്ലുവിളികൾ സ്വീകരിക്കാൻ എൻഎച്ച്പിസിയിലേക്ക് വരൂ .
ഗേറ്റ് -2020 യുജിസി നെറ്റ്-ജൂൺ 2020 വഴി,
CLAT 2020 (PG- യ്ക്കായി) & CA / CMA സ്കോർ.

7071.2 മെഗാവാട്ട് ഇൻസ്റ്റാൾ ചെയ്ത ശേഷിയുള്ള എൻഎച്ച്പിസി ലിമിറ്റഡ്, പ്രീമിയർ ഷെഡ്യൂൾ - എ. മിനിരത്ന കമ്പനി, ശോഭയുള്ള, ഊർജ്ജസ്വലരായ യുവ ഗ്രാജുവേറ്റ് എഞ്ചിനീയർമാരെയും പ്രൊഫഷണലുകളെയും തിരയുന്നു. രാജ്യമെമ്പാടുമുള്ള ജല, സോളാർ, കാറ്റാടി ഊർജ്ജ നിലയങ്ങളുടെ നിർമ്മാണത്തിലും പ്രവർത്തനത്തിലും എൻഎച്ച്പിസി ഏർപ്പെട്ടിരിക്കുന്നു, പ്രത്യേകിച്ചും ദേവഭൂമി ഹിമാലയം ഉൾപ്പെടെയുള്ള പർവ്വത പ്രദേശത്തിന്റെ മനോഹരമായ ചുറ്റുപാടുകൾക്കും ആശ്വാസകരമായ കാഴ്ചകൾക്കുമിടയിൽ.

ഇന്ത്യയിലെ ഏറ്റവും വലിയ ജലവൈദ്യുത കമ്പനിയായ എൻഎച്ച്പിസി, ജലവൈദ്യുത നിലയങ്ങൾ ,രൂപകൽപ്പന, നിർമ്മാണം, പ്രവർത്തനം എന്നിവയിൽ വിദഗ്ദ്ധരാണ് . പഠിക്കാനും വളരാനും വെല്ലുവിളികൾ ഏറ്റെടുക്കാനും ,ആവേശകരമായ അവസരങ്ങൾ വാഗ്ദാനം ചെയ്യുന്നു.

പോസ്റ്റ്	ഒഴിവുകൾ
ട്രെയിനി എൻജിനീയർ (സിവിൽ)	30
ട്രെയിനി എൻജിനീയർ (മെക്കാനിക്കൽ)	21
ട്രെയിനി ഓഫീസർ (എച്ച് ആർ)	05
ട്രെയിനി ഓഫീസർ (നിയമം)	08
ട്രെയിനി ഓഫീസർ (ഫിനാൻസ്)	22

എൻഎച്ച്പിസി വെബ്സൈറ്റിന്റെ കരിയർ വിഭാഗം സന്ദർശിച്ച് അപേക്ഷകർക്ക് പോസ്റ്റ്, കാറ്റഗറി തിരിച്ചുള്ള ഒഴിവുകളുടെ സ്ഥാനം, യോഗ്യതാ വ്യവസ്ഥകൾ, ഓൺലൈൻ അപേക്ഷകൾ പൂരിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എന്നിവ സംബന്ധിച്ച വിശദമായ പരസ്യം കാണാൻ കഴിയും: http://www.nhpcindia.com/career.htm, ഓൺലൈൻ അപേക്ഷകൾ മാത്രം സ്വീകരിക്കുന്നുള്ളൂ.

ഓൺലൈൻ അപേക്ഷകൾ സ്വീകരിച്ചു തുടങ്ങുന്ന തിയതി: 29.08.2020

ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തിയതി - 28.09.2020

DAVP 34128/11/0003/2021

ENERGY IF FUTURE MAKE IT BRIGHT